XI നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

1. 2011-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ്, (2011-ലെ 6-ാം നമ്പർ ഓർഡിനൻസ്)

2. ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫംഗ്ഷൻസ് ആസ് റെസ്പെക്ട് സ്പോർട്ട്സ് കൗൺസിൽസ്) ഓർഡിനൻസ്, 2011 (ഓർഡിനൻസ് നമ്പർ 16 ഓഫ് 2011)

VII റിപ്പോർട്ട് സമർപ്പണം

എസ്റ്റിമേറ്റ് കമ്മിറ്റി റിപ്പോർട്ട്

ശ്രീ. പി. ജയരാജൻ : സർ, എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VIII ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. പി. ജയരാജൻ : '2011 ഫെബ്രുവരി 4-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി : ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ഈ സർക്കാർ കഴിഞ്ഞ നാലുവർഷമായി സഭയിൽ അവതരിപ്പിക്കുന്ന നയപ്രഖ്യാപന പ്രസംഗങ്ങളിലും ബഡ്ജറ്റുകളിലും നടത്തിയിട്ടുള്ള വാഗ്ദാനങ്ങളും പദ്ധതികളും കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കാൻ സാധിക്കാത്തതായി പറയപ്പെടുന്നതിനെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ടി.എൻ. പ്രതാപൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

14. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ കേരളത്തിലെ പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ മത്സ്യ ബന്ധനത്തിനുള്ള മണ്ണെണ്ണ ക്വാട്ട ഏകപക്ഷീയമായി നിർത്തലാക്കിയ നടപടി പിൻവലിച്ച് ആഴക്കടൽ മത്സ്യബന്ധനം നിർബന്ധിതമായിരിക്കുന്ന സാഹചര്യത്തിൽ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റും ക്വാട്ടയും പുനഃസ്ഥാപിച്ച് നൽകേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

LIBRARY ARCHIVES Kerala Legislative Assembly

15. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്തെ ആഹാരസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് എല്ലാ ജില്ലകളിലും ന്യായവില ഹോട്ടലുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാത്തതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

16. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്തിനകത്ത് ആശങ്കാജനകമായി വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിൽനിന്നും എക്സൈസ് വകുപ്പ്, ബിവറേജസ് കോർപ്പറേഷൻ എന്നിവയെ ഒഴിവാക്കി സാമൂഹ്യ പ്രതിബദ്ധതയുള്ള മറ്റ് ഏജൻസികളെ ഏൽപ്പിക്കണമെന്ന നിർദ്ദേശം ഗവർണ്ണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

17. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനുപകരം പരോക്ഷ പ്രചരണങ്ങളിലൂടെ ആബാലവൃദ്ധം ജനങ്ങളുടേയും മദ്യാസക്തി വർദ്ധിപ്പിക്കുന്നതായി പറയപ്പെടുന്ന നടപടിയെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

18. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ കേന്ദ്ര ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിയ 1148 കോടി രൂപയുടെ ധന അടങ്കലിൽ സുനാമി പുനരധിവാസ പദ്ധതിയിൽ തീരദേശ മേഖലയിലെ 11000 ത്തിലധികം വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും മറ്റ് ബൃഹദ് പദ്ധതികളും സംസ്ഥാന സർക്കാരിന്റെ നേട്ടമായി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ചതിൽ ഖേദിക്കുന്നു."

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

19. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ സംസ്ഥാനത്തെ ദേശീയ പാതകളുടെ വികസനത്തിനായി സ്ഥലം ലഭ്യമാക്കുന്നതിൽ സ്ഥലം ഉടമകൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സ്വീകാര്യമായ പൊതുവ്യവസ്ഥകളിലൂടെ നടപടി സ്വീകരിക്കുന്നതിൽ കുറ്റകരമായ അനാസ്ഥ കാണിക്കുന്നതായി പറയപ്പെടുന്ന നടപടികളെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

20. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ സംസ്ഥാനത്ത് വ്യാപകമായി നടന്നതായി പറയപ്പെടുന്ന നിയമനത്തട്ടിപ്പിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി ഭരണകക്ഷി സർവ്വീസ് സംഘടനകളിലെ നേതാക്കളെന്ന് പറയപ്പെടുന്നവരുൾപ്പെടെയുള്ളവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കും എന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

LIBRARY ARCHIVES Kerala Legislative Assembly

21. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കേണ്ട ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, റെയിൽവേ വികസന പദ്ധതി, ദേശീയ പാതാ വികസന പദ്ധതി, ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ തുടങ്ങി നിരവധി പദ്ധതികൾ നടപ്പാക്കുന്നതിൽ തികഞ്ഞ അനാസ്ഥ കാണി ക്കുന്നതിലൂടെ സംസ്ഥാനത്തെ സമഗ്ര വികസനത്തിന് തടസ്സം സൃഷ്ടിക്കുന്നതായി പറയപ്പെടുന്നതിനെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

22. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ സംസ്ഥാനത്തെ കടക്കെണിയിൽപ്പെട്ടുഴലുന്ന കർഷകരെ സഹായിക്കാനുള്ള കാർഷിക കടാശ്വാസ പദ്ധതി നടപ്പിലാക്കുന്നതിൽ വരുത്തി യിട്ടുള്ളതായി പറയപ്പെടുന്ന വീഴ്ചയെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

23. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ അനാവശ്യ തർക്കങ്ങൾ ഉണ്ടാക്കി സ്മാർട്ട്സിറ്റി പദ്ധതി നാലു കൊല്ലത്തോളം വൈകിക്കുകയും തന്മൂലം തൊഴിൽരഹിതരായ കേരളത്തിലെ ചെറുപ്പക്കാർക്ക് അവസരങ്ങൾ വൈകിച്ചതിനെപ്പറ്റിയും സംസ്ഥാ നത്തിന്റെ ഐ.ടി. വികസനം സ്തംഭിച്ചതായി പറയപ്പെടുന്നതിനെപ്പറ്റിയും ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശം നടത്താത്തതിൽ ഖേദിക്കുന്നു."

24. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ ശബരിമല മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞ നാല് വർഷങ്ങളായി ഈ സർക്കാർ ഗുരുതരമായ വീഴ്ച വരുത്തിയതായി പറയപ്പെടുന്നതിനെക്കുറിച്ചും അതുമൂലം ഈ തീർത്ഥാടനക്കാലത്ത് പുല്ലുമേട്ടിൽ നൂറിലധികം തീർത്ഥാടകർ മരിക്കാനിടയായ അതിദാരുണ സംഭവവും ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

25. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ സംസ്ഥാനത്ത് ഹിൽവേ പദ്ധതി നടപ്പിലാക്കുമെന്ന കഴിഞ്ഞ നാലു വർഷങ്ങളായി പ്രഖ്യാപനം മാത്രം നടത്തുന്നതിനുപകരം സമയബന്ധിതമായി ഈ പദ്ധതി നടപ്പിലാക്കാനുള്ള പ്രയോഗിക നിർദ്ദേശങ്ങ ളെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

26. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ ഇന്ത്യയുടെ ആദരണീയനായ വൈസ് പ്രസിഡന്റ് ശ്രീ. മുഹമ്മദ് ഹമീദ് അൻസാരിയുടെ പേര് ഗവർണ്ണറുടെ പ്രസംഗത്തിൽ ശരിയായി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

LIBRARY ARCHIVES Kerala Legislative Assembly

27.നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ അന്യ സംസ്ഥാന ലോട്ടറി മാഫിയാ സംഘങ്ങൾ കേരളത്തിൽനിന്നും 80,000 കോടി രൂപ കൊള്ളയടിച്ചതു സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തണമെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടതായി പറയുന്നതിനെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ബി. ബാബു പ്രസാദ് : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

34. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതായി പറയുമ്പോഴും വിവിധ സർവ്വകലാശാലകളിലെ നിയമനങ്ങളിൽ നടക്കുന്നതായി പറയപ്പെടുന്ന അഴിമതിയും സ്വജനപക്ഷപാതവും തുടരുന്ന സംഭവങ്ങൾ ഇല്ലാതാക്കാനും എല്ലാ നിയമനങ്ങളും പി.എസ്.സി.-വഴി മാത്രമേ നടത്തുകയുള്ളു എന്ന് ഉറപ്പ് വരുത്തുന്നതിനും ഉള്ള പ്രായോഗിക നിർദ്ദേശങ്ങൾ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

35. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ ഭീകരകുറ്റവാളികളെ പാർപ്പിക്കുന്നതിന് അതീവ സുരക്ഷാ ക്രമീകരണങ്ങളുള്ള ജയിൽ നിർമ്മിക്കാനുള്ള നടപടികളെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

36. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ ഈ സർക്കാർ കഴിഞ്ഞ നാലു വർഷമായി സഭയിൽ അവതരിപ്പിച്ചിട്ടുള്ള നയപ്രഖ്യാപന പ്രസംഗങ്ങളിലും ബഡ്ജറ്റുകളിലും നടത്തിയിട്ടുള്ള നയപ്രഖ്യാപന പ്രസംഗങ്ങളിലും ബഡ്ജറ്റുകളിലും നടത്തിയിട്ടുള്ള വാഗ്ദാനങ്ങളും പദ്ധതികളും കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കാൻ സാധിക്കാത്തതായി പറയപ്പെടുന്നതിനെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

37. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ സംസ്ഥാനത്തെ ആഹാര സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് എല്ലാ ജില്ലകളിലും ന്യായവില ഹോട്ടലുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാത്തതിനെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. ഷുക്കൂർ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

43. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ പാവപ്പെട്ടവർക്ക് വീടുവച്ച് നൽകുന്നതിനുള്ള ഇ.എം.എസ്. ഭവന പദ്ധതി നടപ്പിലാക്കാൻ കുറഞ്ഞ പലിശക്ക് സഹകരണ ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാനാകാത്തതായി പറയപ്പെടുന്നതിനെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

44. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ സംസ്ഥാനത്തെ കാർഷികാഭിവൃദ്ധിക്ക് സഹായകരമാകുമായിരുന്ന കുട്ടനാട് പാക്കേജ് സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

45. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ ഭീകരകുറ്റവാളികളെ പാർപ്പിക്കുന്നതിന് അതീവ സുരക്ഷാ ക്രമീകരണങ്ങളുള്ള ജയിൽ നിർമ്മിക്കാനുള്ള നടപടികളെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

46. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ പാവപ്പെട്ട ആദിവാസികളുടെ ഭൂമി അന്യാധീനപ്പെടുത്തി വൻകിട കുത്തക വ്യവസായികൾക്ക് നൽകുകയും അവർക്ക് വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നതായി പറയപ്പെടുന്നവർക്കെതിരെ നടപടി സ്വീകരിക്കുമെന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പറയാത്തതിൽ ഖേദിക്കുന്നു."

47. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ പൊതുസമൂഹത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പകരം ഭരണകക്ഷികളുടെ കോർപ്പറേറ്റ് മോഹങ്ങൾ പൂർത്തീകരിക്കാൻ സംസ്ഥാനത്തെ വിദ്യാഭ്യാസരംഗം അവതാളത്തിലാക്കാൻ ഗൂഢശ്രമം നടത്തുന്നതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

48. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ഇന്ത്യയുടെ ആദരണീയനായ വൈസ് പ്രസിഡന്റ് ശ്രീ. മുഹമ്മദ് ഹമീദ് അൻസാരിയുടെ പേര് ഗവർണ്ണറുടെ പ്രസംഗത്തിൽ ശരിയായി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

49 നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടത്തുന്നതിന് നിയോഗിച്ച കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ വ്യാപകമായ പൊരുത്തക്കേടുകളും വീഴ്ചകളും പരിഹരിക്കാനും എല്ലാ വിഭാഗം ജീവനക്കാർക്കും സ്വീകാര്യമായ ശുപാർശകൾ നൽകാനും വീഴ്ച വരുത്തിയതായി പറയപ്പെടുന്നതിനെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

50. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ പതിനായിരക്കണക്കിന് അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുവാൻ കഴിയുമായിരുന്ന സ്മാർട്ട്സിറ്റി പദ്ധതി നടപ്പിലാക്കാൻ കുറ്റകരമായ അനാസ്ഥ കാണിച്ചതായി പറയപ്പെടുന്ന സർക്കാർ നടപടിയെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

51. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ അനാവശ്യ തർക്കങ്ങൾ ഉണ്ടാക്കി സ്മാർട്ട്സിറ്റി പദ്ധതി നാലു കൊല്ലത്തോളം വൈകിക്കുകയും തന്മൂലം തൊഴിൽ രഹിതരായ കേരളത്തിലെ ചെറുപ്പക്കാർക്ക് അവസരങ്ങൾ വൈകിച്ചതിനെപ്പറ്റിയും സംസ്ഥാനത്തിന്റെ ഐ.ടി. വികസനം സ്തംഭിച്ചതായി പറയപ്പെടുന്നതിനെപ്പറ്റിയും ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

52. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ സംസ്ഥാനത്തെ കശുവണ്ടി കർഷകർക്ക് കഴിഞ്ഞ നാല് വർഷങ്ങളായി നൽകാനുള്ള സബ്സിഡി കുടിശ്ശിക വിതരണം നടത്താൻ കഴിയാത്തതായി പറയപ്പെടുന്നതിനെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

53. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതായി പറയുമ്പോഴും വിവിധ സർവകലാശാലകളിലെ നിയമനങ്ങളിൽ നടക്കുന്നതായി പറയപ്പെടുന്ന അഴിമതിയും സ്വജനപക്ഷപാതവും തുടരുന്ന സംഭവങ്ങൾ ഇല്ലാതാക്കാനും എല്ലാ നിയമനങ്ങളും പി.എസ്.സി. വഴി മാത്രമേ നടത്തുകയുള്ളു എന്ന് ഉറപ്പ് വരുത്തുന്നതിനുമുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

LIBRARY ARCHIVES Kerala Legislative Assembly

54. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ ഭരണകക്ഷിയിൽപ്പെട്ട യുവജന സംഘടനകൾ യാതൊരു പ്രകോപനവും കൂടാതെ പോലീസ് സ്റ്റേഷനുകൾ ആക്രമിക്കുകയും കുറ്റവാളികൾ ഉൾപ്പെടെയുള്ള പാർട്ടി പ്രവർത്തകരെ മോചിപ്പിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

55. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ സംസ്ഥാനത്ത് ഹിൽവേ പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപനം മാത്രം നടത്തുന്നതിനുപകരം സമയബന്ധിതമായി ഈ പദ്ധതി നടപ്പിലാക്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങളെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എം. എ. വാഹീദ് : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

56. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ സംസ്ഥാനത്ത് വ്യാപകമായി നടന്നതായി പറയപ്പെടുന്ന നിയമനത്തട്ടിപ്പിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി ഭരണകക്ഷി സർവ്വീസ് സംഘടനകളിലെ നേതാക്കൾ എന്ന് പറയപ്പെടുന്നവർ ഉൾപ്പെടെയുള്ളവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കും എന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

57. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ അവശ്യസാധനങ്ങളുടെ ക്രമാതീതമായ വില വർദ്ധനവ് തടയാനും പച്ചക്കറികളും മറ്റ് നിത്യോപയോഗ സാധനങ്ങളും ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുവെന്ന് പറയുന്നതല്ലാതെ പ്രായോഗിക തലത്തിൽ ഇവ നടപ്പിലാക്കുവാൻ സാധിക്കുന്ന യാതൊരു നിർദ്ദേശങ്ങളും ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

58. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ സംസ്ഥാനത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന ക്രമസമാധാന തകർച്ചയും വർദ്ധിച്ചുവരുന്ന അക്രമസംഭവങ്ങളും മോഷണങ്ങളും ഇല്ലാതാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പറയാത്തതിൽ ഖേദിക്കുന്നു."

59. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ ഭരണ കക്ഷിയിൽപ്പെട്ട യുവജന സംഘടനകൾ യാതൊരു പ്രകോപനവും കൂടാതെ പോലീസ് സ്റ്റേഷനുകൾ ആക്രമിക്കുകയും കുറ്റവാളികൾ ഉൾപ്പെടെയുള്ള പാർട്ടി പ്രവർത്തകരെ മോചിപ്പിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

LIBRARY ARCHIVES Kerala Legislative Assembly

60. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ സംസ്ഥാനത്തെ കശുവണ്ടി കർഷകർക്ക് കഴിഞ്ഞ നാല് വർഷങ്ങളായി നൽകാനുള്ള സബ്സിഡി കുടിശ്ശിക വിതരണം നടത്താൻ കഴിയാത്തതായി പറയപ്പെടുന്നതിനെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

94. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ കഴിഞ്ഞ നാലുവർഷക്കാലമായി സംസ്ഥാനത്തെ തീരദേശ റോഡുകൾ മെച്ചപ്പെടുത്തണമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ കഴിയാത്തതായി പറയപ്പെടുന്നതിനെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

95. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ ഈ സർക്കാർ കഴിഞ്ഞ നാലുവർഷമായി സഭയിൽ അവതരിപ്പിക്കുന്ന നയപ്രഖ്യാപന പ്രസംഗങ്ങളിലും ബഡ്ജറ്റുകളിലും നടത്തിയിട്ടുള്ള വാഗ്ദാനങ്ങളും പദ്ധതികളും കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കാൻ സാധിക്കാത്തതായി പറയപ്പെടുന്നതിനെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

96. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ പുതിയ ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടും പ്രവർത്തനസജ്ജമാക്കാൻ കാലതാമസം വരുത്തിയതായി പറയപ്പെടുന്നതിനെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

97. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ ഭരണകക്ഷിയിൽപ്പെട്ട യുവജനസംഘടനകൾ യാതൊരു പ്രകോപനവും കൂടാതെ പോലീസ് സ്റ്റേഷനുകൾ ആക്രമിക്കുകയും കുറ്റവാളികൾ ഉൾപ്പെടെയുള്ള പാർട്ടി പ്രവർത്തകരെ മോചിപ്പിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

98. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ പിന്നോക്ക വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ പഠന സഹായത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച കോടിക്കണക്കിന് രൂപയുടെ സഹായധനം അർഹരായ വിദ്യാർത്ഥികൾക്കനുവദിക്കാതെ ലാപ്സാക്കിയതായി പറയപ്പെടുന്ന സംസ്ഥാന സർക്കാരിന്റെ നടപടി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

134. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

" എന്നാൽ അഴിമതിവിരുദ്ധഭരണം ഉറപ്പുവരുത്തുന്നതിന് പി.ഡബ്ല്യു.ഡി.-യുടെ കീഴിലുള്ള വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് സാധ്യമായ എല്ലാ ശ്രമങ്ങളും എടുക്കുന്നതാണ് എന്ന് പരാമർശിച്ചു എങ്കിലും കഴിഞ്ഞ നാലര വർഷത്തെ ഭരണത്തിൽ, പൊതുമരാമത്ത് വകുപ്പിൽ നടന്നതായി പറയപ്പെടുന്ന അഴിമതികളെയും, റോഡ് നിർമ്മാണത്തിൽ ഉണ്ടായതായി പറയപ്പെടുന്ന വെട്ടിപ്പുകളെയും കുറിച്ചും പരാമർശിക്കാത്തതിലും, ഉത്തരവാദികൾക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്നുള്ളതു സംബന്ധിച്ചും ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

135. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കേരള വാട്ടർ അതോറിറ്റിയെ സൗഹൃദ സ്ഥാപനമാക്കി എന്ന് പ്രസംഗത്തിൽ അവകാശപ്പെടുമ്പോൾ തന്നെ ജനങ്ങളിൽ ഭൂരിപക്ഷത്തിനും ഇപ്പോഴും ശുദ്ധമായ കുടിവെള്ളം നല്കാനാവാത്തതായി പറയപ്പെടുന്നതിനെയും അർദ്ധശുദ്ധ കുടിവെള്ളത്തിന്റെ ഭീമമായ ബില്ലിൽ ആയിരം രൂപ കുടിശ്ശിക വന്നാൽ, കണക്ഷൻ തന്നെ കട്ടു ചെയ്യുന്നതായി പറയപ്പെടുന്ന സ്ഥിതി വിശേഷത്തെയും കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എം. ഉമ്മർ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

142. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ അട്ടപ്പാടിയിൽ ആദിവാസി ഭൂമി കയ്യേറി മറിച്ചുവിറ്റതിന് ഉത്തരവാദികളാണെന്ന് പറയപ്പെടുന്ന ഉദ്യോഗസ്ഥരും ഭൂമാഫിയായുമടക്കമുള്ള കയ്യേറ്റക്കാരെക്കുറിച്ചോ ആദിവാസി ഭൂമി കയ്യേറ്റ നിരോധന നിയമം പ്രയോഗിച്ച് ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ചോ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

143. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ ആഗോള അഴിമതിയെക്കുറിച്ച് പ്രസംഗത്തിൽ പരാമർശിച്ചെങ്കിലും സംസ്ഥാനത്ത് 5 വർഷമായി നടന്നുവരുന്നതായി പറയപ്പെടുന്ന മെർക്കിസ്റ്റൺ ഭൂമി ഇടപാട്, അട്ടപ്പാടി ആദിവാസി ഭൂമി തട്ടിപ്പ്, ലോട്ടറി തട്ടിപ്പ്, ലാവ്‌ലിൻ അഴിമതി മുതലായ പ്രശ്നങ്ങളും അവയ്ക്കെതിരെ സ്വീകരിക്കാൻ പോകുന്ന കർശന നടപടികളേയും നിലപാടുകളേയും കുറിച്ചും ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിലും ഖേദിക്കുന്നു."

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

144. "എന്നാൽ സംസ്ഥാനത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന പോലീസ് - ഗുണ്ടാ അവിശുദ്ധ കൂട്ടുകെട്ടിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

145. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം വൈദ്യുതി ചാർജ്ജ്, ബസ് ചാർജ്ജ്, ആട്ടോ-ടാക്സി കൂലി, വെള്ളക്കരം എന്നിവ പലതവണ വർദ്ധിപ്പിച്ച് പൊതുജന ജീവിതം ദുസ്സഹമാക്കിയതായും വികസന പ്രവർത്തനങ്ങൾ പാടേ സ്തംഭനാവസ്ഥയിലായതായും, അഴിമതി വ്യാപകമായതായും, ഇവയ്ക്കെതിരെ യാതൊരു നടപടി സ്വീകരിച്ചില്ലായെന്നും പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. തോമസ് ചാഴികാടൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

148. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം ഗുണ്ടാ വിളയാട്ടം, മോഷണം, കൊലപാതകം എന്നിവ വർദ്ധിച്ചതിനെതിരെ യാതൊരു നടപടിയും സ്വീകരിക്കാത്തതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. ജയരാജൻ : സർ, ബഹുമാനപ്പെട്ട ഗവർണ്ണർ പന്ത്രണ്ടാം കേരള നിയമസഭയുടെ അവസാനത്തെ സമ്മേളനത്തിലാണ് ഈ നയപ്രഖ്യാപന പ്രസംഗം നടത്തിയിട്ടുള്ളത്. പതിനേഴാം സമ്മേളനത്തിൽ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിനുള്ള ഭേദഗതി നോട്ടീസ് വായിച്ചപ്പോൾ പ്രതിപക്ഷത്തെ ബഹുമാനപ്പെട്ട അംഗങ്ങൾ നയപ്രഖ്യാപന പ്രസംഗം വായിച്ചില്ലേ എന്നുള്ള സംശയമാണുണ്ടായത്. നയപ്രഖ്യാപന പ്രസംഗത്തിന്റെ ഇംഗ്ലീഷിലും മലയാളത്തിലുമുള്ള കോപ്പി കിട്ടിയിട്ടുണ്ട്. അതിൽ ഒരു ഭേദഗതി കാസർഗോഡ് മുതൽ തിരുവനന്തപുരംവരെ നീളുന്ന മലയോര ഹൈവേ നിർമ്മിക്കുന്നതിനുവേണ്ട നടപടികളെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു എന്നാണ്. ഗവർണ്ണറുടെ പ്രസംഗത്തിന്റെ അൻപത്തിയൊന്നാം പേജ് വായിച്ചു നോക്കിയാൽ അതുണ്ട്. നിങ്ങൾ ഭേദഗതി അവതരിപ്പിച്ചിട്ടുളളത് വായിക്കാതെയാണെന്ന് അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. നല്ലതുപോലെ വായിച്ചുകഴിഞ്ഞാൽ നിങ്ങൾക്ക് ഈ നയപ്രഖ്യാപന പ്രസംഗത്തെ അംഗീകരിക്കേണ്ടി വരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിന്റെ നേട്ടങ്ങൾ രാഷ്ട്രീയമായി എതിർപ്പ് പ്രകടിപ്പിക്കുന്നവർക്കുപോലും കാണാതിരിക്കാൻ കഴിയില്ല. ഇത് ഞാൻ പറയുന്നതല്ല. ബഹുമാനപ്പെട്ട ഗവർണ്ണർ ആർ. എസ്. ഗവായ് ഇക്കഴിഞ്ഞ റിപ്പബ്ലിക്ക് ദിനത്തിൽ സെൻട്രൽ സ്റ്റേഡിയത്തിൽ പ്രസംഗിച്ച കാര്യങ്ങൾ പത്രങ്ങളിലൊക്കെ വന്നിട്ടുണ്ട്. മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപന പ്രസംഗം വായിച്ചതാണ് എന്നുള്ള ന്യായീകരണം നിങ്ങളുടെ ഭാഗത്തുനിന്നും വരുമല്ലോ. എന്നാൽ സെൻട്രൽ സ്റ്റേഡിയത്തിൽ ഗവർണ്ണർ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയ പ്രസംഗം അദ്ദേഹത്തിന്റെ ബോധ്യം അനുസരിച്ചുള്ള പ്രസംഗമാണ്. സംസ്ഥാനത്തെ മികച്ച ഭരണം ദേശീയ തലത്തിൽതന്നെ ശ്രദ്ധിക്കപ്പെടുന്നത് അഭിമാനം ഉളവാക്കുന്നുവെന്നും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി അടക്കമുള്ള നിരവധി സുരക്ഷാ പദ്ധതിയാണ് കേരള സർക്കാർ നടപ്പാക്കുന്നതെന്നും നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചു നിർത്താൻ സർക്കാർ സ്വീകരിച്ച നടപടികളും കർഷക ക്ഷേമ പദ്ധതികളും അഭിനന്ദനാർഹമാണെന്നും സംസ്ഥാനത്തെ തദ്ദേശഭരണത്തിൽ ഗുണപരമായ മെച്ചപ്പെടുത്തൽ ഉണ്ടാകുന്നത് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വലിയ കാര്യമാണെന്നും സദ്ഭരണത്തിൽ ദേശീയ തലത്തിൽതന്നെ മുൻ നിരയിൽ നിൽക്കാനും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃക യാകാനും കേരളത്തിനു കഴിയുന്നുവെന്നും താഴെത്തട്ടുവരെ എത്തുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികളും ആരോഗ്യ സർവ്വകലാശാലയും വിഴിഞ്ഞം പദ്ധതിയും പുതിയ യുദ്ധക്കപ്പൽ രൂപകൽപ്പനാ കേന്ദ്രവും ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലും ഒക്കെ സംസ്ഥാനത്തിന്റെ നേട്ടങ്ങളാണെന്നും തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ രണ്ടാം ടെർമിനൽ നിർമ്മാണവും പ്രത്യേകം പരാമർശം അർഹിക്കുന്നുവെന്നുമൊക്കെയാണ് ഗവർണ്ണർ തിരുവനന്തപുരത്ത് സെൻട്രൽ സ്റ്റേഡിയത്തിൽ പ്രസംഗിച്ചത്. ഇതൊക്കെ അദ്ദേഹത്തിന് സ്വയം ബോധ്യമുള്ള കാര്യങ്ങളാണ്. ഗവർണ്ണറുടെ ചില നടപടികളോട് ഞങ്ങൾക്ക് വിയോജിപ്പുണ്ട്. പക്ഷേ അദ്ദേഹത്തിന്റെ സ്വയം ബോധ്യമനുസരിച്ച് കേരളത്തിന്റെ സാമൂഹികയാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിൽ വരുത്തിയ കാര്യങ്ങളുടെ അനുഭവം വച്ചുകൊണ്ട് അദ്ദേഹം സ്വമേധയാ പറഞ്ഞ കാര്യങ്ങളാണ് സെൻട്രൽ സ്റ്റേഡിയത്തിൽ നടത്തിയ പ്രസംഗത്തിലുള്ളത്. ഈ നയപ്രഖ്യാപന പ്രസംഗത്തെ നിങ്ങൾക്ക് എങ്ങനെ എതിർക്കാൻ കഴിയും? കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളിൽനിന്നും വ്യത്യസ്തമായ നയമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇന്ന് രാജ്യത്താകമാനം പണപ്പെരുപ്പവും ഭക്ഷ്യ സാധനങ്ങൾക്ക് വിലക്കയറ്റവും ഉണ്ടായിട്ടും കഴിഞ്ഞ നാലര വർഷമായി എല്ലാ അവശ്യസാധനങ്ങളും ന്യായവിലക്ക് വിതരണം ചെയ്യുന്ന രാജ്യത്തെ ഏക സംസ്ഥാനം കേരളമാണെന്നാണ് ഗവർണ്ണർ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഭക്ഷ്യധാന്യങ്ങളുടെ വിലതുടർന്നും നിയന്ത്രിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനും നിലവിലുള്ള മാവേലിസ്റ്റോറുകൾ കൂടാതെ എല്ലാ ന്യായവില ഷോപ്പുകളിലൂടെയും 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ ഘട്ടംഘട്ടമായി വിതരണം ചെയ്യുമെന്നാണ് ഗവർണ്ണർ പ്രഖ്യാപിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിൽ റേഷനിംഗ് സമ്പ്രദായം കേവലം പതിനൊന്ന് ലക്ഷം ആളുകൾക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ നിലപാടെങ്കിൽ രണ്ട് രൂപയ്ക്ക് ഒരു കിലോ അരി കൊടുക്കുന്ന പദ്ധതിയുടെ പ്രയോജനം നാൽപ്പത് ലക്ഷം ജനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചു വരുന്നത്. കേന്ദ്രം ഭരിക്കുന്ന കോൺഗ്രസ് ഗവൺമെന്റിൽനിന്നും തികച്ചും വ്യത്യസ്തമായ ബദൽ നയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള നയപ്രഖ്യാപനമാണിത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ അഞ്ചാം

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങളാണ് ഗവർണ്ണർ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. വിലക്കയറ്റംമൂലം സംസ്ഥാനത്തെ ജനങ്ങൾ അഭിമുഖീകരിക്കുന്ന കഠിനമായ സാഹചര്യത്തോടുള്ള സർക്കാരിന്റെ പ്രതികരണം വരുന്ന ബഡ്ജറ്റിൽ ഉണ്ടാകുമെന്നാണ് നയപ്രഖ്യാപനത്തിൽ ഉറപ്പ് നൽകിയിട്ടുള്ളത്. ഇതൊക്കെ പ്രതിപക്ഷത്തിനും അംഗീകരിക്കാവുന്ന കാര്യങ്ങളാണ്. ഇന്ന് രാജ്യത്തെ ജനങ്ങളുടെ സ്ഥിതിയെക്കുറിച്ച് നമ്മൾ ആലോചിക്കേണ്ടതുണ്ട്. ഇരുപത് രൂപാപോലും ദിവസ വരുമാനം ഇല്ലാത്തവരെയും കിടപ്പാടം ഇല്ലാത്തവരെയുംകൊണ്ട് നിറഞ്ഞ ഇന്ത്യയിൽ ശത കോടീശ്വരൻമാരുടെ എണ്ണത്തിൽ വലിയ വർദ്ധനവാണുണ്ടായിക്കൊണ്ടിരിക്കുന്നത്. ഇത് അങ്ങേയറ്റത്തെ ദുരവസ്ഥയാണ് രാജ്യത്തുണ്ടാക്കിയിട്ടുള്ളതെന്ന് മാത്രമല്ല ഈ ദുരവസ്ഥക്ക് കാരണം അധികാരം കയ്യാളുന്നവരുടെ ജനവിരുദ്ധ നയങ്ങളാണെന്നും കൂടി ഓർക്കണം. കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി നടപ്പാക്കുന്ന ഉദാരവത്ക്കരണ നയങ്ങളും ആഗോളവത്ക്കരണവും രാജ്യത്തിന്റെ വികസന മന്ത്രമായി അവതരിപ്പിച്ചത് കോൺഗ്രസ്സാണ്. ശ്രീ. നരസിംഹറാവുവിന്റെ കാർമ്മികത്വത്തിൽവന്ന ആ നയമാണ് ഇൻഡ്യയുടെ വികസന സ്വപ്നങ്ങളേയും ജനഹിതത്തേയും തകർത്തിട്ടുള്ളത്. ഇന്ന് വിലക്കയറ്റം അതിന്റെ പാരമ്യത്തിലെത്തിയിട്ടും അത് നിയന്ത്രിക്കാൻ യാതൊരു നടപടിയും കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നില്ലെന്നു മാത്രമല്ല കോൺഗ്രസ്സിന് അതൊരു പ്രശ്നമല്ലാതായി തീർന്നിരിക്കുകയാണ്. നിത്യോപയോഗ സാധനങ്ങൾ വാങ്ങാൻ സാധാരണ പൗരന്റെ വരുമാനം തികയാതെ വരുന്ന അവസ്ഥയാണിന്നുള്ളത്. പെട്രോളിയം ഉല്പന്നങ്ങളുടെ വില നിയന്ത്രണ സംവിധാനം എടുത്തുകളഞ്ഞതിലൂടെ പൊതുവിലക്കയറ്റത്തിന്റെ എരിതീയിൽ എണ്ണയൊഴിക്കുന്ന സമീപനം സ്വീകരിച്ചുവെന്നുമാത്രമല്ല റെയിൽവേ കടത്തുകൂലി വർദ്ധിപ്പിക്കുകയും ചെയ്തു. കേന്ദ്ര ആസൂത്രണ കമ്മീഷന്റെ ഉപാധ്യക്ഷനായ ശ്രീ. അഹലുവാലിയ പെട്രോളിന് മാത്രമല്ല, ഇനി ഡീസലിനും വിലനിയന്ത്രിക്കുന്നതിനുള്ള അധികാരം കേന്ദ്ര ഗവൺമെന്റ് എടുത്തു കളയണമെന്നുള്ള നിർദ്ദേശമാണ് മുന്നോട്ടുവച്ചിട്ടുള്ളത്. ഈ രാജ്യത്തെ സാധാരണക്കാരന്റെ അവസ്ഥ എന്താകുമെന്നുള്ളത് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. അത്തരമൊരു ഘട്ടത്തിലാണ് പതിമൂന്ന് അവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് ജനങ്ങൾക്ക് നൽകുമെന്ന് എൽ.ഡി.എഫ്. ഗവൺമെന്റ് പ്രഖ്യാപിക്കുന്നത്. ആഗോള സാമ്രാജ്യ മൂലധനത്തിന് നാനാ മേഖലകളിലും ഒഴുകിപ്പരക്കാനുള്ള സ്വാതന്ത്ര്യം നൽകുകയാണ് കേന്ദ്ര ഗവൺമെന്റിന്റെ മറ്റൊരു സമീപനം. ചെറുകിട വ്യാപാര രംഗത്ത് ബഹുരാഷ്ട്ര കോർപ്പറേഷന്റെ പ്രത്യക്ഷ മൂലധന നിക്ഷേപത്തിനുള്ള അനുവാദം കേന്ദ്ര ഗവൺമെന്റ് നൽകിയെന്നതാണ് ഏറ്റവും ഒടുവിൽ പ്രഖ്യാപിച്ചിട്ടുള്ളത്. അതായത് അവശ്യസാധനങ്ങളാകെ ബഹുരാഷ്ട്ര കുത്തകകളുടെ വൻകിട ഷോപ്പിംഗ് മാളുകളിലേക്ക് എത്തിക്കുകയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ പാർട്ടി ചെയ്യുന്നതെന്നർത്ഥം. ചെറുകിട വ്യാപാര രംഗവും പൂർണ്ണമായി ബഹുരാഷ്ട്ര കോർപ്പറേഷന് തുറന്നുകൊടുക്കുകയാണ് ചെയ്യുന്നത്. ഈയവസരത്തിൽ നമ്മുടെ സാധാരണ കച്ചവടക്കാരും കട അടയ്ക്കേണ്ട അവസ്ഥയിലാണ് എത്തിച്ചേരുന്നത്. നാളികേര കൃഷിക്കാർ കൃഷിക്കാരല്ലെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്സിന്റെ നിലപാട്. നാളികേരവും റബ്ബറും കൃഷിയല്ലെന്നും നാളികേര കൃഷിക്കാർ മറ്റ് തൊഴിലിൽ ഏർപ്പെടുന്നവർ മാത്രമാണെന്നുമാണ് 2011-ലെ സെൻസസ്സിൽ രേഖപ്പെടുത്തുന്നത്. 2011-ലെ സെൻസസ് റിപ്പോർട്ട് എന്റെ കൈവശമുണ്ട്. എങ്ങനെയാണ് കർഷകരെ നിർണ്ണയിക്കേണ്ടത്; കർഷകരെ നിർണ്ണയിക്കുന്ന അവസരത്തിലുള്ള മാനദണ്ഡമെന്താണ് എന്ന് ആ സെൻസസിൽ സൂചിപ്പിച്ചിട്ടുണ്ട്. കൃഷിയിൽ തോട്ട വിളകളായ തേയില, കാപ്പി, റബ്ബർ, തേങ്ങ, അടയ്ക്ക മുതലായവയുടെ ഉത്പാദനം ഉൾപ്പെടുന്നില്ലെന്നാണ് സെൻസസ് റിപ്പോർട്ടിൽ പറയുന്നത്. തോട്ട വിളകളുടെ ഉല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ മറ്റ് ജോലിയുള്ളവർ എന്ന് രേഖപ്പെടുത്തണം. തോട്ട വിളകളുടെ ഉല്പാദനം കൃഷിയായി പരിഗണിക്കുന്നില്ലെന്നു പറഞ്ഞാൽ തെങ്ങ് കൃഷിക്കാർ കൃഷിക്കാരല്ല എന്നതാണ് സെൻസസ് റിപ്പോർട്ടും അതുതന്നെയാണ് കോൺഗ്രസ്സിന്റെ നിലപാടും; കർഷകരുടെ താല്പര്യം പ്രമുഖമായി സംരക്ഷിക്കുന്ന ഒരു പാർട്ടി കോൺഗ്രസ്സിന്റെ കൂടെയുണ്ടല്ലോ, അതായത് ശ്രീ. കെ. എം. മാണിയുടെ പാർട്ടി(കേരളാ കോൺഗ്രസ്സ്), ഇക്കാര്യത്തിൽ കേരളാ കോൺഗ്രസ്സിന്റെ നിലപാട് എന്താണ്? കഞ്ചാവ് കൃഷി ചെയ്യുന്നവർ കർഷകരുടെ ഗണത്തിൽപ്പെടുക, റബ്ബർ കൃഷിക്കാർ മറ്റ് തൊഴിൽ ചെയ്യുന്നവരുടെ ഗണത്തിൽപ്പെടുകയെന്നു പറഞ്ഞാൽ ഇത് കേരളത്തിന്റെ കാർഷിക മേഖലയിൽ വലിയ നിലയിലുള്ള പ്രത്യാഘാതം ഉളവാക്കുന്നതാണ്. ഇങ്ങനെയൊരു അതിക്രമം കേരളത്തെ എങ്ങനെ ബാധിക്കുമെന്നുള്ളത് നാം ഗൗരവപൂർവ്വം ചിന്തിക്കേണ്ടതാണ്. ശ്രീ. കെ.എം. മാണി ഇതുസംബന്ധിച്ച് എന്തു പറയുന്നുവെന്ന് അറിയാൻ ആഗ്രഹമുണ്ട്. നാണ്യവിളകൾക്ക് പ്രാമുഖ്യം നൽകിയ കേരളത്തിലെ കർഷകനെ കർഷകരുടെ ഗണത്തിൽനിന്നും അടർത്തി മാറ്റി ഭാവിയിൽ അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളാകെ ഇല്ലാതാക്കാനുള്ള അത്തരമൊരു നീക്കം കേരളാ കോൺഗ്രസ്സ് അംഗീകരിക്കുന്നുണ്ടോ? കൃഷിക്കാർക്കുവേണ്ടി പ്രസംഗിച്ചാൽ മാത്രം പോര, എന്തെങ്കിലും ചെയ്യണമെന്ന് കേരളാ കോൺഗ്രസ്സിനും ശ്രീ. കെ. എം. മാണിക്കും തോന്നുന്നുവെങ്കിൽ കോൺഗ്രസ്സിന്റെ ഈ സമീപനത്തിനെതിരായി പരസ്യമായിട്ടുള്ള നിലപാട് സ്വീകരിക്കാൻ അങ്ങ് തയ്യാറാകണം. കൃഷിക്കാരോടുള്ള പ്രതിബദ്ധത ഞങ്ങൾ എപ്പോഴും ഉയർത്തിപ്പിടിച്ചിട്ടുണ്ട് ഇപ്പോഴും ഉയർത്തിപ്പിടിക്കുകയാണ്. ഇവിടത്തെ മറ്റൊരു പ്രശ്നം, നമ്മുടെ ദേശീയ രംഗത്തെ സ്ഥിതിഗതികൾ നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നുണ്ട്. ജനാധിപത്യത്തിന്റെ അവസ്ഥയെന്താണ്? പാർലമെന്ററി ജനാധിപത്യം ലോകത്തിലേക്കും മെച്ചപ്പെട്ടതാണ് ഇൻഡ്യയിലുള്ളതെന്നാണ് കോൺഗ്രസ്സുകാരൊക്കെ പ്രസംഗിച്ചു നടക്കുന്നതെങ്കിലും ആ ജനാധിപത്യം ഇവിടെ വിലയ്ക്കെടുക്കപ്പെടുകയാണ്. ഒരു കാലത്ത് പണം വാങ്ങി വാർത്തയെഴുതി അഴിമതിക്കാരെയെല്ലാം മഹാത്മാരും മര്യാദക്കാരെ മഹാമോശക്കാരുമാക്കുന്ന മാധ്യമങ്ങളും ഏത് അഴിമതി വീരനും മാധ്യമ സഹായത്തോടെ മഹാ മാന്യനാകുന്ന കാലമാണ്. ബോംബെയിൽ അഞ്ചും പത്തും കോടി രൂപ ചെലവിട്ടാണ് സ്വന്തം പ്രതിച്ഛായ നന്നാക്കാൻ കോൺഗ്രസ്സ് നേതാക്കൻമാർ മാധ്യമങ്ങളെക്കൊണ്ട് വാർത്തകളും ഫീച്ചറുകളും എഴുതിച്ചത്. കാശ് കയ്യിലില്ലെങ്കിൽ നിങ്ങൾ സ്ഥാനാർത്ഥിയാണെന്ന വിവരം

LIBRARY ARCHIVES Kerala Legislative Assembly

പോലും വോട്ടർമാർ അറിയുകയില്ലെന്നാണ് ഹിന്ദു പത്രത്തിന്റെ ഗ്രാമീണ എഡിറ്ററായ സായ് നാഥ് പറയുന്നത്. ഇന്ന് ജനാധിപത്യം പണാധിപത്യമായി മാറ്റിയിരിക്കുന്നു. ഈ പണം എവിടെനിന്നാണ് വരുന്നതെന്നതിനെക്കുറിച്ച് ആലോചിക്കണം. ഒന്നേമുക്കാൽ ലക്ഷം കോടി രൂപയാണ് 2ജി സ്പെക്ട്രം അഴിമതിയിൽ രാജ്യത്തിന് നഷ്ടമായതെന്നാണ് സി.&എ.ജി. പറയുന്നത്. ശ്രീ. ആണ്ടിമുത്തു രാജ ഇന്ന് ജയിലിലാണ്. അദ്ദേഹം മാത്രമാണോ ജയിലിൽ കഴിയേണ്ടത്? ഇക്കണ്ട പണമെല്ലാം അദ്ദേഹം കൊണ്ടുപോയതാണോ? ആർക്കൊക്കെ പണം കിട്ടി? എത്ര പെട്ടി ഇങ്ങോട്ട് വന്നുവെന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറയണം. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽവന്ന പെട്ടികളുടെയും ഇടയ്ക്കുവച്ച് മുക്കിക്കളഞ്ഞ പെട്ടികളുടേയും കഥ നാം അറിഞ്ഞതാണല്ലോ? കോമൺവെൽത്ത് ഗെയിംസ്, പ്രതിരോധ ഇടപാടുകൾ, ആദർശ് ഫ്ളാറ്റ് തുടങ്ങി എല്ലാ മേഖലകളിലും വൻ അഴിമതികളാണ് നടന്നത്. ഇന്നത്തെ ഹിന്ദു പത്രത്തിലെ ഒരു വാർത്ത നിങ്ങളിൽ പലരും വായിച്ചിട്ടുണ്ടാകും. CAG goes after another Spectrum Deal. രണ്ടുലക്ഷം കോടി രൂപയുടേതാണ്. 2ജി സ്പെക്ട്രം ലൈസൻസ് കുംഭകോണത്തിന്റെ വെളിപ്പെടുത്തലുകൾ വന്നപ്പോൾ ഇത് ഡി.എം.കെ. ആണ്, ശ്രീ. ആണ്ടിമുത്തു രാജയാണ് ഇതിന്റെ ആൾ എന്ന് കോൺഗ്രസ്സ് പറഞ്ഞിട്ടുണ്ട്. ഇത് ഐ.എസ്.ആർ.ഒ.-യുമായി ബന്ധപ്പെട്ട ഭീമമായിട്ടുള്ള ഒരു അഴിമതിയാണ്. അതായത് മറ്റൊരു സ്പെക്ട്രം ഇടപാടാണ്. പരസ്യമായി ലേലം ചെയ്യാതെ – S-band Spectrum was allocated without inviting competitive bids.... എന്ന് ഹിന്ദു പത്രം രേഖപ്പെടുത്തിയതാണ്. രണ്ടുലക്ഷം കോടി രൂപ ഈ രാജ്യത്തിന് നഷ്ടമായ ഭീമമായ അഴിമതിയെ സംബന്ധിച്ചുള്ള പുതിയ വെളിപ്പെടുത്തലുകൾ വന്നിരിക്കുകയാണ്. ഇത് പ്രധാനമന്ത്രിയുടെ വകുപ്പാണ്. . ISRO is under the Department of Space, which is directly in Prime Minister's charge.... ശ്രീ. മൻമോഹൻസിംഗിന്റെ ചുമതലയിലുള്ള വകുപ്പിലാണ് രണ്ടുലക്ഷം കോടി രൂപയുടെ അഴിമതി നടന്നിട്ടുള്ളത്. ഈ പണമൊക്കെ എങ്ങനെയാണ് പോകുന്നത്? സുപ്രീം കോടതി തന്നെ ഇപ്പോൾ ഇടപെട്ടിട്ടുണ്ട്. നിയമവിരുദ്ധമായിട്ടുള്ള പണം വിദേശത്തേക്ക് ഒഴുകുകയാണ്. ഗ്ലോബൽ ഫിനാൻഷ്യൽ ഇന്റഗ്രിറ്റി എന്ന സംഘടന നടത്തിയ അന്വേഷണത്തെത്തുടർന്ന് വെളിപ്പെട്ടിട്ടുളള റിപ്പോർട്ട് ഞെട്ടിപ്പിക്കുന്നതല്ലേ? 2000-നും 2008-നും ഇടയിൽ ഇൻഡ്യയിൽനിന്ന് വിദേശ ബാങ്കുകളിലേക്ക് നിയമ വിരുദ്ധമായി ഒഴുകിയ പണത്തിന്റെ അളവ് എത്രയാണെന്ന് നിങ്ങൾ അറിയണം. 5,70,000 കോടി രൂപയാണ് ഒഴുകിയത്. അങ്ങനെ വിദേശത്തേക്ക് മാത്രമല്ല, രാജ്യത്തിനകത്ത് വോട്ട് വിലയ്ക്കു വാങ്ങാൻ ഈ രാജ്യത്തിലെ വലതുപക്ഷ രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന കോൺഗ്രസ്സും ബി.ജെ.പി.യും പോലുള്ള പാർട്ടികളെ വൻകിട കോർപ്പറേറ്റുകൾ വിലക്കെടുക്കുന്നു. മാനം വിറ്റും പണം നേടിയാൽ പണം മാനത്തെ രക്ഷിക്കുമെന്ന് പറഞ്ഞതുപോലെ കോർപ്പറേറ്റുകൾ വലതുപക്ഷ രാഷ്ട്രീയക്കാരെ വിലയ്ക്കെടുത്തിട്ട് വോട്ട് വിലക്ക് വാങ്ങാൻ പണം ആവശ്യംപോലെ കൊടുക്കുകയും എന്നിട്ട് അധികാരത്തിൽ വന്നാൽ വൻകിട കോർപ്പറേറ്റുകൾക്ക് വേണ്ടി നിയമവിരുദ്ധമായിട്ടുള്ള കൃത്യങ്ങൾ നടത്തുകയും അഴിമതിനടത്തുകയും ചെയ്യുന്നു. അതാണ് ഈ രാജ്യത്തെ ജനാധിപത്യ വ്യവസ്ഥയിൽ നാണംകെട്ട നിലയുണ്ടായിക്കൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ : അഞ്ചുലക്ഷം കോടിരൂപയാണ് വിദേശത്തേക്ക് ഒഴുകിയതെന്നാണ് അങ്ങ് പറഞ്ഞത്. ഈ അടുത്ത ദിവസം എന്റെ സ്നേഹിതൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരു ചാനൽ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത്, അത് അഞ്ച് ലക്ഷമല്ല, 20 ലക്ഷം കോടി രൂപയുടെ കള്ളപ്പണമാണ് വിദേശത്തേയ്ക്ക് ഒഴുകിയതെന്നാണ്. അതെല്ലാം കണ്ടെത്തണമെന്ന് പറയുകയുണ്ടായി. ഇതിൽ ഏതാണ് ശരി? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതാണോ, അതോ അഞ്ചു ലക്ഷം രൂപയാണോ വിദേശത്തേക്കൊഴുകിയത്.

ശ്രീ. പി. ജയരാജൻ : തീർച്ചയായും. ഈ രാജ്യത്തെ ജനാധിപത്യ വ്യവസ്ഥയിൽ അതിന്റെ സത്ത തന്നെ തകർക്കുന്ന ഇത്തരം ഭീമമായ കുംഭകോണത്തെ ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാനൊരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. എന്നെക്കുറിച്ച് പരാമർശിച്ചതുകൊണ്ടുമാത്രം ഞാൻ പറയുകയാണ്. ഞാനൊരു ചർച്ചയിൽ പങ്കെടുക്കുകയുണ്ടായി. കൈരളി ചാനലിൽ തന്നെയാണ്. അവിടെ കഴിഞ്ഞ 300 വർഷക്കാലമായി ഇൻഡ്യാ രാജ്യത്തുനിന്ന് പുറത്തേയ്ക്കുപോയ പണത്തെ സംബന്ധിച്ചാണ് വന്നത്. അതിനകത്ത് പ്രശസ്തമായ ചില വ്യക്തികൾ പുസ്തകം എഴുതിയിട്ടുണ്ട്. അതിലൊരു പുസ്തകത്തിനകത്ത് 300 വർഷക്കാലമായി 50 ലക്ഷം കോടി രൂപ എന്നു പറഞ്ഞിട്ടുണ്ട്. ഞാൻ ഈ പറഞ്ഞതിനെ ഈ രൂപത്തിൽ ദുരുപയോഗം ചെയ്തത് തെറ്റായിപ്പോയി. അത് സത്യം പറഞ്ഞാൽ വളരെ തെറ്റായ കാര്യമാണ്. അത് പിൻവലിക്കണം. ശ്രീ. ആനത്തലവട്ടം ആനന്ദനെപ്പോലെ സമുന്നതനായ ഒരു വ്യക്തി പരിണിതപ്രജ്ഞനെന്ന് ഞാൻ ആക്ഷേപിക്കുന്നില്ല. പക്ഷേ അദ്ദേഹത്തെപ്പോലെ സമുന്നതനായ ഒരു വ്യക്തി ഒരു കാരണവശാലും ഇങ്ങനെയൊരു ദുരാരോപണത്തിന്റെ രൂപത്തിൽ ഇത് കൊണ്ടുവരരുതായിരുന്നു. അങ്ങ് ഇത് പിൻവലിക്കണം.

ശ്രീ. പി. ജയരാജൻ : ജനാധിപത്യ വ്യവസ്ഥയുടെ അന്ത:സത്ത തകർക്കുന്ന തരത്തിൽ വൻകിട സാമ്പത്തിക കോർപ്പറേറ്റുകൾ രാഷ്ട്രീയ-ഭരണമേഖലകളിൽ നടത്തുന്ന കടന്നുകയറ്റത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം. കേന്ദ്ര ഭരണം അഴിമതിയിൽ മുങ്ങിക്കുളിച്ച് നിൽക്കുമ്പോൾ അതുപോലത്തെ ഒരവസ്ഥ നമുക്കും കിട്ടട്ടെയെന്നാണ് യു.ഡി.എഫ്.-കാർ ആഗ്രഹിക്കുന്നത്. പക്ഷേ അതിപ്പോൾ നടക്കുന്നില്ല. യു.ഡി.എഫ്-ന്റെ ഭരണം വരണം, അതിനാണ് അവർ ശ്രമിക്കുന്നത്. ഇപ്പോൾ യു.ഡി.എഫ്.-ന്റെ അവസ്ഥ വെയിലത്തുവച്ച ഐസ്ക്രീം പോലെയാണ്; ഉരുകിയുരുകി തീരുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ മോചനയാത്ര കാസർഗോഡുനിന്ന് ഉദ്ഘാടനം ചെയ്യുമ്പോൾ ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത് യാത്ര അവസാനിക്കുന്നതിനുമുമ്പ് രാഷ്ട്രീയഭൂകമ്പം നടക്കും എന്നാണ്. എന്തോ ഒന്ന് നടക്കുമെന്ന് ശ്രീ. രമേശ് ചെന്നിത്തലക്ക് ഉറപ്പുണ്ടായിരുന്നു. പക്ഷേ പറഞ്ഞതുപോലെതന്നെ ഭൂകമ്പവുമുണ്ടായി. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടേയും റൗഫിന്റെയും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രൂപത്തിലാണ് ഭൂകമ്പമുണ്ടായത്. അത് ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് നല്ലതുപോലെ അറിയാമായിരുന്നു. അതോടെ മോചനയാത്ര വിലാപയാത്രയായി മാറി. ഏച്ചുകെട്ടിയിട്ടുള്ള യാത്ര മുറിഞ്ഞുമുറിഞ്ഞാണ് പോകുന്നത്. മലപ്പുറത്ത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയായിരുന്നു താരം. പെൺകുട്ടികളുടെ എണ്ണം ഒരു ബസ്സിൽ കയറ്റാൻമാത്രമുണ്ട് എന്ന് റൗഫ് വെളിപ്പെടുത്തിയതോടെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ പിന്തുണ വർദ്ധിച്ചുവെന്നാണ് മുസ്ലീംലീഗ് പറയുന്നത്. മുസ്ലീംലീഗ് മാത്രമല്ല അതിന്റെകൂടെയിപ്പോൾ മനോരമ പത്രവുമുണ്ട്. സ്റ്റിങ് ഓപ്പറേഷൻ മോശം പരിപാടിയാണെന്ന് പേടിച്ചാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി കാസർഗോഡ് മോചനയാത്ര ഉദ്ഘാടന സ്ഥലത്ത് പോകാതിരുന്നത്.

മി. സ്പീക്കർ : ശ്രീ. പി. ജയരാജൻ, ശ്രീ. സി. ടി. അഹമ്മദ് അലിക്ക് ഒരു പോയിന്റ് ഓഫ് ഓർഡറുണ്ട്.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഈ സഭയിൽ ഇല്ലാത്തൊരു അംഗത്തെക്കുറിച്ച് സത്യവിരുദ്ധമായ പരാമർശം നടത്തുന്നത് ഓർഡറിലാണോ?

മി. സ്പീക്കർ : യെസ്...ശ്രീ. പി. ജയരാജൻ...

ശ്രീ. പി. ജയരാജൻ : സർ, ഇവിടെ ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയുടെ കുട്ടികൾ ചില ബോംബെല്ലാം ശേഖരിച്ചുവച്ചിട്ടുണ്ട്. ഇത് കേട്ടതോടെ മാണിസാർ പറഞ്ഞു എന്റെ പാർട്ടി ഒന്നിനുമില്ല. ആരാണ് കേസ്സിൽ.... (തടസ്സം)......

മി. സ്പീക്കർ : യെസ്...ശ്രീ. പി. ജയരാജൻ...

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, റൂൾ 307 അനുസരിച്ച് സഭയുടെ അന്തസ്സിന് കളങ്കം വരുത്തുന്ന രീതിയിൽ സഭയിലില്ലാത്ത ഒരാളെപ്പറ്റി അവഹേളനപരമായ പരാമർശം നടത്തുന്നത് നീക്കം ചെയ്യണം.

മി. സ്പീക്കർ : യെസ്...ശ്രീ. പി. ജയരാജൻ...(തടസ്സം).....

ശ്രീ. പി. ജയരാജൻ : സർ, ഒരു രാഷ്ട്രീയ നേതാവിനേയും വ്യക്തിഹത്യ നടത്തുകയെന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയമല്ല. പക്ഷേ ഇവിടെ മുസ്ലീംലീഗിനെപ്പോലെയുള്ള പാർട്ടി നേതാക്കന്മാർ യോഗം ചേർന്ന് തീരുമാനമെടുക്കുകയാണല്ലോ; സെപ്റ്റംബർ 30-ന് രാമജന്മഭൂമി ബാബറി മസ്ജിദ് തർക്കത്തിന്റെ കേസ്സിൽ ലക്നൗ ബഞ്ച് വിധി പറഞ്ഞല്ലോ, നിങ്ങളുടെ സംസ്ഥാന പ്രസിഡന്റ് പറഞ്ഞു ഞങ്ങൾ ആലോചിച്ച് മറുപടി പറയും, ഞങ്ങൾ ആലോചിച്ച് വിലയിരുത്തൽ നടത്തും, അഭിപ്രായം പറയും. പക്ഷേ ഇതുവരെ പറഞ്ഞില്ല. സെപ്റ്റംബർ 30, ഒക്ടോബർ 30, നവമ്പർ 30, ഡിസംബർ 30 ഇതുവരെ പറയാത്ത നിങ്ങൾ ഈ കുഞ്ഞാലിക്കുട്ടിക്കെതിരായിട്ട് സ്വന്തം ഭാര്യാസഹോദരിയുടെ ഭർത്താവ് വെളിപ്പെടുത്തലുകൾ നടത്തിയപ്പോൾ ലീഗിന്റെ സെക്രട്ടേറിയറ്റ് എത്രതവണയാണ് ചേർന്നത്? അഭിപ്രായം പറഞ്ഞല്ലോ. ഇവിടെ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരു രാഷ്ട്രീയ

നേതാവിനെ വ്യക്തിഹത്യ നടത്തുന്നത് ഞങ്ങളുടെ പരിപാടിയല്ല. 15 വർഷം മുമ്പേ ഞങ്ങളുടെ നേതാവിനെ പീഡിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നാണ് ഇപ്പോൾ ലീഗ് നേതാക്കന്മാർ പറയുന്നത്. ഇത് ഇടതുപക്ഷമുന്നണി ഉണ്ടാക്കിയതെന്നാണ് മനോരമ പത്രമെഴുതിയത്. തെരഞ്ഞെടുപ്പ് മുന്നിൽ കാണുമ്പോൾ ഒളിക്യാമറകളെ അഭയം പ്രാപിക്കുന്ന തരംതാണ രാഷ്ട്രീയം തന്നെയാണിപ്പോൾ കേരളം കണ്ടുകൊണ്ടിരിക്കുന്നത്. പാർലമെന്റ്-പഞ്ചായത്ത് തെരഞ്ഞെടുപ്പ് തിരിച്ചടികൾക്ക് ശേഷം തെരഞ്ഞെടുപ്പിനകം ഉരുണ്ടുവരുന്നതുകണ്ട് പകച്ച് രണ്ടുംകൽപ്പിച്ച കളിയാണിപ്പോൾ ഇടതുമുന്നണിയുടേത്. ഞങ്ങളല്ല, നിങ്ങളുടെ സംസ്ഥാന സെക്രട്ടറി ശ്രീ. എം.കെ. മുനീറാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചതെന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പരസ്യമായി പറഞ്ഞുകഴിഞ്ഞു. നിങ്ങൾക്ക് ശ്രീ. എം.കെ. മുനീറിനെ ഇന്ത്യാ വിഷൻ ചാനലിന്റെ തലപ്പത്തുനിന്ന് മാറ്റാനുള്ള ധൈര്യമില്ല, അതാണ് പ്രശ്നം. ഇവിടെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ ഭാര്യാസഹോദരിയുടെ ഭർത്താവ് റൗഫിന്റെ വെളിപ്പെടുത്തലോടെ ഈ സമൂഹം കാര്യമായി പരിഗണിക്കേണ്ട ചില വിഷയങ്ങളാണ് വന്നിട്ടുള്ളത്, അതാണ് ഞങ്ങൾ പറയുന്നത് പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ മാനഭംഗം ചെയ്തതുമായി ബന്ധപ്പെട്ട കേസിൽ ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി ഒരിക്കലും പ്രതിയായിട്ടില്ല. മൊഴിയനുസരിച്ച് ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയെ പ്രതിപ്പട്ടികയിൽ പെടുത്തുന്നതിനുവേണ്ടി നടത്തിയിട്ടുള്ള നീക്കത്തെ അദ്ദേഹം സുപ്രീം കോടതി വരെ പോയി ഒഴിവായി. ഒഴിവായത് എങ്ങനെയാണെന്ന് നിങ്ങൾ അറിയണം. ഹൈക്കോടതി ജഡ്ജിമാരെപ്പോലും കണ്ട് പണം കൊടുത്ത് സ്വാധീനിച്ചിട്ടാണ് ഒഴിവാക്കിയതെന്ന് ഭാര്യാസഹോദരി ഭർത്താവ് റൗഫ് വെളിപ്പെടുത്തുന്നുണ്ട്. 15 കൊല്ലം മുമ്പ് നടന്നിട്ടുള്ള കേസ്സ് ഇപ്പോൾ അന്വേഷിക്കാൻ പറ്റുമോ? വർഗ്ഗീസ് എന്നുപറയുന്ന നക്സലൈറ്റ് നേതാവിനെ നിങ്ങൾക്ക് ഓർമ്മയുണ്ടാകും. എത്ര വർഷം മുമ്പാണെന്ന് എല്ലാവർക്കുമറിയാം. നിങ്ങളുടെ നേതാവ് സി.എച്ച്.മുഹമ്മദ് കോയ മുഖ്യമന്ത്രിയായിരിക്കുന്ന അവസരത്തിൽ നടത്തിയിട്ടുള്ള ഒരു കൃത്യം ആരും മറക്കാനിടയില്ല. വർഗ്ഗീസ് ഏറ്റുമുട്ടലിലാണ് കൊല്ലപ്പെട്ടതെന്ന് അന്ന് മനോരമ പത്രത്തിൽ വാർത്തയുംവന്നു. (തടസ്സം).... നിങ്ങൾ ഞാൻ പറയുന്നത് കേട്ടിട്ട് ബഹളം വച്ചാൽമതി. ആ വർഗ്ഗീസിന്റെ കൊലപാതകം നടന്നപ്പോൾ.....

മി. സ്പീക്കർ : ...ശ്രീ. പി. ജയരാജൻ...അങ്ങോട്ട് നോക്കി പറയണ്ട.

ശ്രീ. പി. ജയരാജൻ : അന്ന് വെടിവച്ചുകൊന്നിട്ടുള്ള ശ്രീ. രാമചന്ദ്രൻ നായരെന്ന സി.ആർ.പി. പോലീസുകാരൻ, ഞാനാണ് വെടിവച്ചുകൊന്നത്, എന്റെ മനസ്സാക്ഷി പറയുന്നു ഇത് സമൂഹത്തോട് വിളിച്ചുപറയണമെന്ന് പിന്നീട് വെളിപ്പെടുത്തുകയുണ്ടായി. അദ്ദേഹം പ്രതിയാക്കപ്പെട്ടില്ലേ? ഇവിടെ ഐസ്ക്രീം പാർലർ കേസ്സിൽ മുഖ്യപ്രതിയായ ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയെ രക്ഷിക്കാൻ ജഡ്ജിമാരെയടക്കം സ്വാധീനിക്കുന്നതിനുവേണ്ടി നടത്തിയ പരിശ്രമത്തിൽ മുഖ്യപങ്കാളിയായിട്ടുള്ള ഭാര്യാസഹോദരി ഭർത്താവ് റൗഫ് പറയുന്നു, ഞാൻ ഇന്ന രൂപത്തിലാണ് പരിശ്രമിച്ചത്, ഇന്നയാൾക്ക് പണം കൊടുത്തിട്ടുണ്ട്, ശ്രീ. കെ. സി. പീറ്ററെപ്പോലെയുള്ള കേരള കോൺഗ്രസ്സ് നോമിനികളെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിച്ചിട്ടുണ്ടെന്നെല്ലാം അദ്ദേഹം വെളിപ്പെടുത്തിയിട്ടുണ്ടല്ലോ. ഇത് ഗൗരവമായ പ്രശ്നമാണ്. വർഗ്ഗീസ് കേസ് പുനരന്വേഷിച്ചതുപോലെ കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് നടന്ന ഐസ്ക്രീം പാർലർ കേസ്സും പുനരന്വേഷിക്കണമെന്നുള്ളത് നമ്മുടെ നാട്ടിലെ നിയമവ്യവസ്ഥയുടെ ആവശ്യമാണ്. അതിനെ ഞങ്ങൾ പറയുന്നു എന്നല്ലാതെ ഞങ്ങൾക്ക് ഇതിൽ ഒരു രാഷ്ട്രീയലാക്കും ഇല്ല. പക്ഷേ ഇതുമാത്രമല്ല റൗഫ് വെളിപ്പെടുത്തിയത്. ....(തടസ്സം)..... ഇവിടെ കോൺഗ്രസ്സ് മറുപടി പറയേണ്ട പ്രശ്നമുണ്ടെന്നു മാത്രമല്ല ശ്രീ. ഉമ്മൻ ചാണ്ടി മറുപടി പറയേണ്ട പ്രശ്നവുമുണ്ട്. നിയമവിരുദ്ധമായ പല കാര്യങ്ങളും ചെയ്തിട്ടുണ്ടെന്ന് റൗഫ് പറഞ്ഞിട്ടുണ്ട്. അപ്പോൾ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു, അത് ശരിയാണ്, എന്റെ ഭരണകാലത്ത് ഞാൻ നിയമവിരുദ്ധമായിട്ടുള്ള പലതും ചെയ്തിട്ടുണ്ട്. എന്താണ് അതിന്റെ അർത്ഥം? ഇത് സത്യപ്രതിജ്ഞാ ലംഘനമാണ്. അതുകഴിഞ്ഞ് ഇപ്പോഴെങ്കിലും തെറ്റ് ഏറ്റുപറഞ്ഞത് നല്ലതെന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറയുകയും അതിനെ സ്വാഗതം ചെയ്യുകയും ചെയ്തു. ഇതിൽ ആരൊക്കെയാണ് സത്യപ്രതിജ്ഞാലംഘനം നടത്തിയിട്ടുളളത്. ശ്രീ. ഉമ്മൻ ചാണ്ടിയും സത്യപ്രതിജ്ഞാലംഘനം നടത്തിയിട്ടുണ്ട്. മുഖ്യമന്ത്രി എന്ന നിലയ്ക്ക് ആ സ്ഥാനത്ത് ഇരുന്നുകൊണ്ട് അദ്ദേഹം ചെയ്തിട്ടുള്ള കാര്യങ്ങൾ അദ്ദേഹത്തിനറിയാം. നിയമവിരുദ്ധമായിട്ടുള്ള കാര്യങ്ങൾ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ചെയ്യുമ്പോൾ തെറ്റാണ് ചെയ്യുന്നത്, നിയമവിരുദ്ധമായ കാര്യമാണ് ചെയ്യുന്നതെന്ന് മുഖ്യമന്ത്രിയായിട്ടുളള ശ്രീ. ഉമ്മൻ ചാണ്ടിക്കും അറിയാം. അതൊക്കെ ശരിയാണെന്ന് ഇപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിയും പറയുകയാണ്. ഒടുവിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി മാറ്റിപ്പറഞ്ഞപ്പോൾ അതും ശരിയാണെന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞു, ഇതല്ലേ ഇവിടെ നടന്നിട്ടുള്ളത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഐസ്ക്രീം പാർലർ കേസ്സുമായി ബന്ധപ്പെട്ടുകൊണ്ട് നടത്തിയ നിയമവിരുദ്ധമായ തർക്കങ്ങൾ എന്താണെന്ന് ലീഗും ശ്രീ. ഉമ്മൻ ചാണ്ടിയും പറയണം. ഇതുമാത്രമല്ല കള്ളനോട്ടുകേസ്സുമായി ബന്ധപ്പെട്ട് വെളിപ്പെട്ട കാര്യം ഇതിനേക്കാളും ഗൗരവപ്പെട്ട പ്രശ്നമല്ലേ? ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ ഭാര്യാസഹോദരി ഭർത്താവ് റൗഫ്-ന്റെ ജീവനക്കാരനായിട്ടുളള സത്താർ പോലീസ് പിടിയിലായതിന്റെ കാരണം അദ്ദേഹത്തിന്റെ കൈവശം കള്ളനോട്ടുണ്ടായിരുന്നു. സഭ ആകെ ശ്രദ്ധിക്കേണ്ടൊരു കാര്യമാണ്. എങ്ങനെയാണ് സത്താറിന്റെ കയ്യിൽ കള്ളനോട്ട് വന്നത്. സത്താറിന്റെ മൊഴിയനുസരിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ കൂടെയുള്ള നിസ്സാർ ആണ് ഈ കള്ളനോട്ട് കൊടുത്തതെന്ന് റൗഫ് പോലീസിന് മൊഴി കൊടുത്തിരിക്കുകയാണ്. അതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ നിസ്സാർ കള്ളനോട്ട് കൊടുക്കാനോ മറ്റാവശ്യങ്ങൾക്കോ കോഴിക്കോട് പോയിട്ടില്ലെന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി തന്നെ സർട്ടിഫൈ ചെയ്തിട്ടുണ്ട്. പോലീസ് അന്വേഷിച്ചപ്പോൾ നിസ്സാറിന്റെ മൊബൈൽ ഫോൺ കോഴിക്കോട്ട് ടവറിന്റെ കീഴിൽ; കോഴിക്കോട് ഈ മൊബൈൽ ടവറിന്റെ കീഴിൽ നിസ്സാറിന്റെ ഫോൺ എങ്ങനെയാണ് വന്നത്? നിസ്സാർ പോകാതെ ഫോൺമാത്രം നടന്നുപോകുമോ? നിങ്ങൾ ഇതിനെക്കുറിച്ചൊക്കെ മനസ്സിലാക്കണം. ഇപ്പോൾ മൊബൈൽ ഫോൺ വലിയൊരു അന്വേഷണ സംവിധാനമാണ്. പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടിയെ മാനഭംഗം ചെയ്ത കാര്യം മാത്രമല്ല

കള്ളനോട്ട് കേസ്സിലടക്കം ആർക്കെല്ലാം ബന്ധമുണ്ട്, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക് ബന്ധമുണ്ടോയെന്ന കാര്യം അടക്കം സംശയിക്കത്തക്ക നിലയിലുള്ള ഒരു സാഹചര്യം വന്നിരിക്കുകയാണ്. റൗഫിന്റെ വെളിപ്പെടുത്തലിലൂടെയാണ് ഇതൊക്കെ പുറത്തുവന്നിട്ടുള്ളത്. ഇത് ഗൗരവപ്പെട്ട......

മി. സ്പീക്കർ : യെസ്...ശ്രീ. പി. ജയരാജൻ...

ശ്രീ. പി. ജയരാജൻ : സർ, ഇത് നിങ്ങളുടെ സെക്രട്ടേറിയറ്റ് .....

മി. സ്പീക്കർ : യെസ്...ശ്രീ. പി. ജയരാജൻ...അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. പി. ജയരാജൻ : .....(തടസ്സം)....ഞങ്ങളെല്ലാം സബൂറാക്കിയിരിക്കുന്നുവെന്നുപറഞ്ഞാൽ സബൂറാക്കാൻ പറ്റുമോ ഇത്? ഇത് ഗൗരവപ്പെട്ട വിഷയമാണ്. അതേക്കുറിച്ച് അന്വേഷിക്കണമെന്നാണ് പറയാനുള്ളത്. റൗഫിന്റെ വെളിപ്പെടുത്തലുകളെല്ലാം ഞെട്ടിക്കുന്നതാണെങ്കിലും ഒന്ന് കൂടുതൽ ഞെട്ടിക്കുന്ന കാര്യമാണ്. പാകിസ്ഥാനിൽനിന്നും കൊണ്ടുവന്ന കള്ളനോട്ടുകൾ, അവിടെയാണ് കള്ളനോട്ട് അടിക്കുന്നത്. രാജ്യാന്തരകുറ്റമടക്കം വെളിപ്പെടുത്തുന്ന വിവരങ്ങളാണ് ഇപ്പോൾ പുറത്തുവന്നിട്ടുള്ളത്. അത് ഗൗരവപൂർവ്വം അന്വേഷിക്കണം. കേരള ഗവൺമെന്റ് അന്വേഷിക്കുന്നതിനുവേണ്ടിയുള്ള സംവിധാനമാണ് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളത്. കേരള പോലീസിലെ ഏറ്റവും സമർത്ഥരായിട്ടുള്ള, കഴിവുള്ള, ആക്ഷേപരഹിതമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരെ വച്ച് ഇത് അന്വേഷിപ്പിക്കാൻ ആവശ്യപ്പെടുകയാണ്. നിങ്ങൾ അതിൽ ബേജാറാകേണ്ട ആവശ്യമില്ല. നിങ്ങൾ ചെയ്തിട്ടുള്ള കാര്യങ്ങൾ പരസ്യമായി നിങ്ങൾ പറയുകയാണ്. നിങ്ങളുടെ നേതാവിനെ സംരക്ഷിക്കുകയോ ഞങ്ങളുടെ മേക്കിട്ട് കയറുകയോ അല്ല വേണ്ടത്. അത് ശ്രീ. പി. ശശി അല്ല ആരായാലും ശ്രീ. പി. ജയരാജനായാലും നിങ്ങളുടെ പാർട്ടിക്കൊന്നും അവകാശപ്പെടാൻ കഴിയാത്തൊരുകാര്യം ഞങ്ങൾക്കുണ്ടെന്ന് മനോരമ പത്രത്തിനോടും ഞങ്ങൾ പറയുകയാണ്. ഞങ്ങളുടെ പാർട്ടി പ്രവർത്തകർ സാധാരണ മെമ്പർ മുതൽ നേതാവ് വരെ അവരുടെ വ്യക്തിപരമായ ജീവിതവും പ്രവർത്തനവും കൃത്യമായി പരിശോധിച്ച് തീരുമാനമെടുക്കുന്ന പാർട്ടിയാണ്. നിങ്ങളെപ്പോലെ ശ്രീ. ഉണ്ണിത്താന്റെ പൃഷ്ടം താങ്ങി നടക്കുന്ന പാരമ്പര്യം ഞങ്ങൾക്കില്ലെന്ന് മനസ്സിലാക്കണം. നിങ്ങൾക്ക് ശ്രീ. ഉണ്ണിത്താൻ എന്നുപറയുന്ന നേതാവിനെ ഓർമ്മയുണ്ടല്ലോ. ഇപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിയുടെ കേരള മോചന യാത്രയിൽ ശ്രീ. ഉണ്ണിത്താനെ അദ്ദേഹത്തിന്റെ ഇടതുഭാഗത്ത് സ്റ്റേജിലിരുത്തിയല്ലോ! ആ ഉണ്ണിത്താന്റെ പൃഷ്ടം താങ്ങി നടക്കുന്ന പാർട്ടിയല്ലേ കോൺഗ്രസ്സ്. ഞങ്ങൾക്കതില്ല. ഞങ്ങളുടെ പാർട്ടിയിലുള്ള എല്ലാ ആളുകളുടെയും ജീവിതം സംബന്ധിച്ചും പ്രവർത്തനം സംബന്ധിച്ചും ആക്ഷേപം വന്നാൽ ആവശ്യമായ നടപടികൾ സ്വീകരിക്കും അത് ഞങ്ങളുടെ പാർട്ടിയുടെ സംഘടനാ ശുദ്ധിയെ അടിസ്ഥാനപ്പെടുത്തിയിട്ടാണ്, അതൊന്നും നിങ്ങൾക്ക് അവകാശപ്പെടാൻ കഴിയില്ല. അഞ്ച് കൊല്ലം എൽ.ഡി.എഫ്-ന്റെ ഭരണം കഴിയുമ്പോൾ അടുത്ത അഞ്ച് കൊല്ലം ഞങ്ങൾ ഭരിക്കാൻ പോകുകയാണെന്നാണ് ഇപ്പോൾ യു.ഡി.എഫ്-കാർ പ്രതീക്ഷയോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. നിങ്ങളുടെ കാലത്തെ ഭരണത്തെ ഓർത്ത് കേരളത്തിലെ ജനങ്ങൾ അമ്പരന്നു നിൽക്കുകയാണ്. ഐസ്ക്രീം കഴിച്ച് കഴിഞ്ഞ പഴയ ആ ഭരണത്തിന്റെ ദുരനുഭവങ്ങൾ ഓർത്ത് കേരളത്തിലെ ജനങ്ങൾ അങ്ങേയറ്റത്തെ വ്യസനത്തിലാണ്. അഞ്ച് വർഷത്തേയ്ക്ക് കൂടിയുള്ള കേരളത്തിന്റെ ഭാവി വികസനത്തിനുള്ള രൂപരേഖ ഇതെന്നാണ് കേരളത്തിലെ ജനങ്ങളോട് ഞങ്ങൾ പറയുന്നത്........(മൈക്ക് ഓഫ്).......നയപ്രഖ്യാപനത്തെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുന്നു.

ശ്രീ. കെ. സി. ജോസഫ് : സർ, ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിൽ നടത്തിയ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. സഭയ്ക്ക് പുറത്ത് നടക്കുന്ന പല അപചയങ്ങളുടെയും ആവർത്തനമായി അദ്ദേഹത്തിന്റെ പ്രസംഗം മാറിയതിൽ എനിക്ക് ദു:ഖമുണ്ട്. ഇന്ന് സമൂഹത്തിൽ ഒരു നിലവാര ത്തകർച്ചയുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗത്തേയും ആ നിലവാരത്തകർച്ച ബാധിച്ചിരിക്കുകയാണ്. ദയവായി കണ്ണാടിക്കൂട്ടിലിരുന്ന് കല്ലെറിയാൻ ശ്രമിക്ക രുതെന്നാണ് ശ്രീ. പി. ജയരാജനോട് എനിക്ക് പറയാനുള്ളത്. അങ്ങ് ഇന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ കണ്ണൂർ ജില്ലാ സെക്രട്ടറിയാണ്. അങ്ങ് കണ്ണൂർ ജില്ലാ സെക്രട്ടറിയാകാൻ ഇടയായ സാഹചര്യവും അതിന്റെ പശ്ചാത്തലവും മാർക്സിസ്റ്റ് പാർട്ടിക്കുണ്ടായ ധാർമ്മിക അധ:പ്പതനത്തിന്റെ അവസാന ഉദാഹരണമാണ്. അങ്ങ് ഇവിടെ അഞ്ചാം വർഷത്തെ വലിയ നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഈ സഭയിൽ ആരെങ്കിലും ഈ പ്രസംഗത്തിന് പ്രാധാന്യം കൊടുക്കുന്നുണ്ടോ? ഇവിടെ ആകെ രണ്ട് മന്ത്രിമാർ സഭയിലിരുപ്പുണ്ട്. അഞ്ചാം വർഷത്തെ വലിയ പ്രസംഗമാണെങ്കിലും രണ്ട് മന്ത്രിമാർ മാത്രമേ സഭയിലിരിക്കാനുള്ളു. ബഹുമാനപ്പെട്ട ഗവർണ്ണർ പോലും പ്രസംഗത്തിന്റെ ആദ്യവും അവസാനവും മാത്രമേ വായിച്ചിട്ടുള്ളു. കാരണം, ഈ പ്രസംഗം ഭരണഘടനാപരമായ ഒരു ഉത്തരവാദിത്തം നടപ്പാക്കുന്നത് മാത്രമാണെന്ന് എല്ലാവർക്കുമറിയാം അതിനപ്പുറം യാതൊരു പ്രാധാന്യവും പ്രസംഗത്തിനില്ല. അഞ്ചാംകൊല്ലത്തെ ഈ പ്രഖ്യാപനങ്ങൾ നടപ്പിലാക്കണമെങ്കിൽ ഇനി ഉണ്ടാകാനിരിക്കുന്ന ബഡ്ജറ്റിൽ അതിനാവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കണം. മാർച്ച് മാസമാകുമ്പോഴേക്കും കേരളത്തിൽ പൊതുതെര ഞ്ഞെടുപ്പിന്റെ കോഡ് ഓഫ് കോണ്ടക്റ്റ് നിലവിൽ വരുമെന്ന് നമുക്കറിയാം. അങ്ങനെയാകുമ്പോൾ ഇനിയുണ്ടാകാൻ പോകുന്ന ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾക്കും ഈ നയപ്രഖ്യാപന പ്രസംഗത്തിനും നടപ്പിലാക്കാൻ ഒരുദിവസം പോലും ഈ സർക്കാരിന് കിട്ടാൻ പോകുന്നില്ല. പിന്നെ ഇതെല്ലാം വെറും അധര വ്യായാമമാണ്. ഇടതുപക്ഷമുന്നണിയായ മലർപ്പൊടിക്കാരന്റെ എല്ലാ സ്വപ്നങ്ങളും ഈ തെരഞ്ഞെടുപ്പാകുന്ന കല്ലിൽത്തട്ടി തകരാൻ പോകുകയാണ്. കഴിഞ്ഞ ഒന്നരമാസ ക്കാലം ഇവിടെ ഉദ്ഘാടനങ്ങളുടെ വലിയൊരു പെരുമഴക്കാലമായിരുന്നു. ഏത് പത്രമെടുത്താലും രണ്ടുംമൂന്നും അരപ്പേജ് പരസ്യങ്ങളാണ് കാണാൻ കഴിയുന്നത്. നിങ്ങളുടെ ഗവൺമെന്റ് ഭരിക്കാൻ മറന്നുപോയ ഒരു ഗവൺമെന്റാണ്. നിങ്ങൾ ഈ പ്രഖ്യാപനങ്ങളും ഉദ്ഘാടനങ്ങളും പരസ്യങ്ങളും 2007-ൽ നടപ്പിലാക്കിയി രുന്നുവെങ്കിൽ ഞങ്ങൾ അംഗീകരിക്കുമായിരുന്നു. പക്ഷേ ഭരണത്തിന്റെ കാലാവധി കഴിയുന്ന ഒരു ഗവൺമെന്റ് പ്രഖ്യാപനങ്ങൾ നടപ്പിലാക്കാൻ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ദിവസം പോലുമില്ലാത്ത ഒരു ഗവൺമെന്റ് നടത്തുന്ന പ്രഖ്യാപനങ്ങളും ഉദ്ഘാടനങ്ങളും എല്ലാം വെറുതെ ജനങ്ങളുടെ കണ്ണിൽ മണ്ണിടാനുള്ള തന്ത്രമാണ്. എന്നെ അത്ഭുതപ്പെടുത്തിയ ഒരു കാര്യം ഇന്നലെ പത്രത്തിൽ കണ്ടു. നമ്മുടെ രണ്ട് മന്ത്രിമാരായ ശ്രീ. പാലോളി മുഹമ്മദ് കുട്ടിയും ശ്രീ. എളമരം കരിമും ഗേൾസ് ഫ്രണ്ട്ലി ടോയ്ലെറ്റ് ഉദ്ഘാടനം ചെയ്യാൻ പോയിരിക്കുന്നു. ഉദ്ഘാടനങ്ങളുടെ ഈ നീണ്ട ഘോഷയാത്ര എവിടം വരെയെത്തി; പെൺകുട്ടികളുടെ മൂത്രപ്പുര ഉദ്ഘാടനം ചെയ്യാൻ രണ്ട് മന്ത്രിമാരും ഒരു സംഘം ഉദ്യോഗസ്ഥരും അതിന് പത്രത്തിൽ അരപ്പേജ് പരസ്യവും കൊടുത്തിരിക്കുന്നു. ദയവായി ഇത്തരം വിലകുറഞ്ഞ രീതിയിലേയ്ക്ക് ഒരു ഗവൺമെന്റും ഒരു മുന്നണിയും മാറാൻ പാടില്ല. ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ മൂന്നാമത്തെ ഖണ്ഡികയിലും ശ്രീ. പി. ജയരാജന്റെ പ്രസംഗത്തിലും ദേശീയ രംഗത്തെ അഴിമതിയെപ്പറ്റി വാചാലമായി സൂചിപ്പിച്ചിട്ടുണ്ട്. ഞങ്ങൾ ആ വികാരങ്ങൾ പങ്കുവയ്ക്കുന്നു. അഴിമതിയുടെ കഥകൾ ദേശീയ രംഗത്തും കേരളത്തിലും ഉണ്ടാകാൻ പാടില്ല. പക്ഷേ ഈ പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങൾ പൂർണ്ണമാകണമെങ്കിൽ കേരളത്തിലെ അഴിമതിയെപ്പറ്റി ഒരു വാക്കെങ്കിലും പറയണ്ടേ? കഴിഞ്ഞ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി ശ്രീ. പി. ചിദംബരത്തിന് അയച്ച കത്തിൽ അദ്ദേഹം പറഞ്ഞ ആക്ഷേപം ഇപ്പോഴും സഭയിലുണ്ട്. In this context, I may also add that the possibility of the `unclaimed price money' being utilized for `whitening' black /external terrorist funding cannot be ruled out, considering the fact that the money involved in this racket is more than Rs. 80,000 Crores over the last four years............. according to official figures. കഴിഞ്ഞ നാല് കൊല്ലക്കാലം അതായത് നിങ്ങളുടെ ഗവൺമെന്റിന്റെ ഭരണ കാലഘട്ടത്തിൽ എൺപതിനായിരം കോടി രൂപ കേരളത്തിലെ ലോട്ടറി മാഫിയ സംഘങ്ങൾ കൊള്ളയടിച്ച അഴിമതി, നിയമനത്തട്ടിപ്പ്, ലാവ്ലിൻ കേസിലെ അഴിമതി -നിങ്ങളുടെ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി ലാവ്ലിൻ കേസ്സിൽ പ്രതിക്കൂട്ടിൽ നിൽക്കുന്നു-തുടങ്ങിയ അഴിമതികളെപ്പറ്റിയൊന്നും ഒരു വാക്കുപോലും പറയാതെയും ഒരു പരാമർശവുമില്ലാതെയും ദേശീയ രംഗത്തെ അഴിമതിയെപ്പറ്റി പരാമർശിക്കുന്നത് സ്വന്തം കണ്ണിലെ തടി എടുത്തിട്ട് പോരെ ആരാന്റെ കണ്ണിലെ കരട് എടുക്കാൻ പോകുന്നത് എന്നേ എനിക്ക് അതിനെക്കുറിച്ച് പറയാനുളളു; ഇവിടെ ഭൂമാഫിയായും മണൽ മാഫിയായും ലോട്ടറി മാഫിയായും നിയമനത്തട്ടിപ്പും എല്ലാം കേരളത്തിൽ ഇന്ന് അഴിഞ്ഞാടുകയാണ്. അങ്ങനെയുള്ള ഒരു സംസ്ഥാനത്തെ ഭരണക്കാരായ നിങ്ങൾ കേന്ദ്ര ഗവൺമെന്റിനെപ്പറ്റി പറഞ്ഞാൽ ആരും വിശ്വസിക്കുകയില്ല. നിങ്ങൾ അധികാരത്തിലേറിയപ്പോൾ നൂറ് എം.എൽ.എ.-മാരുടെ പിൻബലമുണ്ടായിരുന്നു. അന്ന് ലോക്സഭയിൽ ഇരുപത് എം.പി.-മാരിൽ 19 പേരും എൽ.ഡി.എഫ്. എം.പി.-മാർ. ആയിരുന്നു. യു.പി.എ.-ഗവൺമെന്റിനെ നിങ്ങൾ പിൻതുണയക്കുകയും ചെയ്തു. 14 ജില്ലാപഞ്ചായത്തിൽ 12-ലും എൽ.ഡി.എഫ്.-ആണ് വിജയിച്ചത്. ഗ്രാമപഞ്ചായത്തിലും ബ്ലോക്ക്പഞ്ചായത്തിലും അങ്ങനെ മിക്കവാറും എല്ലാരംഗത്തും എൽ.ഡി.എഫ്.-ആണ് വിജയിച്ചത്. ഗ്രാമപഞ്ചായത്ത് തലം മുതൽ നിയമസഭയിലും ലോക്സഭയിലും

LIBRARY ARCHIVES Kerala Legislative Assembly

കേരള ചരിത്രത്തിൽ ഇന്നുവരെ ആർക്കും കിട്ടാത്ത ഒരു വലിയ മാൻഡേറ്റ് ലഭ്യമായിട്ടും കഴിഞ്ഞ നാലേമുക്കാൽ വർഷക്കാലം മെച്ചപ്പെട്ട ഭരണം കാഴ്ച വയ്ക്കാൻ സാധിച്ചിട്ടില്ല. കുരങ്ങന്റെ കൈയിലെ പൂമാല പോലെ അധികാരം പിച്ചിച്ചീന്തിയ ദയനീയമായ കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. ഭരണം അവസാനിക്കാൻ പോകുന്ന അവസരത്തിൽ വിഴിഞ്ഞം പദ്ധതി, മെട്രോ റെയിൽ പദ്ധതി, മൂന്നാറിലെ ഗ്രീൻ ഫീൽഡ് എയർപോർട്ട്, കോറിഡോർ, ഇന്റഗ്രേറ്റഡ് റോഡ് പ്രോഗ്രാം തുടങ്ങിയവ നടപ്പിലാക്കുമെന്നും പിന്നെ അമ്പിളി അമ്മാവനെ പിടിച്ചുകൊണ്ടുവരുമെന്നുമൊക്കെ കേട്ടപ്പോൾ പണ്ടൊരു സിനിമയുണ്ട് `സ്ഥാനാർത്ഥി സാറാമ്മ' എന്ന സിനിമയിൽ അടൂർ ഭാസി പറയുന്നുണ്ട് `ആറ്റിൻകരയിൽ വിമാനമിറങ്ങാൻ താവളമുണ്ടാക്കും' എന്ന് പറഞ്ഞതുപോലെ കാലാവധി ഇല്ലാത്ത ഒരു ഗവൺമെന്റിന്റെ പ്രഖ്യാപനങ്ങൾക്ക് യാതൊരു ക്രെഡിബിലിറ്റിയുമില്ല, ഒരു വിശ്വസനീയതയുമില്ല. സ്മാർട്ട് സിറ്റി കരാറിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു, ഒരു സംശയവും വേണ്ട, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പോലെ ഞങ്ങൾ ആ കരാറിന് പാരവക്കാൻ പോകില്ല. ഞങ്ങളുടെയും ആഗ്രഹം ഈ കരാർ നടപ്പിലാകണമെന്നാണ്. പക്ഷേ എന്തുകൊണ്ട് സ്മാർട്ട് സിറ്റി കരാർ യഥാർത്ഥ്യമാകാൻ നാല് കൊല്ലം താമസമുണ്ടായി എന്നതിന് കേരളത്തിലെ മുഖ്യമന്ത്രി ഉത്തരം പറയണം. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന അവസാനനാളുകളിൽ ഈ കരാർ ഒപ്പിടാൻ തീരുമാനിച്ചതാണ്. അന്ന് മുഖ്യമന്ത്രി ഡാവോസിൽ പോയി അവിടെവച്ച് അദ്ദേഹം ഐസിൽതട്ടി വീഴുകയും അങ്ങനെ ആ ഒപ്പിടൽ ചടങ്ങ് മാറ്റിവയ്ക്കുകയും ചെയ്തു. പിന്നീട് ഒപ്പിടാൻ തീരുമാനിച്ചുവെങ്കിലും നിങ്ങൾ അഴിമതി ആരോപണം ഉന്നയിച്ചതിനാൽ ആ ചടങ്ങ് മാറ്റിവക്കേണ്ടിവന്നു. തെരഞ്ഞെടുപ്പിൽ നിങ്ങൾ ജയിച്ചു അധികാരത്തിലും വന്നു. 2007-ൽ നിങ്ങൾ കരാർ ചർച്ച ആരംഭിക്കുകയും തറക്കല്ലിടുകയും ചെയ്തുവെങ്കിലും നാല് കൊല്ലം കഴിഞ്ഞിട്ടാണ് സ്മാർട്ട്സിറ്റി കരാർ ഒപ്പുവയ്ക്കുന്നുവെന്ന് പറയുന്നത്. എന്തുകൊണ്ടാണ് ഈ കരാർ നീണ്ടുപോയത്? ഈ കരാർ നീട്ടികൊണ്ടു പോയതുകാരണം കേരളത്തിന് ഗണ്യമായ നഷ്ടവുമുണ്ടായി. ദുബായ് കമ്പനി പാപ്പരായ കമ്പനിയാണ്, ലാന്റ് മാഫിയയാണ്, റിയൽ എസ്റ്റേറ്റാണ് തുടങ്ങി ആ കമ്പനിയെക്കുറിച്ച് മുഖ്യമന്ത്രി എന്തെല്ലാം പറഞ്ഞിട്ടുണ്ട്. ഇപ്പോൾ അവസാനം അവരുടെ കാൽ പിടിച്ച് കരാർ ഒപ്പുവച്ചില്ലേ? ആ കരാർ ഒപ്പുവച്ചത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടമല്ല. അതിന്റെ നേട്ടം മുഴുവനും ശ്രീ. എം. എ. യൂസഫലിക്ക് ഉള്ളതാണ്, അദ്ദേഹത്തിന് മാത്രമുള്ളതാണ്. ഈ കരാർ നാലേമുക്കാൽ കൊല്ലം നീട്ടിക്കൊണ്ടുപോയപ്പോൾ കേരളത്തിനുണ്ടായ ഗണ്യമായ നഷ്ടത്തെക്കുറിച്ച് നിങ്ങൾ ആലോചിക്കണം. നിങ്ങളുടെ നയങ്ങളുടെ വൈകല്യംമൂലം ഈ സംസ്ഥാനം ഏറെ പിന്നോട്ട് പോയിരിക്കുകയാണ്. ബഹുമാന്യനായ രാജീവ് ഗാന്ധി ഇന്ത്യയിൽ കമ്പ്യൂട്ടറൈസേഷൻ ആരംഭിച്ചു. അന്ന് നിങ്ങൾ കമ്പ്യൂട്ടർ തല്ലിപൊട്ടിക്കുകയുണ്ടായി. ലോകത്ത് മാറ്റമുണ്ടാകുമ്പോൾ നിങ്ങൾ പിന്നോക്കം പോകുകയാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഐ.ടി. മേഖലയിൽ കേരളം മാത്രം പിന്നോട്ട് പോകുന്നു. ഐ.റ്റി മേഖലയിൽ ഇന്ന് നാഷണൽ ടേൺ

LIBRARY ARCHIVES Kerala Legislative Assembly

ഓവർ 2,38,000 കോടി രൂപയാണ്. കർണ്ണാടകത്തിൽ അത് 80,000 കോടി രൂപ, തമിഴ്നാട്ടിൽ 30,000 കോടി രൂപ, ആന്ധ്രാപ്രദേശിൽ 35,000 കോടി രൂപ, കേരളത്തിൽ 2,200 കോടി രൂപയാണ്. അത് നാഷണൽ ടേൺ ഓവറിന്റെ ഒരു ശതമാനം പോലുമില്ല. എന്തുകൊണ്ടാണ് ഈ രംഗത്ത് കേരളം മാത്രം പിന്നോക്കം പോകുന്നത്. നിങ്ങളുടെ കാലഘട്ടത്തിൽ ആകെയുണ്ടായ ടേൺ ഓവർ 100 കോടിയിൽ താഴെ മാത്രമാണ്. കേന്ദ്ര ഗവൺമെന്റിന്റെ അവഗണനയെക്കുറിച്ച് സഭയിൽ സൂചിപ്പിക്കുകയുണ്ടായി. കളമശ്ശേരിയിൽ ഭെൽ-ന്റെ പുതിയ യൂണിറ്റ് ശ്രീ. എ. കെ. ആന്റണി നാളെ ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. കളമശ്ശേരിയിലെ `ഭെൽ' -ന്റെ യൂണിറ്റ് കേരളത്തിൽ ആരംഭിക്കാൻ പോകുന്ന ഡിഫൻസ് വകുപ്പിന്റെ ആറാമത്തെ യൂണിറ്റാണ്. 11-ാം തീയതി പ്രധാനമന്ത്രി തിരുവനന്തപുരം എയർപോർട്ടിന്റെ ടെർമിനൽ ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. കൂടാതെ 9-ാം തീയതി ബ്രഹ്മോസിന്റെ സെക്കന്റ് ഫേസ് ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. തിരുവനന്തപുരം എയർപോർട്ട് ടെർമിനലിന്റെ ഉദ്ഘാടനം നിശ്ചയിച്ചപ്പോൾ അതിന് ശ്രീ. വയലാർ രവിയെ ക്ഷണിക്കാൻ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിക്കുകയുണ്ടായി. അന്ന് നിങ്ങൾക്ക് ദുരഭിമാനമായിരുന്നു. കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടിട്ടും നിങ്ങൾ സാങ്കേതികമായ തടസ്സങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറുകയുണ്ടായി. നിങ്ങളുടെ ഇൻഫീരിയോരിറ്റി കോംപ്ലെക്സാണതിൽ കാണുന്നത്. പക്ഷേ ഇപ്പോൾ വയലാർ രവി ഇല്ലാതെ തിരുവനന്തപുരം എയർപോർട്ടിന്റെ ഉദ്ഘാടനം നടത്താൻ സാധിക്കില്ലയെന്ന അവസ്ഥയുണ്ടായില്ലേ? അദ്ദേഹം സിവിൽ ഏവിയേഷൻ മന്ത്രിയായി മടങ്ങി വന്നിരിക്കുന്നു. ഒരു ഗവൺമെന്റിനും ഒരു പാർട്ടിക്കും ഒരിക്കലും ഇൻഫീരിയോരിറ്റി കോംപ്ലെക്സ് ഉണ്ടാകാൻ പാടില്ല.

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, 2007-ലാണ് ഇതിന്റെ ശിലാസ്ഥാപന കർമ്മം നടത്തിയത്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി, ഡിഫൻസ് മന്ത്രി ശ്രീ. എ. കെ. ആന്റണി, ശ്രീ. വയലാർ രവി, ശ്രീ. പ്രഫുൽ പട്ടേൽ എന്നിവരാണ് അന്ന് വന്നത്. അവർ തന്നെയാണ് ഇപ്പോഴും വരുന്നത്. അതിൽ ഒരു സംഗതിയുമില്ല. ഇവിടെ ശ്രീ. വയലാർ രവി മാത്രമല്ല എല്ലാവരും വരണമെന്നുള്ളതാണ്. അല്ലാതെ ശ്രീ. വയലാർ രവി വരണ്ടായെന്ന് ആരുംതന്നെ പറഞ്ഞിട്ടില്ല. നിങ്ങൾ തെറ്റായി വ്യാഖ്യാനിക്കരുത്.

ശ്രീ. ജി. കാർത്തികേയൻ : സർ, അത് ശരിയല്ല. ശ്രീ. വയലാർ രവിയുടെ പേര് നിർദ്ദേശിച്ചപ്പോൾ അദ്ദേഹത്തിന് വെയ്റ്റ് പോരായെന്ന് നിങ്ങൾ പറഞ്ഞു. അതുകൊണ്ടാണ് ഇപ്പോൾ വകുപ്പിന്റെ തന്നെ തലവനായി 12-ാം തീയതി അദ്ദേഹം വരുന്നത്.

ശ്രീ. കെ. സി. ജോസഫ് : സർ, നിങ്ങൾ പറഞ്ഞതെല്ലാം വിഴുങ്ങുകയാണ്. നിങ്ങൾ ഒരുകാലത്ത് ട്രാക്ടർ തല്ലിപ്പൊട്ടിക്കാൻ പറഞ്ഞു. ശ്രീ. ആർ.എസ്. ഗവായ് കേരള നിയമസഭയിൽ ചെയ്ത പ്രസംഗത്തിലെ 21-ാമത്തെ പാരഗ്രാഫിൽ പറഞ്ഞിരിക്കുന്നത് എന്താണ്? കൂടുതൽ കൊയ്ത്ത്

LIBRARY ARCHIVES Kerala Legislative Assembly

യന്ത്രങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകും. ഈ പ്രസംഗത്തിലെ 42-ാമത്തെ പാരഗ്രാഫിൽ പറഞ്ഞിരിക്കുന്നത് ലക്ഷം വീട് പദ്ധതിയുടെ ശിൽപ്പിയായ പരേതനായ എം. എൻ. ഗോവിന്ദൻനായരുടെ പൂർണ്ണകായ പ്രതിമ അദ്ദേഹത്തിന്റെ ജന്മശതാബ്ദി സ്മാരകമായി തിരുവനന്തപുരം നഗരത്തിൽ സ്ഥാപിക്കും. ഇത് മധുരകരമായ പ്രതികാരമാണ്. ഞാൻ നിയമസഭയുടെ രേഖകൾ വായിക്കുന്ന അവസരത്തിൽ വികാരപരമായി വായിച്ച പ്രസംഗമാണ് എം. എൻ. ഗോവിന്ദൻ നായരുടെയും ടി.വി. തോമസിന്റെയും; 1969-ലെ മന്ത്രിപദം രാജിവച്ച് സഭയിൽ ചെയ്ത പ്രസംഗമാണത്. കേരളത്തിൽ 1957-ൽ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടുവരാൻ ഏറ്റവും കഠിനാ ധ്വാനം ചെയ്ത വ്യക്തിയാണ് എം. എൻ ഗോവിന്ദൻനായർ. 1969-ൽ അഴിമതി ക്കാരനായി മുദ്രകുത്തി എം. എൻ. ഗോവിന്ദൻനായരെയും ടി. വി. തോമസിനെയും മുള്ള കമ്മീഷനുമുമ്പിലേക്ക് വലിച്ചെറിഞ്ഞുകൊടുക്കുകയുണ്ടായി. ഇന്ന് 2011-ൽ അതേ മാർക്സിസ്റ്റ് പാർട്ടി എം.എൻ ഗോവിന്ദൻ നായരുടെ പൂർണ്ണകായ പ്രതിമവയ്ക്കാൻ തീരുമാനിച്ചത് ചരിത്രത്തിന്റെ ഒരു വലിയ തിരിച്ചടിയാണ്. നേരത്തെ ശ്രീ. ജയരാജൻ പറഞ്ഞ മലയോര ഹൈവേ, 74-ാം ഖണ്ഡികയിൽ ഗവർണ്ണർ പറയുന്നത് 'ദേശീയ പാതകളിലേക്കും എം.സി. റോഡിലേക്കും മറ്റുപ്രധാന റോഡുകളിലേക്കും എളുപ്പത്തിൽ എത്തിച്ചേരുന്നതിനു വേണ്ടി മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തികൊണ്ട് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നീളുന്ന ഒരു മലയോര ഹൈവേ നിർമ്മിക്കുന്നതിനുകൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു' എന്ന്. പക്ഷേ ഈ ഉദ്ദേശങ്ങൾ എന്നാണ് പൂർത്തിയാകാൻ പോകുന്നത്? കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മലയോര ഹൈവേക്കുവേണ്ടിയുള്ള ഒന്നാമത്തെ പഠനം പൂർത്തിയാക്കി നാറ്റ്പാക്ക് റിപ്പോർട്ട് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഉമ്മൻ ചാണ്ടി കാസർഗോഡ് ജില്ലയിൽ നന്താരപ്പടവുമുതൽ പാലക്കാട് വരെയുള്ള ഹിൽഹൈവേയുടെ ഒന്നാംഘട്ട പ്രവർത്തനം ഉദ്ഘാടനം ചെയ്യുകയുണ്ടായി. എന്റെ മണ്ഡലത്തിൽ ആ പ്രവൃത്തി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ടാം ഘട്ടത്തിന്റെ റിപ്പോർട്ട് കൊടുത്തുവെങ്കിലും - ശ്രീ. എം. വിജയകുമാർ, അങ്ങ് പി.ഡബ്ല്യൂ.ഡി. മന്ത്രിയാണ്-നാല് കൊല്ലമായിട്ടും മലയോര ഹൈവേയുടെ പ്രവർത്തനം ഒരിഞ്ചുപോലും ഇന്നുവരെ മുന്നോട്ട് പോയിട്ടില്ല. ഡോ. തോമസ് ഐസക്കിന്റെ ആറാമത്തെ ബഡ്ജറ്റ് വരാൻ പോകുന്നു. കഴിഞ്ഞ ബഡ്ജറ്റു കളിൽ ഒരു പൈസപോലും മാറ്റിവയ്ക്കാതെ നിങ്ങൾ ഇപ്പോൾ പറയുന്നത് മലയോര ഹൈവേ യാഥാർത്ഥ്യമാക്കുമെന്നാണ്. ഇത് ആരെ കബളിപ്പിക്കാനാണ്? കാർഷിക കടാശ്വാസ കമ്മീഷൻ ഈ ഗവൺമെന്റിന്റെ ഫ്ളാഗ് ഷിപ്പ് പ്രോഗ്രാ മായിരുന്നുവെങ്കിലും അത് ചാപിള്ളയായി പോയി. കടാശ്വാസ കമ്മീഷനുമുമ്പിൽ കൊടുത്ത അപേക്ഷകൾ ഇപ്പോഴും കെട്ടിക്കിടക്കുകയാണ്. കമ്മീഷന്റെ സിറ്റിംഗ് നടക്കുന്നില്ലെന്നുമാത്രമല്ല തീരുമാനങ്ങൾ നടപ്പിലാക്കുന്നുമില്ല. കേന്ദ്ര ഗവൺമെന്റിന്റെ കടാശ്വാസ പദ്ധതിയിൽ കേരളത്തിന് 2,100 കോടി രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. നിങ്ങളുടെ പദ്ധതി പ്രകാരം 60 കോടി രൂപയിൽ താഴെയാണ് ആകെ കൊടുത്തിട്ടുള്ളത്. നിങ്ങൾ വലിയൊരു പരിഷ്ക്കാരമായി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ കടാശ്വാസ നിയമത്തിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഉണ്ടായെങ്കിലും ആ കമ്മീഷൻപോലും ചാപിള്ളയായി മാറി കഴിഞ്ഞിരിക്കുന്നു. ഇവിടെ ഒരു കാര്യം പറഞ്ഞു, ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള കേരള മോചന യാത്ര ആരംഭിച്ചപ്പോൾ അത് യു.ഡി.എഫ്.-ന്റെ പ്രോഗ്രാമായിരുന്നുവെങ്കിലും ഇന്ന് ആ യാത്രയെ കേരളത്തിലെ ജനങ്ങൾ ഏറ്റെടുത്തിരുക്കുകയാണ്. 130-ാമത്തെ മണ്ഡലത്തിലെ പര്യടനം ഇന്ന് പൂർത്തിയാകുകയാണ്. അത് നിങ്ങൾക്കറിയാമല്ലോ. നിങ്ങളാരും ഇതിൽ ചിരിക്കേണ്ട കാര്യമില്ല. കേരള മോചന യാത്രയ്ക്ക് കേരളത്തിൽ ലഭിക്കുന്ന ആവേശകരമായ സ്വീകരണം എല്ലാ പ്രതീക്ഷകൾക്കും അപ്പുറത്തായിരിക്കുന്നു. കേരളത്തിന്റെ വികസനം പൂർണ്ണമായും തകർത്ത, കേരളത്തെ പിന്നോക്കം കൊണ്ടുപോയ ഈ സംസ്ഥാനത്തിന്റെ നിയമവാഴ്ച തകർത്ത നിങ്ങളുടെ ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുകയാണ്. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u> : സർ, ഞാൻ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ ആർ. എസ്. ഗവായ് നടത്തിയ നയപ്രഖ്യാപനം ജനങ്ങളോടും സംസ്ഥാനത്തോടുമുള്ള പ്രതിബദ്ധത തെളിയിക്കുന്ന ഒന്നാണ്. ഈ ഗവൺമെന്റിനെക്കുറിച്ച് ബഹുമാന്യനായ കെ. സി. ജോസഫ് അവസാനം പറഞ്ഞത്, ഈ ഗവൺമെന്റിന് ഇനി ഭരിക്കാൻ സമയം എവിടെയെന്നാണ്. കഴിഞ്ഞ നാല് വർഷമായി വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയ എൽ.ഡി.എഫ്. ഗവൺമെന്റ് രണ്ടാമതും ഇവിടെ തിരിച്ചുവരില്ല എന്ന് അഭിപ്രായപ്പെട്ടവരെപ്പോലെയുള്ളവരല്ല ഞങ്ങളും ഈ നാട്ടിലെ ജനങ്ങളുമെന്നാണ് ബഹുമാനപ്പെട്ട കെ. സി. ജോസഫിനോടും അതുപോലെ പ്രതിപക്ഷാംഗങ്ങളോടും പറയുവാനുള്ളത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തന്നെ കേരളത്തിൽ വീണ്ടും ഭരണത്തിൽ വരുമെന്നകാര്യത്തിൽ യാതൊരു സംശയവുമില്ല. അങ്ങനെ അറിയുന്നതുകൊണ്ടുതന്നെയാണ് ഞങ്ങൾ കേരളത്തെ മാറ്റിമറിക്കാൻ കഴിയുന്ന വിധത്തിൽ, കേരളത്തെ ശരിയായ പാതയിലേക്ക് നയിക്കാൻ കഴിയുന്ന വിധത്തിൽ, ജനങ്ങളോട് പ്രതിബദ്ധതയുള്ള ഒരു നയപ്രഖ്യാപനം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തിയിട്ടുള്ളത്. ഞങ്ങൾക്കൊരു ആശങ്കയുമില്ല. (ബഹളം) ഇരിക്ക്, അവസാനം വഴങ്ങാം, സമയം തരാം, തുടക്കത്തിലേ കുഴപ്പമുണ്ടാക്കല്ലേ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി സഭയിൽ വന്നിട്ടില്ല, അദ്ദേഹം കേരള വിമോചന യാത്ര നടത്തിയതിനുശേഷം സുഖമില്ലാതെ കിടക്കുകയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ കേരള മോചന യാത്ര യു.ഡി.എഫ്-ന്റെ യാത്രയായിരുന്നു. യു.ഡി.എഫ്.-ന്റെ യാത്ര ഇപ്പോൾ ജനങ്ങൾ ഏറ്റെടുത്തുവെന്നാണ് ശ്രീ. കെ. സി. ജോസഫ് പറയുന്നത്. ഞാൻ ഒരു കാര്യം ചോദിക്കട്ടേ; യു.ഡി.എഫ്-ന്റെ ഈ മോചന യാത്രയിൽ യു.ഡി.എഫ്.-ന്റെ പ്രമുഖരായിട്ടുള്ള എത്ര നേതാക്കന്മാർ ഏതൊക്കെ സ്ഥലങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ശ്രീ. കെ. എം. മാണി തൃശ്ശൂർ ജില്ലയിൽ വരുമെന്നുപറഞ്ഞു കൂടാതെ ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയും വരുമെന്ന് പറഞ്ഞു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയാണല്ലോ രണ്ടാമത്തെ പാർട്ടിയുടെ നേതാവ്. നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

എന്തുകൊണ്ടാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ ഇതിന്റെ സമാപനത്തിൽ പങ്കെടുപ്പിക്കാതിരുന്നത്? ഇവിടെ ശ്രീ. കെ.എം. മാണിയെപ്പോലെയുള്ള നേതാക്കന്മാർ യു.ഡി.എഫ്-ന്റ ഈ ജാഥയിൽ പൂർണ്ണമായി പങ്കെടുത്തിട്ടുണ്ടോ ? ഈ ജാഥയുടെ വൈസ് ക്യാപ്റ്റൻ ഉണ്ടോ? ഈ ജാഥയുടെ ഡയറക്ടർ ആരാണ്? സാധാരണ ഒരു മുന്നണിയുടെ ജാഥ നടത്തുമ്പോൾ ആ മുന്നണിയുടെ ഘടക കക്ഷികൾക്കൊക്കെ ഒരു പ്രാധാന്യം കൊടുക്കാറുണ്ട്. ഇവിടെ ശ്രീ. ഉമ്മൻ ചാണ്ടി എന്ന് പറയുന്ന ആജാനബാഹുവായ ഒരു മനുഷ്യന്റെ കാലിനുതാഴെ എപ്പോൾ വേണമെങ്കിലും തട്ടാൻ കഴിയാവുന്ന വിധത്തിൽ ഫുട്ബോൾപോലെ കുറേ യു.ഡി.എഫ് നേതാക്കന്മാരുടെ തലകൾ വച്ചിരിക്കുകയാണ്. യു.ഡി.എഫ്. നേതാക്കന്മാരുടെ മനസ്സിൽ സത്യത്തിൽ ഇപ്പോൾ വലിയൊരു ങ്കലാപ്പുണ്ടായിരിക്കുന്നു. കോൺഗ്രസ്സിന്റെ ഉള്ളിലിരുപ്പിനെക്കുറിച്ച് ഒരങ്കലാപ്പുണ്ട്. പ്രധാനമായി ശ്രീ. കെ. എം. മാണിയെപ്പോലെയുള്ള ആളുകളെയെല്ലാം ഒഴിവാക്കിക്കൊണ്ട് കോൺഗ്രസ്സിനുതന്നെ ഒറ്റയ്ക്ക് ഭരണം കിട്ടുമെന്നുള്ള ഒരു പ്രതീക്ഷ അവർക്കുണ്ടായിരിക്കുന്നു. യു.ഡി.എഫ്. ജാഥ നടത്തിയപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിക്ക് പനിപിടിപെട്ടു. ഞങ്ങളൊക്കെ ഒരു ജാഥ നടത്തുമ്പോൾ പനിബാധിച്ച് നേതാവ് കിടപ്പിലായിക്കഴിഞ്ഞാൽ ജാഥ നിർത്തിവയ്ക്കാറില്ല. ജാഥ വേറെ ആരെയെങ്കിലും ഏൽപ്പിച്ചുകൊടുക്കുകയാണ് പതിവ്. ശ്രീ. ഉമ്മൻചാണ്ടി ജാഥ വേറെ ആരെയും ഏൽപ്പിക്കാത്തത് എന്തുകൊണ്ടാണ്; ശ്രീ. രമേശ് ചെന്നിത്തലയെ ജാഥ ഏൽപ്പിക്കാമായിരുന്നില്ലേ? പക്ഷേ അദ്ദേഹത്തിന് ജാഥ ആരേയും ഏൽപ്പിക്കാൻ വിശ്വാസമില്ല, അത്രകണ്ട് യു.ഡി.എഫ്. അധഃപതിച്ചിരിക്കുന്നു. ശ്രീ. വയലാർ രവി, അദ്ദേഹത്തിന് കനമില്ലാത്തതുകൊണ്ട് കനത്തോടുകൂടി ഇവിടെ വരാൻ പോകുന്നുവെന്ന് ബഹുമാന്യനായ കാർത്തികേയൻ പറയുകയുണ്ടായി. കനത്തോടുകൂടിവരുന്നതിൽ ഞങ്ങൾക്കു പേടിയില്ല, പേടിയുള്ളത് ശ്രീ. ഉമ്മൻ ചാണ്ടിക്കാണ്. കേന്ദ്രത്തിൽനിന്നും ശ്രീ. വയലാർ രവിയെപ്പോലെയുള്ള ആളുകൾ കനത്തോടുകൂടി തിരിച്ചുവരുമോയെന്ന് ഭയപ്പെടുന്നത് നിങ്ങളുടെ പാർട്ടിയിലെ ശ്രീ. ഉമ്മൻ ചാണ്ടിയാണ്. അതുകൊണ്ടാണ് ജാഥയുടെ നേതൃത്വംപോലും ഏൽപ്പിച്ചുകൊടുക്കാൻ ഭയപ്പെട്ടു നിൽക്കുന്ന ഒരു മുന്നണിയായി ഈ മുന്നണി അധഃപതിച്ചിരിക്കുന്നത്. ആ ജാഥയ്ക്ക് രണ്ടു സമാപനം, എത്രസമാപനമുണ്ടാവുമെന്ന് ഞങ്ങൾക്കറിയില്ല. ഈ നാട്ടിന് എന്ത് മോചനമാണ് ഇനി വേണ്ടത്. വികസോന്മുഖമായിട്ടുള്ള കേരളത്തിനുവേണ്ടി, അഴിമതിരഹിതമായ കേരളത്തിനുവേണ്ടിയാണ് നിങ്ങൾ മോചന യാത്ര നടത്തിയത്. ഈ നാട്ടിലെ ജനങ്ങൾക്ക് അൾഷിമേഷ്സ് ബാധിച്ചിട്ടുണ്ടോയെന്ന് എന്റെ പ്രിയപ്പെട്ട യു.ഡി.എഫ്. സ്നേഹിതന്മാരോട് ഞങ്ങൾ ചോദിക്കുകയാണ്. നിങ്ങൾ അഞ്ചുകൊല്ലം മുമ്പ് 2001 മുതൽ 2006-വരെ ഈ കേരളം ഭരിച്ചവരല്ലേ? ആ കേരളം ഭരിച്ച കാലഘട്ടത്തിൽ അഴിമതി വിമുക്തമായ ഒരു കേരളമായിരുന്നോ നിങ്ങൾ കാഴ്ചവച്ചത്. ഈ കേരളത്തിൽ വികസനോന്മുഖമായ നിലയിൽ കേരളത്തെ മുന്നോട്ടുനയിക്കാൻ ഐക്യ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റിന് സാധിച്ചിട്ടുണ്ടോ? അന്നത്തെകാലത്തെ ഈ നാട്ടിലെ ജനങ്ങൾക്കെല്ലാം അറിയാം. അന്നത്തെ കാലത്ത് ഗുണ്ടാ മാഫിയാ സംഘങ്ങൾ ഇവിടെ ആധിപത്യം പുലർത്തിയിട്ടുണ്ടായിരുന്നു. പെൺവാണിഭ

LIBRARY ARCHIVES Kerala Legislative Assembly

സംഘങ്ങൾ എന്തും ചെയ്യുന്ന സാഹചര്യം ഈ കേരളത്തിലുണ്ടായിട്ടുണ്ട്. കേരളത്തിൽ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്താണ് അഴിമതിയുടെ പേരിൽ ഏറ്റവും കൂടുതൽ മന്ത്രിമാർ രാജിവച്ചിട്ടുള്ളത്. ആ ഗവൺമെന്റിന്റെ വക്താവായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയാണ് അഴിമതി വിമുക്തമായ, വികസനോന്മുഖമായ ഒരു കേരളത്തിനുവേണ്ടി ഞങ്ങളെ സ്വീകരിക്കാൻ പറയുന്നത്. ഇത് ജനങ്ങൾ അംഗീകരിക്കാൻ പോകുന്നില്ല. പെൺവാണിഭത്തിന്റെ പേരിൽ ഒരു മന്ത്രി രാജിവച്ചത് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്തല്ലേ? നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ് അഴിമതിയുടെ പേരിൽ അതിനെതിരായിട്ടുള്ള ജനങ്ങളുടെ പ്രതിഷേധത്തിന്റെ ഫലമായി മന്ത്രി രാജിവച്ചിട്ടുള്ളത്. അഴിമതിരഹിതമായിട്ടുള്ള പ്രവർത്തനം, അഴിമതി വിമുക്തമായ, വികസനോന്മുഖമായ ഒരു കേരളത്തിനുവേണ്ടി ഞങ്ങൾ ജാഥ നടത്തുന്നുവെന്ന് അവരാണ് പറയുന്നത്. ആ ജാഥയുടെ കഥയാണ് ഇവിടെ ബഹുമാന്യനായ പി. ജയരാജൻ ഉൾപ്പെടെയുള്ള ആളുകൾ സൂചിപ്പിച്ചത്. ആ ജാഥയിൽ നിങ്ങൾ `മലപോലെ വന്ന് എലിപോലെയായി' എന്ന് പറയുന്നതുപോലെ ശ്രീ. ഉമ്മൻ ചാണ്ടിയുടെ മോചനയാത്ര ആരുടേതിൽ നിന്നുള്ള മോചനമാണെന്നുള്ള ചോദ്യം ഇപ്പോൾ നിങ്ങൾ തന്നെ ഉന്നയിച്ചു കൊണ്ടിരിക്കുകയാണ്. ഞാൻ ഒരുകാര്യം ചോദിക്കട്ടെ, അടുത്ത തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. എൽഡി.എഫ്.-നെ പരാജയപ്പെടുത്താൻ പോകുന്നുവെന്ന് എല്ലാ സ്ഥലത്തും പ്രചരിപ്പിക്കുകയാണ്. ഞങ്ങൾ വരാൻ പോവുകയാണെന്നും കേരളത്തിൽ അഞ്ച് കൊല്ലം എൽ.ഡി.എഫ്. കഴിഞ്ഞാൽ അഞ്ചുകൊല്ലം യു.ഡി.എഫ്. പക്ഷേ അങ്ങനെയുള്ള കാലഘട്ടം മാറിയിരിക്കുകയാണ്. അഞ്ചുകൊല്ലം എൽ.ഡി.എഫ്. ഭരിച്ചെങ്കിൽ അടുത്ത അഞ്ചുകൊല്ലവും എൽ.ഡി.എഫ്.തന്നെ ഭരണത്തിൽവരുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അഞ്ചുകൊല്ലം കഴിഞ്ഞ് എൽ.ഡി.എഫ്. വരും അല്ലെങ്കിൽ യു.ഡി.എഫ്. വരുമെന്ന സ്ഥിതിയൊക്കെ മാറിയിരിക്കുകയാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : നിങ്ങൾ നേരത്തെ ഇതുതന്നെ പറഞ്ഞു. ഇപ്പോൾ വീണ്ടും ആവർത്തിക്കുന്നു. ഞങ്ങൾ വിജയം ആവർത്തിക്കുമെന്ന് പറഞ്ഞ് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിന് മുമ്പ് ഇവിടെ ധനകാര്യ വകുപ്പുമന്ത്രി വെല്ലുവിളി നടത്തിയതാണ്. ജനങ്ങൾ നല്ല കനത്തപ്രഹരം ഏൽപ്പിച്ചു. അതുകഴിഞ്ഞ് പഞ്ചായത്ത് തെരഞ്ഞെടുപ്പിനുമുമ്പ് ഞങ്ങൾ തിരിച്ച് വരുമെന്ന് പറഞ്ഞ് നിങ്ങൾ വെല്ലുവിളി നടത്തുകയുണ്ടായി. ഒരുകാലത്തുമില്ലാത്ത വിജയം യു.ഡി.എഫ്-ന് കിട്ടിയിട്ടുണ്ട്. ജനവിധി എത്രപ്രാവശ്യം ഉണ്ടായാലും നിങ്ങൾ മനസ്സിലാക്കുകയുമില്ല പഠിക്കുകയുമില്ല എന്നല്ലേ ശ്രീ. സുനിൽകുമാറിന്റെ വാചകത്തിലൂടെ ആവർത്തിക്കുന്നത്.

ശ്രീ. വി. എസ്. സുനിൽ കുമാർ : ബഹുമാന്യനായ ശ്രീ. ജോസഫ് എം. പുതുശ്ശേരിക്കുതന്നെ ഈ കാര്യങ്ങൾ അറിയാവുന്നതാണ്. നേരത്തെ ഞാനൊക്കെ പ്രസംഗിക്കുമ്പോൾ ഇടപെട്ട് പറയുമ്പോൾ ഉണ്ടായിരുന്ന ആത്മവിശ്വാസം ഇപ്പോൾ അദ്ദേഹത്തിനില്ല. അദ്ദേഹത്തിന്റേത് ദുർബലമായ വാദങ്ങളാണ്. യു.ഡി.എഫ്. ഇനി തിരിച്ചുവരാൻ പോകുന്നില്ല എന്നുള്ളത് അദ്ദേഹത്തിനുതന്നെ അറിയാം. യു.ഡി.എഫ്. കേരളത്തിൽ തിരിച്ചുവരില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്ന കാര്യം ജനങ്ങൾക്കറിയാം. ഞങ്ങൾ ഈ കേരളത്തിൽ അഞ്ചുകൊല്ലക്കാലം ഭരിച്ചത് കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്കുവേണ്ടിയാണ്. അഞ്ചു കൊല്ലം ഈ പാവപ്പെട്ട മനുഷ്യരുടെ ഉയർച്ചക്കുവേണ്ടി പ്രവർത്തിച്ച ഒരു ഗവൺമെന്റാണിത്. പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കുവേണ്ടി, കർഷകർക്കുവേണ്ടി, ചുമട്ടുതൊഴിലാളികൾക്കുവേണ്ടി, വള്ളം ഊന്നുന്നവർക്കുവേണ്ടി, പാവപ്പെട്ട പ്രവാസികൾക്കുവേണ്ടി, വികലാംഗരായ മനുഷ്യർക്കുവേണ്ടി, വിധവകൾക്കു വേണ്ടിയൊക്കെ പ്രവർത്തിക്കുകയും അതിനുവേണ്ടി നിയമങ്ങൾ നിർമ്മിക്കുകയും അവർക്കുവേണ്ടി ഒരുപാട് ആനുകൂല്യങ്ങൾ കൊടുക്കുകയുമൊക്കെ ചെയ്ത ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. അതാണ് ശ്രീ. പി. ജയരാജൻ ഇവിടെ നന്ദിപ്രമേയ ചർച്ചയിൽ കേന്ദ്ര ഗവൺമെന്റിന്റെ നയവും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നയവും തമ്മിൽ വ്യത്യാസമുണ്ടെന്ന് സൂചിപ്പിച്ചിട്ടുള്ളത്. ഈ ഗവൺമെന്റ് പാവപ്പെട്ടവർക്കു വേണ്ടി പ്രവർത്തിക്കുമ്പോൾ കേന്ദ്രം ഭരിക്കുന്ന കേന്ദ്ര ഗവൺമെന്റ് ഇന്ത്യയിലെ അഞ്ഞൂറോളം വരുന്ന കോർപ്പറേറ്റ് മുതലാളിമാരുടെ പണപ്പെട്ടിക്ക് കാവൽ നിൽക്കുന്ന പണിയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. രാജ്യവ്യാപകമായി വിലക്കയറ്റവും പണപ്പെരുപ്പവും അഴിമതിയുമുണ്ടാകുന്നു. അഴിമതിക്കെതിരായി സംസാരിക്കുന്നവരാണല്ലോ കോൺഗ്രസ്സ്, ഇപ്പോൾ അഴിമതി വിമുക്തമായ ഒരു കേരളത്തിനുവേണ്ടി പറയുമ്പോൾ കേന്ദ്രം ഭരിച്ചുകൊണ്ടിരിക്കുന്ന കോൺഗ്രസ്സ് ഗവൺമെന്റിനെക്കുറിച്ച് ഒരക്ഷരം പറയാൻ കഴിയുമോ? ശ്രീ. ആണ്ടിമുത്തുരാജ എന്ന മന്ത്രി രാജിവച്ചു. അദ്ദേഹത്തെ അറസ്റ്റ് ചെയ്യു കയും ചെയ്തു. അതിന്റെ പിന്നിൽ ആരൊക്കെയാണ്? 2007-ൽ പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗ് ശ്രീ. ആണ്ടിമുത്തുരാജയ്ക്ക് എതിരായി കത്തെഴുതിയത് നിങ്ങൾക്ക് ഓർമ്മയുണ്ടാവും. എന്താണ് ആ കത്ത്? സംശയം ജനിപ്പിക്കുന്ന വിധത്തിൽ സുതാര്യമല്ല ഇദ്ദേഹത്തിന്റെ പ്രവർത്തന മെന്ന് പറഞ്ഞുകൊണ്ടാണ് കത്തെഴുതിയിട്ടുള്ളത്. ശ്രീ. മൻമോഹൻ സിംഗിന് ശ്രീ. ആണ്ടിമുത്തുരാജ ധിക്കാരപരമായ മറുപടിയാണ് കൊടുത്തത്. 2009-ൽ മന്ത്രിസഭ വന്നപ്പോൾ ശ്രീ. ആണ്ടിമുത്തുരാജയെ വീണ്ടും നിങ്ങൾ മന്ത്രിയാക്കിയത് ഏത് സമ്മർദ്ദത്തിന്റെ ഫലമായിട്ടാണ് എന്നുള്ളതിന്റെ മറുപടി കോൺഗ്രസ്സുകാർ പറയണം. അതിനൊക്കെ മറുപടി പറഞ്ഞിട്ട് അഴിമതിയെക്കുറിച്ച് പറഞ്ഞാൽമതി. ഇതിനുപിന്നിൽ ആരൊക്കെയുണ്ടെന്നും പറയണം. സി.പി.എം. നേതാവ് പ്രധാനമന്ത്രിക്ക് ഒരു കത്തയച്ചിട്ടുണ്ട്. ശ്രീ. സീതാറാം യെച്ചൂരി മൂന്നുതവണ കത്തയച്ചിട്ടുണ്ട്. പ്രധാനമന്ത്രിക്ക് അറിയാത്തതാണോ? വ്യക്തമായ കണക്കുകൾ സഹിതം തെളിവുകൾ സഹിതം, പ്രധാനമന്ത്രിക്ക് ബഹുമാനപ്പെട്ട സീതാറാം യെച്ചൂരി കത്തയച്ചിട്ട് ഒരുക്ഷരം മറുപടി പറഞ്ഞിട്ടില്ല. പ്രധാനമന്ത്രി ആ കത്തുമായി ബന്ധപ്പെട്ട് എന്തുകൊണ്ടാണ് മറുപടിപറയാതിരുന്നത്? ഇപ്പോൾ പുതിയൊരു കാര്യംകൂടി സുപ്രീം കോടതിയിൽനിന്ന് പുറത്തുവന്നിരിക്കുന്നു. വിദേശ ബാങ്കുകളിൽ കോടാനുകോടി രൂപ ഡെപ്പോസിറ്റ് ചെയ്തിരിക്കുകയാണ്. 5 ലക്ഷം കോടി രൂപയാണോ, 50 ലക്ഷം കോടി രൂപയാണോ എന്നുള്ള കാര്യത്തിൽ മാത്രമേ തർക്കമുള്ളൂ. പക്ഷേ ലക്ഷക്കണക്കിന് കോടി രൂപ വിദേശബാങ്കുകളിൽ ഇവിടത്തെ പ്രമാണിമാർ നിക്ഷേപിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആരുടെ പണമാണിത്; കോൺഗ്രസ്സല്ലേ മറുപടി പറയേണ്ടത്? സുപ്രീം കോടതിയും ഇതിനെപ്പറ്റി ചോദിച്ചിട്ടുണ്ട്. നിങ്ങൾ എന്തുകൊണ്ട് കണക്കുകൾ പറയുന്നില്ല. സുപ്രീം കോടതിയോട് പ്രധാനമന്ത്രി പറഞ്ഞതെന്താണ്? അത് വെളിപ്പെടുത്താൻ കഴിയില്ല. ഇത് വിദേശരാജ്യവുമായി ഉണ്ടാക്കുന്ന ഏതെങ്കിലും കരാറിന്റെ ആലങ്കാരിക പദങ്ങൾ ഉപയോഗിച്ച് പറയേണ്ട കാര്യമല്ല മറിച്ച്, നമ്മുടെ രാജ്യത്തിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യമാണെന്ന് സുപ്രീം കോടതി പറഞ്ഞു. ഇവിടെ വിധ്വംസക പ്രവർത്തനം നടത്തുന്നവർ, ഭീകരവാദം നടത്തുന്നവർ, രാഷ്ട്രീയ അഴിമതി നടത്തുന്ന വമ്പന്മാരായ രാഷ്ട്രീയദല്ലാളന്മാരായ ആളുകൾ അവരുടെ ലക്ഷക്കണക്കിന് കോടി രൂപ വിദേശ ബാങ്കുകളിൽ നിക്ഷേപിക്കുമ്പോൾ അതിന്റെ പിന്നിൽ കൂട്ടുനിൽക്കുന്ന കോൺഗ്രസ്സ് ഗവൺമെന്റിന്, ആ കോൺഗ്രസ്സ് പാർട്ടിക്ക്, യു.ഡി.എഫ്-ന് ഈ കേരളത്തിലെ അഴിമതിയെക്കുറിച്ച് പറയാൻ എന്ത് അഭിമാനബോധമാണുള്ളത്. കേരളത്തിലെ അഴിമതിയെക്കുറിച്ച് പറയട്ടേയെന്ന് ബഹുമാന്യനായ കെ.സി. ജോസഫ് പറഞ്ഞു. കഴിഞ്ഞ അഞ്ചുകൊല്ലക്കാലം കണ്ണിലെണ്ണയൊഴിച്ച് കാത്തിരുന്നിട്ടും ഈ സർക്കാരിനെതിരായി പ്രതിപക്ഷത്തിന് സഭയ്ക്ക് അകത്തായാലും പുറത്തായാലും ഒരു അഴിമതി ആരോപണം പോലും ഉന്നയിച്ച് അത് സ്ഥാപിച്ചെടുക്കാൻ സാധിച്ചിട്ടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കഴിഞ്ഞ അഞ്ചുകൊല്ലക്കാലമായി ജനങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് ജനങ്ങളുടെ പക്ഷത്തുനിന്നും പ്രവർത്തിച്ച ഒരു ഗവ. ൺമെന്റ് ആയിരുന്നതുകൊണ്ടാണ് നിങ്ങൾക്ക് അതിന് കഴിയാതെ പോയത്. എന്നാൽ നേരെമറിച്ച് കോൺഗ്രസ്സ് ഭരിക്കുന്ന കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത് എന്താണെന്നുകൂടി നിങ്ങൾ ഓർക്കണം. ഈ രാജ്യത്തെ കോർപ്പറേറ്റുകളെ സംരക്ഷിക്കുന്നതിനും അവരുടെ പണപ്പെട്ടി വീർപ്പിക്കുവാൻ വേണ്ടി ബഡ്ജറ്റും നിയമങ്ങളും നിയമനിർമ്മാണങ്ങളും അവർക്കുവേണ്ടിമാത്രം ചെലവഴിച്ചുകൊണ്ടിരിക്കുന്ന കോൺഗ്രസ്സും അവരുടെ കൂട്ടാളികളും കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണിയെ മോചിപ്പിച്ച് ഇവിടെ ഒരു അഴിമതി വിമുക്തമായ ഒരു സംസ്ഥാനമുണ്ടാക്കുമെന്ന് പറഞ്ഞാൽ കേരളത്തിലെ ജനങ്ങൾ അംഗീകരിക്കാൻ പോകുന്നില്ല.

<u>ശ്രീ. പി. കൃഷ്ണപ്രസാദ്</u> : എൺപതിനായിരം കോടി രൂപയുടെ അഴിമതി ലോട്ടറി മേഖലയിൽ നടന്നുവെന്നതാണ് ഈ ഗവൺമെന്റിനെതിരെ യു.ഡി.എഫ്-ന്റെ പ്രവർത്തകന്മാർ ഉന്നയിച്ച ഏറ്റവും പ്രധാനപ്പെട്ട ഒരാരോപണം. ശ്രീ. വി. ഡി. സതീശൻ അവിടെ ഇരിക്കുന്നുണ്ട്. ഈ എൺപതിനായിരം കോടി രൂപയുടെ അഴിമതി നടന്നുവെന്ന് പറയുന്നത് അന്യസംസ്ഥാന ലോട്ടറിയുമായി ബന്ധപ്പെട്ടാണ്. അന്യസംസ്ഥാന ലോട്ടറിയുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള വിഷയത്തിൽ ഇത് നിയന്ത്രിക്കുവാനുള്ള അവകാശം കേന്ദ്രഗവൺമെന്റി നാണെന്ന് വളരെ കൃത്യമായി നമ്മൾ പറഞ്ഞതാണ്. ഇപ്പോൾ ഹൈക്കോടതി തന്നെ നമ്മുടെ ഓർഡിനൻസ് സ്റ്റേ ചെയ്ത് ഒരു നടപടിയെടുത്തതോടുകൂടി അത് വ്യക്തമായി കഴിഞ്ഞു. ഈ ഗവൺമെന്റുമായി ബന്ധപ്പെട്ടുകൊണ്ടോ അല്ലെങ്കിൽ മന്ത്രിയുമായി ബന്ധപ്പെട്ടുകൊണ്ടോ അതിലെന്തെങ്കിലും അഴിമതി

LIBRARY ARCHIVES Kerala Legislative Assembly

നടന്നുവെന്ന് പറയാൻ യാതൊരു തെളിവുമില്ലാതെ ഈ രൂപത്തിൽ പർവ്വതീകരിച്ച ഒരു സംഖ്യ കാണിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവാദിത്വം മറച്ചുവച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റിനെതിരെ ഉന്നയിക്കുന്നതാണ് ഈ 80,000 കോടി രൂപയുടെ അഴിമതി ആരോപണം എന്ന കാര്യത്തെക്കുറിച്ച് അങ്ങ് ശ്രദ്ധിച്ചിട്ടില്ലേ?

ശ്രീ. വി. എസ്. സുനിൽ കുമാർ : എന്റെ കൃഷ്ണപ്രസാദേ,....ഈ നാട്ടിലെ ജനങ്ങൾക്ക് ഇതെല്ലാം അറിയാം. കോൺഗ്രസ്സിന്റെ ഔദ്യോഗിക വക്താവ് തന്നെ ലോട്ടറി മാഫിയയ്ക്കുവേണ്ടി വാദിക്കാൻ വന്നപ്പോൾ നിങ്ങളുടെ വാദഗതി പൊളിഞ്ഞ് താഴെ വീഴുന്നതും യൂത്ത് കോൺഗ്രസ്സുകാർ ശ്രീ. സാംഗ്വിക്കെതിരെ കരിങ്കൊടി കാണിക്കാൻ പോയതുമൊക്കെ ഈ നാട്ടിലെ ജനങ്ങൾക്ക് അറിയാവുന്നതല്ലേ? നിങ്ങൾ ചെയ്ത അഴിമതിയെക്കുറിച്ച് നാട്ടിലെ എല്ലാ ആളുകൾക്കും അറിയാം. നിങ്ങൾക്ക് അധികാരം കിട്ടിക്കഴിഞ്ഞാൽ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്നും കഴിഞ്ഞ 5 കൊല്ലം ചെയ്ത കാര്യങ്ങളും ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. നിങ്ങൾ വീണ്ടും അധികാരത്തിൽ വരാൻ പോകുകയാണ്. അടുത്ത തെരഞ്ഞെടുപ്പിൽ നിങ്ങൾ യു.ഡി.എഫ്.-ന്റെ പാനലിൽ മുസ്ലീംലീഗിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ സ്ഥാനാർത്ഥിയാക്കി നിർത്താൻ നിങ്ങൾക്ക് ധൈര്യമുണ്ടോ? ധൈര്യമുണ്ടെങ്കിൽ അദ്ദേഹത്തെ സ്ഥാനാർത്ഥിയായി നിർത്തണം, അതിന് നിങ്ങൾക്ക് കഴിയുമോ, ഞാൻ നിങ്ങളെ വെല്ലുവിളിക്കുകയാണ്. ഞാൻ മന്ത്രിയായിരിക്കുന്ന സമയത്ത് വഴിവിട്ട് അളിയനെ സഹായിച്ചുവെന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഒരു സത്യം പറഞ്ഞു, അത് സത്യപ്രതിജ്ഞാ ലംഘനമാണ്. സാധാരണ സത്യപ്രതിജ്ഞയല്ല, ഞങ്ങളൊക്കെത്തന്നെ സത്യപ്രതിജ്ഞ ചെയ്യുന്നത് ....(തടസ്സം)....

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സുനിൽ കുമാർ........

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അത് നിഷേധിച്ചു. അദ്ദേഹം കുടുംബപരമായ ചില കാര്യങ്ങളിൽ സഹായിച്ചു എന്നല്ലാതെ ....(ബഹളം)......നിയമവിരുദ്ധമായിട്ടൊന്നും......(ബഹളം)......

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ...

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, അല്ല. അദ്ദേഹത്തിന്റെ കുടുംബപരമായ സ്വത്തിന്റെ കാര്യമാണ്. ഞാനൊന്ന് വിശദീകരിക്കട്ടെ, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അത് നിഷേധിച്ചിട്ടുണ്ട്. ഭരണത്തിൽ ഇരുന്നുകൊണ്ട് അയാൾ ഒരു സഹായവും ചെയ്തിട്ടില്ലെന്ന് അദ്ദേഹം നിഷേധിച്ചിട്ടുണ്ട്. അതേയവസരത്തിൽ കുടുംബപരമായ കാര്യങ്ങളിൽ മാത്രം എന്തെങ്കിലും കാര്യങ്ങൾ ചെയ്തതല്ലാതെ മറ്റ് യാതൊരു കാര്യവും അദ്ദേഹം വഴിവിട്ട് ചെയ്തിട്ടില്ലായെന്ന് നിഷേധിച്ചിട്ടുണ്ട്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ശ്രീ. സി. ടി. അഹമ്മദ് അലി ഇപ്പോൾ സമ്മതിച്ചിരിക്കുകയാണ്. ഇത് വളരെ ഗൗരവമായ വിഷയമാണ്. ഭീതിയോ പ്രീതിയോ കൂടാതെ ബന്ധുക്കൾക്കോ സ്വന്തക്കാർക്കോ സഹായിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പാടില്ല എന്ന സത്യപ്രതിജ്ഞാ ലംഘനമാണ് നടന്നിരിക്കുന്നത്, ശ്രീ. സി. ടി. അഹമ്മദ് അലി സമ്മതിച്ചിരിക്കുന്നു. മാത്രവുമല്ല, ഇത് സാധാരണ സത്യപ്രതിജ്ഞയല്ല, അള്ളാഹുവിന്റെ നാമത്തിലാണ് സത്യപ്രതിജ്ഞ ചെയ്തിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : പരിശോധിക്കാം. അത് പരിശോധിക്കാം.*

ശ്രീ. വി. എസ്. സുനിൽ കുമാർ : ശ്രീ. സി. ടി. അഹമ്മദ് അലി പോലും സമ്മതിച്ചിരിക്കുകയാണ്. ഇത് സത്യപ്രതിജ്ഞാ ലംഘനമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്..... അത് അവസാനിച്ചു. ഇല്ല. സമയം കഴിഞ്ഞു. സമയം കഴിഞ്ഞു.

ശ്രീ. പി.സി. ജോർജ് : സർ, ...

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഞാനാണ് സംസാരിക്കുന്നത്. അദ്ദേഹത്തെ ഇരിക്കാൻ പറയണം. ഞാൻ വഴങ്ങിയിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : സമയം കഴിഞ്ഞു. പോയിന്റ് ഓഫ് ഓർഡർ. സമയം കഴിഞ്ഞു. നോ....നോ....പോയിന്റ് ഓഫ് ഓർഡർ. ശ്രീ. പി. സി. ജോർജ്.

ശ്രീ. പി. സി. ജോർജ് : സർ, സഭയിൽ ഇല്ലാത്ത ഒരു അംഗം, പ്രത്യേകിച്ച് നേരത്തേ ഗവൺമെന്റിൽ പങ്കാളിയായിരുന്ന ഒരാളാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി. ഭരണത്തിന്റെ സ്വാധീനമുപയോഗിച്ച് ഒന്നും ചെയ്തു എന്നല്ല അദ്ദേഹം പറഞ്ഞിട്ടുള്ളത്. അദ്ദേഹത്തിന്റെ പത്രസമ്മേളനം എല്ലാവർക്കുമറിയാം.

മി. ഡെപ്യൂട്ടി സ്പീക്കർ : അതിൽ പോയിന്റൊന്നും ഇല്ല, അങ്ങ് അവസാനിപ്പിക്കണം...പ്ലീസ്....ശ്രീ. വി. എസ്. .സുനിൽ കുമാർ അങ്ങ് സംസാരം അവസാനിപ്പിക്കണം. ശ്രീ. തോമസ് ചാഴികാടൻ...

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ,.......

മി. ഡെപ്യൂട്ടി സ്പീക്കർ : ..നോ.....നോ.....അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു. ശ്രീ. തോമസ് ചാഴികാടൻ...

ശ്രീ. വി. എസ്. സുനിൽ കുമാർ : ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി ചെയ്തിരിക്കുന്നത് ....

മി. ഡെപ്യൂട്ടി സ്പീക്കർ : സുനിൽ കുമാർ അങ്ങ് അവസാനിപ്പിക്കണം, അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ : ഒരു മുസ്ലീം വിശ്വാസി ഒരിക്കലും ചെയ്യാൻ പാടില്ലാത്ത സത്യപ്രതിജ്ഞാ ലംഘനം ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി ചെയ്തു എന്ന് ശ്രീ. സി. ടി. അഹമ്മദ് അലി പോലും സമ്മതിച്ചിരിക്കുകയാണ്. മാത്രമല്ല സർ, ...

* ഫയൽ നമ്പർ 555/ഇ.ബി./2011/ലെജി. തീയതി 9-3-2011-ലെ ഉത്തരവുപ്രകാരം രേഖയിൽ നിലനിർത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : നോ.....നോ....അത് പറഞ്ഞു. റൂളിംഗ് കഴിഞ്ഞു. ഇനി വീണ്ടും വീണ്ടും പറയേണ്ട കാര്യമില്ല. അത് പരിശോധിച്ച് മാറ്റേണ്ടതാണെങ്കിൽ മാറ്റും. ......(ബഹളം)......അങ്ങ് വീണ്ടും വീണ്ടും അത് പറയേണ്ട ആവശ്യമില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, രേഖപരിശോധിക്കണം സർ. ബന്ധുക്കളെ സഹായിച്ചുവെന്ന് പറഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ : പരിശോധിക്കും. പരിശോധിക്കും. പരിശോധിക്കാം.* അങ്ങ് അവസാനിപ്പിക്കൂ, സമയം കഴിഞ്ഞു.

ശ്രീ. വി.എസ്. സുനിൽകുമാർ : ഐസ്ക്രീം കേസ്സുമായി ബന്ധപ്പെട്ട് വ്യക്തമായ....... ഉദ്ദേശിക്കുന്നില്ല സർ.

ശ്രീ. തോമസ് ചാഴികാടൻ : സർ, എന്റെ സമയം പോകുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് അവസാനിപ്പിക്കൂ.....പ്ലീസ്.....കഴിഞ്ഞു. ആ വാക്ക് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ : പെൺവാണിഭവുമായി ബന്ധപ്പെട്ടു കൊണ്ട് ബസ്സിൽ കയറ്റാവുന്നത്ര പെൺകുട്ടികളെ പീഡിപ്പിച്ച കഥയൊന്നും ഞാൻ പറഞ്ഞില്ല. ......ഞാൻ പറഞ്ഞത്.....(തടസ്സം).....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്....പ്ലീസ്....അങ്ങ് അവസാനിപ്പിക്കണം. ബഹുമാനപ്പെട്ട തോമസ് ചാഴികാടൻ.....അങ്ങ് സംസാരിക്കുക, ശ്രീ. വി. എസ്. സുനിൽ കുമാർ ഇരിക്കൂ, അങ്ങ് ഇരിക്ക്. അത് അവസാനിച്ചു. അത് ഞാൻ നോക്കിയിട്ട് ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്. ശ്രീ. തോമസ് ചാഴികാടൻ സംസാരിക്കട്ടെ, അങ്ങ് അവസാനിപ്പിച്ചു. ഇരിക്കൂ..... അങ്ങ് അവസാനിപ്പിക്കൂ... ആ വാചകം പറഞ്ഞ് അവസാനിപ്പിക്കൂ....

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇങ്ങനെ സഭ കൊണ്ടുപോകാൻ പറ്റില്ലല്ലോ? അത് ശരിയാകില്ലല്ലോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, മുസ്ലീം ലീഗിന്റെ നിയമസഭാ പാർട്ടി ലീഡർ ഇടപെട്ട് സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞതുപോലും റെക്കോർഡിലുണ്ട്. നിങ്ങൾ റിക്കോർഡ് ചെയ്യുന്നുണ്ട്. അതുപോലും അവാസ്തവമായി വളച്ചൊടിച്ചത് ക്രമത്തിലാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ : ഇല്ല....ഇല്ല. ഇവിടെ ചെയർ റൂളിംഗ് കൊടുത്തിട്ടുണ്ട്. അത് പരിശോധിക്കേണ്ടതാണെങ്കിൽ പരിശോധിക്കുമെന്ന് പറഞ്ഞിട്ടുണ്ട്.* വീണ്ടും വീണ്ടും പറയാൻ പാടില്ല. നോ........അങ്ങ് അവസാനിപ്പിക്കുന്നുണ്ടോ; എന്നാൽ അവസാനിപ്പിക്കണം.

* ഫയൽ നമ്പർ 555/ഇ.ബി./2011/ലെജി. തീയതി 9-3-2011-ലെ ഉത്തരവുപ്രകാരം രേഖയിൽ നിലനിർത്തിയിരിക്കുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഞാൻ ഒരു കാര്യവും തെറ്റായി പറഞ്ഞിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇല്ല....ഇല്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ : ഞാൻ ഇവിടെ സഭയിൽ കേട്ട കാര്യം പറഞ്ഞു എന്ന് ഈ ഇരിക്കുന്ന ആളുകൾക്കെല്ലാം അറിയാം. രേഖ പരിശോധിക്കാവുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്. അതുമതി....അതുമതി.....

ശ്രീ. വി. എസ്. സുനിൽ കുമാർ : ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ 5 കൊല്ലം.........

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. തോമസ് ചാഴികാടൻ, അങ്ങ് സംസാരിച്ച് തുടങ്ങിയാൽ മതി.

ശ്രീ. തോമസ് ചാഴികാടൻ : സർ, ഞാൻ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എരിഞ്ഞുതീരാൻ പോകുന്ന ഒരു വിളക്കാണ്. ആ വിളക്കിൽനിന്നും ഇനി പ്രകാശമുണ്ടാകുകയില്ല എന്ന് കേരളത്തിലെ ജനങ്ങൾക്ക് മുഴുവൻ അറിയാം. ജനങ്ങളുടെ പിന്തുണയായ എണ്ണ ഇല്ലാതെ എരിഞ്ഞ് തീർന്നുകൊണ്ടിരിക്കുന്ന വിളക്കിൽനിന്നും പ്രകാശമുണ്ടാകില്ല എന്ന് അറിഞ്ഞുകൊണ്ട് കുറേ പ്രഖ്യാപനങ്ങൾ നടത്തി കേരളത്തിലെ ജനങ്ങളെ മുഴുവൻ വിഡ്ഢികളാക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് എന്തെല്ലാമാണ് പ്രഖ്യാപനത്തിലൂടെ പറയിപ്പിച്ചിരിക്കുന്നത്. കാലാവധി തീരാനായിട്ട് ഇനി ദിവസങ്ങളേയുള്ളൂ, ഏതാണ്ട് പതിനഞ്ചോ ഇരുപതോ ദിവസം അല്ലെങ്കിൽ ഒരു മാസത്തിനകമോ തെരഞ്ഞെടുപ്പ് പ്രഖ്യാപനം വന്നാൽ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും കാര്യം നടപ്പിലാക്കാൻ സാധിക്കുമോ? കഴിഞ്ഞ നാലേമുക്കാൽ വർഷക്കാലം ഈ ഗവൺമെന്റ് ഇവിടെ ഭരിക്കുകയായിരുന്നു എന്നാണ് പറയുന്നത്. വിലക്കയറ്റം നിയന്ത്രിക്കാൻ വേണ്ടി 337 കോടി രൂപ സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റിന് കൊടുക്കുമെന്നാണ് ഇപ്പോൾ പറയുന്നത്. കഴിഞ്ഞ നാലര വർഷക്കാലം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എന്തെടുക്കുകയായിരുന്നുവെന്ന് മനസ്സിലാകുന്നില്ല. കേരളത്തിലെ ജനങ്ങൾ വിലക്കയറ്റംമൂലം പൊറുതിമുട്ടിയിട്ട് പൊതുവിതരണ സമ്പ്രദായത്തിലേയ്ക്ക് ആവശ്യത്തിന് പണം നൽകാതെ ജനങ്ങളെ പൊറുതിമുട്ടിച്ച ഒരു ഗവൺമെന്റ് 337 കോടി രൂപ ഇവിടത്തെ പൊതുവിതരണ സമ്പ്രദായത്തിലേയ്ക്ക് ഞങ്ങൾ കൊടുക്കാൻ പോകുന്നുവെന്നും അങ്ങനെ വില നിയന്ത്രിക്കാൻ കഴിയുമെന്നും ഇപ്പോൾ പറയുന്നത് ഇനി അങ്ങോട്ട് ചെയ്യാൻ കഴിയില്ലെന്ന് ഉത്തമ ബോധ്യമുള്ളതുകൊണ്ടാണ് പറയുന്നത്. കേന്ദ്ര ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 5 വർഷം ബഹുമാന്യനായ ശ്രീ. എ. കെ. ആന്റണിയും ബഹുമാന്യനായ ശ്രീ. ഉമ്മൻ ചാണ്ടിയും കേരളം ഭരിച്ചിരുന്ന കാലഘട്ടത്തിൽ ഒരു ദിവസമെങ്കിലും വിലക്കയറ്റത്തിന്റെ പേരിൽ നിങ്ങൾക്ക് ഒരു സമരം നടത്തേണ്ടി വന്നിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

......(ബഹളം)......ഒരു ദിവസം പോലും സമരം ചെയ്യേണ്ടി വന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ നിങ്ങൾ അത് തുറന്ന് പറയണം. 5 വർഷക്കാലം കേരളത്തിലെ ജനങ്ങളെ കടുത്ത ദുരിതത്തിലാക്കിയിട്ട് ഞങ്ങൾ 337 കോടി രൂപ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന് നല്കുമെന്ന പ്രഖ്യാപനം വെറും വ്യർത്ഥമാണ്. ഇപ്പോൾ 37,000 ഹെക്ടർ തരിശ് ഭൂമി കൃഷി ഭൂമിയാക്കി മാറ്റിയെന്ന് അവകാശപ്പെടുമ്പോഴും സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിച്ചിട്ടില്ല. നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിന് നെൽക്കർഷകർക്ക് ആനുകൂല്യങ്ങൾ നൽകാനോ ഇവിടത്തെ ഏറ്റവും വലിയ നെല്ലറയായ കുട്ടനാട്ടിലെ കുട്ടനാട് പാക്കേജ് നടപ്പിലാക്കാനോ രണ്ട് വർഷമായിട്ടും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. 2009 ജൂലൈമാസത്തിലാണ് 1840 കോടി രൂപ കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചത്. 2009 ജൂലൈ മാസത്തിൽ അനുവദിച്ച തുക ഒരു വർഷക്കാലം അത് നടപ്പിലാക്കാതിരുന്നപ്പോൾ വീണ്ടും കേന്ദ്രത്തിൽനിന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വന്ന് കുട്ടനാട് സന്ദർശിച്ചപ്പോൾ തത്സമയം കുട്ടനാട് പ്രദേശത്തെ എം.എൽ.എ.മാർ എല്ലാം അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. സംസ്ഥാന ഗവൺമെന്റ് സമർപ്പിക്കുന്ന പ്രോജക്ടുകളോരോന്നും അനുവദിച്ചുകൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാണെന്നും അതുകൊണ്ട് എത്രയും പെട്ടെന്ന് പ്രോജക്ടുകൾ സമർപ്പിക്കണമെന്നും അന്ന് ആ സന്ദർശനം നടത്തിയതിനുശേഷം അദ്ദേഹം പറയുകയുണ്ടായി. പക്ഷേ അതിനുശേഷം ഇതുവരെ എത്ര പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ആകെ 3 തവണയാണ് മുഖ്യമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള പ്രോസ്പിരിറ്റി കൗൺസിൽ കൂടിയിട്ടുള്ളത്. ആ മൂന്ന് തവണ കൂടിയപ്പോഴും എസ്റ്റിമേറ്റ് എടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് പറഞ്ഞതിനപ്പുറം കുട്ടനാടൻ പ്രദേശത്തെ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനോ കുട്ടനാട് പാക്കേജ് നടപ്പിലാക്കുവാനോ ഈ ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിക്കാതെ മുമ്പോട്ട് പോയിട്ട് കുട്ടനാട് പാക്കേജിൽ നല്ല പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്, കുട്ടനാട് മേഖലയിൽ നെൽക്കൃഷി ഇരട്ടിയാക്കുമെന്ന് എന്റെ സർക്കാർ പ്രതീക്ഷിക്കുന്നുവെന്നാണ് ഇപ്പോൾ പറയുന്നത്. ഇനി എന്ത് പ്രതീക്ഷയാണ്? ആകെ പ്രതീക്ഷിക്കാൻ ഒരു മാസമേയുള്ളുവെങ്കിലും അപ്പോഴും പറയുകയാണ് കുട്ടനാടൻ മേഖലയിൽ നെല്ലുല്പാദനം ഇരട്ടിയാക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഇത്തരത്തിൽ കേരളത്തിലെ നെൽക്കർഷകരോട് അനീതി കാട്ടിയ കേരളത്തിലെ നെൽക്കർഷകർക്ക് ആവശ്യമായ പിന്തുണ നൽകാതിരുന്ന ഒരു ഗവൺമെന്റിനുവേണ്ടി നടത്തിയിട്ടുള്ള പ്രഖ്യാപനമാണ് ഇവിടെ നടത്തിയിട്ടുള്ളത്. ഈ ഗവൺമെന്റ് 'അരി ശ്രീ' പദ്ധതി നടപ്പിലാക്കാൻ പോകുകയാണെന്നാണ് പറയുന്നത്. ഒരു പുതിയ പേരിട്ടുകൊണ്ട് ഏതെങ്കിലും ഒരു പദ്ധതി കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചതുകൊണ്ട് ഇവിടെ അരിയുടെ ഉല്പാദനത്തിൽ വർദ്ധനവുണ്ടാകുമോ? ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഒരു ലക്ഷം സ്ത്രീകൾക്ക് രണ്ട് പെണ്ണാടുകളെ വീതം വിതരണം ചെയ്യാൻ പോകുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. ഇത് എത്ര ദിവസം കൊണ്ടാണ് നടപ്പിലാക്കാൻ പോകുന്നത്? നാലര വർഷക്കാലം ഈ സംസ്ഥാനത്ത് ഒന്നും ചെയ്യാൻ കഴിയാതിരുന്നിട്ട് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഒരു ലക്ഷം സ്ത്രീകൾക്ക് രണ്ട് പെണ്ണാടുകളെ വീതം കൊടുക്കാൻ പോകുന്നു എന്നാണ് പ്രഖ്യാപനത്തിൽ പറയുന്നത്. എന്ന് കൊടുക്കാൻ പോകുന്നുവെന്നും ഒരു

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷംപേരെ സെലക്ട് ചെയ്യാൻ നിങ്ങൾക്ക് ഇനി എത്ര ദിവസമുണ്ടെന്നുംകൂടി പറയണ്ടേ? എന്ത് പ്രഖ്യാപനമാണിത്? ഇത്തരത്തിൽ കേരളത്തിലെ ജനങ്ങൾ................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, യഥാർത്ഥത്തിൽ ഈ ഗവൺമെന്റ് ഒരു വ്യാജ ഗവൺമെന്റാണ്. മുഖ്യമന്ത്രിക്ക് ഒരു അവാർഡ് കൊടുത്തു. ഗവർണ്ണറുടെ പ്രസംഗത്തിലെ ആദ്യത്തെ ഇൻട്രോഡക്റ്ററി റിമാർക്ക്സിൽ തന്നെ, "The Honourable Chief Minister Sri. V.S. Achuthanandan has received the Best Big State Award in Governance from His Excellency the Vice-President of India, Sri. Mohammad Ansari." ശ്രീ. മുഹമ്മദ് അൻസാരി എന്നൊരു വൈസ്-പ്രസിഡന്റ് ഇന്ത്യക്കില്ല. ശ്രീ. ഹമീദ് അൻസാരിയാണ്. വ്യാജ സർട്ടിഫിക്കറ്റിന്റെ പുറത്താണ് ഈ ഗവൺമെന്റ് നിൽക്കുന്നത് എന്നുള്ള വിവരം അങ്ങേയ്ക്ക് അറിയില്ലേ?

ശ്രീ. തോമസ് ചാഴികാടൻ : തീർച്ചയായും. വ്യാജ സർട്ടിഫിക്കറ്റുകൾ മുഖേന എത്രപേർ പി.എസ്.സി.വഴി ജോലി നേടി എന്നുള്ളത് നമ്മളൊക്കെ അറിഞ്ഞ കാര്യമാണ്. വ്യാജ നടപടികളുമായി മുന്നോട്ട് പോകുന്ന ഒരു ഗവൺമെന്റാണ് ഇന്ന് ഇത്തരം പ്രഖ്യാപനങ്ങൾ നടത്തുന്നത്. മറ്റൊരു പ്രഖ്യാപനമാണ് നെൽക്കർഷകർക്ക് പലിശരഹിത വായ്പ ലഭ്യമാക്കും എന്നത്. കേരളത്തിലെ കൃഷിക്കാർക്ക് പലിശരഹിത വായ്പ നൽകാനായിട്ട് തീരുമാനിച്ചിട്ടുണ്ടെങ്കിലും നബാർഡ് സഹായിക്കാത്തതുകൊണ്ടാണ് നല്കാത്തതെന്ന് കഴിഞ്ഞ മൂന്നര വർഷമായി സഹകരണ വകുപ്പുമന്ത്രി പ്രസംഗിക്കുന്നിടത്തെല്ലാം പറയുന്നുണ്ട്. പക്ഷേ അദ്ദേഹം പ്രസംഗിക്കുന്നിടത്തെല്ലാം നബാർഡിനെ കുറ്റപ്പെടുത്തുകയാണ് ചെയ്യുന്നത്. പക്ഷേ നബാർഡ് അനുവദിച്ചു നല്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. 2006 നവംബർ മാസം 22-ാം തീയതി കോട്ടയം മെഡിക്കൽ കോളേജിന് നബാർഡിൽനിന്നും അനുവദിച്ചുകിട്ടിയ ഏതാണ്ട് 8 കോടി രൂപ ഇന്നും വിനിയോഗിക്കാൻ കഴിയാത്ത ഒരു ഗവൺമെന്റാണിത്. കഴിഞ്ഞ ഗവൺമെന്റ് പോകുമ്പോൾ തയ്യാറാക്കി നൽകിയ പദ്ധതിയനുസരിച്ച് കോട്ടയം മെഡിക്കൽ കോളേജിൽ നടപ്പാക്കുവാൻ ഉദ്ദേശിച്ചിരുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉൾപ്പെടെ അവിടത്തെ വിവിധ പദ്ധതികൾ-ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല-നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് ഇന്നുവരെ കഴിഞ്ഞിട്ടില്ല എന്നുള്ളതിൽനിന്നും പണം കയ്യിൽ ലഭിച്ചാലും പദ്ധതികളൊന്നും നടപ്പിലാക്കാൻ കഴിയാത്ത ഒരു ഗവൺമെന്റാണിതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഇത്തരത്തിൽ കേരളത്തിലെ ജനങ്ങളെ വിഡ്ഢികളാക്കി മുമ്പോട്ട് പോകുന്ന ഈ ഗവൺമെന്റ് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പേജ് 19-ൽ പറയുന്നത്, "30 ലക്ഷത്തിലധികം ആളുകൾക്ക് പ്രയോജനപ്പെടുന്ന തിരുവനന്തപുരം, മീനാട്, ചേർത്തല, പട്ടുവം എന്നിവിടങ്ങളിൽ നബാർഡിന്റെ സഹായത്തോടെയുള്ള 19 പദ്ധതികളും 29 എ.ആർ.ഡബ്ല്യു.എസ്. പി. പദ്ധതികളും 8 യു.ഡബ്ല്യു.എസ്.എസ്. പദ്ധതികളും പൂർത്തിയാക്കുന്നതാണെന്നുമാത്രമല്ല കുമരകത്തും തിരുവാർപ്പിലും

LIBRARY ARCHIVES Kerala Legislative Assembly

ജലവിതരണത്തിനും തൃപ്പൂണിത്തുറയിലും സമീപ പഞ്ചായത്തുകളിലും ജലവിതരണം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള മൂന്ന് വൻകിട ജലവിതരണ പദ്ധതികൾ ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്." കുമരകത്തും തിരുവാർപ്പിലേയും കാര്യത്തെ സംബന്ധിച്ച് ഒരു വാക്ക് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ആഗസ്റ്റ് മാസം 12-ാം തീയതി ബഹുമാനപ്പെട്ട ജലവിഭവവകുപ്പുമന്ത്രി കോട്ടയത്തുവന്ന് കുമരകം-തിരുവാർപ്പ് പദ്ധതിയുടെ ഉദ്ഘാടനം നടത്തുകയുണ്ടായി. ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നില്ല, അദ്ദേഹം തെറ്റിദ്ധരിച്ച് വന്ന് ചെയ്തിട്ട് പോയതാണ്. ഈ ദിവസങ്ങളിലെല്ലാം ഉദ്ഘാടന മാമാങ്കത്തിന്റെ സപ്ലിമെന്റുകളാണ് വന്നുകൊണ്ടിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട കെ. സി. ജോസഫ് സൂചിപ്പിക്കുകയുണ്ടായി. ഈ ഉദ്ഘാടനം നടത്തുന്നതിനുമുൻപ് നടപ്പിലാക്കേണ്ട നടപടികൾ എന്തെങ്കിലും പൂർത്തിയാക്കിയിട്ടാണോ ഏതെങ്കിലും പദ്ധതികളുടെ ഉദ്ഘാടനം നടത്തുന്നത്? കുമരകം പദ്ധതിയെ സംബന്ധിച്ച് 27 കോടി രൂപയുടെ കുടിവെള്ള പദ്ധതി ഉദ്ഘാടനം ചെയ്യാൻപോകുന്നുവെന്ന് പ്രഖ്യാപനം നടത്തി ഉദ്ഘാടനം നടത്തിയിട്ട് ഇന്നുവരെ അതിന്റെ ടെന്റർ നടപടികൾ അംഗീകരിച്ച് ഒരു കോൺട്രാക്ടറെ ഏൽപ്പിക്കാൻ കഴിയാത്ത ഗവൺമെന്റാണ് ആഗസ്റ്റ് മാസം 12-ാം തീയതി ഒരു പദ്ധതിയുടെ നിർമ്മാണോദ്ഘാടനം നടത്തിയിട്ട് പോരുന്നത്? നമുക്കറിയാം ഒരു പദ്ധതി നടപ്പാക്കണമെന്നുണ്ടെങ്കിൽ അതിന് ഭരണാനുമതി നൽകി സാങ്കേതികാനുമതി നൽകി കോൺട്രാക്ടർക്ക് ടെന്റർ കൊടുത്ത് കോൺട്രാക്ടറുടെ ടെന്റർ നെഗോഷിയേറ്റ് ചെയ്ത്.........

ശ്രീ. പി. സി. ജോർജ് : സർ, കുമരകം ബസ് അപകടത്തിൽ സഭ പ്രമേയം പാസ്സാക്കി ദുഃഖം രേഖപ്പെടുത്തിയതാണ്, ദുരന്തമുണ്ടായിട്ട് കുറെ റിഫ്ളക്ടറുകൾ കൊണ്ട് വച്ചതല്ലാതെ ആ റോഡ് ഒന്ന് നന്നാക്കാൻ ഒരു രൂപ പോലും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെയില്ല, ഇനി ഒരു ദുരന്തംകൂടി താമസിയാതെ ഉണ്ടാകുമ്പോൾ ഇതുപോലെ സഭകൂടി പ്രമേയം പാസ്സാക്കുന്ന ഗതികേട് ഉണ്ടാകുമെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം.

ശ്രീ. തോമസ് ചാഴികാടൻ : സർ, ശ്രീ. പി. സി. ജോർജ് പറഞ്ഞത് ശരിയാണ്. ഞാൻ എല്ലാ ദിവസവും താഴത്തങ്ങാടി റോഡിലൂടെ യാത്ര ചെയ്യുന്നുണ്ട്. കുമരകം ബസ് അപകടമുണ്ടായ ഭാഗത്ത് പത്തൻപത് പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇന്ന് ആ പോസ്റ്റൊക്കെ പശുവിനെ കെട്ടാനുപയോഗിക്കുന്നു എന്നതൊഴിച്ചാൽ അവിടെ ആ അപകടവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സ്വീകരിക്കേണ്ട യാതൊരു നടപടിയും ഇന്നേവരെ സ്വീകരിച്ചിട്ടില്ല, അവിടെ ഏത് നിമിഷവും ഇനിയും അപകടം ഉണ്ടാകുവാനുള്ള സാഹചര്യം നിലനിൽക്കുകയാണ്. ഞാൻ പറഞ്ഞുവന്നത്, പദ്ധതികൾ നടപ്പിലാക്കണമെന്നുണ്ടെങ്കിൽ അതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെന്റർ വിളിച്ച് കോൺട്രാക്ടർമാരുമായി നെഗോഷിയേറ്റ് ചെയ്ത് കോൺട്രാക്ടറെ ഏൽപ്പിച്ചതിനുശേഷം മാത്രമാണ് നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നത്. പക്ഷേ ഈ ഗവൺമെന്റ് ഒരു പ്രഖ്യാപനവും നടത്തി അതിന്റെ ഉദ്ഘാടനവും നടത്തി ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കാൻ പോകുന്നുവെന്നപ്രതീക്ഷ കേരളത്തിലെ മുഴുവൻ ജനങ്ങളിൽ സൃഷ്ടിച്ചിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ആ പ്രതീക്ഷ നിങ്ങൾക്ക് ഗുണകരമാകുമെന്ന് ചിന്തിക്കുന്ന നിങ്ങൾ ഇപ്പോഴും വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണ്. ഈ വരുന്ന തെരഞ്ഞെടുപ്പിൽ ഞങ്ങൾ തന്നെ ജയിച്ച് വീണ്ടും അധികാരത്തിൽ വരുമെന്ന് ശ്രീ. സുനിൽകുമാർ സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 20 സീറ്റിൽ 16 സീറ്റിലും യു.ഡി.എഫ്.-നെ ജയിപ്പിക്കാൻ കേരളത്തിലെ ജനങ്ങൾ എന്തുകൊണ്ടാണ് തീരുമാനിച്ചതെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇക്കഴിഞ്ഞ സെപ്റ്റംബറിൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഒക്ടോബർ മാസം അധികാരത്തിൽ വന്ന പഞ്ചായത്തുകളിലേക്ക് എന്തുകൊണ്ട് എൽ.ഡി.എഫ്.-ന് ഭൂരിപക്ഷ സീറ്റും നഷ്ടപ്പെട്ടുവെന്ന് മനസ്സിലാക്കാൻ നിങ്ങൾക്ക് കഴിയാതെ പോകുന്നു. കേരളത്തിലെ ജനങ്ങൾ ബുദ്ധിയുള്ളവരാണ്, അവരെ വിഡ്ഢികളാക്കാൻ നിങ്ങൾ ശ്രമിച്ചാൽ നിങ്ങൾ വിഡ്ഢികളാകുന്നു എന്ന വസ്തുത മറക്കരുത് എന്ന് മാത്രമാണ് എനിക്ക് ഈയവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്. ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട് കരിയാർമുട്ട് റെഗുലേറ്ററുമായി ബന്ധപ്പെട്ട ജോലികളും തണ്ണീർമുക്കം ബാരേജിന്റെ നവീകരണവുംകൂടി ഈ വർഷം ആരംഭിക്കുന്നതാണ്. കരിയാർമുട്ട് ഉൾപ്പെടെയുള്ള ഓരുമുട്ടുകൾ നിർമ്മിച്ചാൽ മാത്രമേ കുട്ടനാടൻ പാടശേഖരങ്ങളിൽ ഓരുവെള്ളം കയറാതിരിക്കുന്നതിനുള്ള സാഹചര്യമുണ്ടാകുകയുള്ളു. സാധാരണയായി ഇത് എല്ലാ വർഷവും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ചെയ്തുകൊണ്ടിരുന്നതാണ്, ഈ വർഷം ആ സാധാരണ നടക്കുന്ന നടപടികൾ പോലും പൂർത്തിയാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കരിയാർമുട്ട് റെഗുലേറ്റർ ഉൾപ്പെടെയുള്ള കോടിക്കണക്കിന് രൂപയുടെ പ്രവർത്തനങ്ങൾ ഇനി ഞങ്ങൾ ആരംഭിക്കാൻ പോകുന്നുവെന്ന് നിങ്ങൾ ഇപ്പോൾ പ്രഖ്യാപിക്കുന്നത് കേരളത്തിലെ ജനങ്ങൾ വിശ്വസിക്കുകയില്ല. നമ്മുടെ റോഡുകളുടെ ഇന്നത്തെ സ്ഥിതിയെന്താണ്? പൊതുമരാമത്ത് വകുപ്പുമന്ത്രിയെ ഇപ്പോൾ ഇവിടെ കാണാനില്ല. 2009 ആഗസ്റ്റ് മാസം 14-ാം തീയതി 7385 കി. മീ. ഗ്രാമീണ റോഡുകൾ ഏറ്റെടുത്തുകൊണ്ട് ഈ സംസ്ഥാനത്ത് ഒരു സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. 7385 കി.മീ. റോഡുകളും പി.ഡബ്ല്യു.ഡി. ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവിറങ്ങിയപ്പോൾ കേരളത്തിലെ ഈ റോഡുകളെല്ലാം നന്നാക്കാൻ പോകുകയാണെന്ന് ജനങ്ങൾ പ്രതീക്ഷിച്ചുവെങ്കിലും രണ്ട് മാസം തികയുന്നതിനുമുൻപ് ഗ്രാമവികസന വകുപ്പുമന്ത്രി തന്നെ അതിന് എതിർപ്പ് പ്രകടിപ്പിക്കുകയുണ്ടായി. ഗ്രാമവികസന വകുപ്പിന്റെ അംഗീകാരം കിട്ടാതെയാണ് ഈ റോഡുകൾ ഗവൺമെന്റ് ഏറ്റെടുത്തതെന്ന് പറയുകയുണ്ടായി. ആഗസ്റ്റ് മാസം കഴിഞ്ഞ് ഡിസംബർ മാസത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡെവലപ്പ്മെന്റ് കൗൺസിൽ വിളിച്ചുകൂട്ടിയപ്പോൾ രണ്ട് വകുപ്പുകൾ തമ്മിൽ തർക്കമുണ്ടാകുകയും ഓരോ വകുപ്പിന്റെയും കീഴിലുള്ള റോഡുകൾ ഏതൊക്കെയെന്ന് Colour Coded മാപ്പ് വരച്ച് തീരുമാനിച്ചതിനുശേഷം ഈ റോഡുകൾ സംബന്ധിച്ച നടപടികൾ സ്വീകരിക്കാമെന്ന് അവസാനം മുഖ്യമന്ത്രി പറയുകയുണ്ടായി. ആ തീരുമാനത്തിനപ്പുറം ഇന്നുവരെ യാതൊരു പുരോഗതിയും ഉണ്ടാവാതെ ഈ റോഡുകൾ ഇന്നും പൂർത്തിയാകാതെ................

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി : റോഡുകളുടെ ശോച്യാവസ്ഥയെ കുറിച്ചാണ് അങ്ങ് ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. നാല് വർഷമായിട്ടുള്ള തർക്കം പരിഹരിക്കാൻ ശ്രമിക്കാതെ തന്നെ അവസാനം ഒ.ഡി.ആർ. അപ്ഗ്രഡേഷനെന്ന് പറഞ്ഞ് എല്ലാ ജില്ലയിൽനിന്നും ഒരു ലിസ്റ്റ് വാങ്ങി അനുമതി കൊടുക്കുമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി എല്ലാ ജില്ലയിലേയും അവലോകന യോഗങ്ങളിൽ പോയി പ്രസംഗിച്ചുവെങ്കിലും ഇന്നുവരെ അത് സംബന്ധിച്ച് ഒരു നടപടിയും ഉണ്ടായിട്ടില്ല. ഫിനാൻസ് ഡിപ്പാർട്ട്മെന്റ് അത് നിരാകരിച്ചിരിക്കുന്നുവെന്നുള്ള വിവരം അങ്ങേക്ക് അറിയാമോ?

ശ്രീ. തോമസ് ചാഴികാടൻ : റിന്യൂവൽ പ്രോഗ്രാം-ൽ ആയിരം കോടി രൂപയുടെ റോഡ് നിർമ്മാണ പദ്ധതിയെന്നും പറഞ്ഞ് എം.എൽ.എ.-മാരുടെ പക്കൽനിന്നും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ലിസ്റ്റ് വാങ്ങിച്ചുവെങ്കിലും ഒരു ലിസ്റ്റും ധനകാര്യ വകുപ്പ് അംഗീകരിച്ച് കൊടുത്തിട്ടില്ല എന്നുള്ളത് ഒരു വസ്തുതയാണ്. അഥവ അംഗീകരിച്ച് കിട്ടിയാൽ തന്നെ പൊതുമരാമത്ത് വകുപ്പ് ജി.ഒ. ഇറക്കി നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുക്കണം. അതിന്റെ അടിസ്ഥാനത്തിൽ ടെന്റർ വിളിച്ച് അംഗീകരിച്ച് കിട്ടിയാൽ മാത്രമേ റോഡ് നിർമ്മാണപ്രവർത്തനങ്ങൾ നടക്കുകയുള്ളു. ഇതിനുവേണ്ടി മാറ്റി വച്ചിരിക്കുന്നുവെന്ന് പറയുന്ന തുക പോലും വേണ്ടവിധത്തിൽ വിനിയോഗിക്കാൻ കഴിയാത്തവരുടെ ഗവൺമെന്റ് ഇത്തരത്തിൽ മുമ്പോട്ട് പോകുമ്പോൾ യാതൊരു കാരണവശാലും ജനങ്ങൾ ഇത് അംഗീകരിക്കില്ല എന്ന് ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.പോലീസ് വകുപ്പിന്റെ കാര്യമെടുത്താൽ കഴിഞ്ഞ നാലര വർഷത്തിനിടയിൽ എത്ര പോലീസ് സ്റ്റേഷൻ ആക്രമണങ്ങളാണുണ്ടായതെന്നുള്ളതിനെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. 42 പോലീസ് സ്റ്റേഷൻ ആക്രമണങ്ങളുണ്ടായിയെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിതന്നെ ഇവിടെ പറയുകയുണ്ടായി. ആ 42 പോലീസ് സ്റ്റേഷൻ ആക്രമണങ്ങളിലും ഉണ്ടായിരുന്നത് ഇവിടത്തെ പ്രബലമായ ഭരണകക്ഷിയുടെ യുവജന സംഘടനകളിലുള്ളവരായിരുന്നു. അങ്ങനെയുള്ള ഈ ഗവൺമെന്റ് ഇപ്പോൾ ക്രമസമാധാന നിലയെക്കുറിച്ച് പുരപ്പുറത്തുനിന്ന് പ്രഖ്യാപിക്കുകയാണ്. ഇത്തരത്തിൽ മുന്നോട്ടുപോകുന്ന ഗവൺമെന്റിന് കേരളത്തിലെ ജനങ്ങളോട് നീതി പുലർത്താൻ കഴിഞ്ഞിട്ടില്ല, കേരളത്തിലെ സമസ്ത മേഖലകളും (ആരോഗ്യ-വിദ്യാഭ്യാസ-കാർഷിക മേഖലകൾ) തകർച്ചയിലാണ്. വിദ്യാഭ്യാസ മേഖലയെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ കഴിഞ്ഞ നാലര വർഷങ്ങൾക്കുമുമ്പ് അധികാരത്തിൽ വരുമ്പോൾ........

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്......... പ്ലീസ്........ മതി........ മതി......... ശ്രീ. എ. എ. അസീസ്..........

ശ്രീ. തോമസ് ചാഴികാടൻ : കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റമുണ്ടാക്കുമെന്ന് പ്രഖ്യാപിച്ച് നിയമം കൊണ്ടുവന്നുവെങ്കിലും ഇന്ന് ആ നിയമം എവിടെപ്പോയി?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എ. എ. അസീസ്.................. ഇതൊക്കെ അവർ ചർച്ച ചെയ്തതാണ്.

ശ്രീ. തോമസ് ചാഴികാടൻ : ഒരു വാചകവുംകൂടി പറഞ്ഞ് തീർക്കാം. കോടതിയിൽ നിലനിൽക്കില്ലായെന്ന് പറഞ്ഞ് അത് നടപ്പാക്കാൻ കഴിയാതെ മാനേജുമെന്റുകളുടെ ദയാദാക്ഷിണ്യത്തിന്................

മി. ഡെപ്യൂട്ടി സ്പീക്കർ : യേസ്.............. പ്ലീസ്..............

ശ്രീ. തോമസ് ചാഴികാടൻ : ഗവൺമെന്റുതന്നെ ഫീസ് വർദ്ധിപ്പിച്ച് മാനേജുമെന്റിന് പണമുണ്ടാക്കുന്ന തരത്തിലേക്ക് കാര്യങ്ങൾ പോകുകയും ചെയ്തുവെങ്കിൽ കേരളത്തിലെ വിദ്യാർത്ഥികൾ അഡ്മിഷനുവേണ്ടി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സാഹചര്യം സൃഷ്ടിച്ച ഈ സർക്കാരിനു വേണ്ടി ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. എ. എ. അസീസ് : സർ, ഞാൻ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഭരണകാലഘട്ടത്തിൽ അവതരിപ്പിച്ച നയപ്രഖ്യാപനവും ബഡ്ജറ്റും ജനങ്ങളെ കബളിപ്പിക്കുന്ന തരത്തിലായിരുന്നു. 2001-2006-ലെ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് നയപ്രഖ്യാപനവും ബഡ്ജറ്റ് പ്രസംഗവുമായി യാതൊരു ബന്ധവുമില്ലാത്ത ഭരണമായിരുന്നു. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റ് നയപ്രഖ്യാപനത്തിലും ബഡ്ജറ്റിലും പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്. അത് ഇതിനകംതന്നെ തെളിയിച്ചിട്ടുമുണ്ട്. ഈ നയപ്രഖ്യാപന പ്രസംഗത്തിലെ ജനക്ഷേമപരമായ കാര്യങ്ങൾകേട്ട് പ്രതിപക്ഷം ഇപ്പോൾ വിളറി പിടിച്ചിരിക്കുകയാണ്. സാധാരണക്കാരുടെയും തൊഴിലാളികളുടെയും ജീവിതപ്രയാസങ്ങൾക്ക് പരിഹാരം കാണാനുള്ള നടപടികളാണ് നയപ്രഖ്യാപനത്തിലെ പ്രധാനപ്പെട്ട വിഷയങ്ങൾ. വിലക്കയറ്റം നിയന്ത്രിക്കാൻ അലാവുദ്ദീനും അൽഭുതവിളക്കും തന്റെ കൈവശമില്ലായെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറുന്ന കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനങ്ങളല്ല ഈ നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. ഗവൺമെന്റുകൾ വരികയും പോകുകയും ചെയ്യും അത് സാധാരണമാണ്. തെരഞ്ഞെടുപ്പ് അടുത്തുവരുന്നതുകൊണ്ട് ജനക്ഷേമകരമായ കാര്യങ്ങളൊന്നും നടപ്പിലാക്കാൻ പാടില്ലായെന്ന പ്രതിപക്ഷത്തിന്റെ ഇപ്പോഴത്തെ ആരോപണം ശരിയല്ല. ശ്രീ. തോമസ് ചാഴികാടൻ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അവസാനം ഏറ്റവും വലിയൊരു തമാശ പറയുകയുണ്ടായി. ആ തമാശ മറ്റൊന്നുമല്ല, ശ്രീ. എ. കെ. ആന്റണിയുടെ ഭരണകാലഘട്ടത്തിൽ കേരളത്തിൽ ഒരു സമരവും നടന്നിട്ടില്ലായെന്നാണ് പറഞ്ഞത്..............(ബഹളം) ....അതൊക്കെ ഒരുപക്ഷേ മറന്നുകാണും, ശ്രീ. എ. കെ. ആന്റണിയുടെ ഭരണകാലഘട്ടത്തിലാണ് നമ്മുടെ സംസ്ഥാനത്ത് ട്രഷറി പൂട്ടി, വില്ലേജ് ഓഫീസ് അടച്ച്, സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളും പൂട്ടി സർക്കാർ ജീവനക്കാരും അദ്ധ്യാപകരും 32 ദിവസമാണ് സമരം നടത്തിയത്. വിലക്കയറ്റമെന്ന് പറഞ്ഞപ്പോൾ ജീവനക്കാരും അദ്ധ്യാപകരും മുണ്ടുമുറുക്കിയുടുത്ത് പണിയെടുക്കണമെന്ന് ശ്രീ. എ. കെ. ആന്റണി ജീവനക്കാരോട് അഭ്യർത്ഥിച്ചതിന്റെ

അടിസ്ഥാനത്തിൽ അവരുടെ സേവന-വേതന വ്യവസ്ഥകൾ വെട്ടിക്കുറച്ചതിന്റെ ഫലമായിട്ടാണ് 32 ദിവസം നമ്മുടെ സംസ്ഥാനത്ത് അന്ന് സമരം നടന്നത്. ....(ബഹളം)........... അതുപോലെ മറ്റൊരുകാര്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്, തെരഞ്ഞെടുപ്പ് ആസന്നമായ സാഹചര്യത്തിൽ അവസാനത്തെ നയപ്രഖ്യാപനം എന്നതുകൊണ്ട് ജനക്ഷേമകരമായ പ്രവർത്തനങ്ങളൊന്നും നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്താൻ പാടില്ലേ? നിങ്ങളുടെ ഭരണകാലത്ത് എന്തായിരുന്നു? ....(ബഹളം)........... യു.ഡി.എഫ്.-ന്റെ ഭരണകാലഘട്ടം അവസാനിച്ച് ഇവിടെ കൊണ്ടുവന്ന ബഡ്ജറ്റിൽ മൂന്ന് രൂപയ്ക്ക് അരി 10 ലക്ഷം പേർക്ക് കൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. മൂന്ന് രൂപയ്ക്ക് 10 ലക്ഷം പേർക്ക് ഒരാഴ്ച അരി കൊടുത്തതിന്റെ കാശുപോലും കൊടുക്കാതെയാണ് യു.ഡി.എഫ്. ഗവൺമെന്റ് ഇറങ്ങിപ്പോയത്. ....(ബഹളം)........... അന്ന് വിലക്കയറ്റം ഉണ്ടായില്ല. നിങ്ങൾ മൂന്ന് രൂപയ്ക്ക് അരി കൊടുക്കുമെന്ന് പ്രഖ്യാപിച്ചത് വോട്ട് വാങ്ങിക്കാൻ വേണ്ടിയായിരുന്നു. നിങ്ങൾ ജയിച്ചതുമില്ല, പരാജയപ്പെടുകയും ചെയ്തു. പത്തുലക്ഷം പേർക്ക് മൂന്നുരൂപയ്ക്ക് അരി കൊടുത്തിട്ട് ബാക്കി കാശ് കൊടുത്തതുമില്ല.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : ഒരിക്കലും ഉണ്ടാകാത്തവിധം കേരളത്തിൽനിന്നും കൂടുതൽ എം.പി.-മാരെ ഇപ്പോൾ കേന്ദ്രമന്ത്രിമാരായി എടുത്തിട്ടുണ്ട്. അവരുടെ ഭാവി എത്രമാത്രമുണ്ടെന്ന് പറയാൻ പറ്റുകയില്ല. അങ്ങനെ ധാരാളം കേന്ദ്രമന്ത്രിമാരെ ഇപ്പോൾ കേരളത്തിൽ കെട്ടഴിച്ച് വിട്ടിരിക്കുന്നത് ഇലക്ഷൻകൂടി ഉദ്ദേശിച്ചുകൊണ്ടാണെന്ന് അവരെ ഓർമ്മപ്പെടുത്തുമോ?

ശ്രീ. എ. എ. അസീസ് : അതിന് എന്തെങ്കിലും സംശയമുണ്ടോ, അവിടെ കേന്ദ്രമന്ത്രിമാരുടെ ജോലി എന്താണ്? ഇപ്പോൾ അവർക്ക് കേന്ദ്രത്തിൽ വലിയ ജോലിയൊന്നും ഇല്ലല്ലോ! ഈ സഭയിലുണ്ടായിരുന്ന ശ്രീ. കെ. വി. തോമസ് തന്നെ കേന്ദ്രമന്ത്രിയാണ്. കേന്ദ്രത്തിൽ ഇപ്പോൾ വളരെ അടുത്ത ആളാണെന്നാണ് അറിയപ്പെടുന്നത്. അത് ഏതായാലും നല്ലതുതന്നെ. പക്ഷേ നമുക്ക് നീതി ലഭിക്കുന്നില്ല എന്നുള്ളതൊരു സത്യമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : സഭയിലെ ഒരാളൊന്നുമല്ല, നിരവധി ആളുകൾ മന്ത്രിമാരായിട്ടുണ്ട്.

ശ്രീ. എ. എ. അസീസ് : ഏതായിരുന്നാലും ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയപ്രഖ്യാപനത്തിൽ കൂടുതലും ജനക്ഷേമകരമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്നതാണ് നിങ്ങൾക്ക് ആക്ഷേപമായി പറയാനുള്ളത്. ഏതായിരുന്നാലും തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടാണല്ലോ നിങ്ങൾ ജനമുന്നേറ്റജാഥ ആരംഭിച്ചത്. യഥാർത്ഥത്തിൽ ആ ജനമോചനയാത്ര ....(ബഹളം)........... കേരളത്തെ മോചിപ്പിക്കുന്ന യാത്രയിൽ അതിന്റെ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ പടത്തോടൊപ്പം ഏത് സാമൂഹ്യവിരുദ്ധന്റേയും പടം വയ്ക്കാമായിരുന്നല്ലോ. ഫ്ളക്സ് വിപ്ലവമല്ലേ നടന്നത്. ഏത് സ്ഥലത്ത്

LIBRARY ARCHIVES Kerala Legislative Assembly

നോക്കിയാലും ഫ്ളക്സാണ്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ പടമുണ്ടെങ്കിൽ ആരുടെയും പടം വയ്ക്കാം. ശ്രീ. ഉമ്മൻ ചാണ്ടിയുടെ പടം കാണണമെന്നേയുള്ളൂ. ഏത് സാമൂഹ്യവിരുദ്ധന്റെയും പടം അതിൽ വയ്ക്കാം. അങ്ങനെയുള്ള ഒരു ഫ്ളക്സ് വിപ്ലവമാണ് ഈ രാജ്യത്തുൾപ്പെടെ നടന്നത്. ജാഥ ആരംഭിച്ച് യാത്രാമധ്യേ രണ്ട് സംഭവങ്ങളുണ്ടായി.

ശ്രീ. പി.സി. ജോർജ് : സർ,........

ശ്രീ. എ.എ. അസീസ് : ഞാൻ വഴങ്ങാം. ഞാൻ ഇതുകൂടി പറഞ്ഞോട്ടെ. ഈ ജാഥ ആരംഭിച്ചതിന് ശേഷമാണ് പ്രധാനപ്പെട്ട രണ്ട് സംഭവങ്ങളുണ്ടായത്. ഒന്ന്, കുഞ്ഞാലിക്കുട്ടിയുടെ പേരിൽ റൗഫ് പൊട്ടിച്ച വെടി, ...(ബഹളം)........... രണ്ട്, സ്മാർട്ട് സിറ്റി കരാർ ഒപ്പിട്ടത്, ഇത് രണ്ടുംകൂടി ആയപ്പോൾ യു.ഡി.എഫ്.-ന്റെ തലയിൽ ഇടിത്തീ വീണതുപോലെ ആയിപ്പോയി. പിന്നെ നിങ്ങൾക്ക് എന്ത് ചെയ്യണമെന്ന് അറിയാത്ത നിലയിലായി. ജാഥാക്യാപ്റ്റന് പനിയും പിടിച്ച് ജാഥ അവസാനിപ്പിക്കുകയുണ്ടായി. കൊല്ലത്ത് വന്നതിനുശേഷമാണ് അവസാനം ജാഥ പുനരാരംഭിച്ചത്. ആ ജാഥ തിരുവനന്തപുരത്ത് പോയിട്ട് വേണ്ടിവന്നാൽ മലപ്പുറത്തേയ്ക്ക് മടങ്ങിപ്പോകണം. പക്ഷേ അവിടെ നല്ല കാറ്റുവീണോയെന്ന് നോക്കിയിട്ടേ അങ്ങോട്ട് പോകാൻ പറ്റുകയുള്ളൂ. അതിനു വേണ്ടി നിങ്ങൾ കാത്തുനിൽക്കുകയാണ്. ജാഥ ആരംഭിച്ചതിനുശേഷം രണ്ട് സംഭവമുണ്ടായിയെന്ന് അതാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. സി. ജോർജ് : സർ, ഫ്ളക്സ് വിപ്ലവത്തെപ്പറ്റി ബഹുമാനപ്പെട്ട അങ്ങ് സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹമൊരു വിപ്ലവ പാർട്ടിയുടെ ആളാണ്. ആർ.എസ്.പി. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിപ്ലവ പാർട്ടിയാണല്ലോ! ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് തുടങ്ങി എത്രയോ കമ്യൂണിസ്റ്റ് നേതാക്കൻമാരുടെ പടം നമ്മൾ കണ്ടിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. പി. സി. ജോർജിന്റെ പടവും ചിലയിടത്തൊക്കെയുണ്ട്.

ശ്രീ. പി. സി. ജോർജ് : പറയട്ടേ, എന്റെ പടം എല്ലായിടത്തുമുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജീവിച്ചിരിക്കുന്ന പാർട്ടി സെക്രട്ടറിയുടെയും നേതാക്കൻമാരുടെയും പടംവച്ച ഫ്ളക്സ് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമാണ്. എ.കെ.ജി.യുടെയും ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെയും പടം വയ്ക്കാം. പക്ഷേ കേരളത്തിലാദ്യമായി ഫ്ളക്സ് വിപ്ലവം തുടങ്ങിയത് ശ്രീ. പിണറായി വിജയന്റെ പടം വച്ച് നമ്മൾ ഒന്നിച്ചുനിൽക്കുന്ന കേരള യാത്രയാണ്. അന്ന് ശ്രീ. പിണറായി വിജയൻ നിവർന്ന് നിൽക്കുന്നത്, കുനിഞ്ഞ് നിൽക്കുന്നത്, ഇരിക്കുന്നത് ഉൾപ്പെടെയുള്ള ഫ്ളക്സ് കേരളം മുഴുവനും ഇവന്റ് മാനേജുമെന്റ് ടീമിനെക്കൊണ്ടുവച്ച് നമ്മൾ യാത്ര നടത്തിയതാണ്. എന്നിട്ട് ശ്രീ. ഉമ്മൻ ചാണ്ടിയുടെ പടംവച്ച ഫ്ളക്സ് വച്ചതിന് കുറ്റം പറയാൻ എന്താണ് അവകാശം? ....(ബഹളം)..........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ജാഥ നടത്തിയപ്പോൾ ശ്രീ. പിണറായി വിജയനായിരുന്നു ജാഥയുടെ ക്യാപ്റ്റൻ. ക്യാപ്റ്റന്റെ പടം മാത്രമുള്ളതായിരുന്നു പോസ്റ്റർ. ഓരോ മരത്തിന്റെയും മുകളിൽ ഓരോ തെങ്ങിൻതൈ തലയിട്ടുനോക്കുന്ന ഫോട്ടോ അന്നുണ്ടായിരുന്നില്ല. മറ്റൊരു കാര്യം പറയട്ടെ, അന്ന് ജാഥാ ക്യാപ്റ്റന് ഒരു ദിവസം അസുഖം വന്നാൽ അടുത്ത് ആ ജാഥയിലുള്ള അംഗങ്ങൾ ജാഥ തുടരുമായിരുന്നു. ഇപ്പോൾ ജാഥ നയിച്ചുകൊണ്ടിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്ക് അസുഖം വന്നപ്പോൾ ശ്രീ. കെ. എം. മാണിയും, ശ്രീ. കുഞ്ഞാലിക്കുട്ടിയും, ശ്രീ. പി. സി. ജോർജും ഇല്ലായിരുന്നോ? ശ്രീ. പി. സി. ജോർജിന് ഒരു ദിവസം ജാഥ തുടർന്നുകൂടായിരുന്നോ, എന്തിനാണ് മാറ്റിവച്ചത്. ഇന്നത്തെ കെ.പി.സി.സി. നേതൃത്വം മഹാത്മാഗാന്ധിജിയുടെ ചരമദിനം ജനുവരി 30 ആണെന്നറിയാത്ത കോൺഗ്രസ്സാണ്. അതുകൊണ്ടാണ് 30-ാം തീയതി ഇവർ പരിപാടി നിശ്ചയിച്ചത്. മഹാത്മാഗാന്ധിജിയുടെ രക്തസാക്ഷി ദിനമായതു കൊണ്ടാണ് ജാഥ മാറ്റിയതെന്ന് പിന്നീട് പറയുകയുണ്ടായി. പരിപാടി നിശ്ചയിച്ചപ്പോൾ മഹാത്മാഗാന്ധിജിയെ മറന്നുപോയി എന്നാണ് അതിൽനിന്നും മനസ്സിലാക്കേണ്ടത്. മഹാത്മാഗാന്ധിജിയുടെ രക്തസാക്ഷിദിനംപോലും അറിയാത്ത ഒരു കോൺഗ്രസ്സായി ഇപ്പോഴത്തെ കെ.പി.സി.സി. മാറിയില്ലേ? .... (ബഹളം)...........

ശ്രീ. രാജു എബ്രഹാം : ഫ്ളക്സ് വിപ്ലവത്തെ സംബന്ധിച്ച് ഒരു കാര്യം അറിയാൻ കഴിഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. ഇതുസംബന്ധിച്ച് ഒരുമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. അതായത് പണം മുടക്കുന്നത് ആരാണെങ്കിലും വഴിയേ പോകുന്ന ആളാണെങ്കിലും.............

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എ. എ. അസീസ് അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. രാജു എബ്രഹാം : അങ്ങനെ ഈ നാട്ടിലുള്ള മുഴുവൻ ആളുകളും ഫ്ളക്സ് ബോർഡ് സ്പോൺസർ ചെയ്താൽ അവരുടെ പേരിൽ ഒരു ഫ്ളക്സ് ബോർഡ്. ഇതാണ് നാട്ടിൽ മുഴുവൻ നടക്കുന്നത്.

ശ്രീ. എ. എ. അസീസ് : അതുതന്നെയാണ്. ഞാൻ ഒരു പ്രാവശ്യം വഴങ്ങി. എന്റെ സമയം തീർന്നു. അതുതന്നെയാണ് ഞാനും പറഞ്ഞത്.

ശ്രീ. പി. സി. ജോർജ് : ഇപ്പോൾ ബഹുമാനപ്പെട്ട........

മി. ഡെപ്യൂട്ടി സ്പീക്കർ : അദ്ദേഹത്തിന്റെ സമയം കഴിഞ്ഞു.

ശ്രീ. പി. സി. ജോർജ് : അങ്ങ് പറഞ്ഞതനുസരിച്ച് ശ്രീ. പിണറായി വിജയന്റെ ഒറ്റത്തലയേ ഉണ്ടായിരുന്നുള്ളു, ഇടതുപക്ഷ ജനാധിപത്യമുന്നണിയിൽ എത്ര രാഷ്ട്രീയ കക്ഷികളുണ്ട്. ഒരു നേതാവും..............

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്........... അങ്ങ് അവസാനിപ്പിക്കുക. ....(ബഹളം)...........

ശ്രീ. എ. എ. അസീസ് : ഇത് കാണിച്ച് ഇവിടെ സൂചിപ്പിച്ചതുപോലെ മരത്തിലിരിക്കുന്ന തലകൾപോലെയാണ് നിങ്ങൾ ബോർഡ് സ്ഥാപിച്ച് പ്രചരണം നടത്തിയിട്ടുള്ളത്, അതുകൊണ്ട് പറഞ്ഞതാണ്. അതുകൊണ്ട് ആക്ഷേപിക്കലല്ല.

LIBRARY ARCHIVES Kerala Legislative Assembly

വിലക്കയറ്റത്തിനെതിരായിട്ട് 2011 ഫെബ്രുവരി മാസം 23-ാം തീയതി ഇന്ത്യയിലെ തൊഴിലാളി പ്രസ്ഥാനങ്ങൾ എല്ലാവരുംകൂടി ഒന്നിച്ച് ഇന്ത്യൻ പാർലമെന്റിന് മുമ്പിൽ ഒരു വലിയ മാർച്ച് നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. അതിൽ മുസ്ലീം ലീഗ്, ഇന്ത്യൻ നാഷണൽ കോൺഗ്രസ്, കേരള കോൺഗ്രസ്, സി.പി.എം., സി.പി.ഐ., ആർ.എസ്.പി., ഫോർവേഡ് ബ്ലോക്ക് തുടങ്ങിയവർ എല്ലാമുണ്ട്. ഇന്ത്യയിലെ എല്ലാ ഭരണ-പ്രതിപക്ഷ ട്രേഡ് യൂണിയനുകളുമുണ്ട്. കേരള കോൺഗ്രസ്സിന് ദേശീയ യൂണിയനൊന്നുമില്ല. കേരള കോൺഗ്രസ് എന്നുപറഞ്ഞാൽ കേരളത്തിലെ കോൺഗ്രസ്. അതുകൊണ്ട് ദേശീയ അടിസ്ഥാനത്തിലുള്ള യൂണിയൻ നിങ്ങൾക്ക് ഇല്ല. ഇപ്പോൾ ദേശീയ അടിസ്ഥാനത്തിൽ 11 കേന്ദ്ര തൊഴിലാളി സംഘടനകളാണുള്ളത്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : നിങ്ങൾ യാചിച്ചുനടക്കുന്ന പാർട്ടിയാണോ?

ശ്രീ. എ. എ. അസീസ് : യാചിച്ചില്ലെങ്കിലും തൊഴിലാളി പ്രസ്ഥാനം ഇന്ത്യയിലെ ദേശീയ അംഗീകാരമുള്ള 11 യൂണിയനുകളിൽ ഒന്നാണ് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി സാഹിബേ! അത് അങ്ങേയ്ക്ക് അറിഞ്ഞുകൂടാ എന്ന് മാത്രമേയുള്ളു. അങ്ങേയ്ക്ക് യൂണിയനുണ്ടെങ്കിൽ അങ്ങയുടെ കേരളത്തിലെ യൂണിയൻ മാത്രമാണ്, എസ്.ടി.യു. ഞങ്ങൾ ഇവിടെ വിളിക്കുമ്പോൾ കേരളത്തിലെ എസ്.ടി.യു.വിനെയും വിളിക്കുന്നുണ്ട്. ഇന്ത്യയിൽ വിളിക്കാൻ അവിടെയെങ്ങും എസ്.ടി.യു. ഇല്ല. അതുകൊണ്ടാണ് ഇവിടെ വിളിക്കുന്നത്. ഈ മാസം 23-ാം തീയതി വിലക്കയറ്റത്തിനെതിരെ ഇന്ത്യൻ പാർലമെന്റിന് മുമ്പിൽ വലിയ ഒരു മാർച്ചും ധർണ്ണയും സംഘടിപ്പിക്കുകയാണ്. ഐ.എൻ.ടി.യു.സി.യുടെ നേതാവ് കോൺഗ്രസ്സിന്റെ നേതാവാണ്. കോൺഗ്രസ്സിന്റെ നേതാവായ ശ്രീ. സഞ്ജീവറെഡ്ഡിയാണ് യഥാർത്ഥത്തിൽ അതിന് നേതൃത്വം നൽകുന്നത്. അദ്ദേഹം ഇറക്കിയ പ്രസ്താവനയിൽ പറയുന്നത്, '1991-ൽ ലോക വ്യാപാര സംഘടനയുമായി ഗാട്ട് കരാർ ഉണ്ടാക്കിയതിന്റെ ഫലമായിട്ട് ഇതുമൂലം തൊഴിലാളികൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും ആപത്തുണ്ടാകുമെന്ന് അന്ന് ഇടതുപക്ഷ യൂണിയനുകൾ പറഞ്ഞിട്ട് ഞങ്ങളും വിശ്വസിച്ചില്ല'. ഇത് ശ്രീ. സഞ്ജീവറെഡ്ഡിയുടെ പ്രഖ്യാപനമാണ്. അദ്ദേഹം ഇറക്കിയ പുസ്തകത്തിൽ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ലേഖനവും ഉണ്ട്. അതുകൊണ്ട് ഞാൻ ഇവിടെ ചുമ്മാതെ പറയുന്നതല്ല. ഇപ്പോഴാണ് അതിന്റെ കെടുതി അയാൾക്ക് മനസ്സിലായതെന്ന് അദ്ദേഹം പറയുന്നുണ്ട്. വി.ആർ.എസ്.-ലും സി.ആർ.എസ്.-ലും അനേകായിരം തൊഴിലാളികളെ പിരിച്ചുവിട്ടിട്ടുണ്ട്. തൊഴിലാളികൾ ഇന്ന് പട്ടിണിയിലാണ്. ഈ തൊഴിലാളികളുടെയും ജനങ്ങളുടെയും പട്ടിണിക്ക് പരിഹാരം കാണാൻ വേണ്ടിയാണ് രാഷ്ട്രീയത്തിനതീതമായി ഞാൻ കോൺഗ്രസുകാരനല്ലെങ്കിലും തൊഴിലാളി പ്രസ്ഥാനത്തിന്റെ പേരിൽ ഈ ധർണ്ണയിൽ പങ്കെടുക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ അത്രവലിയ ജനദ്രോഹകരമായ സമീപനങ്ങൾക്കെതിരായിട്ടാണ് ഒരു കോൺഗ്രസ്സുകാരൻ നയിക്കുന്ന മാർച്ചിലും ധർണ്ണയിലും ട്രേഡ് യൂണിയൻ പ്രസ്ഥാനം പോലും ഇതിൽ സഹകരിക്കുന്നത് എന്നകാര്യം പ്രതിപക്ഷം മനസ്സിലാക്കണം. ഞാൻ ഈ നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് സഭയിൽ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സഹർഷം സ്വാഗതം ചെയ്യുകയാണ്. വികസന പ്രവർത്തനത്തിൽ കഴിഞ്ഞ അമ്പത്തിയേഴ് മാസക്കാലത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തനം സർവ്വകാല റെക്കാർഡാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 19,000 കോടി രൂപ ചെലവഴിച്ചിരുന്ന സ്ഥാനത്ത് ഈ സർക്കാർ 40,000 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് ചോദ്യോത്തര വേളയിൽ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. വികസനത്തിന്റെ പൂക്കാലമാണ് എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലം.

"എവിടെ തിരിഞ്ഞൊന്ന് നോക്കിയാലും

അവിടെല്ലാം പൂത്ത മരങ്ങൾ മാത്രം" എന്ന് കവി പാടിയതുപോലെ കേരളത്തിൽ എവിടെ തിരിഞ്ഞൊന്ന് നോക്കിയാലും വികസനത്തിന്റെ ഒരു വസന്തകാലമാണ്, ഒരു പൂക്കാലമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഏത് മണ്ഡലം എടുത്ത് പരിശോധിച്ചാലും അത് കാണാൻ കഴിയും. ഇതിനുമുമ്പ് ഒരിക്കലും നടക്കാത്ത വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഉദ്ഘാടനം ചെയ്യാൻ മന്ത്രിമാരെ കിട്ടുന്നില്ല, നാട്ടുകാർ ബഹളത്തിലാണ്. എത്രയോ വികസന പ്രവർത്തനങ്ങൾ തറക്കല്ലിടാൻ ബാക്കിയാണ്. അങ്ങനെ വികസനപ്രവർത്തനത്തിന്റെ ഒരു പൂക്കാലം രാജ്യമെമ്പാടും ഇപ്പോൾ നടക്കുകയാണ്. കേരളത്തിന്റെ വികാസം, വികസന സൂചിക രാജ്യത്തെ ഏറ്റവും ഉയർന്ന നിലയിലാണെന്നത് അഭിമാനാർഹമാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ വികസന പ്രവർത്തനങ്ങളുടെ പൊൻതൂവൽ ആയി ഇത് മാറുകയാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഫെബ്രുവരി 11-ാം തീയതി കേരളത്തിൽ വന്ന് വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ഉദ്ഘാടനം നടത്താൻ പോകുകയാണ്; ഇങ്ങനെ നിരവധി പദ്ധതികൾ ഇടതുപക്ഷ ജനാധിപത്യമുന്നണി തുടക്കം കുറിക്കുകയും അതൊക്കെ പ്രാവർത്തികമാക്കാൻ പോകുകയുമാണ്. ഇങ്ങനെയുള്ള നിരവധി കാര്യങ്ങളാണ് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. ആ കാര്യങ്ങളെല്ലാംതന്നെ കേരളത്തിലെ വർത്തമാനപത്രങ്ങൾ വളരെ ഭംഗിയായിട്ട് മുമ്പെല്ലാം ചെയ്തതുപോലെ വളരെ നല്ല രീതിയിൽതന്നെ അതിനോട് പ്രതികരിച്ചിട്ടുണ്ട് എന്നുള്ളതും വളരെ ശ്രദ്ധേയമായിട്ടുള്ള കാര്യമാണ്. ഇപ്പോൾ കേരളീയ സമൂഹം ഇന്ത്യയിൽ മാത്രമല്ല ലോകത്ത് തന്നെ നമ്പർ വൺ വികസന സമൂഹമായി മാറാൻ പോകുകയാണ്. ഇതിന്റെയെല്ലാം ഭാഗമായിട്ട് എൽ.ഡി.എഫ്. സർക്കാരിനെ വീണ്ടും അധികാരത്തിലെത്തിക്കുന്നതിന് ജനങ്ങൾ തീരുമാനമെടുത്ത് കഴിഞ്ഞിരിക്കുകയാണ്. യു.ഡി.എഫ്.-ആണ് അധികാരത്തിൽ വരാൻ പോകുന്നതെന്നാണ് നിങ്ങൾ പറയുന്നത്. കഴിഞ്ഞ രണ്ട് തെരഞ്ഞെടുപ്പിനെക്കുറിച്ചും നിങ്ങൾ പറയുകയുണ്ടായി. ഒരു ചക്ക വീണപ്പോൾ ഒരു മുയൽ ചത്തു, എന്നാൽ എപ്പോഴും ചക്ക വീഴുമെന്നും മുയൽ ചാകുമെന്നൊരു ധാരണ വച്ചുകൊണ്ടാണ് നിങ്ങൾ ഇത് പറയുന്നത്. നിങ്ങൾ എത്രയോ

LIBRARY ARCHIVES Kerala Legislative Assembly

കാലം തോറ്റുതോറ്റ് തുന്നം പാടിയില്ലേ? ഒരിക്കൽ ജയിച്ചു. ഇനിയും നിങ്ങൾ തോൽക്കാൻ പോകുകയാണ്. ആ രീതിയിലുള്ള വികസന പ്രവർത്തനമാണ് ഈ ഗവൺമെന്റ് നടത്തിയിട്ടുള്ളതെന്ന് കാണാൻ കഴിയും. കേന്ദ്ര യു.പി.എ. സർക്കാരിന്റെ രാജ്യദ്രോഹ-ജനദ്രോഹ നയം ജനങ്ങൾ തിരിച്ചറിഞ്ഞു കഴിഞ്ഞു. ലക്ഷക്കണക്കിന് കോടി രൂപയാണ് വിദേശ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ളത്. നമ്മുടെ രാജ്യത്തിന്റെ വികസന പ്രവർത്തനത്തിനുവേണ്ടി വിനിയോഗിക്കേണ്ടുന്ന ലക്ഷക്കണക്കിന് കോടി രൂപയാണ് വിദേശ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ളത്. 21 ലക്ഷം കോടി രൂപയുണ്ടെന്ന് നമ്മുടെ പ്രധാനമന്ത്രിതന്നെ പറയുന്നു. പക്ഷേ ആളിന്റെ പേര് പറയുകയില്ല. ആളിന്റെ പേര് പറയാൻ മടിക്കുന്നതെന്താണ്? 21 ലക്ഷം കോടി രൂപയെന്നാണ് പ്രധാനമന്ത്രി പറഞ്ഞത്. ആരുടെ കാശാണെന്ന് പറയാൻ കോൺഗ്രസ് തന്റേടം കാണിക്കണം. എന്നാൽ 94 ലക്ഷം കോടി രൂപയെന്നാണ് പത്രങ്ങൾ പറയുന്നത്. വിദേശ ബാങ്കിൽ'ലോട്ടസ്' എന്ന പേരുള്ള ഒരു അക്കൗണ്ട് ഉണ്ടെന്നും 94 ലക്ഷം കോടി രൂപ ഇന്ത്യയുടെ പണം, കള്ളപ്പണം സൂക്ഷിച്ചിട്ടുണ്ടെന്നുമാണ് പറയുന്നത്. ഈ 'ലോട്ടസ്' എന്നുപേരുള്ള അക്കൗണ്ട് ആരുടേതാണ്? ബോഫേഴ്സ് കേസ് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ആ ഇടപാടിൽ കിട്ടിയിട്ടുള്ള കോടാനുകോടി രൂപ 'ലോട്ടസ്' എന്ന പേരിൽ അവിടെ നിക്ഷേപിച്ചിരിക്കുകയാണ്. നെഹ്റു കുടുംബത്തിന്റേതല്ലേ? ക്വട്രോച്ചിയെ കുറിച്ച് നമുക്ക് അറിയില്ലേ? ആരാണ് ക്വട്രോച്ചി?

"ആനവന്നപ്പോഴും ചെല്ലാം തിരുമുമ്പിൽ

ആരും തടയില്ല അരുളപ്പാടാൽ" എന്ന് മഹാകവി വള്ളത്തോൾ പാടിയതു പോലെ നമ്മുടെ ആദരണീയനായിട്ടുള്ള കെ. കരുണാകരൻ ശ്രീമതി സോണിയാ ഗാന്ധിയെ കാണാൻ അവിടെ പോയപ്പോൾ ഒരു മണിക്കൂറോ രണ്ടു മണിക്കൂറോ കാത്തുനിൽക്കേണ്ടിവന്നു. നമ്മുടെ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ശ്രീമതി സോണിയാ ഗാന്ധിയെ കാണാൻ അവിടെ പോയപ്പോൾ കാത്തു നിൽക്കേണ്ടിവന്നു. പക്ഷേ ഈ ക്വട്രോച്ചിക്ക് ഏത് അവസരത്തിലും ആ വീട്ടിൽപ്പോകാനും അവരെ കാണാനും ഒരു തടസ്സവുമില്ല. അതാണ് അരുളപ്പാട്. അപ്പോൾ ഇങ്ങനെയുള്ള ഒരുപാട് നാണംകെട്ട കഥകളാണ് കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. എന്നാൽ ഇവിടെ ഇതെല്ലാം പറയുന്ന അവസരത്തിൽ ഇന്ത്യാ രാജ്യത്തിലെ ജനങ്ങളുടെ ജീവിതം വഴിമുട്ടിയിരിക്കുകയാണ്. വിലക്കയറ്റത്തെക്കുറിച്ച് ഞാൻ പറയേണ്ട ആവശ്യമില്ല. അഴിമതി ഒരു ഭാഗത്ത്, നമ്മുടെ രാജ്യത്ത് ലക്ഷക്കണക്കിന് കോടി രൂപയുടെ അഴിമതിയാണ് നടന്നിട്ടുള്ളത്. ജനങ്ങളുടെ ദുരിതം വർദ്ധിപ്പിക്കുന്ന രീതിയിലുള്ള വിലക്കയറ്റമാണുണ്ടായിരിക്കുന്നത്. ഇതു പറയുമ്പോഴും കവിയുടെ ഏതാനും വാക്കുകളാണ് എനിക്ക് ഓർമ്മയിൽ വരുന്നത്.

അറിയുമേ ഞങ്ങൾ അറിയും ഈ നാടിനെ

നരകമാക്കീടും നരകീടങ്ങളെ

പഹയൻമാരോട് പകരം വീട്ടട്ടെ

പകയിൽ നീറുന്ന വരുന്ന കാലങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബീഹാറിൽ 9 സീറ്റുണ്ടായിരുന്നത് ഇപ്പോൾ 4 സീറ്റാണ് ലഭിച്ചത്. ഇൻഡ്യാ രാജ്യത്ത് ഇനി കോൺഗ്രസ് അടുത്ത തെരഞ്ഞെടുപ്പിൽ അധികാരത്തിൽ വരാൻ പോകുന്നില്ലയെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട അതുപോലെ കേരളത്തിലും കോൺഗ്രസ് അധികാരത്തിൽ വരാൻ പോകുന്നില്ല. അത്രമാത്രം ദുരിതമാണ് ഈ രാജ്യത്തെ ജനങ്ങളുടെമേൽ നിങ്ങൾ കെട്ടിയേൽപ്പിച്ചിട്ടുള്ളത് എന്നുള്ള കാര്യം മറക്കരുത്. ഇവിടെ ബഹുമാന്യനായ ആര്യാടൻ മുഹമ്മദ് സാർ അടിയന്തര പ്രമേയം അവതരിപ്പിച്ചു സംസാരിച്ചപ്പോൾ ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയുടെ പ്രശ്നം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. പതിനഞ്ചുകൊല്ലം പഴക്കമുള്ള കാര്യങ്ങളല്ലേ, എന്തിനാണ് ഇക്കാര്യങ്ങളൊക്കെ ഇങ്ങനെ ആവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിക്കുന്നത്. മാത്രവുമല്ല, അദ്ദേഹം ഇത്രകൂടി പറഞ്ഞിട്ടുണ്ട്, ജുഡീഷ്യറിയുടെ വിശ്വാസ്യത തകർക്കുന്ന ഒരു പ്രവർത്തനത്തിനും പൊതുപ്രവർത്തകർ മുതിരാൻ പാടില്ല എന്ന്, എന്തൊരു ഉപദേശം! മനസ്സിലായില്ലേ, ഭഗവദ്ഗീതയിൽപോലും ഇത്രയും മഹത്തരമായ ഉപദേശം ഉണ്ടാകുകയില്ല. എന്നാൽ അന്ന് അദ്ദേഹം മുഖ്യമന്ത്രിയായിരിക്കുന്ന കാലത്ത് ഇക്കാര്യത്തിൽ ചെറിയൊരു നടപടിയെങ്കിലും സ്വീകരിച്ചിരുന്നുവെങ്കിൽ ഇന്നു കാണുന്ന ഈ നാണംകെട്ട പതനം ഒഴിവാക്കാമായിരുന്നു. അദ്ദേഹത്തിന്റെ അറിവോടുകൂടിയല്ലേ അന്ന് ഈ നാറിയ കഥകൾ മുഴുവൻ നടന്നിട്ടുള്ളത്, അദ്ദേഹം വിജിലൻസിന്റെ അധിപനായിരുന്നില്ലേ; ഓരോ ദിവസവും എല്ലാ കാര്യങ്ങളും അദ്ദേഹത്തിന്റെ മുമ്പിൽ വരുമായിരുന്നില്ലേ, അങ്ങനെയുള്ള അദ്ദേഹമാണ് ജുഡീഷ്യറിയുടെ മഹത്വത്തെക്കുറിച്ച് പറയുന്നത്. ഞാൻ അതിനെക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ല. പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതും കോടതിവിധിയും കാര്യങ്ങളുമൊക്കെ, എന്തിന് ഇനി ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. കോടതിയോട് കോൺഗ്രസ്സിന് എന്ത് ബഹുമാനമാണെന്ന് എല്ലാവരും മനസ്സിലാക്കണം. മഞ്ചേരിയിൽവച്ച് നടത്തിയ പ്രസംഗത്തിൽ അവസാനമാണ് അദ്ദേഹം ഇതു പറഞ്ഞത്. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിക്ക് വേണ്ടി വാദിക്കാൻ പോയ അവിടെ വച്ചാണ് ഇക്കാര്യങ്ങളെല്ലാം പറയുന്നത്. ഈ പഴയ കാര്യങ്ങളൊക്കെ ആരാണ് പുറത്തുകൊണ്ടുവന്നത്, ഞങ്ങളാണോ, ഇടതുപക്ഷമാണോ, പത്രക്കാരാണോ, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അല്ലേ? 28-ാം തീയതി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഒരു പത്രസമ്മേളനം നടത്തി കുറെ കാര്യങ്ങൾ പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഭാര്യാസഹോദരിയുടെ ഭർത്താവ് റൗഫ് അന്ന് വൈകുന്നേരം പത്രസമ്മേളനം നടത്തി അതിന് മറുപടിയും നല്കുകയുണ്ടായി. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഒരു പാറ്റവെടി വച്ചുവെങ്കിൽ റൗഫ് ഒരു ഉഗ്രൻ സ്ഫോടനമാണ് നടത്തിയത്. ആ സ്ഫോടനത്തിൽ ഞെട്ടിവിറച്ച് നമ്മുടെ പ്രതിപക്ഷ നേതാവ് പനിപിടിച്ച് കിടപ്പിലായിപ്പോയി. അതായത്, ഈ നാറിയ കഥകളെല്ലാം പെൺവാണിഭവും പെൺപീഡനവും തുടങ്ങി ഈ വഴിവിട്ട കാര്യങ്ങളെല്ലാം തന്റെ കാലത്ത് ഞാനുംകൂടി അറിഞ്ഞുകൊണ്ടാണല്ലോ നടന്നത്, ഈ കേസ് വീണ്ടും വന്നാൽ ഞാനടക്കം ചിലപ്പോൾ അതിൽ പ്രതിയായെന്നും വരുമെന്നുമാത്രമല്ല മറുപടി പറയേണ്ടി വരുമെന്നുള്ളതുകൊണ്ടാണ് ഇതൊക്കെ കേട്ടപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി ഞെട്ടിവിറച്ചത്. അത്

നിഷേധിക്കാൻ കഴിയുകയില്ല. പിന്നെ, ഗൂഢാലോചന നടത്തിയത് ആരാണെന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞിട്ടുണ്ട്; റൗഫും ശ്രീ. എം.കെ. മുനീറുമാണ് ഗൂഢാലോചന നടത്തിയത്. യു.ഡി.എഫ്.-ലെ ഒരു ഘടകകക്ഷി ആരാണെന്ന് പറയുന്നതിനുള്ള തന്റേടം കാണിക്കണം. എന്നാൽ യഥാർത്ഥത്തിൽ യു.ഡി.എഫ്.-ആണ് ഈ ഗൂഢാലോചനയ്ക്ക് പിന്നിൽ പ്രവർത്തിച്ചതെന്ന് പത്രങ്ങൾ വായിച്ചാൽ എല്ലാ ആളുകൾക്കും മനസ്സിലാകുന്ന കാര്യങ്ങളാണ്. ഇൻഡ്യാവിഷന്റെ ഡയറക്ടർ ബോർഡ് മെമ്പർമാർ ആരാണ്? ശ്രീ. പി. വി. ചന്ദ്രൻ എ.ഐ.സി.സി. മെമ്പറല്ലേ, കോൺഗ്രസ്സല്ലേ, അപ്പോൾ കോൺഗ്രസ്സിനും പങ്കാളിത്തമില്ലേ, നിഷേധിക്കാൻ കഴിയുമോ? അതുപോലെതന്നെശ്രീ. കെ. എം. മാണി (കേരള കോൺഗ്രസ്) യുടെ ഒരു പ്രതിനിധി കൂടിയുണ്ട് എന്നാണ് പത്രങ്ങൾ എഴുതിയത്. നിങ്ങളത് നിഷേധിച്ചുവെന്നത് ശരിതന്നെ. പക്ഷേ ഒരു പീറ്ററെക്കുറിച്ച് കേൾക്കുന്നുണ്ട്. ശ്രീ. കെ.എം.മാണിയുടെ അടുത്ത ആളാണെ ന്നൊക്കെ പറയുന്നുണ്ട്. അതുപോലെതന്നെ ഒളിക്യാമറ, ഇതിലെല്ലാം പറഞ്ഞിട്ടുള്ള കാര്യങ്ങൾ വച്ചുനോക്കിയാൽ യു.ഡി.എഫാണ്...

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, പോയിന്റ് ഓഫ് ഓർഡർ, ഇവിടെ അവാസ്തവ പ്രസ്താവനയാണ് നടത്തിയിട്ടുള്ളത്. ശ്രീ. കെ.സി.പീറ്റർ കേരള കോൺഗ്രസ്സുമായി ഒരു ബന്ധവുമില്ലാത്തയാളാണ്, അതിന്റെ പ്രാഥമി കാംഗത്വം പോലുമില്ലാത്തയാളാണ്. വസ്തുതാവിരുദ്ധമായി വെറുതെ ഇങ്ങനെ സംസാരിക്കുന്നത് രേഖയിൽ ഉണ്ടാകാൻ പാടില്ല. അത് രേഖയിൽനിന്നും നീക്കം ചെയ്യണം.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, പത്രങ്ങളിൽ വന്നിട്ടുള്ള കാര്യങ്ങളാണിത്. അത് ശ്രീ. കെ.എം. മാണി നിഷേധിച്ചോട്ടെ. പക്ഷെ അതെല്ലാം തെളിവായിവരാൻ പോകുകയാണ്. പഴയ കാര്യങ്ങളൊക്കെ ഇപ്പോൾ പുറത്തുവന്നുകൊണ്ടിരി ക്കുകയാണ്. കോടതിയിൽ കേസ് കൊടുത്ത പെൺകുട്ടികളുടെ മൊഴി മാറ്റിച്ചു. മറ്റൊന്ന്, കോടതിയിൽ വന്നിട്ടുള്ള കേസ് അനുകൂലമല്ല എന്നുവരുന്ന അവസരത്തിൽ ലക്ഷങ്ങൾ നൽകി കോടതി മാറ്റി, ഇതൊക്കെയാണ് ഇപ്പോൾ പുറത്തുവന്നിട്ടുള്ളത്. ജസ്റ്റീസുമാരായ കെ.നാരായണ കുറുപ്പ്, കെ. ടി. തങ്കപ്പൻ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ കെ. സി. പീറ്റർ എന്നിവരുമായുള്ള ദശലക്ഷക്കണക്കിനുള്ള ഇടപാടുകളല്ലേ ഇപ്പോൾ പുറത്തുവന്നിട്ടുള്ളത്. ഇതൊക്കെ പഴയ കാര്യമാണോ, ഇതിന്റെയടിസ്ഥാനത്തിലല്ലേ പുതിയ അന്വേഷണവും തെളിവുകളും വരാൻ പോകുന്നത്. അത് നിഷേധിക്കാൻ കഴിയുമോ? അത് എങ്ങനെയാണ് പഴയ കാര്യമാകുന്നത്. ഈ രീതിയിലുള്ള കാര്യങ്ങളാണ് ഇവിടെ വന്നുകൊണ്ടിരിക്കുന്നത്. ഇതിൽ ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയുടെ പങ്ക് എന്നിവയെല്ലാം കുറിച്ച് അന്വേഷിച്ച് വ്യക്തമായ തെളിവുകൾ കിട്ടിയിരി ക്കുകയാണ്. അന്വേഷണ സംഘം ഇതിനെക്കുറിച്ചും പെൺകുട്ടികളെക്കുറിച്ചും അന്വേഷണം നടത്തിയിട്ടുണ്ട്. പെൺകുട്ടികൾ ഇപ്പോഴും അന്നുനടന്നിട്ടുള്ള കാര്യങ്ങൾ അതായത് റൗഫ് പറഞ്ഞിട്ടുള്ള കാര്യങ്ങൾ എല്ലാം ശരിയാണെന്ന് സത്യസന്ധമാണെന്ന് റിപ്പോർട്ട് കൊടുത്തിരിക്കുകയാണ്. അതിന്റെ പേരിൽ പുതിയൊരു കേസും തിരുവനന്തപുരത്ത് വന്നിരിക്കുകയാണ്, അത് നിഷേധിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമോ? ഞാനതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഇതുസംബന്ധിച്ച് ഇന്ദ്രന്റെ ഒരു നിരീക്ഷണം ഇന്നലത്തെ മാതൃഭൂമി പത്രത്തിൽ വന്നിട്ടുണ്ട്. ഐസ്ക്രീം സിനിമ രണ്ടാം ഭാഗം, വായിച്ചിട്ടുണ്ടോ? എന്റെ പ്രിയപ്പെട്ട ലീഗ് സുഹൃത്തുക്കൾ ഇതൊന്ന് വായിച്ചുനോക്കണം. ഐസ്ക്രീം സിനിമയുടെ രണ്ടാം ഭാഗം, ആരാണ് ഇന്ദ്രൻ. മാതൃഭൂമി എന്നുപറഞ്ഞാൽ മഹാനായ ശ്രീ. വിരേന്ദ്രകുമാർ എം.ഡി. ആയിട്ടുള്ള പത്രമാണ്. ആ പത്രത്തിൽ സത്യം, സമത്വം, സ്വാതന്ത്ര്യം, എന്ന പേജിൽ സ്ഥിരമായി ലേഖനമെഴുതുന്ന ഒരു ലേഖകനാണ് ഈ ഇന്ദ്രൻ. ലീഗിനെ തകർക്കാൻ സി.പി.എം.-കാരോ സംഘപരിവാർകാരോ പി.ഡി.പി.ക്കാരോ ഒക്കെ ഇറങ്ങിത്തിരിക്കുന്നത് നമുക്ക് മനസ്സിലാക്കാം; പക്ഷേ കോഴിക്കോട്ടെ അര ഡസൻ പെണ്ണുങ്ങൾക്ക് എന്തിനായിരുന്നു ലീഗുവിരോധം എന്ന് ലീഗിന്റെ സംസ്ഥാന നേതാക്കൻമാർ വ്യക്തമാക്കണമെന്നാണ് അദ്ദേഹം പറയുന്നത്. ഞങ്ങളൊക്കെ പറഞ്ഞാൽ രാഷ്ട്രീയമായി എന്നു പറയാം. പക്ഷെ അരഡസൻ പെണ്ണുങ്ങൾ എന്ന് ഇന്ദ്രനാണ് പറയുന്നത്. മാർക്സിസ്റ്റു കാരനല്ല. അതുമാത്രമല്ല അദ്ദേഹം വീണ്ടും പറയുകയാണ്. ..... (ബഹളം).... ഒരു സ്ത്രീയുടെ നെഞ്ചത്തുതട്ടി എന്നൊരുപരാതി ഉണ്ടായാൽ മതി ലോക്കപ്പിൽ എത്താൻ. അര ഡസൻ പെണ്ണുങ്ങൾ ചാനലിലും പോലീസ് സ്റ്റേഷനിലും കോടതിയിലുമെല്ലാം കയറി പീഡനം ആരോപിച്ചിട്ടും ഒരു കേസിലും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പ്രതിയായില്ല. ഈവിധം ഇത്രയും കേസ്സു കളിൽനിന്നും തടിയൂരിയ മറ്റൊരാൾ ചരിത്രത്തിലില്ല. മന്ത്രിസ്ഥാനവും അധികാരവും പണവും ഒന്നിനും മടിക്കാത്ത കിങ്കരൻമാരുമുള്ളതുകൊണ്ടാണ് ഇതിൽനിന്നും രക്ഷപ്പെട്ടത്. ശ്രീ. വീരേന്ദ്രകുമാറും ഈ ഗൂഢാലോചനയിൽ പ്രതിയല്ലേ, മാതൃഭൂമിപത്രം അദ്ദേഹത്തിന്റെതാണല്ലോ; ഇൻഡ്യാവിഷൻ ഇതെല്ലാം നടത്തിയതുകൊണ്ട് ശ്രീ. എം.കെ. മുനീർ പ്രതിയാണെങ്കിൽ വിരേന്ദ്രകുമാറും പ്രതിയാകേണ്ടതല്ലേ! അദ്ദേഹത്തിന്റെ പത്രമല്ലേ ഇതു മുഴുവൻ പ്രചരിപ്പിക്കുന്നത്. യു.ഡി.എഫ്-ആണ് ഈ ഗൂഢാലോചന മുഴുവൻ നടത്തിയിട്ടുള്ളത്, അതുകൊണ്ട് യു.ഡി.എഫ്.-ഉം പ്രതിയാണെന്ന് അതാണ് ഞാൻ പറഞ്ഞത്. അതുമാത്രമല്ല ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിക്ക് എതിരെയെന്ന മട്ടിൽ കൊടുക്കുന്ന പല കേസ്സുകളും ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിതന്നെ ഒരു തന്ത്രത്തിന്റെ ഭാഗ മായി കൊടുത്തതാണെന്നും കൊടുപ്പിച്ചതാണെന്നും കഥയുണ്ട്. കേസ് കൊടു പ്പിക്കുന്നതിനേക്കാൾ പിൻവലിപ്പിക്കാനാണ് കൂടുതൽ ചെലവ് വരുന്നത്. വക്കീലന്മാർക്ക് മുടിഞ്ഞ ഫീസാണ്. ഒരു ഡസൻ കേസ് സുപ്രീം കോടതിയിൽ തന്നെയുണ്ടായിരുന്നു. ഇത്രയും പണം വല്ല വ്യവസായത്തിലും നിക്ഷേപിച്ചിരുന്നു വെങ്കിൽ വലിയ മുതലാളിയാകാമായിരുന്നു. ശ്രീ. സി. ടി. അഹമ്മദ് അലി, ഞങ്ങളല്ല ഇതു പറയുന്നത്, ശ്രീ. വീരേന്ദ്രകുമാറിന്റെ പത്രമാണ് പറയുന്നത്. അതുമാത്രമല്ല ...(ബഹളം).... ഇതും കൂടി കേൾക്കൂ. ആദ്യഭാഗത്തെ സഹനടനാണ് കൊടുംവില്ലനായി നായകനെതിരായി തിരിഞ്ഞിട്ടുള്ളത്. അദ്ദേഹം പതിനാലു വർഷം തിരശ്ശീലക്കു പിന്നിലായിരുന്നു.പക്ഷെ സഹനടന്റെ ഇപ്പോഴത്തെ ഭാവാ ഭിനയത്തിനുമുമ്പിൽ നായകൻ മുട്ടുമടക്കേണ്ടിവരും. റൗഫിന്റെ ഇപ്പോഴത്തെ പ്രകടനത്തിനുമുമ്പിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെന്ന നായകന് മുട്ടുമടക്കേണ്ടി വരുമെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നത് ഞങ്ങളല്ല, ഇന്ദ്രനാണ്;

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം മാതൃഭൂമി പത്രത്തിലെ നിരീക്ഷണ ലേഖനമെഴുതുന്ന ആളാണ്. ഇങ്ങനെ ധാരാളം കാര്യങ്ങളുണ്ടെങ്കിലും ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും കടക്കുന്നില്ല. അതുകൊണ്ട് പ്രിയപ്പെട്ട ലീഗ് സുഹൃത്തുക്കളോട് പറയാനുള്ളത് ഈ **** പേറി നിങ്ങൾ നടക്കരുത്. നിങ്ങളുടെ പാർട്ടി തകരാൻ പോകുകയാണ്. അല്ലെങ്കിൽ ഇയാളെ മാറ്റണം. എത്ര മാന്യന്മാരായ നേതാക്കൾ നിങ്ങളുടെ കൂട്ടത്തിലുണ്ട്. എന്താണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പോയാൽ താഴ്ന്നു പോകുമോ? മുസ്ലീം ലീഗ് തകർന്നുപോകുമോ? ശ്രീ. സി. ടി. അഹമ്മദ് അലിയെ പോലെയുള്ള ആളുകളില്ലേ, ഇല്ലെങ്കിൽ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയെ പോലെയുള്ള ആളുകളില്ലേ, ശ്രീ. പി. കെ. അബ്ദു റബ്ബിനെപോലെയുള്ള ആളുകളില്ലേ. എത്ര മാന്യന്മാരായ നേതാക്കൻമാരുണ്ട്. എന്തിന് ഈ *** വച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് നിങ്ങളുടെ ഈ നേതൃത്വത്തെ മാറ്റാൻ വേണ്ടി തയ്യാറാകണം. ഇവിടെ സ്മാർട്ട്സിറ്റിയെക്കുറിച്ചു പറഞ്ഞു. .... (ബഹളം).....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിൽ ഇല്ലാത്ത രാഷ്ട്രീയരംഗത്തെ സമുന്നതനായ നേതാവ്, എന്തെല്ലാം എതിർപ്പുകളുണ്ടായാലും അതെല്ലാം അവഗണിച്ചുകൊണ്ട് വീണ്ടും തിളങ്ങാൻവേണ്ടി പോകുന്ന നേതാവിനെ...

മി. ഡെപ്യൂട്ടി സ്പീക്കർ : പോയിന്റ് ഓഫ് ഓർഡർ എന്താണെന്നുപറയൂ.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : *** എന്ന് വിളിച്ചുപറഞ്ഞത് പിൻവലിക്കണം. അത് രേഖയിൽ നിന്ന് നീക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ : സഭ്യേതരമല്ലാത്തത് ഇവിടെ പറയേണ്ടതില്ല. .... (ബഹളം)... ഇല്ല, ഇല്ല. ഉണ്ടാകില്ലെന്ന് പറഞ്ഞല്ലോ. സഭ്യേതരമല്ലാത്തതൊന്നും ഉണ്ടാകില്ല.

ശ്രീ. കെ. കുഞ്ഞിരാമൻ : ഇതെല്ലാം ആലങ്കാരികമായിട്ടുള്ള പ്രയോഗമാണ്. ഇവിടെ സ്മാർട്ട് സിറ്റിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. യു.ഡി.എഫ്. സ്മാർട്ട് സിറ്റിക്ക് പാരവച്ചവരാണ്, ഇപ്പോഴാണ് അവർക്ക് ബോദ്ധ്യമായത്. ഇനി യു.ഡി.എഫ്. അധികാരത്തിൽ വരാൻ പോകുന്നില്ല, എൽ.ഡി.എഫ്.-ആണ് അധികാരത്തിൽ വരാൻ പോകുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്... അങ്ങ് അവസാനിപ്പിക്കണം. കഴിഞ്ഞല്ലോ?

ശ്രീ. കെ. കുഞ്ഞിരാമൻ : ഒരു മിനിട്ടുകൂടി വേണം. ഇപ്പോൾ അവർ വന്ന് കരാറൊപ്പിടാനും പദ്ധതി ആരംഭിക്കാനും .....(ബഹളം)...

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെക്കുറിച്ച് പറഞ്ഞത് രേഖയിലുണ്ടാകാൻ പാടില്ല.

*****സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം നീക്കം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : അതു പറഞ്ഞതല്ലോ. ചെയർ തന്നെ പറഞ്ഞതല്ലോ. അത് പാടില്ല എന്നും രേഖയിൽ ഉണ്ടാകില്ല എന്നും പറഞ്ഞു. വീണ്ടും വീണ്ടുമത് പറയേണ്ടതില്ല.

ശ്രീ. കെ. കുഞ്ഞിരാമൻ : എന്റേയും ശ്രീ. കെ.സി. ജോസഫിന്റേയും മണ്ഡലത്തിൽകൂടിപോകുന്ന മലയോര പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ശ്രീ. കെ.സി ജോസഫ് അല്ലേ പാര വച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ അനുയായിയായി ഒരു കോൺട്രാക്ടർ. .... (തടസ്സം).....

മി. ഡെപ്യൂട്ടി സ്പീക്കർ : അത് ശ്രീ കെ.സി. ജോസഫ് പറഞ്ഞോളും. അങ്ങനെ ഒരു തർക്കത്തിലേക്ക് പോകേണ്ട കാര്യമില്ല. അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ : ഇടതുപക്ഷ ജനാധിപത്യ മുന്നണി വീണ്ടും വീര്യത്തോടുകൂടി കേരളത്തിൽ അധികാരത്തിൽ വരാൻ പോവുകയാണെന്ന സത്യം നിങ്ങൾ ഓർക്കണം. ഇങ്ങനെ ഒരു പാരവയ്പ് .... (തടസ്സം).....

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങനെ പറയുന്നത് തെറ്റാണ്. അത് ശ്രീ. കെ. സി. ജോസഫ്-നോട് സംസാരിച്ച് തീർക്കാം. ഇങ്ങനെയൊന്നും സഭയിൽ പരസ്പരം പറയരുത്. അത് മോശമാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ : ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : പോയിന്റ് ഓഫ് ഓർഡർ, ശ്രീ. കെ. കുഞ്ഞിരാമൻ വളരെ സീനിയറായിട്ടുള്ള ആളാണ്. അദ്ദേഹത്തിന് പാർട്ടിക്കകത്ത് വളരെ സീനിയോരിറ്റിയുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ രണ്ട് പരാമർശങ്ങൾ വന്നിട്ടുണ്ട്. പക്ഷേ ഏത് വിഷയമാണെങ്കിലും രാഷ്ട്രീയമായി സംസാരിക്കാം അതിന് കുഴപ്പമില്ല. പക്ഷേ പച്ചതെറിയും പരമതെറിയും നമ്മുടെ നിയമസഭയിൽ പറയുന്നത് ശരിയാണോ; അത് വിഡ്രോ ചെയ്യുമെന്ന് അങ്ങ് പറഞ്ഞു. പക്ഷേ അത് നീക്കം ചെയ്തുവെന്ന് അങ്ങ് പറയേണ്ടതായിരുന്നു. അത് പറഞ്ഞിട്ടില്ല. ഞാൻ അങ്ങയെ ക്വസ്റ്റ്യൻ ചെയ്യുന്നില്ല. പക്ഷേ സഭ്യേതരമല്ലാത്ത കാര്യങ്ങളെക്കുറിച്ച് ഈ രൂപത്തിൽ പറയുന്നത് ശരിയാണോ; രണ്ടാമത്, ശ്രീ. കെ. സി ജോസഫിനെക്കുറിച്ച് ഒരു പരാമർശം പറഞ്ഞു. ശ്രീ. കെ. കുഞ്ഞിരാമൻ ഈ നിയമസഭയിൽ വരുന്നതിനുമുമ്പ് തന്നെ ശ്രീ. കെ.സി. ജോസഫ് മലയോര പാതയ്ക്കുവേണ്ടി ഏറ്റവും കൂടുതൽ ശക്തമായി വാദിച്ചത് ഈ സഭയിലെ റിക്കാർഡുകൾ പരിശോധിച്ചാലറിയാം. ശ്രീ. കെ.സി. ജോസഫ് അതിന് പാരവച്ചു എന്ന് പറയുന്നത് ശരിയായ കാര്യമല്ല. ഇതൊക്കെ തെരഞ്ഞെടുപ്പിന് വേണ്ടിയാണ് പറയുന്നത്. അതുകൊണ്ട് അങ്ങ് റൂൾ 307 അനുസരിച്ച് ഈ രണ്ട് കാര്യങ്ങളും വിഡ്രോ ചെയ്യണം. അത് രേഖയിൽ കാണുകയും ചെയ്യരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങനെയൊരു ചർച്ചയിലേക്ക് പോകുന്നത് ശരിയല്ല. വ്യക്തിപരമായ വിശദീകരണത്തിന് അവസരം കൊടുക്കാം. അദ്ദേഹം സംസാരിച്ച സമയത്തുതന്നെ അത് നീക്കം ചെയ്യും രേഖയിൽ ഉണ്ടാകുകയില്ലെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതാണ്. ശ്രീ. കെ. സി. ജോസഫിനെക്കുറിച്ച് പരസ്പരം സഭയിൽ ഇങ്ങനെ ആരോപണം ഉന്നയിക്കുന്നത് ശരിയല്ല. അതിനെക്കുറിച്ച് ശ്രീ. കെ. സി. ജോസഫിന് വേണമെങ്കിൽ അവസരം കൊടുക്കാം. പരസ്പരം ആരോപണ മുന്നയിക്കാൻ പാടില്ല, അത് ശരിയല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് ഇത് രേഖയിൽനിന്നും നീക്കം ചെയ്യണം. ഇത് അങ്ങയുടെ റൂളിംഗ് ആയി വരണം.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് പറഞ്ഞുകഴിഞ്ഞു. ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി ......

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. നാറിയവനെ പേറിയാൽ പേറിയവനും നാറും എന്നൊരു പഴഞ്ചൊല്ലുണ്ട്. ആ നാറ്റം ഇടതുപക്ഷത്തുനിന്ന് തുടങ്ങിക്കഴിഞ്ഞുവെന്ന് ശ്രീ. കെ. കുഞ്ഞിരാമന്റെ പ്രസംഗത്തോടെ എനിക്ക് ബോദ്ധ്യമായി. കഴിഞ്ഞ തവണ ഗവർണ്ണറെകൊണ്ട് വളരെ പ്രധാനപ്പെട്ട ധാരാളം പ്രഖ്യാപനങ്ങൾ നടത്തിയതുതന്നെ ഫ്രീസറിൽ സൂക്ഷിച്ച് അനാഥ പ്രേതംപോലെ കിടക്കുകയാണ്, ഉദാഹരണമായി, കോച്ച് ഫാക്ടറിയും കൊച്ചി മെട്രോയും ഇൻഡസ്ട്രിയൽ കോറിഡോർ മുതൽ ലാമിനേറ്റഡ് റേഷൻ കാർഡ്വരെ വെറും പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങി നില്ക്കുന്നുവെന്ന് മാത്രമല്ല ഇതുവരെ ഒന്നും തന്നെ നടപ്പിലാക്കിയിട്ടുമില്ല. ഈ ഗവൺമെന്റിന്റെ ആദ്യത്തെ സഭാ സമ്മേളനത്തിൽതന്നെ അറബിക് സർവ്വകലാശാല സ്ഥാപിക്കുമെന്ന പ്രഖ്യാപനം വന്നു, പക്ഷേ ഇപ്പോഴാകട്ടെ മലയാളം സർവ്വകലാശാല സ്ഥാപിക്കുമെന്ന പ്രഖ്യാപനവുംകൂടി വന്നിരിക്കുന്നു. ഇതൊക്കെ വെറും പ്രഖ്യാപനങ്ങൾ മാത്രമായി അവശേഷിക്കുകയാണ്. ഭാഷാ പഠനത്തെ കഴുത്തുഞെരിച്ചു കൊല്ലാനായി ഗ്രൂപ്പ് സി ഡൈവേർഷന്റെ ആനുകൂല്യം റദ്ദാക്കിക്കൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഈ സർക്കാർ ധൃതിപിടിച്ച് പാസ്സാക്കിയെടുത്ത സ്വാശ്രയ വിദ്യാഭ്യാസ നിയമത്തിന് മൃതസഞ്ജീവിനി കൊടുക്കാൻ പോലും 5 വർഷം കഴിഞ്ഞിട്ടും ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. 2 ജി സ്പെക്ട്രം അഴിമതിയെക്കുറിച്ച് സൂചിപ്പി ക്കുകയുണ്ടായി. ഈ സംസ്ഥാനത്തിന്റെ രണ്ട് പഞ്ചവത്സര പദ്ധതിക്ക് വിനിയോഗിക്കേണ്ട 80,000 കോടി രൂപ മെറ്റയാൾ തട്ടിയെടുത്ത് രാജ്യദ്രോഹത്തിനും തീവ്രവാദത്തിനുംവേണ്ടി ഉപയോഗിച്ചുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ഗവൺമെന്റിന് കത്തെഴുതിയത് ആരും പരാമർശിച്ചു കണ്ടില്ല. മദ്യക്കച്ചവടം സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്, 3,143 കോടി രൂപയുടെ മദ്യമാണ് വിറ്റഴിച്ചുകൊണ്ടിരുന്നത്, ഇനി അത് 6,500 കോടി രൂപയായി വർദ്ധിക്കുമെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. പഞ്ചായത്തീരാജ് നിയമത്തെ ഈ സർക്കാർ തകിടംമറിച്ചു, ചെക്ക് പോസ്റ്റുകളിലുണ്ടായിരുന്ന നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞ് യഥേഷ്ടം വ്യാജ സ്പിരിറ്റ് ഒഴുക്കി കേരളം മദ്യലോബികളുടെ മേഖലയായി മാറിക്കൊണ്ടിരിക്കുകയാണ്. അതോടൊപ്പം തന്നെയാണ് വളരെ രസകരമായ സംഭവംകൂടി ഇപ്പോൾ പുറത്തുവന്നിട്ടുള്ളത് ; കല്ലുവാതുക്കൽ വിഷമദ്യ ദുരന്തം മുൻപ് അട്ടിമറിക്കാൻ ശ്രമിച്ചത് ഇപ്പോഴത്തെ മുഖ്യമന്ത്രി യായിരുന്നുവെന്ന് സി.പി.എം. നേതാവ് ശ്രീ. പി. ശശി വെളിപ്പെടുത്തുന്നതോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴത്തെ വിഷമദ്യ ദുരന്തത്തിന്റേയും കാരണക്കാരനെ ഏറെ തേടേണ്ടി വരുന്നില്ല. പ്രതിരോധ മന്ത്രി ശ്രീ. എ. കെ. ആന്റണി കേന്ദ്ര ഗവൺമെന്റിൽനിന്നും സഹായം ലഭ്യമാക്കിയതുകൊണ്ടാണ് കേരളത്തിൽ വ്യവസായം പിടിച്ചു നില്ക്കുന്നത്. ബ്രഹ്മോസും സിഡാലും ഇൻഡ്യൻ നേവിയുമൊക്കെ സഹായിക്കാൻ ഇല്ലായിരുന്നുവെങ്കിൽ വ്യവസായ വകുപ്പിന്റെ ശവദാഹംതന്നെ നടക്കുമായിരുന്നു. സ്മാർട്ട് സിറ്റിയുടെ കാര്യത്തിൽ ഗവൺമെന്റിന്റെ നേട്ടമായി വലിയ വമ്പു പറയുന്നുണ്ട്. 24-1-2002-ലെ ഇൻഡ്യൻ എക്സ്പ്രസ് പത്രത്തിൽ പറയുന്നത് .....held extensive discussions with Dubai Crown Prince and UAE Minister for Defence General Sheikh Mohd. Bin Rashid Al Makt regarding development of IT in Kerala. Union Minister of State for Communications & IT Tapan Sikdar was present on the occasion. Kunhalikutty also held talks with Dubai Internet City top leaders seeking their co-operation for the development of Software and IT industries in the State. .... ഇത് 2002 ജനുവരി മാസത്തിലെ പത്രമാണ്. അതിനുശേഷം ഇവിടെ എന്താണ് നടന്നത് എന്നറിയാം. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ ബിനാമിയാണ് ടീ-കോം, ദുബായ് ഗവൺമെന്റുമായി ബന്ധമില്ല എന്നാണ് അന്ന് പറഞ്ഞത്. ഇപ്പോൾ ഒപ്പുവയ്ക്കാൻ വന്നയാൾ ഷേക്ക് അഹമ്മദ് താഹിർ ആണ്. ഗവൺമെന്റിന്റെ പ്രതിനിധിയാണ്. എത്ര തവണ മുഖ്യമന്ത്രി കേരളത്തിലെ ജനങ്ങളെ വഞ്ചിച്ചു? എന്നുമാത്രമല്ല, അന്ന് സ്മാർട്ട് സിറ്റിക്ക് വിട്ടുകൊടുക്കുന്ന ഭൂമി സ്പെഷ്യൽ എക്കണോമിക് സോണിൽ ഉൾപ്പെടുത്തുമെന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞിട്ടുണ്ട്. പിന്നീട്വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അതിൽനിന്നും മാറി ഇപ്പോൾ വീണ്ടും സ്പെഷ്യൽ എക്കണോമിക് സോണിലേക്ക് തിരിച്ചുവരുന്നുവെന്ന തിനപ്പുറം അത്ഭുതങ്ങൾ ഒന്നും നടന്നിട്ടില്ല. സ്മാർട്ട് സിറ്റി പദ്ധതി യഥാസമയം നടപ്പിലാക്കാത്തതിനാൽ ലക്ഷക്കണക്കിന് തൊഴിൽ സാദ്ധ്യതകളും കോടിക്കണക്കിന് രൂപയുമാണ് ഈ 5 വർഷംകൊണ്ട് കേരളത്തിന് നഷ്ടപ്പെട്ടതെന്ന സത്യത്തെ നമുക്കാർക്കും വിസ്മരിക്കാൻ കഴിയുകയില്ല. അതോടൊപ്പംതന്നെ വേറെ ചില പരാമർശങ്ങളും ഇവിടെ നടത്തുകയുണ്ടായി. ചരിത്രത്തിലെ സുവർണ്ണ കാലഘട്ടമെന്നാണ് കേരളത്തിലെ ഭരണത്തെക്കുറിച്ച് പറയുന്നത്. ചരിത്രത്തിലെ സുവർണ്ണ കാലഘട്ടം അല്ല നേരെമറിച്ച് ഇത് വ്യാജന്മാരുടെ സുവർണ്ണ കാലഘട്ടമാണ്. കേരളത്തിന്റെ അവസ്ഥ എന്താണ്? കേരളത്തിൽ ലോട്ടറി വ്യാജമാണ്, മദ്യം വ്യാജമാണ്, പട്ടയം വ്യാജമാണ് മരുന്ന് വ്യാജമാണ്, നിയമനം വ്യാജമാണ്; ഏറ്റവുമൊടുവിൽ പൊതുപ്രവർത്തകന്മാരെ അവഹേളിക്കാൻ വ്യാജ രേഖകളുണ്ടാക്കുന്ന ജോലിയും മുഖ്യമന്ത്രിയുടെ ആഫീസ് ആരംഭിച്ചി രിക്കുന്നുവെന്ന ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഇത് ലജ്ജാകരമാണ്. നമ്മുടെ രാജ്യത്ത് ജീവപര്യന്തം തടവിനുപോലും ഒരാൾ ശിക്ഷിക്കപ്പെട്ടാൽ അയാൾക്ക് 12 വർഷത്തെ പീഢനമേ ലഭിക്കുകയുള്ളു. എന്നാൽ 15 വർഷമായി ഒരു പൊതുപ്രവർത്തകനെ നിരന്തരമായി പീഡിപ്പിക്കുക

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറയുന്നത് ഏത് അർത്ഥത്തിലാണ്? അദ്ദേഹത്തിനെതിരെ ഇവിടെ പ്രയോഗിച്ച പദങ്ങൾ എന്തൊക്കെയാണെന്ന് നിങ്ങൾ ആലോചിക്കണം. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഒരു കേസ്സിലും വാദിയുമല്ല, പ്രതിയുമല്ല, സാക്ഷിയുമല്ല. വളരെ വ്യക്തമായി കോടതികൾ പല തവണ ഇക്കാര്യം പരാമർശിച്ച ഒരു വ്യക്തിയെ ഇതേപോലെ പരാമർശിക്കുന്നത് ലജ്ജാകരമാണ്.

ശ്രീ. പി. കൃഷ്ണപ്രസാദ് : ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയുടെ പേരിൽ ജുഡീഷ്യൽ തീരുമാനപ്രകാരം തിരുവനന്തപുരം കോടതി നിശ്ചയിച്ചതനുസരിച്ച് പ്രതിയായി പോലീസ് കേസ് രജിസ്റ്റർ ചെയ്തുവെന്ന് പത്രത്തിൽ വന്നതാണ്. നമ്മളൊക്കെ വായിച്ചതാണ്. പ്രതിയല്ല എന്ന് പറയുന്നത് ഓർഡറിലാണോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : അങ്ങേയ്ക്ക് അങ്ങനെയൊരു സംശയമുണ്ടെങ്കിൽ ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. വളരെ കൃത്യമായി ട്രയൽ സ്റ്റേജിലും ഇൻവെസ്റ്റിഗേഷൻ സ്റ്റേജിലുമായി 14 കേസ്സുകളാണ് കോടതിയുടെ മുൻപിൽ എത്തിയിട്ടുള്ളത്. സുപ്രീം കോടതിയിൽ പല തവണ കയറിയിറങ്ങി യിട്ടുണ്ട്. സുപ്രീം കോടതിയിൽ ജസ്റ്റീസ് വി.കെ. ബാലിയും ജസ്റ്റീസ് കുര്യൻ ജോസഫും അടക്കം വിധി നല്കിയിട്ടുണ്ട്. ഈ പറഞ്ഞ ജസ്റ്റീസ് തങ്കപ്പനും ജസ്റ്റീസ് കുറുപ്പും മാത്രമല്ല. ഇവരുടെ രണ്ടുപേരുടേയും വിധി ഞാൻ വായിക്കാം.– We have heard the learned counsel appearing for the petitioner and also examined the records of the case. I find no material brought on record that may even remotely suggest any favour having been done to Kunhalikutty.....

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ശശികുമാർ]

ഇനി നിങ്ങൾക്ക് എന്താണ് വേണ്ടത്? ഇത് ജസ്റ്റീസ് തങ്കപ്പന്റെ വിധിയല്ല, എൽ.ഡി.എഫ്.-ന്റെ കാലഘട്ടത്തിലാണ് ഈ അന്വേഷണങ്ങൾ നടത്തിയിട്ടുള്ളത്. സമയം അനുവദിക്കുമെങ്കിൽ ഈ പതിനാല് കേസ്സുകളിലുമുണ്ടായ വിധിയും ഞാൻ സഭയിൽ വായിക്കാം. ഒരിടത്തും ഒരു വാക്കുപോലും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കെതിരായി പരാമർശിച്ചിട്ടില്ല. അധികാരത്തിന്റെ പിൻബലം ദുർവ്യയം ചെയ്യുമെന്ന ആരോപണം ഭയന്ന് അദ്ദേഹം അന്ന് മന്ത്രിസ്ഥാനം പോലും രാജിവയ്ക്കുകയും പാർട്ടിയുടെ ഔദ്യോഗികസ്ഥാനം ഒഴിയുകയും ചെയ്തിട്ടുണ്ട്. ഒടുവിൽ വർദ്ധിത ശക്തിയോടുകൂടി പാർട്ടിയുടെ നേതൃസ്ഥാന മേറ്റെടുത്ത് കേരളത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ കക്ഷിയാക്കി ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിനെ മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നു മാത്രമല്ല, പാർട്ടിയിൽ മത്സരിച്ച വനിതാ സ്ഥാനാർത്ഥികൾ ഏറ്റവും കൂടുതൽ വിജയിപ്പിച്ച പാർട്ടിയെന്ന് ഇലക്ഷൻ കമ്മീഷൻ പറയുന്നിടത്തേക്ക് പാർട്ടി വളർന്നുകഴിഞ്ഞു. ഇത്തരമൊരു സാഹചര്യത്തിൽഅസൂയപൂണ്ടവരാണ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ പേരിൽ ദുരാരോപണമുയർത്തിക്കൊണ്ട് രംഗത്ത് വന്നിരിക്കുന്നത്. ഇൻഡ്യാവിഷൻ ചാനലിനോടൊപ്പം ഇന്ന് കള്ളനോട്ടു കേസിലും രാജ്യദ്രോഹകുറ്റത്തിനും വ്യാജരേഖ നിർമ്മിച്ചതിനുമൊക്കെ ജയിൽ ശിക്ഷയനുഭവിച്ച റൗഫ് എന്നുപറയുന്ന ഒരാൾ, അദ്ദേഹത്തേയും

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടിച്ചേർത്തിട്ടാണ് അവർ വെളിപ്പെടുത്തിയിട്ടുള്ളത്. ഞാൻ നികേഷിനെ കണ്ടുവെന്നാണ് റൗഫ് പറയുന്നത്, നികേഷ് ഇൻഡ്യാവിഷന്റെ ബഷീറിനെ പരിചയപ്പെടുത്തുകയും ബഷീറാണ് പീറ്ററെ ഇൻട്രൊഡ്യൂസ് ചെയ്തിട്ടുള്ളത്. ഞങ്ങൾ ജസ്റ്റീസ് തങ്കപ്പന്റെ അടുത്തുപോയി, ആ പണം കൊടുത്തതിന് ഞാൻ സാക്ഷിയല്ല, ജസ്റ്റീസ് തങ്കപ്പന് അഡീഷണൽ അഡ്വക്കേറ്റ് ജനറലാണ് കൊടുത്തത്. ജഡ്ജി നാരായണക്കുറിപ്പിന് കൈയിൽ കൊടുത്തില്ല, പക്ഷേ മരുമകന്റെകയ്യിലാണ് കൊടുത്തത് എന്നുതുടങ്ങി ഇങ്ങനെ ലജ്ജാകരമായ വാർത്ത സൃഷ്ടിച്ചവർ ഒരു കാര്യമോർക്കണം, പതിമൂന്ന് ജഡ്ജിമാരാണ് ഈ കേസിന് വിധി പറഞ്ഞത്. ചീഫ് ജസ്റ്റീസ് ബാലി, ചീഫ് ജസ്റ്റീസ് അഗർവാൾ, ജസ്റ്റീസ് സിറിയക് ജോസഫ്, ജസ്റ്റീസ് ജയിൻ തുടങ്ങി പതിമൂന്ന് ചീഫ് ജസ്റ്റീസുമാരുടെ ഉയരങ്ങളിലേക്ക് എത്തിയ ഇവരൊക്കെതന്നെ പണം വാങ്ങിയെന്നാണോ നിങ്ങൾ പറയുന്നത്. ഏത് അർത്ഥത്തിലാണ് ഈ ആരോപണമെന്ന് ഞങ്ങൾക്കറിയണം ഏറ്റവും ഒടുവിലെ ഒരു വിധികൂടി വായിക്കാം. ജസ്റ്റീസ് സി.ജെ. സുഭാഷ് റെഡ്ഡിയും ജസ്റ്റീസ് സിറിയക് ജോസഫും പറയുന്നത്: The verdict of the Supreme Court is final and binding and no person or body can be allowed to take the aid of public interest litigation system to either make an exercise or pass any orders resulting an affront to the final verdict of the Supreme Court. ഈ കേസ്സിൽ ഇനിയൊരു അന്വേഷണം നടത്തുന്നത് സുപ്രീം കോടതിയെ അപമാനിക്കുന്നതിനും അവഹേളിക്കുന്നതിനും തുല്യമാണ്. തിരുവനന്തപുരത്തെ കോടതി ആ അവഹേളനമാണ് നടത്തുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. തിരുവനന്തപുരത്ത് ആരാണ് സാക്ഷി പറയുന്നത്? കഴിഞ്ഞ തവണ കേസ് നടത്തി തോറ്റവരാണ് സാക്ഷി പറയുന്നത്. ഒന്നാമത്തെ സാക്ഷി റൗഫ്, രണ്ടാമത്തെ സാക്ഷിയോ അജിത, ഇനി ഒരാളെകൂടി ചേർത്താൽ മതി, ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. വി. എസ്. അച്ചുതാനന്ദനും സുപ്രീം കോടതിയിൽ പോയിരുന്നു. എന്തിനാണ്? ബെസ്റ്റ് ബേക്കറി കേസ്സിന് സമാനമായി ഇതിനെ കാണണം. ബെസ്റ്റ് ബേക്കറി കേസ്സിൽ എന്താണ് സുപ്രീം കോടതി പറഞ്ഞത്? അത്യപൂർവങ്ങളിൽ അത്യപൂർവമായ വംശഹത്യയും നരഹത്യയും നടന്ന കേസ്സിനോട് ഇത് തുലനം ചെയ്യുമോ? സുപ്രീംകോടതി ജഡ്ജിമാരടക്കം പലതവണ തള്ളിയ ഒരു കേസ് പേറിയിട്ട് ലജ്ജാകരമായ പരാമർശം ഈ സഭയിൽ പറയാൻ ശ്രീ. കെ. കുഞ്ഞിരാമനെപ്പോലുള്ളവർക്ക് നാണമില്ലല്ലോ! അതുകൊണ്ടാണ് നിങ്ങൾ നാറിയിരിക്കുന്നുവെന്ന് ഞാൻ ആദ്യമേ പറഞ്ഞിട്ടുള്ളത്. അന്നത്തെ ഐസ്ക്രീം കേസ്സിൽ നിങ്ങൾ ആരെയൊക്കെയാണ് പ്രതി ചേർത്തിട്ടുള്ളത്. ഇപ്പോഴത്തെ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റ്, മാർക്സിസ്റ്റ് പാർട്ടിയുടെ നേതാവ് ദാസൻ-ടി. പി. ദാസനെ നിങ്ങൾക്ക് ഓർമ്മയില്ലേ-കേസിലെ പ്രതിയായിരുന്നു. മറ്റൊന്ന്, സഖാവ് രാജഗോപാൽ പ്രതിയായിരുന്നു. ആരായിരുന്നു അന്നത്തെ മുഖ്യമന്ത്രി? ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ അന്നത്തെ മുഖ്യമന്ത്രി ഇ. കെ. നായനാർ ആയിരുന്നു. ഇ. കെ. നായനാർ തന്റെ കൂടെ നിൽക്കുന്ന പാർട്ടി നേതാക്കൻമാരെ പ്രതിയാക്കിയിട്ട് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ മാറ്റിനിർത്തിയെന്ന് അപ്പുറത്തിരുന്നുപറയാൻ ശ്രീ. വി. എസ്. അച്ചുതാനന്ദന് നട്ടെല്ലുണ്ടോ എന്നാണ് നമുക്കറിയേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭ അറിയട്ടെ, അന്ന് അങ്ങനെ ഇ. കെ. നായനാർ ചെയ്തുവെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? നിങ്ങൾക്ക് അങ്ങനെ പറയാൻ കഴിയുകയി ല്ലെന്നുമാത്രമല്ല, നിങ്ങളുടെ കാലഘട്ടത്തിൽ കേരളത്തിലെ രണ്ടു പ്രഗത്ഭരായ പോലീസ് ഉദ്യോഗസ്ഥരായ ശ്രീ ജേക്കബ് പുന്നൂസും ശ്രീ ശേഖർ മിനിയോടൻ-ഉം സുപ്രീം കോടതിക്ക് ഒരു അഫിഡവിറ്റ് കൊടുത്തിട്ടുണ്ട്. ആ അഫിഡവിറ്റ് വേണമെങ്കിൽ ഞാൻ വായിക്കാം. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയുടെ പേര് ഒരിടത്തുപോലും പരാമർശിക്കാൻ നിങ്ങൾക്ക് കഴിയുകയില്ല. ഞങ്ങൾ എല്ലാ ഇൻവെസ്റ്റിഗേഷനും നടത്തി, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ പേര് എവിടേയുമില്ല. ഞാൻ ചോദിക്കട്ടെ, നിങ്ങൾ ഇൻഡ്യയിലെ ശരാശരി പൗരന്മാരല്ലേ, അപ്പുറത്തിരിക്കുന്ന നിങ്ങളും ഞങ്ങളും ഈ രാജ്യത്തിലെ നിയമനിർമ്മാണത്തെ മാനിക്കേണ്ടവരല്ലേ, നമുക്കൊരു മാന്യതയില്ലേ? ഇൻഡ്യയിലെ ഒരു പൗരൻ ആരെയാണ് മാനിക്കേണ്ടത്? അതായത്, നമ്മുടെ കോടതികളെ മാനിക്കണം. ഹൈക്കോടതിയേയും സുപ്രീം കോടതിയേയും മാനിക്കണം. ഇൻവെസ്റ്റിഗേഷൻ സ്റ്റേജിലും ട്രയൽ സ്റ്റേജിലും സുപ്രീം കോടതിവരെ പോയിട്ട് ഒരു വരിപോലും പരാമർശിക്കാത്ത ഒരു കേസ്സിനെക്കുറിച്ച് നിയമ നിർമ്മാണ സഭയിലിരിക്കുന്ന നിങ്ങൾ സംസാരിക്കുന്നത് ലജ്ജാകരമാണ്. എന്താണ് ഇതിന്റെ അർത്ഥം? ഒരു പൊതുപ്രവർത്തകനെ തേജോവധം ചെയ്യുന്നതിന് അതിരുകളുണ്ടാകണം. ആ അതിരുകൾക്കപ്പുറത്തേയ്ക്ക് പോകരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് രാഷ്ട്രീയമായിട്ടാണെന്ന് നമുക്കറിയാമെങ്കിലും രാഷ്ട്രീയമായിട്ട് പൊരുതി പല തവണ ഫർദർ ഇൻവെസ്റ്റിഗേഷൻ നടത്തി മൊഴിമാറ്റമുണ്ടായി എന്ന കേസ് കോടതിയിലും വന്നതാണ്. ആ മൊഴിമാറ്റമുണ്ടായി എന്ന കേസ് കോടതിയിൽ വന്നിട്ട് അതും നിരസിക്കുകയുണ്ടായി. അവസാനം ശ്രീ ജേക്കബ് പുന്നൂസിനെകൂടി പ്രതി ചേർക്കണമെന്ന് പറഞ്ഞ് ശ്രീമതി ജമീലാ മാങ്കാവ് ഒരു കേസുകൂടി കൊടുക്കുകയുണ്ടായി. അതും നടന്നില്ല, നിങ്ങളുടെ മനഃസാക്ഷി എവിടെയാണ്? നിങ്ങൾക്ക് നിങ്ങളുടെ ഈ നാടകം ഇനി നടത്താൻ കഴിയുകയില്ല. ഒടുവിലാണ് ഒരു ഗൂഢാലോചനയുമായി വന്നിട്ടുള്ളത്. ആരാണ് ഗൂഢാലോചന നടത്തിയത്? റൗഫ്-ആണ് ഗൂഢാലോചന നടത്തിയത്.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്,

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി റൗഫിനുവേണ്ടി വഴിവിട്ടു ചെയ്തുകൊടുത്തുവെന്നാണ് പറയുന്നത് റൗഫിനുവേണ്ടി വഴിവിട്ടുചെയ്തുകൊടുത്തുവെന്ന അർത്ഥത്തിലല്ല ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞത്. നിങ്ങൾ അത് ട്വിസ്റ്റ് ചെയ്തപ്പോൾ അദ്ദേഹം വിശദീകരിച്ചു. ഒരു ബന്ധുവെന്ന നിലയിൽ ഒരു മന്ത്രിയായ എന്റെ വിലപ്പെട്ട സമയം സംസാരിക്കാൻവേണ്ടി ചെലവഴിച്ചതുപോലും വഴിവിട്ട മാർഗ്ഗമായി ഒരു പൗരനെന്ന നിലയിൽ ഞാൻ കാണുന്നു, ഞാൻ കേരളീയ സമൂഹത്തോട് മാപ്പ് ചോദിക്കുന്നു, ഇങ്ങനെ ഒരു ഉത്തരവാദപ്പെട്ട ജനനേതാവ് ഉയർന്ന നിലവാരത്തിലേക്ക് ചിന്തിക്കുമ്പോൾ അതിനെപ്പോലും വിലകുറച്ച് പറയരുതെന്നാണ് എന്റെ അഭിപ്രായം. അപ്പുറത്തിരിക്കുന്നവർ എല്ലാവരും ഈ കൂട്ടുകെട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

പങ്കാളികളല്ലെന്ന് എനിക്കറിയാം. എങ്കിലും ചിലയാളുകൾ അതിനുവേണ്ടി കച്ചകെട്ടി ഇറങ്ങിയിരിക്കുകയാണ്. ഞാൻ കൈയാമം വയ്ക്കുമെന്ന് വിളിച്ചു കൂവുന്നുമുണ്ട്. പക്ഷേ കിളിരൂർ സംഭവത്തിൽ കൈയാമം വയ്ക്കണ്ടേ?

മി. ചെയർമാൻ : അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഞാൻ ചുരുക്കുകയാണ്. അവർക്ക് കൊടുത്ത സമയം എനിക്കുകൂടി കിട്ടണം. യഥാർത്ഥത്തിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ കേസ് സുപ്രീം കോടതിവരെ പോയതാണ്. അദ്ദേഹത്തിന്റെ പേര് എവിടേയും പരാമർശിച്ചിട്ടില്ല. ശ്രീ. പി. ശശിയുടെ ഞരമ്പ് രോഗത്തിന് ചികിത്സിക്കണ്ടേ, നിങ്ങൾക്ക് അതിന് ബാദ്ധ്യതയില്ലേ; നിങ്ങളെന്താണ് ആ ജോലി ഏറ്റെടുക്കാത്തത്? കൈരളി ചാനൽ പുറത്തുകൊണ്ടുവന്ന സാക്ഷിയുണ്ടായിരുന്നല്ലോ? നിങ്ങളുടെ ഒരു ഉത്തരവാദപ്പെട്ട പാർട്ടി നേതാവ്, ഞാൻ സഹോദരിക്ക് തുല്യം സ്നേഹിക്കുന്ന വനിതാ എം.എൽ.എ.-യോടുള്ള പെരുമാറ്റം, ആ നിങ്ങളാണോ ഞങ്ങളെ മര്യാദ പഠിപ്പിക്കേണ്ടത്. എതിർ പാർട്ടിയിൽ രാഷ്ട്രീയ രംഗത്ത് വർദ്ധിച്ച ശക്തിയോടു കൂടിതിരിച്ചുവരുന്നവരെ തേജോവധം ചെയ്തു തകർക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

മി. ചെയർമാൻ : അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കൂ,

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : ഞാൻ പ്രസംഗം ചുരുക്കുകയാണ്. ഈ രീതിയിൽ അപമാനിക്കാൻ ശ്രമിക്കുന്ന നിലപാടിനോടൊരിക്കലും അനുകൂലിക്കാനാവില്ല. നിയമസഭാ തെരഞ്ഞെടുപ്പിലും തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലും മുസ്ലീം ലീഗിനോട് പൊരുതി, പരാജയത്തിന്റെ കൈപ്പുനീര് കുടിച്ച്, അപ്പുറത്ത് കൂടെയിരുന്ന എം.എൽ.എ.-മാർ വരെ മുസ്ലീം ലീഗിലേക്ക് ഒഴുകുന്നതു കാണുമ്പോൾ സ്വീകരിച്ച ഈ വൃത്തികെട്ട മാർഗ്ഗംനീചമാണ്, ഇത് വ്യക്തിഹത്യയാണ്. കപ്പിത്താനെ നിഷ്ക്രീയനാക്കിയാൽ കപ്പൽ തകർക്കാമെന്നാണ് നിങ്ങൾ കണക്കുകൂട്ടുന്നതെങ്കിൽ ലക്ഷക്കണക്കിന് മുസ്ലീം ലീഗ് പ്രവർത്തകരുടെ കരൾച്ചോരകൊണ്ട് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക് പ്രതിരോധം തീർക്കാൻ ഞങ്ങൾക്ക് കഴിയുമെന്ന ആത്മവിശ്വാസം ഞങ്ങൾക്കുണ്ടെന്ന് ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ വളരെ സന്തോഷത്തോടുകൂടി പിന്താങ്ങുകയാണ്. എന്റെ സംസാരം തുടങ്ങുന്നതിനുമുമ്പ് ഒന്നുപറയട്ടെ, ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി മെമ്പർ ഇത്രയധികം വികാരം കൊണ്ടാൽ ഷുഗറും പ്രഷറുമൊക്കെ വന്ന് വലിയ അസുഖം വരുമെന്ന് ഓർമ്മപ്പെടുത്തുകയാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ ഒരു വിഷയം ദൃശ്യ-മാധ്യമങ്ങളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും എല്ലാ യോഗങ്ങളിലും ഈ സമൂഹത്തിൽ വളരെയേറെ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിന്

LIBRARY ARCHIVES Kerala Legislative Assembly

ആരാണ് തുടക്കമിട്ടതെന്ന് ഞാൻ അദ്ദേഹത്തോട് വളരെ മാന്യമായി ചോദിക്കുകയാണ്. ബഹുമാനപ്പെട്ട ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി തന്നെയല്ലേ ഇത് തുടങ്ങിവച്ചത്, തുടങ്ങിവച്ചപ്പോൾ മച്ചാനും മച്ചാനും ആയിരുന്നവരല്ലേ ഇതിന് മറുപടി പറഞ്ഞിട്ടുള്ളത്. പണ്ട് ഈ റൗഫ് എന്നുപറയുന്ന സഹോദരൻ എത്രയോ ഇഷ്ടപ്പെട്ട ആൾ ആയിരുന്നു. വർഷങ്ങൾ ഇത്രയും കടന്നുപോയി റെജീനയുടെ ചില വെളിപ്പെടുത്തലുകളെപ്പറ്റി ഒക്കെ പറഞ്ഞ് തമ്മിൽ തെറ്റിയപ്പോഴാണ് പങ്ക് കച്ചവടക്കാർ തമ്മിൽ പിണങ്ങുമ്പോൾ ഉണ്ടാകുന്നതുപോലുള്ള പ്രശ്നങ്ങൾ ഇവിടെ വന്നിട്ടുള്ളതെന്നുള്ളത് യാഥാർത്ഥ്യമല്ലേ? ഒരിക്കലും രോഷം കൊള്ളാൻ വേണ്ടിയല്ല പറയുന്നത്, നല്ല നേതാക്കന്മാരാകണം, ഇതുപോലെ വേറെയാരെപ്പറ്റിയും പറയുന്നില്ലല്ലോ; അങ്ങനെ പറയാത്തത് എന്തുകൊണ്ടാണ് ? റെജീനയുടെ വെളിപ്പെടുത്തലുകൾ വർഷങ്ങൾക്ക് മുമ്പേ ഞങ്ങളും കേട്ടുകൊണ്ടിരിക്കുകയാണ്. ഒരു ചാനലിൽ ഒന്നുവന്നുപറയും. പെട്ടെന്നുതന്നെ മാറ്റിപറയും. ഒരു നയാപൈസയ്ക്കും മാർഗ്ഗമില്ലാത്ത റെജീന എങ്ങനെയാണ് ഇത്ര വലിയ വീട് വച്ചതും കാറും മറ്റ് സൗകര്യങ്ങളും ഉണ്ടാക്കിയതെന്നുമുള്ളതിന്റെ പിന്നിലെന്ന് പരിശോധിക്കേണ്ടതല്ലേ. ഈ ആരോപണങ്ങളെല്ലാം വരുമ്പോഴും ഈ പെൺകുട്ടി സാമ്പത്തികമായിട്ട് ഉയർന്നുയർന്നു വരുന്ന ഒരു സാഹചര്യമല്ലേയുണ്ടായത്. പിന്നെ സുപ്രീം കോടതിയെയൊക്കെ കളിയാക്കുന്ന തരത്തിലേക്കാണ് ഈ പ്രശ്നം കൊണ്ടുവന്നതെന്ന് പറയുന്നു. ഏത് കോടതികളുടെ മുമ്പിലായാലും തെളിവുകളുടെ അടിസ്ഥാനത്തിലാണല്ലോ കേസ്സെടുക്കുന്നത്. ക്രിമിനൽ കേസിൽ എപ്പോഴും അറിയാവുന്നതല്ലേ, നമ്മൾ കൊടുക്കുന്ന മൊഴിയും സാഹചര്യ തെളിവുകളും ചേർത്തുകൊണ്ടല്ലേ കേസ്സിന്റെ വിധി പറയുന്നത്. മൊഴി കൊടുക്കരുതെന്ന് പറഞ്ഞ് മുദ്രപ്പത്രങ്ങളിൽവരെ എഴുതി വാങ്ങിച്ചുകൊണ്ട് ലക്ഷക്കണക്കിന് രൂപ കൊടുത്തുവെന്നല്ലേ ഇക്കഴിഞ്ഞ ദിവസങ്ങളിലൊക്കെ വെളിപ്പെട്ടുവന്നിട്ടുള്ളത്. ഇതെല്ലാം പരിശോധിക്കണം. നിശ്ചയമായിട്ടും നാട്ടിലെ ജനങ്ങൾ ഇതെല്ലാം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ഞങ്ങൾവരും അല്ലെങ്കിൽ അടുത്തതിന് നിങ്ങൾ തോൽക്കും എന്നൊന്നുമല്ല ഞാൻ പറയുന്നത്. ഈ നാട്ടിലെ ജനങ്ങൾ ഇതെല്ലാം പരിശോധിക്കണം. നല്ല ഭരണമുണ്ടാകണം. പെൺവാണിഭ സംഘങ്ങളോ, പെൺകുട്ടികളെ പീഡിപ്പിക്കുന്നവരോ അല്ല ഇവിടെ വേണ്ടത്; നല്ല സംസ്ക്കാര സമ്പന്നരായിട്ടുള്ള, ഉത്തരവാദിത്വബോധമുള്ള, ജനങ്ങളെക്കൊണ്ട് സമ്പുഷ്ടമായിട്ടുള്ള ഒരു സംസ്ഥാനമാണ് ഇവിടെ ഉണ്ടാകേണ്ടത്. ഈയ്യടുത്ത ദിവസങ്ങളിലൊക്കെ കേൾക്കുന്ന പഴയ കാര്യങ്ങളും പുതിയ കാര്യങ്ങളുമെല്ലാം കേട്ടാൽ ഇത് എങ്ങോട്ടാണ് പോകുന്നതെന്ന് തോന്നിപ്പോകും. പതിനഞ്ച് വർഷമായിട്ട് ഒരാളെ ബുദ്ധിമുട്ടിക്കുകയാണെന്നൊക്കെ സൂചിപ്പിക്കുകയുണ്ടായി. ഇത് തുടങ്ങി വച്ചതല്ലേ! ഇവിടെ ഇരിക്കുന്ന വേറെ മെമ്പർമാരെപ്പറ്റിയൊന്നും ആരും പറഞ്ഞില്ലല്ലോ, എന്തുകൊണ്ടാണ് വന്നതെന്നുള്ളതിനെക്കുറിച്ച് തീർച്ചയായിട്ടും ഈ നാട്ടിലെ ജനങ്ങൾ പരിശോധിക്കുമെന്നുള്ളതിന് എനിക്ക് യതൊരു സംശയവുമില്ല. നമ്മുടെ നയപ്രഖ്യാപനത്തെ എതിർത്തുകൊണ്ട് ഇവിടെ ബഹുമാനപ്പെട്ട ഒട്ടേറെ അംഗങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷമായിട്ട് സീറോ മാത്രമേയുള്ളുവെന്നും ഭരണമില്ലായിരുന്നെന്നും

LIBRARY ARCHIVES Kerala Legislative Assembly

വട്ടപ്പൂജ്യമായിരുന്നുവെന്നും അതുപോലെതന്നെ ഈ വരുന്ന ബഡ്ജറ്റിൽ ഇതൊക്കെ ഉൾപ്പെടുത്തിയാൽ ഈ പറയുന്ന കാര്യങ്ങളൊക്കെ ചെയ്യാൻ പറ്റുമോയെന്നൊക്കെ ബഹുമാനപ്പെട്ട കെ. സി. ജോസഫ് അടക്കമുള്ളവർ പറയുകയുണ്ടായി. ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി പിന്നീട് ഒന്നും പറഞ്ഞില്ല. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ സഹായിച്ചുകൊണ്ടുമാത്രം പറഞ്ഞിട്ടേയുള്ളൂ. ഇവിടെഎരിഞ്ഞു തീരുന്ന ഒരു വിളക്കാണെന്നാണ് ഒരു ബഹുമാനപ്പെട്ട മെമ്പർ അപ്പുറത്ത് ഇരുന്നുകൊണ്ട് സൂചിപ്പിച്ചത്. പ്രകാശം ഉണ്ടായില്ലെന്നാണ് പറഞ്ഞത്. നല്ല നിലയ്ക്ക് പ്രകാശിച്ചുകൊണ്ടിരിക്കയാണ് ഈ കേരളം, ആ പ്രകാശം നിങ്ങൾ തല്ലിക്കെടുത്താതിരുന്നാൽ മതി. കെ.എസ്. ഇ.ബി.വഴി എല്ലാ വിഭാഗം ജനങ്ങൾക്കും വൈദ്യുതി കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ തുടങ്ങിയ ഓരോ വർഷവും നയപ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിലൂടെ തുകവകയിരുത്തിക്കൊണ്ട് ഓരോ മേഖലകൾക്കും പുനർജന്മം നൽകിക്കൊണ്ട് നിങ്ങളൊക്കെ തല്ലിക്കെടുത്തിവച്ചിരുന്ന, മുഴുവൻ അടച്ചു മൂടിയിരുന്ന, അതുപോലെ അടച്ചുപൂട്ടിയിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ അടക്കം തുറന്നു പ്രവർത്തിപ്പിച്ചും നാനാതുറകളിലും മെച്ചപ്പെട്ട പ്രവർത്തനങ്ങളിലൂടെ ഇന്ന് അഞ്ചാം വർഷത്തിലേക്ക് ഈ സർക്കാർ കടന്നിരിക്കുകയാണ്. എന്നിട്ടും നിങ്ങൾക്ക് എങ്ങനെയാണ് ഇങ്ങനെ പറയാൻ സാധിക്കുന്നത്. ഇവിടെ ഉദ്ഘാടനങ്ങളുടെ പെരുമ്പറയാണെന്ന് നിങ്ങളെല്ലാം അപ്പുറത്തുനിന്നും പറയുകയുണ്ടായി. നിങ്ങളുടെ മണ്ഡലങ്ങളിൽ പോയി നോക്കിയാൽ നൂറുകണക്കിന് ഫ്ളക്സ് ബോർഡുകൾ ഉയർന്നിരിക്കുന്നത് കാണാം. ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾക്കുവേണ്ടി പണം തന്നിട്ടല്ലേ! എന്റെ മണ്ഡലത്തിലും തന്നിട്ടുണ്ട്, എൽ.ഡി.എഫ് - യു.ഡി.എഫ്. ഭേദമന്യേ ഒട്ടേറെ കാര്യങ്ങൾക്ക് തറക്കല്ലിട്ട് പണിപൂർത്തീകരിച്ചുകൊണ്ടുള്ള ഉദ്ഘാടനങ്ങൾ കാണാം. ഇതെല്ലാം ഈ സർക്കാർ നടപ്പിലാക്കിയ നയങ്ങളുടെ ഫലമാണ്. ഈ വരുന്ന മാർച്ച് രണ്ടാം തീയതി എന്റെ മണ്ഡലത്തിൽ കോടതി സമുച്ചയത്തിന്റെ ഉദ്ഘാടനം നടക്കാൻ പോവുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവിടെ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 40 കൊല്ലം കൂടിയിട്ടാണ് അവിടെ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ ഒരു പോലീസ് സ്റ്റേഷനും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുപോലെ ഓരോ മണ്ഡലം എടുത്ത് നോക്കിയാലും വികസന പ്രവർത്തനത്തിന്റെ പെരുമഴ തന്നെ നമുക്ക് കാണാൻ കഴിയും; ഇതൊക്കെ വെറുതെ പറയുന്നതല്ല, വട്ടപ്പൂജ്യമാണോ ഇവിടെയൊക്കെ വന്നിട്ടുള്ളത്. പച്ചക്കള്ളം പറയാൻ നിങ്ങൾക്കല്ലാതെ ആർക്കും സാധിക്കില്ലയെന്നുള്ളതാണ് യാഥാർത്ഥ്യം. നിങ്ങളുടെ കാലത്തെ വികസന പ്രവർത്തനങ്ങളും പരിശോധിക്കേണ്ടതുണ്ട്. ഈ നയപ്രഖ്യാപനത്തേയും നന്ദിപ്രമേയത്തേയും എതിർത്തുകൊണ്ട് ചർച്ച ചെയ്ത് ഇത്രയും കാര്യങ്ങൾ പറഞ്ഞപ്പോൾ ഇപ്പോൾ നിങ്ങളുടെ സ്ഥിതിയെക്കുറിച്ച് പറയാതിരിക്കാൻ കഴിയുകയില്ല. ഇപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മോചനയാത്ര നടത്തിക്കൊണ്ട് കാസർഗോഡ്നിന്നും തിരുവനന്തപുരം വരേയും ഇടയ്ക്ക് കുറച്ച് വിട്ടിട്ട് തിരിച്ച് അങ്ങോട്ടും പോയിട്ടുണ്ട്. ഈ കേരളത്തിലെ ജനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

മോചിപ്പിച്ചുകൊണ്ട് എങ്ങോട്ടേയ്ക്കാണ് പോകാൻ പോകുന്നത്, അവരെ നരകത്തിൽ അടയ്ക്കാനാണോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. കഴിഞ്ഞ അഞ്ച് വർഷക്കാലം ബഹുമാനപ്പെട്ട എ. കെ. ആന്റണിയുടെയും ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെയും നേതൃത്വത്തിൽ ഭരണത്തിൽ തിളക്കമുണ്ടാക്കാൻവേണ്ടി കുറച്ച് നാൾ ഭരണം നടത്തിയെങ്കിലും പാർലമെന്റ് തെരഞ്ഞെടുപ്പിൽ വലിയ തോൽവി വന്നപ്പോൾ പ്രതിച്ഛായ മെച്ചപ്പെടുത്താൻവേണ്ടി മുഖ്യമന്ത്രിയെ അടക്കം മാറ്റി മന്ത്രിസഭ ഉടച്ചുവാർക്കുകയുണ്ടായി. അത്രയും കാലവും തമ്മിലടിച്ചുകൊണ്ടിരുന്നതല്ലാതെ ഈ കേരളത്തിലെ ആർക്കെങ്കിലും നയാ പൈസയുടെ പെൻഷനെങ്കിലും കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. പെൻഷൻ ഇനത്തിൽ കൊടുത്തുകൊണ്ടിരുന്ന 110 രൂപ ഒന്ന് വർദ്ധിപ്പിക്കാനോ ഉള്ളത് കൊടുക്കാനോ കഴിഞ്ഞിട്ടില്ല. അതിന് നിങ്ങൾ ഉത്തരം പറയണ്ടേ? ഇതൊക്കെ രേഖകളിൽ ഉള്ളതല്ലേ, കേരളത്തിൽ പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ കൊണ്ടുവരാൻ നടപടി സ്വീകരിച്ചിട്ടില്ലെന്നു മാത്രമല്ല ഇവിടത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ മുഴുവൻ അടച്ചു പൂട്ടുകയുണ്ടായി. എന്നാൽ ഇപ്പോൾ കൊല്ലം ജില്ലയിൽതന്നെ എന്ത് പൊതു മേഖലാ സ്ഥാപനങ്ങൾ വന്നിട്ടുണ്ട്. രാഷ്ട്രീയഭേദമന്യേ എൽ.ഡി.എഫ്.-യു.ഡി.എഫ്. മണ്ഡലങ്ങളിൽ മീറ്റർ കമ്പനികൾ തുറന്നുപ്രവർത്തിക്കുന്നുണ്ട്. പത്തനാപുരം-പുനലൂർ മണ്ഡലങ്ങളിൽ എത്രയെത്ര വികസനപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. എൽ.ഡി.എഫ് എന്നോ യു.ഡി.എഫ്. എന്നോ നോക്കാതെ ഈ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നുണ്ടെന്നുമാത്രമല്ല അടച്ചു പൂട്ടിക്കിടന്നവയെല്ലാം തുറന്നും പ്രവർത്തിപ്പിക്കുന്നുണ്ട്. പുനലൂർ പേപ്പർമിൽ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് ആരും കരുതിയിരുന്നില്ല പക്ഷേ അത് തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് പുനലൂർ പേപ്പർമിൽ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ള യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കണം. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ വട്ടപ്പൂജ്യമാണെങ്കിൽ ആ പുനലൂർ പേപ്പർമിൽ എങ്ങനെയാണ് തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളത്. അതു പോലെ ആഗ്രോഫ്രൂഡ് ഇൻഡസ്ട്രിസും തുറന്ന് പ്രവർത്തിപ്പിച്ചിട്ടുണ്ട്. ഞാൻ പറഞ്ഞുവന്നാൽ ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. ഇപ്പോൾ പോലീസ് ക്രമസമാധാന നിലയ്ക്ക് ഏറ്റവും മെച്ചപ്പെട്ട സംസ്ഥാനമെന്നുള്ള അവാർഡ് കേരളത്തിന് തന്നത് അവിടെ കേന്ദ്രം ഭരിക്കുന്ന യു.ഡി.എഫ്.-ന്റെ ഗവൺമെൻറ് തന്നെയല്ലേ! ഇന്ത്യയിലൊട്ടാകെയുള്ള സംസ്ഥാനങ്ങളിലെ ക്രമസമാധാനനില പരിശോധിച്ചിട്ടല്ലേ അങ്ങനെ ചെയ്തത്. ബഹുമാനപ്പെട്ട ഉപരാഷ്ട്രപതിയുടെ കൈയിൽനിന്നും ഏറ്റവും നല്ല പൊതുഭരണത്തിനുള്ള അവാർഡ് വാങ്ങിയെന്ന് നയപ്രഖ്യാപനത്തിൽ തുടക്കത്തിൽതന്നെ പറഞ്ഞിട്ടുണ്ട്. വെറുതെയല്ല പറഞ്ഞത്. പക്ഷേ പേരിനകത്തൊരു അക്ഷര പിശക് പറഞ്ഞു, അത് ശരിതന്നെ. പക്ഷേ ഉപരാഷ്ട്രപതിയുടെ കൈയിൽ നിന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കേരളത്തിലെ നല്ല ഭരണത്തിനും നാനാതുറകളിലുമുള്ള മെച്ചപ്പെട്ട ഭരണത്തിനുവേണ്ടിയിട്ടല്ലേ അവാർഡ് വാങ്ങിച്ചിട്ടുള്ളത്. പ്രകാശം കെടുത്തിക്കളയുമെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഈ അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ രണ്ട് ജില്ലകളെ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളാക്കി മാറ്റാനും 56 നിയമസഭാമണ്ഡലങ്ങളെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലങ്ങളാക്കി മാറ്റാനും സാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷംതന്നെ എന്റെ മണ്ഡലവും സമ്പൂർണ്ണ വൈദ്യുതീകരണമണ്ഡലമായി മാറിക്കഴിഞ്ഞു. ഇങ്ങനെ എത്രയെത്ര കാര്യങ്ങൾ നടന്നിട്ടുണ്ട്. അതുപോലെ സമസ്ത മേഖലകളിലും സാമൂഹിക നീതി ഉറപ്പ് വരുത്തിക്കൊണ്ട് നല്ല മാറ്റം ഉണ്ടാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. എല്ലാ മേഖലകളിലും പെൻഷൻ വർദ്ധിപ്പിച്ചുകൊടുത്തിട്ടുണ്ട്. ഇപ്പോൾ ക്ഷേത്ര ജീവനക്കാർക്കുകൂടി പുതുതായി ക്ഷേമനിധി ഏർപ്പെടുത്താൻ പോകുന്നുണ്ട്. ക്ഷേത്ര ജീവനക്കാർക്കുള്ള ക്ഷേമനിധിയിൽ സ്വകാര്യ ക്ഷേത്രങ്ങളിലെ ശാന്തിക്കാരെക്കൂടി ഉൾപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു. ആ പാവപ്പെട്ട ശാന്തിക്കാർക്കുവേണ്ടി പറയാൻ ആരും ഇല്ലായെന്ന് ഒരിക്കലും ധരിക്കാൻ പാടില്ല. കഷ്ടപ്പെടുന്നവരെക്കൂടി ഇതിനകത്ത് ഉൾപ്പെടുത്താതെ അവരെ ഒഴിവാക്കിക്കൊണ്ടാണ് ഇവിടെ നയപ്രഖ്യാപനം കൊണ്ടുവന്നിട്ടുള്ളതെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. കേന്ദ്രം ഭരിച്ചുകൊണ്ടിരിക്കുന്ന യു.ഡി.എഫ്.-ന്റെ നേതൃത്വത്തിലുള്ള ഒരു ഗവൺമെന്റ് ഇനി ഇവിടെ വരണമെന്നല്ലേ നിങ്ങൾ പറയുന്നത്. അവിടെ എന്താണ് നടക്കുന്നത്? 2 ജി സ്പെക്ട്രം ......

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, ശാന്തിക്കാരെക്കുറിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ മലബാർ ദേവസ്വംബോർഡ് നിയമത്തിൽ തന്നെ ഒരു ക്ഷേത്രത്തിലെ ഏറ്റവും ഉന്നതമായ സ്ഥാനവും ശമ്പള സ്കെയിലും ശാന്തിക്കാർക്കാണെന്ന് തീരുമാനിക്കുകയും 2000-3000 രൂപ എന്നുള്ളത് 14,000-16,000 രൂപവരെ ശമ്പളം വാങ്ങിച്ചുകൊണ്ടിരിക്കുകയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നടപ്പിലാക്കണമെന്നു പറഞ്ഞിട്ട് നാളിതുവരെ അത് നടപ്പിലാക്കിയിട്ടില്ല. യഥാർത്ഥത്തിൽ കേരളത്തിലെ ശാന്തിക്കാർക്ക് അഡ്മിനിസ്ട്രേറ്റീവ് ആഫീസറേക്കാൾ ഉയർന്ന പദവി മലബാറിൽ കൊടുത്തു കഴിഞ്ഞിരിക്കുകയാണ്. അത് എല്ലാ ദേവസ്വം ബോർഡുകളിലും ഗവൺമെന്റിന്റെകീഴിൽ നടപ്പിലാക്കുന്നതിനുള്ള നടപടി എടുക്കുന്നതിനെപ്പറ്റി അങ്ങ് എന്താണ് പറയുന്നത്.

ശ്രീമതി പി. അയിഷാ പോറ്റി : തീർച്ചയായിട്ടും അതുണ്ടാകണം. ഇത് ഞാൻ കഴിഞ്ഞ പ്രാവശ്യം സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ള ഒരു വിഷയമാണ്, ശാന്തിക്കാരുടെ ഗ്രേഡ് ഉയർത്തുകയും അവർക്ക് കുറച്ചുകൂടി മെച്ചപ്പെട്ട ശമ്പളം കൊടുക്കുകയും വേണം. അതുപോലെ ഇപ്പോൾ വരുന്ന ക്ഷേമനിധിയിൽ സ്വകാര്യ ക്ഷേത്രങ്ങളിലെ ശാന്തിക്കാരെക്കൂടി ഈ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിവേണം നടപ്പിലാക്കിക്കൊണ്ട് പോകാൻ എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇപ്പോൾ വില വാണംപോലെ വർദ്ധിക്കുന്നതിനെസംബന്ധിച്ച് അപ്പുറത്തിരിക്കുന്നവരൊക്കെ പറയുന്നുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും വില കൂട്ടുന്നത് നമ്മളാണോ? ഒരു ലിറ്റർ പെട്രോളിന് അന്താരാഷ്ട്ര വിലനിലവാരത്തിൽ 148 ഡോളർ ഉള്ളപ്പോൾ ഇവിടെ 48 രൂപയാണ് ഉണ്ടായിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് 90 ഡോളർ ഉള്ളപ്പോഴും ഇവിടെ 61 രൂപയാക്കിയത് ആരാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും അതിനെക്കുറിച്ച് പരിശോധന നടത്തുകയും വേണം. ഇത്തരത്തിൽ ഒരറ്റത്തുകൂടി വിലക്കയറ്റം വർദ്ധിപ്പിക്കാൻവേണ്ടി ആക്കംകൂട്ടി ഓയിൽ കമ്പനികളെ സഹായിച്ചുകൊണ്ട് യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ യു.പി.എ. ഗവൺമെന്റ് ഭരിക്കുമ്പോൾ അതുപോലൊരു സംവിധാനം ഇവിടെ വരണോ എന്നുളളത് നമ്മൾ ഗൗരവപൂർവ്വം ചിന്തിക്കണം. കേരളത്തിലെ ഗവൺമെന്റ് 13 ഇനം നിത്യോപയോഗസാധനങ്ങൾ മാവേലി സ്റ്റോർവഴിയും സഹകരണ വകുപ്പ് വഴിയുമൊക്കെ വിതരണം ചെയ്തുകൊണ്ടിരിക്കുന്നുവെങ്കിലും ഇനി റേഷൻ കടകളിലൂടെ ഈ 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാൻ പോകുന്നുവെന്ന് നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളത് സ്വാഗതാർഹമാണ്. ഓരോ നയപ്രഖ്യാപനത്തിലും പറയുന്ന കാര്യങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് ചെയ്തുകൊണ്ട് പോകുന്നത്. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി പോലീസ് സേനയെ നവീകരിക്കുമെന്ന് പറഞ്ഞ വാക്ക് പാലിക്കുകയും പുതിയ പോലീസ് ആക്ട് പാസ്സാക്കുകയും ചെയ്തിട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ എനിക്ക് ഏറ്റവും സന്തോഷമുണ്ട്. സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങളെ ഒഴിവാക്കുന്നതിനുവേണ്ടി പോലീസ് ആക്ടിൽ 119-ാം വകുപ്പ് ഉൾപ്പെടുത്തുന്നതിന് എല്ലാവരും എതിർത്തപ്പോഴും ആഭ്യന്തരവകുപ്പുമന്ത്രി അതിനെ അനുകൂലിച്ച് ആ വകുപ്പ് ഉൾപ്പെടുത്തുകയുണ്ടായി. ഇവിടെ എന്ത് നിയമം ഉണ്ടാക്കിയാലും അതിനെ അതിജീവിക്കാനും മൊഴിമാറ്റി പറയിപ്പിക്കാനും പണത്തിന് സ്വാധീനമുണ്ട്. കഴിയുമെങ്കിൽ സ്ത്രീ സമൂഹത്തിൽ ആകെത്തന്നെ അവരുടെ അവകാശം ബോദ്ധ്യപ്പെടുത്തി അതിനനുസൃതമായി പ്രതികരിക്കാനുള്ള ശേഷി ഉണ്ടാക്കിയെടുക്കുവാനും കുറച്ചുകൂടി ഉയർന്ന് ചിന്തിക്കാനും കഴിയത്തക്കതരത്തിലുള്ള കൂടുതൽ പ്രവർത്തനങ്ങൾ കൊണ്ടുവരേണ്ടതായിട്ടുണ്ട്. സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് നമ്മുടെ ഗവൺമെന്റ് കുടുംബശ്രീ യൂണിറ്റുകൾക്ക് ലക്ഷക്കണക്കിന് രൂപയാണ് കൊടുത്തിട്ടുള്ളത്. അതോടൊപ്പം തെരഞ്ഞെടുപ്പ് സംവിധാനത്തിലൂടെ ചിട്ടപ്പെടുത്തി എടുത്തപ്പോൾ കുറെക്കൂടി ആർജ്ജവത്തോടും ഊർജ്ജസ്വലതയോടുംകൂടി പ്രവർത്തിക്കാൻ കഴിയുന്ന നിലയിലേക്ക് കുടുംബശ്രീ പ്രസ്ഥാനത്തെ കൊണ്ടുവന്ന് എത്തിച്ചതിന്റെ ഗുണഫലം ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നമുക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രീയം എന്തോ ആയിക്കൊളളട്ടെ, എന്തായാലും ധാരാളം സ്ത്രീകൾ ചുണയായിട്ട് പ്രവർത്തിക്കാൻ കഴിയുമെന്ന നിലയിൽ മുന്നോട്ട് വരാൻ ഈ സർക്കാരാണ് വഴിയൊരുക്കി കൊടുത്തതെന്നുള്ളത് മറക്കാൻ കഴിയുകയില്ല. കാർഷിക മേഖലയെക്കുറിച്ച് സൂചിപ്പിക്കുകയാണെങ്കിൽ, ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ തന്നെ കാർഷിക കടം നിമിത്തം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ധനസഹായം നല്കുകയുണ്ടായി. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ വട്ടപ്പൂജ്യം എന്നുപറഞ്ഞാൽ ധനസഹായം ലഭിച്ചവർ അത് മനസ്സിലാക്കുകതന്നെ ചെയ്യും. കുട്ടനാട് മേഖലയിൽ ഉല്പാദനം ഇരട്ടിയാക്കാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞത് കള്ളമല്ല, വെറുതെ പറഞ്ഞതുമല്ല; അതുപോലെ തന്നെ കർഷകരെ പ്രോൽസാഹിപ്പിക്കാൻ കർഷക ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കൃഷിക്കാവശ്യമായിട്ടുള്ള തുകയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്. പഴയതിനേക്കാൾ തരിശുഭൂമി നല്ലനിലയ്ക്ക് കൃഷിക്കുപയുക്തമാക്കി എടുത്തുകൊണ്ട് കർഷകരെ സഹായിച്ചുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നുവെന്നുള്ളത് നമ്മുടെ നാട്ടിൽ ഉടനീളം സഞ്ചരിച്ചാൽ മനസ്സിലാകും. കൊയ്ത്ത് മെതിയന്ത്രം കൊടുക്കുന്നതിനെ സംബന്ധിച്ച് പ്രതിപക്ഷാംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ജില്ലാ പഞ്ചായത്ത്വഴി നമ്മുടെ സർക്കാർ കൊടുത്ത പണം ഉപയോഗിച്ചുകൊണ്ട് ഒരു കൊയ്ത്ത് മെതിയന്ത്രം എന്റെ മണ്ഡലത്തിനും ലഭിച്ചിട്ടുണ്ട്. ആ ജില്ലയിലാകെ അത് ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇതൊക്കെ നേരിട്ട് ബോദ്ധ്യമുള്ളതാണ്, ഇത് കളവല്ല. ഇതുപോലെ കേരളത്തിൽ അങ്ങോളമിങ്ങോളം കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി ആയിരം പച്ചക്കറി ഗ്രാമം പോലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും കാർഷികരംഗത്ത് ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുകയും ചെയ്തുകൊണ്ട് കൃഷിക്കാരെ സഹായിക്കുന്ന ഒരു സേനതന്നെ രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനം ഇപ്പോൾ കാർഷിക മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. ആട്ടിൻകുട്ടികളും കോഴിയുമൊക്കെ കൊടുക്കുന്നുവെന്ന് കളിയാക്കിക്കൊണ്ട് പറഞ്ഞുവെങ്കിലും എന്റെ മണ്ഡലത്തിൽവച്ച് നടന്ന ജില്ലാതല ഉദ്ഘാടനത്തിൽ കന്നുകുട്ടികളെയും ആട്ടിൻകുട്ടികളേയും വിതരണം ചെയ്തുകൊണ്ട് നിരവധി സ്ത്രീകൾക്ക് ജീവിതമാർഗ്ഗം ഉണ്ടാക്കി കൊടുത്തിട്ടുണ്ട്; ഇത് രണ്ടു മാസം മുമ്പ് അവിടെ നടന്നിട്ടുള്ളതാണ്. കേരളത്തിലൊട്ടാകെ ഇത്രയും നടപ്പിലാക്കുകയുണ്ടായി. ഇതിനെയൊക്കെ ആക്ഷേപിച്ചുകൊണ്ട് ഇത്തരത്തിൽ സംസാരിക്കുന്നത് ഒരു പുകമറ സൃഷ്ടിക്കുവാൻ വേണ്ടി കപട മുഖം കാണിക്കുന്നതാണെന്നുമാത്രമേ നമുക്ക് പറയാൻ കഴിയുകയുള്ളൂ. ആരോഗ്യ മേഖലയിൽ ഇന്ന് ആശുപത്രികളുടെ സ്ഥിതി എന്താണ്? മെഡിക്കൽകോളേജ് ആശുപത്രിയിലേയ്ക്ക് പോയി നോക്കിയാൽ എത്ര വൃത്തിയും വെടിപ്പുമായിട്ടാണ് ഇട്ടിരിക്കുന്നതെന്ന് കാണാൻ കഴിയും. ധാരാളം പുതിയ സ്റ്റാഫിനെ നിയമിക്കുകയും ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ അവിടെ രണ്ട് പ്രാവശ്യമാണ് ക്ലീൻ ചെയ്തുകൊണ്ടിരിക്കുന്നത്. എന്റെ മണ്ഡലത്തിൽ താലൂക്ക് ആശുപത്രിയിലടക്കം വന്നിട്ടുള്ള മാറ്റങ്ങൾ എനിക്ക് നേരിട്ടറിയാവുന്നതാണ്; പതിനൊന്ന് ഡോക്ടർമാർ സേവനമനുഷ്ഠിച്ചിരുന്ന സ്ഥാനത്ത് ഇന്ന് ഇരുപത്തിമൂന്ന് ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നുണ്ട്. ഇത്തരത്തിൽ ഓരോ മേഖലകളെടുത്ത് നോക്കിയാൽ തൊഴിലവസരങ്ങളും തൊഴിൽ സാധ്യതകളും വർദ്ധിപ്പിച്ചും പുതിയ സംരംഭങ്ങൾ ആരംഭിച്ചും ജനക്ഷേമകരമായിട്ടുള്ള മാറ്റങ്ങളുണ്ടാക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. മോചനയാത്ര നടത്തിക്കൊണ്ട് ജനങ്ങളെ നരകത്തിലേയ്ക്ക് കൊണ്ടുപോകാനും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനും ഇടംകൊടുക്കാതിരിക്കണമെന്നാണ് ഇവിടെ ഇരിക്കുന്ന ബഹുമാനമുള്ള പ്രതിപക്ഷത്തോട് എനിക്ക് പറയാനുള്ളത്. കേന്ദ്രം ഭരിക്കുന്ന യു.ഡി.എഫ്.-ന് 2 ജി സ്പെക്ട്രം ആയാലും എന്തായാലും അഴിമതിയുടെ ഒരു കെട്ട് കൈമുതലായി ഉണ്ട്. രാജ്യം നേരിടുന്ന വലിയ വെല്ലുവിളികളായിട്ടുള്ള അഴിമതി ഓരോ മേഖലയിലും കാണുവാൻ കഴിയും. കോമൺ വെൽത്ത് ഗെയിംസിൽ എത്രപേരാണ് അഴിമതി കാണിച്ചിട്ടുള്ളത്; കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് പുറത്തുവന്നിട്ടുള്ളത്. വിദേശ ബാങ്കുകളിൽ ഭീമമായ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തുക നിക്ഷേപിച്ചിരിക്കുകയാണ് പക്ഷേ അത് ആരാണെന്ന് വെളിപ്പെടുത്തരുതെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതൊക്കെ ശരിയാണോ എന്ന് അറിയണം. പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിച്ച് വിദേശ എണ്ണക്കമ്പനികളെ സഹായിച്ചുകൊണ്ടും മറ്റുമുള്ള കാര്യങ്ങൾ ചെയ്ത് ജനങ്ങളെ മറന്നുപോകുന്ന ഒരു സർക്കാർ അല്ല ഇവിടെ വരേണ്ടത്. നയപ്രഖ്യാപനത്തിന് അനുസൃതമായി ബഡ്ജറ്റിൽ പ്രൊവിഷൻ വച്ചുകൊണ്ട് അഞ്ചു വർഷക്കാലങ്ങളിൽ പദ്ധതികൾ നടപ്പിലാക്കിയ, ഈ ലോകം കണ്ട ഏറ്റവും നല്ല ധനകാര്യ മാനേജുമെന്റാണ് ഈ ഗവൺമെന്റിന്റേതെന്ന് ആരും സമ്മതിക്കും. സഭയിൽ ഇവരെല്ലാം സംസാരിക്കുമ്പോഴും സ്വകാര്യ സംഭാഷണത്തിലും നിങ്ങളുടെ ധനകാര്യ വകുപ്പുമന്ത്രിക്ക് എവിടെ നിന്നാണ് ഈ മാജിക്ക് എന്ന് ചോദിക്കുന്ന ധാരാളം പേരുണ്ട്. അത്തരത്തിൽ മെച്ചപ്പെട്ട ധനകാര്യ മാനേജുമെന്റിലൂടെ പണമെല്ലാം കൊടുത്തുകൊണ്ട് നിങ്ങൾ വരുത്തിവച്ചിട്ടുള്ള കടമെല്ലാം വീട്ടിക്കൊണ്ടാണ് എല്ലാ കാര്യങ്ങളും ചെയ്തതെന്ന് നിങ്ങൾ ഓർക്കണം. റോഡുകളുടെ സ്ഥിതിയെക്കുറിച്ച് സൂചിപ്പിക്കുകയാണെങ്കിൽ ഇപ്പോൾ കാലാവസ്ഥ മാറിയപ്പോൾ മുഴുവൻ റോഡുകളും നന്നാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിങ്ങൾക്ക് എവിടെ വേണമെങ്കിലും പോയി പരിശോധിക്കാം. സമസ്ത മേഖലയിലും സമഗ്രമായ മാറ്റമുണ്ടാക്കുവാനുതകുന്ന വിധത്തിൽ നയപ്രഖ്യാപനത്തിനനുസൃതമായിട്ടുള്ള ബഡ്ജറ്റും തുടർന്നും നല്ല രൂപത്തിൽ കാര്യങ്ങൾ ചെയ്തുകൊണ്ട് പോകുവാനും ഒരു നല്ല സമൂഹത്തെ സൃഷ്ടിക്കുവാൻ വികസനം സാധ്യമാക്കുവാനും തുടർന്നും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തന്നെയായിരിക്കും വരുന്നതെന്നുള്ളതിന് ഒരു സംശയവുമില്ല. അങ്ങനെ വരാൻ സാധ്യതയുണ്ടാക്കിയില്ലെന്നുണ്ടെങ്കിൽ ജനങ്ങൾ അനുഭവിക്കുമെന്നു മാത്രമേ നമുക്ക് പറയാൻ കഴിയുകയുള്ളു. ഈ നയപ്രഖ്യാപനം നല്ല രീതിയിൽ നടപ്പിലാക്കുവാൻ തുടർന്നും കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം : സർ, ഞാൻ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഭാരതത്തിന്റെ ബഹുമാനപ്പെട്ട ഉപരാഷ്ട്രപതി അൻസാരിയിൽനിന്നും ബെസ്റ്റ് ബിഗ് സ്റ്റേറ്റ് ഇൻ ഗവേണൻസ് അവാർഡ് നേടിയിട്ടുള്ള ശ്രീ. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ ഭാവിപരിപാടികളെ സംബന്ധിച്ചുള്ള വിവരണമാണ് ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. നരേന്ദ്രൻ കമ്മീഷന്റെ കണ്ടെത്തലിൽ മുസ്ലീങ്ങൾക്കും ലത്തീൻ കത്തോലിക്കാ വിഭാഗത്തിനുമാണ് ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളത്. പാലോളി കമ്മീഷൻ ശുപാർശ അനുസരിച്ച് ന്യൂനപക്ഷങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള മുഴുവൻ ആനുകൂല്യങ്ങളും തീരപ്രദേശ ക്രൈസ്തവർക്കും പരിവർത്തിത ക്രൈസ്തവ സമൂഹത്തിനും കൊടുക്കുമെന്ന ബഹുമാന്യനായ ഗവർണ്ണറുടെ പ്രഖ്യാപനം അത്യന്തം സന്തോഷത്തോടുകൂടിയാണ് ആ ജനങ്ങൾ നോക്കി കാണുന്നത്. നോർക്ക വകുപ്പിന്റെകീഴിലുള്ള എല്ലാ ഏജൻസികളേയും ഒരു കുടക്കീഴിൽ കൊണ്ടുവരുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുള്ളത് പ്രവാസികളോട് ഈ ഗവൺമെന്റ് ചെയ്യുന്ന ഏറ്റവും നല്ല നടപടികളിൽ ഒന്നാണ്. പ്രവാസികൾക്ക് വോട്ടവകാശം കൊടുക്കുമെന്ന് കേന്ദ്ര ഗവൺമെന്റ്

പ്രഖ്യാപിക്കുകയും അതിന് വൻതോതിലുള്ള പ്രചരണങ്ങൾ നടത്തുകയുമുണ്ടായി. പക്ഷേ പ്രവാസികൾ നാട്ടിലുള്ളപ്പോൾ വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കാമെന്നും വോട്ടവകാശമുള്ള പ്രവാസികൾ നാട്ടിലുണ്ടാകുമ്പോൾ അവർക്ക് വോട്ട് രേഖപ്പെടുത്താമെന്നുമുള്ളത് പുതിയൊരു കാര്യമല്ല, അത് കാലാകാലങ്ങളിലായി കേരളത്തിൽ നടന്നുവരുന്ന ഒരു കാര്യമാണ്. പ്രവാസികൾ കേരളത്തിൽ ഉണ്ടാകുമ്പോൾ വോട്ടേഴ്സ് ലിസ്റ്റിൽ അവരുടെ പേരുണ്ടെങ്കിൽ അവർക്ക് വോട്ട് ചെയ്യാം. ഇത് പർവ്വതീകരിച്ച് ഒരു വലിയ കാര്യമാക്കിക്കൊണ്ട് ഇപ്പോൾ അതിന്റെ റൂൾ വന്നപ്പോൾ ഒന്നുമില്ലാത്ത അവസ്ഥാവിശേഷത്തിലേക്ക് വന്നിരിക്കുകയാണ്. ആ സന്ദർഭത്തിലാണ് പ്രവാസികളോട് ഏറ്റവും നല്ല സമീപനം സ്വീകരിക്കുന്ന കേരള ഗവൺമെന്റിനെ നമ്മൾ അഭിനന്ദിക്കേണ്ടത്. എല്ലാ വീടുകളിലും സമ്പൂർണ്ണ വൈദ്യുതീകരണം എന്നുള്ളതാണ് ഈ ഗവൺമെന്റ് ലക്ഷ്യമിടുന്നതെന്ന് ഗവർണ്ണർ പ്രഖ്യാപിക്കുകയുണ്ടായി. ഇനി 148 കണക്ഷനുകൾകൂടി കൊടുത്താൽ കൊടുവള്ളി സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് എത്തുകയാണ്. ഈ ഗവൺമെന്റിനെ പ്രതിപക്ഷാംഗങ്ങൾ എന്തിനാണ് വിമർശിക്കുന്നതെന്ന് എനിക്ക് ഒരു പിടിയും കിട്ടുന്നില്ല. കേരളത്തിൽ മദ്യം ഒഴുക്കുകയാണെന്നാണ് ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി സൂചിപ്പിച്ചിട്ടുള്ളത്. ബിവറേജസ് കോർപ്പറേഷന്റെ വരുമാനം ഇപ്പോൾ വർദ്ധിക്കുകയാണ്. 1984-ലാണ് ബിവറേജസ് കോർപ്പറേഷൻ രൂപീകൃതമായത്. മദ്യം വിൽക്കാൻ ബിവറേജ് കോർപ്പറേഷൻ രൂപീകരിക്കുക എന്നുള്ളത് ലീഗ് ഉൾപ്പെടെയുള്ള ഒരു മന്ത്രിസഭ ഉണ്ടാക്കിയിട്ടുള്ള ഒരു സംവിധാനമാണ്. അതിന്റെ വരുമാനം വർദ്ധിക്കുമ്പോൾ അവർ സന്തോഷിക്കുകയല്ലേ വേണ്ടത്. എന്തിനാണിപ്പോൾ അത് സംബന്ധിച്ച് പശ്ചാത്താപപ്പെടുന്നത് എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. വനാവകാശ നിയമമനുസരിച്ച് 20,000 കുടുംബങ്ങൾക്കാണ് ഭൂമിയിൽ അവകാശം നൽകിയിട്ടുള്ളത്. പൊതുമരാമത്ത് പ്രവൃത്തികൾ മോണിട്ടറിംഗ് നടത്തുന്നതിനുവേണ്ടി ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡണ്ടും എം.എൽ.എ.-യും അസിസ്റ്റന്റ് എഞ്ചിനീയറും കൂടിയുള്ള ഒരു മോണിട്ടറിംഗ് സമിതിയെ നിശ്ചയിക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് ഏറ്റവും ആശാവഹമായ ഒരു കാര്യമാണ്. ക്ഷേത്രങ്ങളിലെ പൂജാരികൾ ഒഴികെയുള്ള ക്ഷേത്ര ജീവനക്കാർക്ക് അനുകൂലമായ പദ്ധതികൾ ആവിഷ്ക്കരിക്കുമെന്നും ഈ നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കീഴിലുള്ള മൊത്തം 978 പഞ്ചായത്തുകളിൽ 951 പഞ്ചായത്തുകൾക്കും നിർമ്മൽ പുരസ്ക്കാർ ലഭിച്ചുവെന്നത് എടുത്തുപറയേണ്ട ഒരു കാര്യമാണ്. പ്രതിപക്ഷത്തുള്ള അംഗങ്ങൾ നന്ദി പ്രമേയത്തിന് തിരുത്തായി അവതരിപ്പിച്ചിട്ടുള്ള ചില കാര്യങ്ങളുമുണ്ട്. തെരഞ്ഞെടുപ്പ് കഴിയുമ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമെന്നാണ് പ്രതിപക്ഷാംഗങ്ങൾ സൂചിപ്പിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ യാത്ര അതിവേഗം സെക്രട്ടേറിയറ്റിലേക്ക് പാഞ്ഞുകൊണ്ടിരിക്കുമ്പോൾ അതിന്റെ ടയർ പഞ്ചറായി ഇപ്പോൾ പാച്ച് അടച്ചുകൊണ്ടിരിക്കുകയാണ്; യാത്ര വഴിയിൽ നിർത്തിവച്ച് പിന്നെ അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും തുടങ്ങി അവസാനം രണ്ട് സമാപനമായി പോകുകയാണ്. ഇനി അവർ അധികാരത്തിൽ വരികയില്ല എന്നുള്ളത് കേരളത്തിലെ ജനങ്ങൾക്ക് മാത്രമല്ല ദുബായ് ഗവൺമെന്റിനുപോലും ബോദ്ധ്യപ്പെട്ടിരിക്കുകയാണ്. നാലര വർഷമായി പലകാരണങ്ങൾ പറഞ്ഞുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ദുബായിലെ ഷേക്ക് പരീത് അബ്ദുള്ളയും കൂട്ടരും നിരന്തരമായി നമ്മുടെ സ്മാർട്ട് സിറ്റി കരാർ ഇല്ലായ്മ ചെയ്യാൻ വേണ്ടി തീയതി നീട്ടിക്കൊണ്ടു പോകുകയാണ്. നേരത്തേ ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ യുഡിഎഫ്-കാർ ഗൂഢാലോചന നടത്തി കൂട്ടുകച്ചവടം നടത്താനുള്ള ഒരു സംരംഭമാണുണ്ടായി രുന്നത്. അതിനുവേണ്ടി ഞങ്ങൾ അധികാരത്തിൽ വരുമെന്നും അപ്പോൾ നിങ്ങൾ പറയുംപോലെ ഒപ്പിട്ടുതരാമെന്നും പറഞ്ഞുകൊണ്ടുള്ള ഒരു ധാരണ യാണുണ്ടായിരുന്നത്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ്ബോ യു.ഡി.എഫോ ഇവിടെ അധികാരത്തിൽ വരികയില്ലെന്നും അതുകൊണ്ട് അവരുടെ മോഹങ്ങളൊന്നും നടക്കുകയില്ലെന്നും വിദേശത്തുള്ള ദുബായ് ഗവൺമെന്റിനും ഷേക്ക് പരീത് അബ്ദുള്ളക്കും പൂർണ്ണമായി ബോദ്ധ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിലാണ് ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിന്റെ ചുവട്ടിൽ അതേപോലെ ഒപ്പിട്ട് അവർ പോയിട്ടുള്ളതെന്നാണ് മനസ്സിലാക്കേണ്ടത്. സ്മാർട്ട് സിറ്റി കരാർ യാഥാർത്ഥ്യമാക്കാൻ താമസം വന്നുവെന്ന് ഇപ്പോൾ പറഞ്ഞിട്ട് കാര്യമില്ല അതിനുള്ള കാരണക്കാർ പ്രതിപക്ഷത്തുള്ള ആളുകൾ തന്നെയാണ്. മറ്റൊരു കാര്യം, കാസർകോട് മുതൽ തിരുവനന്തപുരംവരെ നീളുന്ന ഒരു മലയോര ഹൈവേ നിർമ്മിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ ഗവർണ്ണറുടെ പ്രസംഗത്തിൽ പറയാത്തതിൽ ഖേദിക്കുന്നു എന്നാണ് പറയുന്നത്. അത് യഥാർത്ഥത്തിൽ നയപ്രഖ്യാപന പ്രസംഗം വായിച്ചുനോക്കാത്തത് കൊണ്ട് പറ്റിയ ഒരബദ്ധ മാണെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആരംഭിച്ച പുതിയ ഒ.പി. ബ്ലോക്കിലെത്തുന്ന രോഗികൾക്ക് വാർഡിലേക്ക് എത്തുന്നതിന് നടപ്പാത നിർമ്മിക്കുന്നകാര്യം ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടില്ല എന്നാണ് വലിയ കാര്യമായി ബഹുമാന്യനായ ഒരു മെമ്പർ ഇതിനെതിരായി എഴുതിക്കൊടുത്തിട്ടുള്ളത്. ഇതാണോ ഗവർണ്ണറുടെ പ്രസംഗത്തിൽ പറയേണ്ട ഒരു കാര്യം എന്ന് എനിക്ക് അറിയില്ല. അതേപോലെ തന്നെ വലിയ കാര്യമായി പറയുന്ന മറ്റൊരുകാര്യം, ലോട്ടറിയെ സംബന്ധിച്ചാണ്, എൺപതിനായിരം കോടി രൂപയുടെ അഴിമതി നടത്തി എന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ നന്ദിപ്രമേയത്തിന്റെ അവസാനം എഴുതിച്ചേർക്കാൻ വളരെ വ്യക്തമായി ഇവിടെ കൊടുത്തിട്ടുള്ളകാര്യം അന്യ സംസ്ഥാന ലോട്ടറി മാഫിയ സംഘങ്ങൾ കേരളത്തിൽ നിന്നും എൺപതിനായിരം കോടി രൂപ കൊള്ളയടിച്ചത് സംബന്ധിച്ച് ആണ്.

[അദ്ധ്യക്ഷവേദിയിൽ മി.ഡെപ്യൂട്ടിസ്പീക്കർ]

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അഴിമതി നടത്തി എന്ന രൂപ ത്തിലാണ് പലരും പറയുന്നത്. വ്യാജ ലോട്ടറി ടിക്കറ്റ് വിറ്റ് കണക്കില്ലാതെ, നറുക്കെടുപ്പില്ലാതെ ജനങ്ങളെ പറ്റിച്ച് ഈ എൺപതിനായിരം കോടി രൂപ കൊണ്ടുപോയി എന്നുള്ളത് വളരെ വ്യക്തമാണ്. ഇതുപോലെയുള്ള നിരർത്ഥകമായ കാര്യങ്ങൾ മാത്രമാണ് ഈ സർക്കാരിനെതിരെ ഇവിടെ ചില ആളുകൾ പറയുന്നത്. അതുകൊണ്ട് യഥാർത്ഥത്തിൽ ഈ നന്ദിപ്രമേയത്തെ ഏകകണ്ഠമായി പാസ്സാക്കുകയാണ് വേണ്ടത്. ഒരു കാര്യംപറയാതെ പോയാൽ അത് പ്രയാസ മാകും എന്ന് എനിക്ക് തോന്നുന്നതുകൊണ്ട് അതുംകൂടി സൂചിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്ന, ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ചില കാര്യങ്ങളെ സംബന്ധിച്ച് താൽക്കാലികമായി ഒത്തുതീർപ്പിൽ എത്തി എന്നാണ് മുസ്ലീം ലീഗ് പറയുന്നത്. എങ്ങനെ ഒത്തുതീർപ്പിലെത്തിയെന്ന് ചോദിച്ചാൽ, ഇന്ത്യാ വിഷന്റെ ചെയർമാൻ ശ്രീ. എം. കെ. മുനീർ ആയിരിക്കുന്നിടത്തോളംകാലം അദ്ദേഹം ഒരു കാര്യം പുറത്തുവിടുകയില്ലെന്ന് പറഞ്ഞാണ് ഒത്തുതീർപ്പിലെത്തിയത്. ഇന്ത്യാ വിഷൻ ചെയർമാൻ സ്ഥാനം രാജി വയ്ക്കണമെന്ന് പറഞ്ഞ ആളുകൾ തന്നെ പറയുന്നത് ഇപ്പോൾ നിങ്ങൾ അത് ചെയ്യണ്ട എന്നാണ്. എപ്പോൾ ഇന്ത്യാ വിഷൻ ചെയർമാൻ സ്ഥാനത്തുനിന്ന് ശ്രീ. എം. കെ. മുനീർ പുറത്തുപോകുമോ അപ്പോൾ അദ്ദേഹം തന്നെ ബാക്കിയുള്ള കാര്യങ്ങളൊക്കെ പുറത്തുകൊണ്ടുവരുമെന്നാണ് പറയുന്നത്. ഇന്ത്യാ വിഷൻ ചെയർമാൻ സ്ഥാനത്തുനിന്നും ശ്രീ. എം. കെ. മുനീർ രാജിവയ്ക്കണ്ടെന്നാണ് ഇപ്പോൾ എല്ലാവരുംകൂടി ആലോചിച്ച് തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ട് കഴിഞ്ഞ കാര്യങ്ങളിലേക്കൊന്നും ഞാൻ പോകുന്നില്ല.

ശ്രീ. എ. എം. യൂസഫ്: കേന്ദ്ര ഗവൺമെന്റ് പ്രവാസികൾക്ക് യാതൊരു ആനുകൂല്യങ്ങളും കൊടുക്കാൻ ഇതുവരെ തീരുമാനിച്ചിട്ടില്ല. നമ്മുടെ ഗവൺമെന്റാണെങ്കിൽ പ്രവാസികൾക്ക് വോട്ടവകാശം വേണമെന്ന് പറയുന്നുണ്ട്. ഇപ്പോൾ ഒരു പുതിയ നിയമം പാസ്സാക്കിയത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? പ്രവാസികളായി മൂന്ന് കൊല്ലം ഗൾഫിൽ പോയി കഠിനാധ്വാനം ചെയ്ത ആളുകൾ നാട്ടിൽ വന്നുകഴിഞ്ഞാൽ അറുപത് ദിവസം മാത്രമേ ഇവിടെ നിൽക്കാൻ പാടുള്ളു. പാകിസ്ഥാനിൽ പോയിട്ട് ആളുകൾ ഇവിടെ തിരിച്ചുവരുമ്പോൾ പോലീസ് പിടിച്ച് അതിർത്തി കടത്തി വിടുന്നതുപോലെയാണ് കേരളത്തിന്റെ വളർച്ചയ്ക്കുവേണ്ടി ദീർഘകാലം പ്രവർത്തിച്ച പ്രവാസികളോട് പെരുമാറുന്നത്. മക്കളെ കല്ല്യാണം കഴിച്ചയയ്ക്കാനും അസുഖങ്ങൾക്ക് ചികിൽസിക്കാനും വീട് വയ്ക്കാനും വേണ്ടി മൂന്നുവർഷം കഴിഞ്ഞ് നാട്ടിൽ വരുന്ന പ്രവാസികളോടുള്ള ആ നടപടി ശരിയല്ല. അതിനോട് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. പി. ടി. എ. റഹീം : കേന്ദ്ര ഗവൺമെന്റ് പ്രവാസികളെ പറ്റിച്ചതിനെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. സെൻസസിൽ അവരെ ഉൾപ്പെടുത്തുന്നില്ലെന്നു മാത്രമല്ല ഒരു കാര്യത്തിലും ഉൾപ്പെടുത്തുന്നില്ല; അവരെ സംബന്ധിച്ച് വ്യക്തമായ ഒരു കണക്കും ഈ രാജ്യത്തില്ല. ഇക്കാര്യങ്ങളെ സംബന്ധിച്ച് പ്രവാസികളെ നിരന്തരമായി പറ്റിച്ചുകൊണ്ടിരിക്കുകയും എമിഗ്രേഷന്റെ പേരിൽ അവരിൽനിന്നും ഈടാക്കിക്കൊണ്ടിരിക്കുന്ന കോടാനുകോടി രൂപയിൽ ഒരു പൈസ പോലും തിരിച്ചുകൊടുക്കാതെ കൈവശം വച്ചിരിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയം പ്രതിഷേധാർഹമാണെന്ന് തന്നെയാണ് ഞാൻ പറയുന്നത്. കഴിഞ്ഞ കാലത്തെ കേസ്സുകളിൽ ആര് പ്രതിയാണ്, വാദിയാണ് എന്ന കാര്യങ്ങളിലേക്കൊന്നും ഞാൻ പോകുന്നില്ല. അത് പഴയ കേസ്സാണെങ്കിൽ അവിടിരിക്കട്ടെ. പക്ഷെ ഇപ്പോഴുള്ള പ്രശ്നം, വർഗ്ഗീസ് വധക്കേസ്സിൽ വർഗ്ഗീസിനെ വെടിവച്ച് കൊന്നത് എങ്ങനെയാണെന്നുള്ളതിനെ സംബന്ധിച്ച് രാമചന്ദ്രൻ നായർ ഒരു വെളിപ്പെടുത്തൽ നടത്തിയിട്ടുണ്ട്. സംത്സോ എക്സ്പ്രസ്

LIBRARY ARCHIVES Kerala Legislative Assembly

സ്ഫോടന കേസ്സിൽ അസീം ആനന്ദ സ്വയമായി ഒരു കുറ്റസമ്മതം നടത്തിയിട്ടുണ്ട്; ഇതുതന്നെയാണ് കേസ്സിന് ആസ്പദമായ കാര്യം. ഇവിടെ കേരളത്തെ സംബന്ധിച്ചിടത്തോളം നിലവിൽ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യങ്ങളിൽ വളരെ പ്രസക്തമായ കാര്യം അതാണ്. സ്വയം തന്നെ അസീം ആനന്ദയും സ്വയം തന്നെ രാമചന്ദ്രൻ നായരും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യാ രാജ്യത്ത് കേസ്സെടുത്തിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിലേക്കൊന്നും ഞാൻ പോകുന്നില്ല. പക്ഷേ പുതിയ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ നിയമവിരുദ്ധമായി വഴിവിട്ട് കാര്യങ്ങൾ ഞാൻ ചെയ്തിട്ടുണ്ട് എന്ന് ഒരാൾ പറയുകയും അതിന് കൊളാബറേറ്റ് ആയിട്ട് എവിഡൻസ് റൗഫ് നൽകുകയും ചെയ്തിട്ടുണ്ടെന്ന് മാത്രമല്ല അന്ന് മുഖ്യമന്ത്രി ആയിരുന്ന ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് ഇത് കുറച്ച് മുൻപ് പറയേണ്ടതായിരുന്നു പക്ഷേ ഇപ്പോൾ പറഞ്ഞതിന് നന്ദി എന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട ശ്രീ സി. ടി. അഹമ്മദ് അലി ഇപ്പോൾ പറഞ്ഞത് കുടുംബക്കാർക്കേ ചെയ്തിട്ടുള്ളു വേറാർക്കും ചെയ്തിട്ടില്ലെന്നാണ്. ഏതായാലും ഇതുവരെ കേസിൽ പീറ്ററും റൗഫും ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. ഉമ്മൻ ചാണ്ടിയുമേ പ്രതി യായിട്ടുള്ളുവായിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട സി.ടി. അഹമ്മദ് അലികൂടി അതിൽ പ്രതിയായതുകൊണ്ട് പോലീസിന് കേസ്സെടുക്കാൻ സൗകര്യപ്രദമായ ഒരു സാഹചര്യത്തിലാണ്.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : സർ,.........

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : പറഞ്ഞിട്ടില്ലെന്നാണ് പറഞ്ഞത്.

<u>ശ്രീ. പി.ടി.എ. റഹീം</u> : പരിശോധിക്കാമെന്ന് സ്പീക്കർ പറഞ്ഞല്ലോ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. പി.ടി.എ. റഹീം</u> : ഇന്ന് സമൂഹത്തിൽ ചർച്ച ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്ന പ്രശ്നം സമൂഹത്തിന് ഗുണകരമാണോ അല്ലയോ എന്നുള്ളത് ബഹുമാനപ്പെട്ട എന്റെ പഴയ സഹപ്രവർത്തകർ ആലോചിക്കണമെന്നു മാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളു. എന്താ കാരണം എന്നുവച്ചാൽ, ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബ്ബിന് വമ്പിച്ച സ്വീകരണം കിട്ടിയപ്പോൾ ഒരു കോൺഗ്രസ് നേതാവ് ഇന്നലെ പ്രസംഗിച്ചത്, ഈ സ്വീകരണം കണ്ടിട്ട് എനിക്ക് അസൂയ തോന്നുന്നു ഇതുപോലെ എനിക്കും ചെയ്യാൻ സാധിക്കുന്നില്ലല്ലോ എന്നാണ് അദ്ദേഹം പറഞ്ഞത്. ഏതായാലും അദ്ദേഹത്തിന്റെ പ്രായം അനുസരിച്ച് അദ്ദേഹത്തിന് ഇപ്പോൾ അത് ചെയ്യാൻ സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. പക്ഷെ അത് സമൂഹത്തിന് കൊടുക്കുന്ന ഒരു സന്ദേശമുണ്ട്. ആ സന്ദേശം വളരെ മോശമാണ് എന്നാണ് എനിക്ക് പറയാനുള്ളത്. ഈ സമൂഹത്തിൽ ഇത്തരം ചർച്ചകൾ കൊണ്ടുവരുന്ന രൂപത്തിലുള്ള നേതൃത്വത്തെ സംബന്ധിച്ച്, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ്ബിനെ ഒഴിവാക്കിയാൽ ലീഗ് ഉണ്ടാകില്ല. അതെന്താണെന്ന് ചോദിച്ചാൽ, അതങ്ങനെയാണ്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ്ബിനെ ഒഴിവാക്കണമെന്ന് ഇവിടെ ആരോപറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദ് കോയ സാഹിബ് പറഞ്ഞ ഒരു കാര്യംപറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. അദ്ദേഹം ഒരിക്കൽ പറഞ്ഞു, സിഎച്ച്-മുസ്ലീംലീഗ് = സീറോ, ഇന്ന് മുസ്ലീംലീഗെന്നുവച്ചാൽ മുസ്ലീംലീഗ്-കുഞ്ഞാലിക്കുട്ടി = സീറോ. അതുകൊണ്ട് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ ഒഴിവാക്കിയിട്ട് ഒരു ലീഗുണ്ടാകും എന്ന് നിങ്ങളാരും സ്വപ്നം കാണേണ്ട. ലീഗിന്റെ ഇന്നത്തെ സ്ഥിതി അനുസരിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി തന്നെയാണ് അതിന് അനുയോജ്യനായ നേതാവ് അദ്ദേഹം അവിടത്തന്നെ തുടരുകയാണ് നല്ലതെന്ന് പറഞ്ഞുകൊണ്ട് നന്ദിപ്രമേയത്തെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. വിശ്വൻ : സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ഗവർണ്ണറുടെ നയപ്രഖ്യാപനം കേരള സമൂഹത്തിന്റെ പൊതുവികാരത്തെയാണ് പ്രതിഫലിപ്പിച്ചിട്ടുള്ളത്. കേരളത്തെ നമ്മുടെ രാജ്യത്തിലെ ഏറ്റവും നല്ല ഭരണമുള്ള സംസ്ഥാനമായി അംഗീകരിച്ചിരിക്കുകയാണ്. ഉപരാഷ്ട്രപതിയിൽനിന്നും ബെസ്റ്റ് ബിഗ് സ്റ്റേറ്റ് അവാർഡ് ഇൻ ഗവേണൻസ് ആദരണീയനായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഏറ്റുവാങ്ങുമ്പോൾ കേരളം ഏറ്റവും മഹത്തായ സ്റ്റേറ്റ് എന്നുള്ള കേരളത്തിന്റെ ചിത്രം നിലവിലുള്ളപ്പോൾ കേരള മോചന യാത്രയുടെ പേരിൽ യു.ഡി.എഫ്. കോമാളി വേഷം കെട്ടിയിരിക്കുകയാണ്. യു.ഡി.എഫ്.-ന്റെ നേതൃത്വം ഇന്നലെവരെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്നായിരുന്നു. എന്നാൽ കേരളത്തിലെ ജനങ്ങളെ സംബന്ധിച്ച് ഇന്ന് ഒരു കാര്യം വ്യക്തമാണ് വടക്ക് ഭാഗത്തായാലും തെക്ക് ഭാഗത്തായാലും യു.ഡി.എഫ്-ന്റെ നേതൃത്വം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സേ അല്ല. ആ നേതൃത്വം ഏറ്റെടുത്തിട്ടുള്ള ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗും മറ്റ് സംഘടനകളുമാണ്. എൻ.ഡി.എഫ്. പോലുള്ള എസ്.ജി.പി.ഐ. പോലുള്ള ഭീകരവാദ സംഘടനകളുടെ പിന്തുണയില്ലാതെ ഒരു രാഷ്ട്രീയപ്പാർട്ടിക്കും മുന്നോട്ട് പോകാൻ കഴിയാത്ത ഒരു ഗതികേടാണിന്നുള്ളത്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിലും ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിലും കേരളത്തിൽ എന്ത് സംഭവിച്ചുവെന്ന് ജനങ്ങൾ നോക്കി കണ്ടിട്ടുള്ളതാണ്. വാസ്തവവിരുദ്ധ പ്രചാരണത്തിലൂടെ, പണത്തിന്റെ ഒഴുക്കിലൂടെ, മദ്യഒഴുക്കിലൂടെ ഒക്കെത്തന്നെ കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തെ തകർക്കാനുള്ള വലിയ ശ്രമം നടത്തിയിരുന്നുവെങ്കിലും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന് നാല്പത്തിനാല് ശതമാനം വോട്ടോടെ അതിന്റെ ശക്തി തെളിയിക്കാൻക്കഴിഞ്ഞ തെരഞ്ഞെടുപ്പുകളായിരുന്നു കഴിഞ്ഞ രണ്ട് പ്രധാനപ്പെട്ട തെരഞ്ഞെടുപ്പുകൾ. എന്നാൽ ഇന്ന് കേരളീയ സമൂഹത്തിൽ യു.ഡി.എഫ്. അധികാരത്തിൽ വരില്ലെന്നുള്ള കൃത്യമായ ചിത്രമാണ് ജനങ്ങളുടെ മനസ്സിലുള്ളത്. യു.ഡി.എഫ്. ഭരണകാലത്തെക്കുറിച്ച് മലയാളികൾ അറപ്പോടും വെറുപ്പോടും കൂടിയാണ് ഓർക്കുന്നതെന്നുള്ളതിന് യാതൊരു സംശയവുമില്ല. മോചനയാത്ര കൊയിലാണ്ടിയിലൂടെ ഇന്നലെ കടന്നുവരുമ്പോൾ എന്റെ കൂടെയുണ്ടായിരുന്ന ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ സുഹൃത്തുക്കൾ പലരും പറഞ്ഞു, മാഷേ, ഞങ്ങൾ ജനങ്ങളിൽനിന്ന് ഒറ്റപ്പെട്ട്

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിരിക്കുകയാണ്, ഇനി ഒരിക്കലും പഴയ വികാരത്തെ പ്രകടിപ്പിക്കാൻ ഞങ്ങൾക്ക് കഴിയുകയില്ല. അതിന്റെ പ്രതിഫലനമാണ് മഹാനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രസംഗിച്ച ആ മൈതാനത്തിന്റെ ഒരു കോണിൽ കുറച്ചുപേർ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു സ്വീകരണ കേന്ദ്രത്തെ നോക്കിക്കൊണ്ടാണ് ഇനി ഞങ്ങൾക്ക് തിരിച്ചുവരാൻ കഴിയില്ലെന്നാണ് ലീഗിന്റെ സുഹൃത്ത് എന്നോട് പറഞ്ഞത്. അഞ്ച് വർഷം മുൻപ് 2001 മുതൽ 2006 വരെയുള്ള യു.ഡി.എഫ്. ഭരണം സാധാരണക്കാരുടെ മേൽ എഴുതി അടിച്ചേൽപ്പിച്ച ഭരണമായിരുന്നു, അഴിമതി നിറഞ്ഞുനിൽക്കുന്ന ഭരണമായിരുന്നു. സ്വജനപക്ഷപാതവും തമ്മിലടിയും പരിസ്ഥിതിയെ തളർത്തലും വനംകൊള്ളയും സർക്കാർ ജീവനക്കാരോടുള്ള അനീതിയും ധനകാര്യ കെടുകാര്യസ്ഥതയും ക്രമസമാധാന തകർച്ചയും വികസന മുരടിപ്പും വ്യാവസായിക തകർച്ചയും നിലനിന്ന ഒരു സർക്കാരായിരുന്നു യു.ഡി.എഫ്. സർക്കാർ. 2001 മുതൽ 2006 വരെ കേരളീയർ ഓർക്കാൻ അറയ്ക്കുന്ന ഒരു ഭരണമായിരുന്നു. അത് തിരിച്ചു വരാൻ ഒരിക്കലും കേരള ജനത ആഗ്രഹിക്കുന്നില്ല. എന്നാൽ അതിൽനിന്നും വ്യത്യസ്തമായി ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗവും അതുമായി ബന്ധപ്പെട്ട പ്രമേയവും വളരെ വിശദമായി കാര്യങ്ങൾ വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ കേരളീയ സമൂഹത്തെ മലീമസമാക്കാനാണ് യു.ഡി.എഫ്. ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വസ്തുതകളുടെമേൽ കേരളത്തിലെ ഓരോപൗരന്റേയും ഭൗതിക വളർച്ചയെ ഉറപ്പുവരുത്താനുതകുന്ന വിധത്തിൽ കാർഷിക-വ്യാവസായിക മേഖല, കേരളത്തിലെ സംസ്കാരം, മറ്റ് സാമൂഹിക ഇടപെടലുകൾ, അതിന്റെ വളർച്ച, പുരോഗതി, പിറകോട്ടുള്ള പോക്ക് തുടങ്ങിയവയെക്കുറിച്ച് നമുക്ക് വാദപ്രതിവാദം നടത്താം. പക്ഷേ അത്തരമൊരു വാദപ്രതിവാദം നടത്തുന്നതിന് പകരം കേരളീയ സമൂഹത്തെ മലീമസമാക്കുകയാണ് യു.ഡി.എഫ്. ചെയ്യുന്നത്. അതാണ് അവരുടെ പ്രത്യേകത. അതിൽ എം.എൽ.എ.മാർ വരെ, എന്തിന് കൂടുതലൊന്നും ഞാൻ പറയുന്നില്ല. ഇപ്പോൾ ശ്രീ. പി. സി. ജോർജ് അവിടെ ഇല്ലല്ലോ? പാമോയിൽ കേസ് നടത്താൻ ശ്രീ. നന്ദകുമാറിന് രണ്ടുലക്ഷം രൂപ കൊടുത്തുവെന്ന് ആ കേസ്സുമായി മുന്നോട്ടുപോയ ജോമോൻ തന്നെയാണ് പറഞ്ഞിട്ടുള്ളത്. ഒരു സമൂഹത്തിൽ ഒരു യു.ഡി.എഫ്. എം.എൽ.എ.യുടെ ഇടപെടലാണിത്. ഒരു ലക്ഷം രൂപ ശ്രീ.പി.സി. ജോർജ് സഹായിക്കാൻ തന്നിട്ടുണ്ടെന്ന് അഭയ കേസ്സുമായി ബന്ധപ്പെട്ട് ജോമോൻ എഴുതിയ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്, കൊടുത്തല്ലോ നല്ല കാര്യം. ഈ കേസ്സിൽ രണ്ടുലക്ഷം രൂപ തന്നിട്ടുണ്ട്. അവിടെയും അവസാനിപ്പിക്കുന്നില്ല. ഒരു എക്സാമ്പിൾ പറയാം, യു.ഡി.എഫ്-ന്റെ കേസ്സ് ഒതുക്കാൻ ശ്രീ. പി.സി. ജോർജ് എം.എൽ.എ. പ്രതിഫലം ചോദിച്ചുവെന്ന് മാധ്യമം പത്രത്തിൽ ജോമോന്റെ റിപ്പോർട്ട് വന്നിരിക്കുന്നു. ഏത് കേസ്സ് ഒതുക്കാൻ? മലബാർ സിമന്റ്സിലെ ശ്രീ. വി. എൻ. രാധാകൃഷ്ണന് എതിരെയുള്ള അഴിമതിക്കേസിൽനിന്ന് പിന്മാറാൻ തയ്യാറാണെന്നും കോടികളുടെ അഴിമതിപ്പണത്തിൽ പകുതി തരാമെങ്കിൽ പിൻമാറാമെന്നും ശ്രീ. പി. സി. ജോർജ് എം.എൽ.എ. തന്നോട് പറഞ്ഞതായി ജോമോൻ പുത്തൻപുരക്കൽ വാർത്താ സമ്മേളനത്തിൽ പറയുന്നു. ഞാൻ ഇത് പറയുന്നത് ശ്രീ. പി. സി. ജോർജ് എം.എൽ.എ. എന്നുള്ളതുകൊണ്ട് മാത്രമല്ല, മറിച്ച് ഇവരൊക്കെ കേരളീയ

LIBRARY ARCHIVES Kerala Legislative Assembly

സമൂഹത്തെ എങ്ങനെ മലീമസമാക്കുന്നു, തകർക്കുന്നു എന്നുള്ളത് കൃത്യമായി നമ്മൾ പഠിക്കേണ്ടതായിട്ടുണ്ട്. എന്നാൽ അതിൽനിന്നും വ്യത്യസ്തമായ സമീപനങ്ങളാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്നത്. അന്നത്തെ സർക്കാരിന്റെ കാലഘട്ടത്തെക്കുറിച്ച് ഞാൻ പറയേണ്ട ആവശ്യമില്ലല്ലോ? യു.ഡി.എഫ്. ഭരിച്ച അഞ്ചുവർഷക്കാലം ആശുപത്രികളിൽ മരുന്നുകളില്ല, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ ചിത്രം ഒന്ന് പോയി നോക്കണം. ഞാനൊരു ചോദ്യം ചോദിച്ചപ്പോൾ ഇവിടെ ഒരു പൊട്ടിച്ചിരിയുണ്ടായി. ഞാൻ വെറുതെ ചോദിച്ചതല്ല, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ സ്ത്രീകളുടെ പ്രസവവാർഡും കുട്ടികളുടെ വാർഡും കോടിക്കണക്കിന് രൂപ ചെലവാക്കി പുനഃരുദ്ധരിച്ചുകൊണ്ട് മലബാറിലെ ജനതയുടെ ആശാ കേന്ദ്ര മായി അത് മാറിയിട്ടുണ്ട്. ശ്രീ. പി. ശങ്കരൻ മന്ത്രിയായിരുന്ന കാലത്ത് ഒരു പാവപ്പെട്ട ആദിവാസി സ്ത്രീ പൊള്ളലേറ്റ് ആശുപത്രിയിൽ കിടന്നപ്പോൾ ആ പാവപ്പെട്ട സഹോദരിയെ ബലാൽസംഗം ചെയ്യാൻ സൗകര്യം ഉണ്ടാക്കി ക്കൊടുത്ത ഒരു കാലഘട്ടമായിരുന്നില്ലേ അത്, കേരളത്തിലെ ജനത അന്നത്തെ കാലവുമായി ഇന്ന് താരതമ്യം ചെയ്യുകയാണ്. വരാൻ പോകുന്ന തെരഞ്ഞെടുപ്പെന്ന് പറയുന്നത് വൈകാരികമല്ല. കേരളത്തിലെ ഓരോ പൗരനും യു.ഡി.എഫ്. ഭരണ കാലത്തേയും എൽ.ഡി.എഫ്. ഭരണ കാലത്തേയും കമ്പെയർ ചെയ്യും. അന്നത്തെ കാർഷിക മേഖലയും ഇന്നത്തെ കാർഷിക മേഖലയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കണം. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരുന്നപ്പോൾ 1500 കൃഷിക്കാർ കെട്ടിത്തൂങ്ങിച്ചത്തു, ഒരു സഹായവും അവർക്ക് കൊടുത്തിട്ടില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് ആ കൃഷിക്കാരെ സഹായിച്ചുവെന്ന് മാത്രമല്ല, ഒരു നിയമവും കൊണ്ടുവന്നു. കർഷകർക്ക് പെൻഷൻകൊടുക്കുന്ന 'കിസാൻ അഭിമാൻ' പദ്ധതി ഈ സർക്കാർ കൊണ്ടുവന്നില്ലേ? കാർഷിക മേഖലയിൽ ഒന്നേകാൽ ലക്ഷം ടൺ നെല്ല് കൂടുതൽ ഉല്പാദിപ്പിക്കാൻ കഴിഞ്ഞുവെങ്കിൽ ഒരിക്കലും കേര ളത്തിലെ കൃഷിക്കാർ ഈ സർക്കാരിന് എതിരായി തിരിയുകയില്ലെന്നുമാത്രമല്ല ഈ മുന്നണിയെ നെഞ്ചിലേറ്റാതിരിക്കുകയുമില്ല. അന്നത്തെ സർക്കാർ സമ്പന്നൻ മാരിൽനിന്നും പിരിക്കാൻ താത്പര്യം കാണിക്കാതെ സാധാരണക്കാരിൽ നികുതിഭാരം അടിച്ചേൽപ്പിച്ചു. 10,000 കോടി രൂപ കുടിശ്ശികയുണ്ടാക്കുകയും 52,000 കോടി രൂപയുടെ കടവും വരുത്തിവച്ചിട്ടുണ്ട്. എന്നാൽ ഇന്നത്തെ സർക്കാർ 1,40,000 പേർക്ക് പി.എസ്.സി-യിലൂടെ നിയമനങ്ങൾ നല്കുകയുണ്ടായി. എന്തും ചെയ്യാൻ ശക്തിയുള്ള ചെറുപ്പക്കാർ ഏത് പാർട്ടിക്കാരാണെങ്കിലും പറയുകയാണ്, മാഷേ ഞങ്ങൾക്ക് ഒരു ജോലി ലഭിക്കണമെങ്കിൽ എൽ.ഡി. എഫ്. ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരണം. കേരളീയ സമൂഹ ത്തിൽ ആ ചിന്ത വളർന്നുവന്നിരിക്കുകയാണ്. നിങ്ങൾ നോക്കിക്കോളൂ, യാതൊരു സംശയവുമില്ല തെരഞ്ഞെടുപ്പ് ഫലം അതായിരിക്കും. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും 24 എണ്ണം സ്വകാര്യവത്ക്കരിക്കാനും ഉത്തരവിറക്കുകയുണ്ടായി. നേരെമറിച്ച് എൽ.ഡി.എഫ്. സർക്കാരിന്റെകാലത്ത് കോഴിക്കോട് സോപ്സ് ആന്റ് ഓയിൽ കമ്പനി വീണ്ടും തിരിച്ചുകൊണ്ടുവന്ന് പുനഃസംഘടിപ്പിച്ച് നവീകരിച്ചിരിക്കുന്നു. പരമ്പരാഗത

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ മേഖലയിലെ ദശലക്ഷങ്ങൾക്ക് ജീവിതം തിരിച്ചുകിട്ടിയിരിക്കുന്നു. യു.ഡി.എഫ്. ഭരണകാലത്ത് നഷ്ടത്തിലോടിയിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇന്ന് 240 കോടി രൂപയുടെ ലാഭമുണ്ടായിട്ടുണ്ട്. ഈ ലാഭ-നഷ്ടത്തെക്കുറിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് എന്ത് പറയാനുണ്ട്? മലീമസമല്ലാത്ത കാര്യങ്ങൾ നിങ്ങൾക്ക് പറയാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് ഇവിടെ പറഞ്ഞത് കർഷകരെല്ലാം വലിയ ആഹ്ളാദത്തിലാണ്, ചെറുപ്പക്കാരെല്ലാം കുമ്മിയടിക്കുകയാണ്, അങ്ങനെ എല്ലാവരുംകൂടി നിങ്ങളെ ജയിപ്പിക്കാൻ നിൽക്കുന്നുവെന്നാണ്. കഴിഞ്ഞ രണ്ട് തെരഞ്ഞെടുപ്പുകളിൽ-ത്രിതല പഞ്ചായത്ത് സമിതി തെരഞ്ഞെടുപ്പിലും പാർലമെന്റ് തെരഞ്ഞെടുപ്പിലും-അന്യസംസ്ഥാനത്തെ ചെറുപ്പക്കാരും അന്യ സംസ്ഥാനത്തെ കർഷകരും വന്ന് വോട്ട് ചെയ്തിട്ടാണോ നിങ്ങൾ തോറ്റുപോയത്? ഇതെല്ലാം ഇവിടത്തെ കർഷകരാണ്.

ശ്രീ. പി. വിശ്വൻ : ഇതുസംബന്ധിച്ചെല്ലാം ഞങ്ങൾ വിലയിരുത്തിയിട്ടുണ്ട്. വിലയിരുത്താതല്ല. പണത്തിന്റെ ഒഴുക്കും വാസ്തവ വിരുദ്ധ പ്രചരണങ്ങളുമെല്ലാം ഇളക്കിവിട്ടപ്പോൾ ഏകദേശം ചെറിയൊരു ശതമാനം വോട്ടിന്റെ പിറകിൽ ഞങ്ങൾ പോയിട്ടുണ്ട്. പക്ഷേ അതിൽനിന്നും വ്യത്യസ്തമായി ....

ശ്രീ. സി. കെ. പി. പത്മനാഭൻ : 2005-ലാണ് ആദ്യം പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നത്, അന്ന് എൽ.ഡി.എഫ്.-ന് 42.42 ശതമാനം വോട്ടുകൾ ലഭിച്ചിട്ടുണ്ട്. അതിനുശേഷം വീരേന്ദ്ര ഘടകം പോയി, കേരളാ കോൺഗ്രസ്സ് (ജോസഫ്) പോയി, ഐ.എൻ.എൽ. പോയി, ഡി.ഐ.സി. പോയി, പി. സി. ജോർജ് പോയി ഇങ്ങനെ എല്ലാ വേണ്ടാതീനങ്ങളും പോയി. ഇപ്പോൾ അഞ്ചുവർഷം കഴിഞ്ഞപ്പോഴും അതേ വോട്ടുണ്ട്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിനേക്കാളും പത്തുലക്ഷം വോട്ട് എൽ.ഡി.എഫ്-ന് കൂടുതലാണ്. പതിനാല് ജില്ലകളിലും ഈ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വോട്ട് വർദ്ധിച്ച ഒറ്റ പ്രസ്ഥാനമേയുള്ളു, അത് എൽ.ഡി.എഫ്-ആണ്. അത് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. പി. വിശ്വൻ : ബഹുമാനപ്പെട്ട സി.കെ.പി. പത്മനാഭൻ പറഞ്ഞ വിഷയം വളരെ കൃത്യമായ ഒരു വിഷയംതന്നെയാണ്. സഭയിൽ അദ്ദേഹം അത് പറഞ്ഞത് വളരെ സന്തോഷത്തോടുകൂടിതന്നെയാണ് ഞാനും ഫോളോ ചെയ്യുന്നത്. മാത്രമല്ല, യു.ഡി.എഫ്. ഭരണകാലത്ത് പണമില്ലാത്തവൻ പഠിക്കേണ്ടന്നായിരുന്നു, 2244 സ്കൂളുകൾ അടച്ചുപൂട്ടുകയുണ്ടായി. എന്നാൽ ഇന്നത്തെ വിദ്യാഭ്യാസ മേഖലയിലെ സ്ഥിതി അതല്ല. അതുപോലെ ക്ഷേമപദ്ധതികളെക്കുറിച്ച് നിങ്ങൾ ഒരവലോകനം നടത്തേണ്ടതുണ്ട്. 2001-ൽ പത്താം കേരള നിയമസഭയിൽ നായനാർ മുഖ്യമന്ത്രിയായിരുന്ന സഭയുടെ അവസാനത്തെ ദിവസം ആ സഭയിലെ അംഗമായിരുന്ന ഞാൻ ഇന്നും ഓർക്കുകയാണ്, 110 രൂപ പെൻഷൻ പ്രഖ്യാപിക്കുകയും അന്നത്തെ സ്പീക്കർ-ശ്രീ. എം. വിജയകുമാർ - ഇപ്പോൾ മിനിസ്റ്ററാണ്. നായനാരുടെ പ്രസംഗത്തിൽ എന്റെ ഗവൺമെന്റ് 110 രൂപ പെൻഷൻ കൊടുക്കുന്നുവെന്ന് പ്രഖ്യാപിച്ചശേഷം അഞ്ചുകൊല്ലം നിങ്ങൾ ഭരിച്ചിട്ട് ഒരു പൈസ നിങ്ങൾ വർദ്ധിപ്പിച്ച് കൊടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്റെ പ്രസംഗം

LIBRARY ARCHIVES Kerala Legislative Assembly

നിർത്താം. നാട്ടിൽ അത് താരതമ്യം ചെയ്യട്ടെ. ഞങ്ങൾ അതുവച്ചുകൊണ്ടു തന്നെയാണ് മുന്നോട്ടുപോകുന്നത്. ക്ഷേമപദ്ധതികളുടെ മുന്നേറ്റം, അതുപോലെ നിരവധികാര്യങ്ങൾ, ഞാൻ സമയക്കുറവുകൊണ്ട് ഓരോ കാര്യത്തിലേക്കും കടക്കുന്നില്ല. ഇന്ന് യു.ഡി.എഫ്. പ്രവർത്തകർ തലയിൽ മുണ്ടിട്ട് നടക്കേണ്ട ഗതികേടാണ്. നിങ്ങളുടെ രാഷ്ട്രീയ നേതൃത്വം ഇൻഡ്യയിലെ കോൺഗ്രസ്സ് (ഐ) ആണ്. ഇവിടെ രാഷ്ട്രീയ നേതൃത്വം യു.പി.എ. സർക്കാരാണ്. ആ സർക്കാരിന്റെ അവസ്ഥ എന്താണ്? അഴിമതിയിൽ മുങ്ങിക്കുളിച്ച സർക്കാരാണ് യു.പി.എ. സർക്കാർ. ആകാശതരംഗങ്ങളെ വൻകിട കുത്തകക്കാർക്ക് വിറ്റ് ഒന്നേമുക്കാൽ ലക്ഷം കോടി രൂപ കൊള്ളയടിക്കാൻ കൂട്ടുനിന്ന ഒരു സർക്കാരാണിത്. നിങ്ങൾക്ക് നിഷേധിക്കാൻ കഴിയില്ല. ഒന്നേമുക്കാൽ ലക്ഷം കോടി രൂപ ആകാശതരംഗങ്ങൾ വെട്ടിമുറിച്ച് വിറ്റതിന് ചീഫ് ജസ്റ്റീസ്‌പോലും അക്കാര്യത്തിൽ പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ട്. വൻകിടക്കാർക്കുവേണ്ടി ഈ നാട്ടിലെ ജനങ്ങളുടെ ഭൂമി നിങ്ങൾ ഉഴുതുമറിച്ച് ഇവിടത്തെ എല്ലാ സ്വത്തും തകർക്കുന്നു. അവസാനം ഇതാ ആകാശ തരംഗങ്ങളെ വെട്ടിമുറിച്ച് കൊടുക്കുന്നു. അഴിമതിയിൽ മുങ്ങിക്കുളിക്കുന്ന നേതൃത്വം, യു.പി.എ. സർക്കാരിന് അഴിമതിയെന്ന് പറയുന്ന ആ ദുർഗന്ധം അവർക്ക് പെർഫ്യൂമാണ്, സുഗന്ധമാണ്. ആ ദുർഗന്ധത്തിൽ എന്നും ജീവിക്കുകയെന്നുള്ളതിലേക്കാണ് ഇന്ന് കോൺഗ്രസ്സ് (ഐ) നിൽക്കുന്നത്. അല്ല എന്ന് പറയാൻ കഴിയില്ല. നോബൽ സമ്മാനം കിട്ടിയ ഓസ്ട്രിയൻ പ്രവർത്തകൻകൂടിയായിരുന്ന എൽഫ്രഡ് ലെയ്നാ എന്നുപറയുന്ന ലോക പ്രശസ്തനായ എഴുത്തുകാരനുണ്ട്. വളരെ പ്രഗത്ഭനായ ഒരു എഴുത്തുകാരനാണ്. അദ്ദേഹത്തിന്റെ ഒരു കഥാപാത്രമുണ്ട്. ഡിലക്ടോർ, ഒരു ഭീമാകാരൻ. ലോകം ആ കഥാപാത്രത്തെക്കുറിച്ച് ഇങ്ങനെ ഓർക്കാറുണ്ട്. ഏത് വൃത്തികെട്ട മണവും അദ്ദേഹത്തിന് ഇഷ്ടമാണ്. അദ്ദേഹത്തിന് പെർഫ്യൂം ഇഷ്ടമല്ല. അദ്ദേഹത്തിന്റെ കഥാപാത്രം എല്ലാ അഴിമതിക്കും കൂട്ടുനിൽക്കും. ആ ഡിലക്ടോർ ഒരിക്കൽ ഭാര്യ ഡേർട്ടി കുളിക്കാൻ പാടില്ലെന്ന് പറഞ്ഞുകൊണ്ട് നിരോധനാജ്ഞ പുറപ്പെടുവിച്ചു, അദ്ദേഹത്തിന്റെ നിരോധനാജ്ഞ അതാണ്. ഈ കഥാപാത്രമായ ഡിലക്ടോറിന്റെ നിരോധനാജ്ഞയാണ് ഭാര്യ ഡേർട്ടി കുളിക്കാൻ പാടില്ലെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം അവളുടെ ശരീരഗന്ധം ഒരുകാലത്തും നഷ്ടപ്പെട്ടുപോകാൻ പാടില്ല, അത് അവൾക്ക് അവകാശപ്പെട്ടതാണ് എന്നുള്ള ധ്വനിയോടെയാണ് അദ്ദേഹം പറഞ്ഞത്. അതുപോലെയാണ് ഇൻഡ്യാ രാജ്യം ഭരിക്കുന്ന യു.പി.എ. സർക്കാരും അതിന് നേതൃത്വം കൊടുക്കുന്ന കോൺഗ്രസ്സ് (ഐ)-യും ഈ രാജ്യത്തെ ദുർഗന്ധം വമിക്കുന്ന, അഴിമതിയെന്ന സംവിധാനത്തിൽനിന്ന് ഇൻഡ്യ ഒരിക്കലും രക്ഷപ്പെട്ട് പോകാൻ പാടില്ല, എന്ത് വിലകൊടുത്തും അഴിമതിയെ കാത്തുസൂക്ഷിക്കാൻ യു.പി.എ. സർക്കാർ തയ്യാറാണ് എന്നുതെളിയിക്കുന്ന സംഭവങ്ങളാണ് ഇന്ന് കേരളീയ സമൂഹത്തിൽ മൊത്തത്തിൽ കാണാൻ കഴിയുന്നത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ശശികുമാർ]

അത്തരം ഒരു യു.പി.എ. സർക്കാർ അതിന് നേതൃത്വം കൊടുക്കുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് (ഐ), ആ കോൺഗ്രസ്സ് (ഐ) ഇന്ന് കേരളീയ രാഷ്ട്രീയത്തിൽ-യു.ഡി.എഫ്.ന്റെ നേതൃത്വമെല്ലാം-തകർന്ന് തരിപ്പണമായി

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിരിക്കുകയാണ്. യു.ഡി.എഫ്-ന്റെ നേതൃത്വം ഇന്ന് ആ രൂപത്തിൽ മാറുന്നു. യാതൊരു സംശയവുമില്ല. ഞങ്ങളിവിടെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ കുറിച്ചൊന്നും പറയുന്നില്ല. പക്ഷേ വളരെ പ്രസിദ്ധനായ ഓട്ടോലെവി എന്നു പറയുന്ന ജർമ്മൻ ശരീരശാസ്ത്രജ്ഞൻ സ്വപ്നത്തിലൂടെ നേടിയൊരു പ്രചോദനത്തിൽ നോബൽ സമ്മാനം കിട്ടിയിട്ടുണ്ട്. തവളകളുടെ ഞരമ്പിൽ നടത്തിയ പരീക്ഷണത്തിലൂടെ ഓട്ടോലെവി വീണ്ടും ജനിച്ചുവന്നാൽ ഒരുപക്ഷേ ഈ നേതാക്കന്മാരുടെ ഞരമ്പിൽ പരിശോധന നടത്തിയാൽ പുത്തൻ നോബൽ സമ്മാനം ലഭിക്കും. ആ രൂപത്തിൽ അവർ കേരളീയ സമൂഹത്തെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. തീർച്ചയായും എന്റെ പ്രസംഗം നീട്ടുന്നില്ല. എനിക്ക് പറയാനുള്ള വസ്തുതയെന്താണെന്നുപറഞ്ഞാൽ കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ.........

ശ്രീ. വി. ഡി. സതീശൻ : സർ, ഞരമ്പ് തുടങ്ങിയ വാക്കുകൾ സഭയിൽ പ്രയോഗിക്കുന്നത് സഭയുടെ ചട്ടവിരുദ്ധമല്ല, പക്ഷേ പാർട്ടി വിരുദ്ധമാകുമോയെന്നുള്ള കാര്യം വിശ്വൻ മാഷ് പരിശോധിച്ചാൽ നന്നായിരുന്നു.

ശ്രീ. പി. വിശ്വൻ : സർ, ഞരമ്പ് എന്നുപറഞ്ഞാൽ സർഗ്ഗാത്മകതയുടെ തുടിപ്പാണ്. ശ്രീ. വി. ഡി. സതീശൻ അങ്ങ് ഒരു പ്രഗത്ഭനായ വക്കീലല്ലേ? എന്താണ് നെർവ്വെന്നുപറഞ്ഞാൽ? സർഗ്ഗാത്മകതയുടെ തുടിപ്പാണ് ഞരമ്പ് എന്നുപറയുന്നത്. ഒരു സംശയവുമില്ല. ലോകോത്തര. വിശ്വവിഖ്യാതരായിട്ടുള്ള എഴുത്തുകാർ പ്രഗത്ഭരായ ആർട്ടിസ്റ്റുകൾ, ചിന്തകന്മാർ അവരുടെ ചിന്തയെ യൊക്കെത്തന്നെ രൂപപ്പെടുത്തി, വിപുലപ്പെടുത്തിയെടുക്കുന്ന മഹത്തായ ഞരമ്പിനെ നിങ്ങൾ ...

മി. ചെയർമാൻ : അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. പി. വിശ്വൻ : സർ, ഞാൻ അവസാനിപ്പിക്കുന്നു. ഞാൻ പറഞ്ഞുവന്നത് കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാരിന്റെ പ്രവർത്തനങ്ങൾ ഓരോ രംഗത്തും കാർഷിക മേഖലയിൽ, വ്യാവസായിക മേഖലയിൽ, വിദ്യാഭ്യാസ രംഗത്ത്, സാംസ്കാരികരംഗത്ത്, പൊതുമണ്ഡലത്തെ പൂർണ്ണതയിലേക്ക് കൊണ്ടുവരാനുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തനങ്ങളിൽ ദശലക്ഷക്കണക്കിന് ജനങ്ങൾ തൃപ്തി പ്രകടിപ്പിച്ച് മുന്നോട്ടുവരുന്ന ഈ കാലഘട്ടത്തിൽ കേരളത്തെ മലീമസമാക്കി തകർക്കാനുള്ള യു.ഡി.എഫ്. -ന്റെ ശ്രമത്തെ ചെറുത്തുതോൽപ്പിക്കുമെന്ന് ഉറപ്പിച്ചുപറഞ്ഞുകൊണ്ടുതന്നെ ഞാൻ ഈ നന്ദിപ്രമേയത്തെ ഒരിക്കൽകൂടി പിൻതുണച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്.

ശ്രീ. കെ. കെ. ഷാജു : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. 2006 മുതൽ 2011 വരെയുള്ള കാലയളവിൽ കേന്ദ്രസഹായത്തിന്റേതായി ഇവിടെയൊരു സർവ്വകാല റിക്കാർഡാണ് ഉണ്ടായിട്ടുള്ളത്. ഇതെല്ലാം മറച്ചു പിടിച്ചുകൊണ്ട് നടത്തിയ ഈ നയപ്രഖ്യാപനവും ശ്രീ. പി. ജയരാജന്റെ നന്ദി പ്രമേയവും യഥാർത്ഥത്തിൽ തികച്ചും നന്ദികേടായിപ്പോയി, മോശമായിപ്പോയി

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ പറയാൻ പാടില്ലായിരുന്നു എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഇത്രയും കേന്ദ്രസഹായം ഒഴുകിയെത്തിയൊരു കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. അതിനെക്കുറിച്ചൊന്നും പരാമർശിക്കാത്തത് ഞാൻ ആദ്യമേ പറഞ്ഞതുപോലെ നന്ദികേടായിപ്പോയി. വിലക്കയറ്റം സംബന്ധിച്ചും ഭക്ഷ്യ സുരക്ഷയെ സംബന്ധിച്ചും ഈ പ്രമേയത്തിൽ ധാരാളം കാര്യങ്ങൾ പറയുന്നുണ്ട്. കഴിഞ്ഞ 5 വർഷക്കാലവും ഇതിനകത്ത് പറഞ്ഞ കാര്യങ്ങൾ തന്നെയാണ് പിന്നേയും പറഞ്ഞുകൊണ്ടിരുന്നത്. രൂപയ്ക്കുപകരം രൂപയുടെ പുതിയ ചിഹ്നം വന്നുവെന്നൊരു വ്യത്യാസം മാത്രമേയുള്ളൂ. അല്ലാതെ നയപ്രഖ്യാപനത്തിൽ വേറെയൊന്നും വന്നിട്ടില്ല. ഭക്ഷ്യപൊതുവിതരണ സംപ്രദായം കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ടതാണ്. അത് അപ്പുറത്തിരിക്കുന്ന ആളുകൾ മറന്നുപോയെന്നാണ് തോന്നുന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ കേന്ദ്രത്തിനും സ്റ്റേറ്റിനും ഒരുപോലെ ഉത്തരവാദിത്വമുണ്ട്. ഇവിടെ എൽ.ഡി.എഫ്. പറയുന്നതും പ്രചരിപ്പിക്കുന്നതും കേട്ടാൽ തോന്നുന്നത് എല്ലാം കേന്ദ്രത്തിന്റെ ഉത്തരവാദിത്വ മാണെന്നാണ്. അങ്ങനെയാണെങ്കിൽ ഇവിടെ സ്റ്റേറ്റ് ഗവൺമെന്റിന് എന്താണ് കാര്യം? എന്തിനാണ് ഇങ്ങനെയൊരു ഗവൺമെന്റ് പ്രവർത്തിക്കുന്നത്? വിലക്കയറ്റത്തെക്കുറിച്ച് പറയാൻ എൽ.ഡി.എഫ്.-ന് എന്താണ് അവകാശമുള്ളത്; എന്താണ് അധികാരം? ഇത് വളരെ സിമ്പിളായ കാര്യമല്ലേ? 2006-ൽ യു.ഡി.എഫ്. അധികാരത്തിൽനിന്ന് ഇറങ്ങുമ്പോൾ അരിയുടെ വില 12 രൂപയേയുള്ളൂ. ഇന്ന് അരിയുടെ വില 36 രൂപയാണ്. വിലവർദ്ധനവ് ഉണ്ടോ ഇല്ലയോയെന്ന് ആരോടാണ് പറഞ്ഞ് മനസ്സിലാക്കേണ്ടത്? ഒരാളെയും പറഞ്ഞ് മനസ്സിലാക്കേണ്ടതില്ല. അതുകൊണ്ടാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ കേരള മോചനയാത്രയിൽ ആളുകൾ ഇരമ്പിയെത്തുന്നത്. പ്രത്യേകിച്ചൊന്നും പറയേണ്ട കാര്യമില്ല ജനങ്ങൾക്കെല്ലാം അറിയാം, അതുകൊണ്ട് നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നതിന് കേന്ദ്രഗവൺമെന്റാണ് ഉത്തരവാദിയെന്നൊക്കെപ്പറഞ്ഞ് സംസ്ഥാന ഗവൺമെന്റിന് ഒഴിഞ്ഞുമാറാൻ സാധിക്കുകയില്ല. ജനങ്ങളുടെ പ്രതിക്കൂട്ടിൽ രണ്ട് കയ്യുംകെട്ടി നിന്ന് മറുപടി പറഞ്ഞേപറ്റൂകയുള്ളൂ അതിനൊരു സംശയവും വേണ്ട. ഭക്ഷ്യസുരക്ഷയുടെ കാര്യം ഇതിനകത്ത് ആവർത്തിച്ചാ വർത്തിച്ച് പറയുന്നുണ്ട്. ഭക്ഷ്യസുരക്ഷയുടെ കാര്യം പറയുന്നവർ ഇതിന് സംസ്ഥാനതലത്തിൽ ഒരു കമ്മിറ്റിയുണ്ടാക്കാനായി 3 വർഷമായിരുന്നു തർക്കം. ആരുമായിട്ടാണ് തർക്കം? പ്രതിപക്ഷവുമായിട്ടായിരുന്നോ തർക്കം? തർക്കം നിങ്ങൾ തമ്മിലായിരുന്നു. സംസ്ഥാനതലത്തിൽ രൂപീകരിക്കുന്ന കമ്മിറ്റിയിൽ ചെയർമാൻ കൃഷി വകുപ്പുമന്ത്രിയാണോ, മുഖ്യമന്ത്രിയാണോ ആരായിരിക്കണം എന്നുള്ളതായിരുന്നു തർക്കം. ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച് സംസ്ഥാനത്തിനായി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനായി 3 വർഷം കളഞ്ഞുകുളിച്ചവരാണ് അപ്പുറത്തിരുന്നുകൊണ്ട് ക്ഷേമത്തരം പറയുന്നത്, ഇത് സംസ്ഥാന സർക്കാരിന്റെ അനാസ്ഥയെയാണ് സൂചിപ്പിക്കുന്നത്. ഇതൊക്കെ പറയാനായി നാണം വേണ്ടേ, ആരാണ് ചെയർമാൻ, ആരാണ് കൺവീനർ എന്ന് തർക്കമായിരുന്നു. എന്നിട്ട് മാറിനിന്ന് ഓരോന്നും പറയുകയാണ്. കുട്ടനാട് പാക്കേജിനെപ്പറ്റി നയപ്രഖ്യാപനത്തിൽ ഒരു കാര്യം പറഞ്ഞിട്ടുണ്ട്. ഇത് ഏതാണ്ട് പൊതിയാത്തേങ്ങ കൊണ്ടുനടക്കുന്ന കണക്കാണ് ഗവൺമെന്റ് കുട്ടനാട്

LIBRARY ARCHIVES Kerala Legislative Assembly

പാക്കേജുമായിട്ട് നടക്കുന്നത്. കേന്ദ്ര ഗവൺമെന്റ് പണം മുഴുവനും റെഡി യാക്കി വച്ചിരിക്കുകയാണ്. പക്ഷേ പ്രോജക്ട് തയ്യാറാക്കുന്നതിനോ അതിനു വേണ്ടി ഒരു ഓഫീസ് ഉണ്ടാക്കിയെടുക്കാനോ ഒരു കമ്മിറ്റി കൂടുവാനോ സംസ്ഥാന ഗവൺമെന്റിന് കഴിയുന്നില്ല. ആവശ്യമായ പ്രോജക്ട് കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ സമർപ്പിക്കാത്തതുകൊണ്ട് പണം അനുവദിക്കുന്നില്ല. ഇങ്ങനെ നിൽക്കുകയാണ് കാര്യങ്ങൾ. എത്രതവണ നമ്മൾ കമ്മിറ്റി കൂടി? കുട്ടനാട് പാക്കേജെന്നുപറയുന്ന പദ്ധതിയെ തകർത്ത് നാശമാക്കിയതിന്റെ ഉത്തരവാദിത്വത്തിൽനിന്നും നിങ്ങൾക്ക് ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. സ്മാർട്ട് സിറ്റിയെപ്പറ്റി ഇപ്പോൾ അവകാശവാദം പറയുകയാണ്. 5 വർഷംമുമ്പ് ബഹുമാന്യനായ ഉമ്മൻ ചാണ്ടി ഇറങ്ങിപ്പോകുന്നതിനുമുമ്പ് കൊണ്ടുവന്ന പദ്ധതിയാണിത്. അഞ്ചാം വർഷം നിങ്ങൾ സ്മാർട്ട് സിറ്റി കരാർ ഒപ്പിട്ടു, ഒപ്പിട്ടെങ്കിൽ നല്ലകാര്യംതന്നെ. നിങ്ങൾ ഒപ്പിടാൻ ഇത്രയും താമസിച്ച തെന്താണ്? ഇത്രയും കാലം താമസിച്ചതിനെപ്പറ്റി കേരളത്തിലെ യുവജനങ്ങളോട് നിങ്ങൾക്ക് എന്താണ് മറുപടി പറയാനുള്ളത്? 5 വർഷം നഷ്ടപ്പെട്ട ഉത്തരവാദിത്വത്തിൽനിന്നും നിങ്ങൾക്ക് ഒഴിയാൻ സാധിക്കുമോ? നിങ്ങളുടെ പിടിപ്പുകേടും അലംഭാവവുംമൂലം അവസരം നഷ്ടപ്പെട്ട ആയിരങ്ങളോട് ആരാണ് സമാധാനം പറയുന്നത്? കേരളത്തിന്റെ യുവത്വത്തിന്റെ 5 വർഷം പോയി, അഞ്ച് വർഷം അന്യമായി. അവർക്ക് നഷ്ടപ്പെട്ടുപോയ കേരളത്തിന്റെ യൗവനങ്ങളുടെ നൊമ്പരത്തെ നിങ്ങൾക്കാർക്ക് മറുപടി പറയാൻ പറ്റും?

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, സ്മാർട്ട് സിറ്റി 2011-ൽ കമ്മീഷൻ ചെയ്യും അപ്പോൾ അയ്യായിരം പേർക്ക് ജോലി കിട്ടുമെന്നാണല്ലോ നിങ്ങൾ ഒപ്പിട്ട കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 2011 ഇപ്പോഴായതല്ലേയുള്ളൂ, അപ്പോൾ എങ്ങനെയാണ് ആയിരക്കണക്കിന് ചെറുപ്പക്കാർക്ക് ജോലി നഷ്ടപ്പെട്ടത്.

<u>ശ്രീ. കെ. കെ. ഷാജു</u> : സർ, അല്ല, അങ്ങനെയല്ല. 2011-ൽ വരുന്നതി നെപ്പറ്റിയല്ല പറഞ്ഞത്. ഞാൻ പറയുന്നത് പഠിച്ച് പ്രായപരിധി കഴിഞ്ഞവർ, മക്കളുടെ കണ്ണ് തെളിഞ്ഞാൽ കുടുംബം കരകയറുമെന്ന് കരുതിയിരുന്ന ആളുകൾ, കെട്ടുപ്രായം കഴിഞ്ഞതിന്റെ കാരണത്താൽ വിവാഹം നഷ്ടപ്പെട്ടുപോയ ആളുകൾ ഇവരുടെയൊക്കെ ശാപം ഇടിത്തീയായി ഈ സർക്കാരിന്റെമേൽ പതിക്കുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട. അഞ്ച് വർഷം കളഞ്ഞുകുളിച്ചവർക്കെ തിരായിട്ടുള്ള ശാപം കേരളീയ യുവത്വത്തിന്റെ ശാപം ഇടിത്തീപോലെ നിങ്ങളുടെ തലയിൽ വന്നുവീഴും. അക്കാര്യത്തിൽ യാതൊരു സംശയവുംവേണ്ട. യുവജനങ്ങൾ കാത്തിരിക്കുകയാണ്. വെറുതെ ഓരോന്നും പറഞ്ഞുപോകുകയാണ്. പെൺ വാണിഭത്തെക്കുറിച്ച് പറയാൻ ഇടതുപക്ഷജനാധിപത്യമുന്നണിക്ക് എന്ത് അവകാശമാണുള്ളത്? 5 വർഷത്തെ ഭരണം അവസാനിക്കാൻ ഇനി ഏതാണ്ട് നാലോ അഞ്ചോ ദിവസം മാത്രമേയുള്ളൂ. നാലോ അഞ്ചോ ദിവസംമാത്രം അവശേഷിക്കേ പറയുകയാണ് ഞങ്ങൾ പിടിക്കും, പിടിച്ചുകെട്ടും, തെരുവിലൂടെ നടത്തുമെന്ന്, ഇതൊക്കെ പറഞ്ഞാൽ ആര് വിശ്വസിക്കുമെന്നാണ് ഞാൻ ചോദിക്കുന്നത്. ആലപ്പുഴ പട്ടണത്തിൽ ഒരു ജാലവിദ്യക്കാരനുണ്ടായിരുന്നു. ആ ജാലവിദ്യക്കാരൻ രാവിലെ മുതൽ വൈകുന്നേരം വരെ ഓരോ മാജിക്

LIBRARY ARCHIVES Kerala Legislative Assembly

കാണിക്കുകയാണ്. പക്ഷേ ആളുകൾ കൂടുന്നില്ല. ഇനി അവസാനത്തെ ഐറ്റം കാണിക്കാൻ പോകുകയാണെന്ന് അവസാനം ഇദ്ദേഹം പറഞ്ഞപ്പോൾ ആളുകൾ ഉടനെ കൂടാൻ തുടങ്ങി, അപ്പോൾ കൂടിയ ആളുകൾ കുറച്ച് പൈസയൊക്കെ കൊടുക്കാനുംതുടങ്ങി. ആളുകൾ കൂടാൻ തുടങ്ങിയ ഉടനെ അയാൾ തലയിലിരുന്ന തൊപ്പിയെടുത്ത് മേശപ്പുറത്ത് വച്ചിട്ട് പറഞ്ഞു അവസാനത്തെ ഐറ്റം ഈ തൊപ്പി പറക്കലാണ്, ഉടനെ ഈ തൊപ്പി പറക്കുമെന്നും പറഞ്ഞപ്പോൾ ഉടനെ കുറെയധികം ആളുകൾ തടിച്ചുകൂടുകയുണ്ടായി. അരമണിക്കൂർ കഴിഞ്ഞു, ഒരു മണിക്കൂർ കഴിഞ്ഞു, ഒന്നരമണിക്കൂർ കഴിഞ്ഞു തൊപ്പി ചാടുന്നില്ല. ഒടുവിൽ ആളുകൾ ചോദിച്ചു എന്താണ് തൊപ്പി ചാടാത്തതെന്ന്? ഉടനെ ഇയാൾ പറയുകയാണ്, നിങ്ങളൊക്കെ ഇത്രയും വിഡ്ഢികളായിപ്പോയല്ലോ. തൊപ്പി ചാടുമെന്ന് ആരാ കരുതുന്നത് എന്ന്. എന്നുപറഞ്ഞതുപോലെ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ തൊപ്പിചാട്ടമാണ് ഇപ്പോൾ നടക്കുന്നത്. ഈ ആളെ പിടിക്കും, തെരുവിലൂടെ നടത്തുമെന്നൊക്കെ പറയുന്ന പഴയ ആലപ്പുഴയിലെ മാജിക്കുകാരന്റെ തൊപ്പി ചാട്ടംപോലെ കേരളത്തിലെന്തൊക്കെയോ നടക്കാൻപോകുന്നുവെന്ന് നിങ്ങൾ അവസാനം ഈ നന്ദിപ്രമേയമായ തൊപ്പിച്ചാട്ടവും കൊണ്ട് വന്നിരിക്കുകയാണ്. നന്ദിപ്രമേയം യഥാർത്ഥത്തിൽ തൊപ്പിച്ചാട്ടമാണ്. ഇത് ചാടത്തില്ലയെന്ന് പറയുന്ന ആളുകൾക്ക് അറിയാം. ഇത് ഒരിക്കലും ചാടാൻ പോകുന്ന കാര്യമല്ല. ഇതുകൊണ്ടൊന്നും നിങ്ങൾക്ക് കേരളത്തിൽ ഒന്നും നടത്താൻ കഴിയില്ലയെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. ജനങ്ങൾക്കും ഒരു സംശയവുമില്ല. ഒരു പാർട്ടിയുടെ ജില്ലാ സെക്രട്ടറി ആ ജില്ലയിലെ ഡി.വൈ.എഫ്.ഐ.-യുടെ ജില്ലാസെക്രട്ടറിയുടെ ഭാര്യയെ വിട്ടുതരുന്നില്ലെന്ന്പറഞ്ഞ് പാർട്ടി സെക്രട്ടറിക്കും പോളിറ്റ് ബ്യൂറോക്കും പരാതി അയച്ച നാട്ടിൽനിന്നുകൊണ്ട് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെപ്പറ്റി പറയാൻ നിങ്ങൾക്കെന്താണ് അവകാശം? ഒരു പാർട്ടിയുടെ ജില്ലാസെക്രട്ടറിയെക്കുറിച്ച് ആ പാർട്ടിയിലെ ഡി.വൈ.എഫ്.ഐ. ജില്ലാസെക്രട്ടറി പറയുകയാണ് എന്റെ ഭാര്യയെ അന്യായമായി ഈ പാർട്ടിസെക്രട്ടറി കൈവശം വച്ചിരിക്കുകയാണ്. ഇയാളുടെ കയ്യിൽനിന്നും എന്റെ ഭാര്യയെയൊന്ന് മോചിപ്പിച്ചുതരുവെന്ന് പോളിറ്റ് ബ്യൂറോയ്ക്ക് കത്തെഴുതിയിരിക്കുകയാണ്. ആ പാർട്ടിയിൽ നിന്നുകൊണ്ട് അദ്ദേഹം പോയതുകൊണ്ട് ജില്ലാസെക്രട്ടറി സ്ഥാനം കിട്ടിയ ഒരാളാണ് ഇവിടെയിരിക്കുന്നത്. അദ്ദേഹം പോയതുകൊണ്ട് ജില്ലാസെക്രട്ടറി സ്ഥാനംകിട്ടിയ ആൾ പറയുകയാണ് ഞങ്ങൾ സ്ത്രീപീഡനം ശരിയാക്കും എന്ന്.

മി. ചെയർമാൻ : പോയിന്റ് ഓഫ് ഓർഡർ....

ശ്രീ. പി. ജയരാജൻ : സർ, ഇവിടെ ലെവലില്ലാതെ വന്നിട്ട് എന്തും പറയാമെന്നുള്ള മട്ടിലാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രസംഗിക്കുന്നത്. അദ്ദേഹത്തിന് രാവിലെ മുതൽ കിട്ടേണ്ട മരുന്ന് അത് കുറച്ച് കൂടുതൽ കഴിച്ചുപോയതുകൊണ്ടുള്ള സുഖക്കേടാണ് ഇത്. അങ്ങനെ യാതൊരു പരാതിയും ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു : സർ, ഇതിലൊന്നും പോയിന്റ് ഓഫ് ഓർഡറൊന്നുമില്ല. ശ്രീ. പി. ജയരാജിനെപ്പോലെയുള്ള ആളുകൾക്ക് സ്ഥലകാലബോധം നഷ്ടപ്പെട്ടുപോയിട്ടുണ്ട്. ഇനി കുറച്ചുകൂടി കൂടുതൽ പോകും. ഒരു സംശയവും വേണ്ട. ഇവിടെ മരുന്ന് മാറി കഴിച്ചതാണെന്ന് പറഞ്ഞല്ലോ.

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : സർ, രോഗത്തിന് അന്വേഷണ കമ്മീഷൻ വയ്ക്കുമോ? എന്തിനാണ് ഈ അന്വേഷണ കമ്മീഷനെ വച്ചത്?

ശ്രീ. കെ. കെ. ഷാജു : ഞാൻ അത് പറയാം. ഇപ്പോഴത്തെ പ്രശ്നം ഞരമ്പ് രോഗമാണ്. ആ അസുഖത്തിന് ചികിത്സക്ക് വിട്ട സമയത്ത് എനിക്ക് ഒരു മെസേജ് വന്നു. ശ്രീ. പി. ശശി എന്നു പറയുന്ന ഞങ്ങളുടെ സഖാവ് ഒരു തെറ്റും ചെയ്തിട്ടില്ല. അദ്ദേഹത്തിന് ഒരു രോഗമുണ്ട്, ആ രോഗത്തിന് അദ്ദേഹം മരുന്നു കഴിച്ചു. പക്ഷേ ആ മരുന്ന് അൽപ്പം മാറിപ്പോയി. കഴിച്ച മരുന്ന് മുസ്ലിപവർ എക്സ്ട്രാ ആയിരുന്നു. ആ മരുന്ന് കഴിക്കുമ്പോൾ അതിന്റെ ഗുണം കാണിക്കും. അങ്ങനെ സംഭവിച്ചതേയുള്ളൂ. അങ്ങനെയാണ് നമുക്കൊരു മെസേജ് വന്നത്. ലീഗുകാരെ സംബന്ധിച്ച് അവർക്കിതൊന്നും പറഞ്ഞാലും മനസ്സിലാകത്തില്ല. ഇത് വെറും നിസ്സാരമല്ലേ പ്രശ്നം. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ്ബിന്റെ നേരെ വന്ന പ്രശ്നം പരിഹരിക്കുന്നത് വളരെ നിസ്സാരമല്ലേ, ലീഗിന്റെ സെക്രട്ടേറിയറ്റ് കൂടുക ഒരു കമ്മീഷനെ വയ്ക്കുക ആറുമാസം കഴിയുമ്പോൾ ഇത് രാഷ്ട്രീയ പ്രേരിതമാണെന്ന് പ്രഖ്യാപിച്ചാൽ പോരെ, പ്രശ്നം തീർന്നില്ലേ? മാർക്സിസ്റ്റ് പാർട്ടി എല്ലാ പ്രശ്നവും ഇങ്ങനെയല്ലേ കൈകാര്യം ചെയ്യുന്നത്. ശ്രീ. പി. ശശിയുടെ പെറ്റീഷൻ വരുന്നു, അതിങ്ങനെ കൈകാര്യം ചെയ്യുന്നു. ലാവ്‌ലിൻ പ്രശ്നം വന്നു, പാർട്ടി കൂടി കമ്മീഷനെ നിയമിച്ചു, അത് രാഷ്ട്രീയ പ്രേരിതമാണെന്ന് പിന്നെപ്പറയുകയുണ്ടായി. അതുപോലെതന്നെ ശ്രീ. പി. ശശിയുടെ പ്രശ്നം വന്നു, അത് ഞരമ്പുരോഗമാണ്. കമ്മീഷനെ വച്ചു, അത് ആറുമാസം കഴിയുമ്പോൾ റിപ്പോർട്ട് വരും അത് രാഷ്ട്രീയ പ്രേരിതമാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായിട്ട് ജസ്റ്റീസ് മോഹൻകുമാറുമായി ബന്ധപ്പെടുത്തി ആരോപണം വന്നു. കമ്മീഷനെ വയ്ക്കാം. ആറുമാസം കഴിയുമ്പോൾ രാഷ്ട്രീയ പ്രേരിതമാണെന്ന് റിപ്പോർട്ട് വരും. പ്രശ്നം തീർന്നില്ലേ. വെറുതേ എന്തിനാണ് പ്രശ്നമുണ്ടാക്കുന്നത്. ഞാൻ പറയുന്നത് ഈ നാട്ടിലെ ജനങ്ങളുടെ മുൻപിൽ സ്ത്രീപീഡനത്തെ സംബന്ധിച്ചും പെൺവാണിഭത്തെ സംബന്ധിച്ചും ഒരൊറ്റ അക്ഷരം പറയാനുള്ള അവകാശം ഇടതുപക്ഷ ജനാധിപത്യമുന്നണിക്കില്ല, പ്രത്യേകിച്ച് മാർക്സിസ്റ്റ് പാർട്ടിക്കില്ല. നിങ്ങളുടെ മുഖ്യമന്ത്രി, നിങ്ങളുടെ ഭരണം കേരളത്തിൽ നടന്നുകൊണ്ടിരുന്ന സന്ദർഭത്തിലല്ലേ ഈ കേസ് ഉണ്ടായത്. ആ സന്ദർഭത്തിൽ എല്ലാം ഭദ്രം എന്ന് പറഞ്ഞ് നിങ്ങൾ തന്നെയല്ലേ കോടതിക്ക് റിപ്പോർട്ട് കൊടുത്തിട്ടുള്ളത്. അന്ന് എല്ലാം വലിയ കുഴപ്പമായിരുന്നു അതുകൊണ്ട് ഞങ്ങൾ ഇന്ന് അന്വേഷണം നടത്താൻ പോകുകയാണെന്ന് ഇപ്പോൾ മാറിനിന്നിട്ട് പറയുകയാണ്. അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് നിങ്ങൾ ശ്രീ. പി. ശശിയുടെ പേരിൽ അന്വേഷണം നടത്തുന്നില്ല. എന്തുകൊണ്ട് ശ്രീ. അച്ചുതാനന്ദന്റെ

LIBRARY ARCHIVES Kerala Legislative Assembly

പേരിൽ അന്വേഷണത്തിന് ഉത്തരവിടുന്നില്ല. ഇതെല്ലാം നിങ്ങളുടെ സ്വന്തം തീരുമാനവും സ്വന്തം താൽപ്പര്യവും ആണ്. അതൊന്നും കേരളത്തിലെ ജനങ്ങൾ അംഗീകരിക്കാൻ പോകുന്നില്ല. ഇപ്പോൾ നിങ്ങൾ ഗവർണ്ണറെക്കൊണ്ട് കാണിച്ചിരിക്കുന്ന തൊപ്പിച്ചാട്ടം കേരളത്തിലെ ജനങ്ങൾ അംഗീകരിക്കാൻ പോകുന്നില്ല. നിങ്ങൾക്കെതിരായിട്ടുള്ള വലിയ വെല്ലുവിളി ഉയരുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടി നയിക്കുന്ന കേരള മോചന യാത്ര ഇടയ്ക്കുവച്ച് നിന്നുപോയതിനെപ്പറ്റി നിങ്ങളെന്തിനാണ് ബേജാറാകുന്നത്. നിങ്ങൾക്കെന്താണ് ഇത്ര വിഷമം. കേരള മോചനയാത്ര ഇന്ന് കോഴിക്കോട്ട് അവസാനിക്കുകയാണ്. നിങ്ങൾ അതിനെപ്പറ്റി ബേജാറാകേണ്ട കാര്യമില്ല. കേരളത്തിലെ ജനങ്ങളുടെ പിന്തുണയോടുകൂടി ഐക്യജനാധിപത്യമുന്നണി വീണ്ടും തിരിച്ചുവരുമെന്നതിന് യാതൊരു സംശയവുമില്ല. നന്ദിപ്രമേയത്തെ എതിർക്കുകയാണ്.

ശ്രീ. എ.എം. യൂസഫ് : സർ, ഞാൻ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. എല്ലാ പത്രത്തിന്റെയും പ്രധാനപ്പെട്ട ഹെഡ്ഡിംഗ് തന്നെ ക്ഷേമം, വികസനം, കാർഷികം, പുരോഗതി തുടങ്ങിയവയാണ്. ഇത് ബഹുമാന്യനായ ഗവർണ്ണർ നമ്മുടെ സഭയ്ക്കകത്ത് നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതാണ്. ഓരോ മേഖലകളിലെയും പ്രശ്നങ്ങളെ സംബന്ധിച്ച് ഇതിൽ വളരെ വ്യക്തമായി വിശദമാക്കിയിട്ടുണ്ട്. അങ്ങനെ വിശദമാക്കുമ്പോൾ തീർച്ചയായിട്ടും കേന്ദ്ര ഗവൺമെന്റിനെ സംബന്ധിച്ചും ചില പത്രങ്ങളിൽ ചില റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. 'ഭാരം സാധാരണക്കാരന്റെ ചുമലിൽ, കേന്ദ്ര നയങ്ങൾ രാജ്യത്തെ ആകെത്തന്നെ നശിപ്പിക്കുന്നു. കേന്ദ്രത്തിന്റെ അധികാരവും അതിന്റെ പ്രവർത്തനങ്ങളും കർഷകർക്കും തൊഴിലാളികൾക്കും ദ്രോഹകരം' തുടങ്ങിയ ഒട്ടേറെ വാർത്തകൾ കേന്ദ്ര ഗവൺമെന്റിനെ സംബന്ധിച്ചും വന്നിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് സഖാവ് വി.എസ്. നേതൃത്വം കൊടുക്കുന്ന ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ള ഓരോ വികസനപ്രവർത്തനങ്ങളും ഈ നാട്ടിലെ ജനങ്ങളുടെ ക്ഷേമത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളതാണ്. ഇന്ന് രാവിലെ ചോദ്യോത്തരസമയത്ത് മാന്ദ്യം ഒഴിവാക്കാൻ കേരളത്തിൽ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ സഭയ്ക്കുമുമ്പാകെ മറുപടി പറഞ്ഞിട്ടുള്ളതാണ്. യു.ഡി.എഫ്-ന്റെ നേതൃത്വത്തിൽ ഭരണമുണ്ടായപ്പോൾ നമ്മുടെ കേരളത്തിലെ സ്ഥിതി എന്തായിരുന്നുവെന്നതിനെക്കുറിച്ച് ഒരു ചെറിയ പരിശോധന നടത്താൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്. കേരളത്തിന്റെ സമഗ്രമായ വളർച്ചക്ക് എല്ലാ മേഖലയിലും ഇടപെട്ട് പോന്നിട്ടുള്ള ഒരു ചരിത്രമാണ് നമുക്കുള്ളത്. അതിലൊന്ന്, 1957-ലെ ഇ.എം.എസ്-ഗവൺമെന്റ് കാർഷിക രംഗത്തും വിദ്യാഭ്യാസ രംഗത്തും നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിൽ ജനങ്ങൾക്കാവശ്യമായ ഭക്ഷ്യോത്പാദനവും ഭൂപരിഷ്കരണ നിയമപ്രകാരം കുറേ മാറ്റങ്ങളും വരുത്തിയിരുന്നു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് സഖാവ് എ.കെ.ജി പ്രതിപക്ഷനേതാവായിരിക്കുമ്പോൾ അന്ന് പാർലമെന്റിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് ഈ മാറ്റങ്ങൾ കേരളത്തിൽ കൊണ്ടുവരാൻ സാധിച്ചിട്ടുള്ളത്. അതിന്റെ ഫലമായി ദരിദ്രരും

LIBRARY ARCHIVES Kerala Legislative Assembly

ഇടത്തരക്കാരുമായ കർഷകരും കർഷകത്തൊഴിലാളികളും പലതരത്തിലുണ്ട്. ആ മേഖലകളിലൊക്കെ മാറ്റം വരുത്തുന്നതിനുവേണ്ടി വളം, കീടനാശിനി, അതുപോലെതന്നെ വിത്ത്, ജലസേചനം, വൈദ്യുതി തുടങ്ങിയവയിലൊക്കെ ആനുകൂല്യങ്ങൾ ലഭിച്ചിരുന്നു. ലോക ബാങ്കിന്റെ നിർദ്ദേശപ്രകാരം ഈ ആനുകൂല്യങ്ങളൊക്കെ കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കുകയുണ്ടായി. യു.ഡി.എഫ്-ന്റെ കാലത്തും ബഹുമാന്യനായ ഉമ്മൻ ചാണ്ടി കേരളം ഭരിക്കുമ്പോൾ അത് നിർത്തലാക്കിയിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ കാർഷിക രംഗത്ത് ശ്രദ്ധപതിപ്പിക്കാൻ തുടങ്ങുകയുണ്ടായി. നെല്ലിന് 50 പൈസ കിട്ടാൻ വേണ്ടി കർഷകൻ ആവശ്യപ്പെട്ടിട്ട് ഈ സഭ ചർച്ച ചെയ്തതാണ്. അത് കൊടുത്തില്ല. പാലക്കാടും കുട്ടനാടും തൃശ്ശൂർ അഡാട്ടിലും കർഷകൻ നെല്ല് കത്തിച്ചു. എന്നാൽ ഈ ഗവൺമെന്റ് 13 രൂപയാണ് നെല്ലിന് കൊടുക്കുന്നത്. 17 ശതമാനം ഭക്ഷ്യോല്പാദനം കേരളത്തിലുണ്ടായിരുന്നത് ഇന്ന് 24 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. കുറെ ഭൂമി തരിശ്ശിട്ടതിൽ കുറച്ച് മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചിട്ടുണ്ട്. അത്തരത്തിലുള്ള മാറ്റങ്ങൾ ഈ ഗവൺമെന്റ് വരുത്തിയിട്ടുണ്ട്. അത്തരത്തിലുള്ള മാറ്റങ്ങളുടെ ഫലമായി കർഷക ആത്മഹത്യകൾ ഇവിടെ ഇല്ലാതായിട്ടുണ്ട്. ആത്മഹത്യ ചെയ്ത കർഷകരുടെ കടം എഴുതിത്തള്ളാനും കർഷകർക്ക് പലിശ രഹിത വായ്പ കൊടുക്കാനും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും അവരെ സഹായിക്കാനുമുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ പ്രധാനപ്പെട്ട വരുമാനം നാളികേരമാണ്. ആ നാളികേരത്തെ രക്ഷിക്കുന്നതിന് പച്ചത്തേങ്ങ മേടിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. പക്ഷേ പാമോയിൽ ഇറക്കുമതി ചെയ്ത് അതിന് സബ്സിഡി കൊടുത്തുകൊണ്ട് ഈ നാളികേര കർഷകരെ തകർക്കുകയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത്. ബഹുമാന്യരായ യു.ഡി.എഫ്-ന്റെ നേതൃത്വം അതിന് കൂട്ടുനിൽക്കുകയല്ലാതെ അത് സംബന്ധിച്ച് ഒരു മാറ്റം വരുത്താൻ ശ്രമിക്കുന്നില്ല. സഖാവ് നായനാരുടെ ഭരണകാലത്ത് വെട്ടിമാറ്റിയ തെങ്ങിന് ജനകീയാസൂത്രണ പദ്ധതി പ്രകാരം ആനുകൂല്യം കൊടുത്തിരുന്നത് യു.ഡി.എഫ് ഭരണകാലത്ത് അത് നിർത്തലാക്കിയെങ്കിലും ഈ ഗവൺമെന്റ് അത് പുനഃസ്ഥാപിച്ചെടുക്കുകയുണ്ടായി. നമ്മുടെ ഏത് മേഖലയിലെ കർഷകരെ എടുത്തുനോക്കിയാലും ഗുണപരമായ നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. വ്യവസായ മേഖലയെ സംബന്ധിച്ച് കേന്ദ്ര നയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ- ശ്രീ. കെ. ബാബുവും ശ്രീ. വി.ഡി. സതീശനുമൊക്കെ നേതൃത്വം കൊടുക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്- വലിയ പ്രതിസന്ധിയിലാണെങ്കിലും അവിടെയൊക്കെ ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ടാണ് നമ്മൾ മുന്നോട്ടു പോകുന്നത്. എന്നാൽ വ്യവസായ വകുപ്പിന് കീഴിൽത്തന്നെ പതിനെട്ട് സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭകരമായിട്ടുണ്ട്. ആലുവ മണ്ഡലത്തിൽപ്പെട്ട റ്റി.സി.സി.-യും എഫ്.ഐ.റ്റി തുടങ്ങിയിട്ടുള്ള സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഇന്ന് ലാഭകരമാണ്. ഈ മാറ്റങ്ങളെല്ലാം ഈ ഗവൺമെന്റ് വന്നതിനുശേഷം കൊണ്ടുവന്നതാണ്. ആ ലാഭമുപയോഗിച്ച് പുതിയവ്യവസായം തുടങ്ങാനും ഈ ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

സാധിച്ചിട്ടുണ്ട്. അതുമാത്രമല്ല സ്വകാര്യ മേഖലയിൽ പ്രതിസന്ധിയിലായിരുന്ന പല വ്യവസായ സ്ഥാപനങ്ങളും ഇന്ന് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഏതെങ്കിലും കാരണവശാൽ എന്തെങ്കിലും പ്രതിസന്ധി ഒരു വ്യവസായ സ്ഥാപനത്തിനുണ്ടെങ്കിൽ അത് പരിശോധിക്കണം. പക്ഷേ അത് കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ള പ്രതിസന്ധിമാത്രമാണ്. കാരണം, ആഗോളവത്കരണം, ഐ.എം.എഫ്.-മായിട്ടുള്ള കരാർ, ആസിയാൻ രാജ്യങ്ങളുമായി ഉണ്ടാക്കിയ കരാർ, ആണവ കരാർ, ഇങ്ങനെ ലോക അടിസ്ഥാനത്തിൽത്തന്നെ സമ്പന്ന വർഗ്ഗത്തിന്റെ താല്പര്യം സംരക്ഷിക്കാൻ കേന്ദ്രഗവൺമെന്റ് എടുക്കുന്ന സമീപനത്തിന്റെ ഫലമായിട്ടാണ് ചില വ്യവസായ സ്ഥാപനങ്ങൾക്ക് പ്രതിസന്ധിയുളളത്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം ലാഭകരമാണ്. വൈദ്യുതിയുടെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലനെ ഞാൻ അഭിനന്ദിക്കുകയാണ്. രാവിലെ മുതൽ വൈകുന്നേരംവരെ അദാലത്തുകൾ സംഘടിപ്പിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയുണ്ടായി. വൈദ്യുതിയുടെ കാര്യത്തിൽ ഒരു പരാതിയുമില്ലാത്ത സംസ്ഥാനമാണ് കേരളം. എട്ട് ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയിട്ടുണ്ട്, ഇനി ബാക്കി നടപ്പിലാക്കാൻ പോകുകയാണ്. ഇന്നലെ എറണാകുളത്ത് വൈദ്യുതി അദാലത്ത് നടത്തുകയുണ്ടായി. ആ അദാലത്തിൽവന്ന പരാതികളെല്ലാം രാവിലെ മുതൽ വൈകുന്നേരംവരെയിരുന്ന് പരിഹാരം കണ്ടെത്തുകയുണ്ടായി. എന്നാൽ യു.ഡി.എഫ്-ന്റെ ഭരണകാലത്ത് ഒരു മെഗാവാട്ട് വൈദ്യുതി പോലും ഉല്പാദിപ്പിച്ചിട്ടില്ല. ഇപ്പോൾ വൈദ്യുതി ഉത്പാദിപ്പിക്കുക മാത്രമല്ല ആവശ്യക്കാർക്കെല്ലാം ആ വൈദ്യുതി കൊടുക്കാനും സാധിച്ചിട്ടുണ്ട്. കേന്ദ്ര പൂളിൽനിന്നും ലഭിക്കുന്ന കറന്റ് മുമ്പൊക്കെ എം.ആർ.എഫ്-ന് വിൽക്കുകയായിരുന്നുവെങ്കിൽ ഇപ്പോൾ അത് ഇവിടെ ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. പുതിയ പദ്ധതികൾക്കുവേണ്ടി ഈ ഗവൺമെന്റ് നേതൃത്വം കൊടുക്കുകയുണ്ടായി. വിവിധ വ്യവസായ മേഖലകളിലെ തൊഴിലാളികളുടെ സംരക്ഷണത്തിനുവേണ്ടി എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ളത്. ഇതൊക്കെ എന്റെ ബഹുമാന്യ സ്നേഹിതരായ പ്രതിപക്ഷം കാണേണ്ടതാണ്. തൊഴിലാളികൾക്ക് ഗുണപരമായ തരത്തിൽ എന്തെല്ലാം നടപടികളാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ളത്. ഓരോന്നും ഞാൻ ഇവിടെ എടുത്തുപറയുന്നില്ലെങ്കിലും ചുരുക്കം ചിലത് സൂചിപ്പിക്കാം: കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് വർക്കേഴ്സ് ആക്ട്, കേരള കൈത്തറിത്തൊഴിലാളി ക്ഷേമ സെസ് ആക്ട്, ചുമട്ടുത്തൊഴിലാളികൾക്ക് അനുകൂലമായ നിലപാട്, കേരള ചെറുകിട തോട്ടം തൊഴിലാളികൾക്ക് അനുകൂലമായ നടപടി, പ്രവാസി കേരളീയരുടെ ക്ഷേമ ആക്ട്, കേരള ആഭരണ തൊഴിലാളി ക്ഷേമ ആക്ട് തുടങ്ങിയവയാണ്. കയർ ബോർഡിനെ സംബന്ധിച്ച് സൂചിപ്പിക്കുകയാണെങ്കിൽ ഇപ്പോൾ ഫെസ്റ്റിവൽ നടക്കുകയാണ് അവിടെ ആർക്ക് പോയാലും കാണാൻ സാധിക്കും. കയർത്തൊഴിലാളികളുടെ കൈയിൽ ആയിരത്തിന്റെ നോട്ട് കിട്ടിയപ്പോൾ ദൈവമേ ഈ ഗവൺമെന്റും സുധാകരൻ മിനിസ്റ്ററും മുഖ്യമന്ത്രിയും തുടരട്ടെ എന്നല്ലേ കഴിഞ്ഞ ഓണക്കാലത്ത് അവർ പ്രാർത്ഥിച്ചത്. കയർ രംഗത്തുപോലും ഈ ഗവൺമെന്റ് പാവപ്പെട്ടവരെ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കാൻവേണ്ടി ഗുണം ചെയ്യുന്നുണ്ട്. അതുപോലെ കേരള ചുമട്ടുത്തൊഴിലാളി ഭേഗതി നിയമം, ചുമട്ടുത്തൊഴിലാളി (രണ്ടാം ഭേദഗതി) ആക്ട്, കേരള കള്ളുവ്യവസായ തൊഴിലാളികൾക്ക് ആവശ്യമായ നടപടി, കേരള കർഷകത്തൊഴിലാളി ഭേദഗതി നിയമം, മോട്ടോർ തൊഴിലാളികൾക്ക് ആവശ്യമായ നടപടി, കേരള കുടിയേറ്റ തൊഴിലാളി ക്ഷേമനിധി, അന്യസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ, അസംഘടിത മേഖലയിലെ പ്രവർത്തനങ്ങൾ, തോട്ടം മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ, കല്ല് ചുമക്കുന്നവനും മരം വെട്ടുന്നവനും അതുപോലെ കഷ്ടപ്പാടും ദുരിതവുമനുഭവിക്കുന്നവരുടെ പ്രശ്നങ്ങൾ തുടങ്ങി എല്ലാ മേഖലകളിലെ തൊഴിലാളികൾക്കും അനുകൂലമായിട്ടുള്ള നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അങ്ങനെ തൊഴിൽ മേഖലകളിൽ പുതിയ അവസരങ്ങളുണ്ടാക്കി ഈ നാടിനെ സംരക്ഷിക്കാൻ കഴിയുന്ന ഒരു ഗവൺമെന്റ് ഈ കേരളത്തിലുണ്ട്. വിലക്കയറ്റത്തെക്കുറിച്ച് എന്റെ സ്നേഹിതന്മാർ പറയുന്നുണ്ടെങ്കിലും അതിൽ എന്തടിസ്ഥാനമാണുള്ളതെന്ന് നമുക്കെല്ലാവർക്കുമറിയാം, ഇന്ത്യയ്ക്കാകെതന്നെ വിദേശ നാണ്യം നേടി കൊടുക്കുന്നതിൽ കേരളം ഒന്നാം സ്ഥാനത്താണ്. നമ്മുടെ കടലിൽനിന്നും ലഭിക്കുന്ന മത്സ്യസമ്പത്ത്, കരയിൽനിന്നും ലഭിക്കുന്ന കാർഷികോൽപ്പന്നങ്ങൾ, വിദേശത്ത് ജോലി എടുക്കുന്ന മലയാളികൾ അയക്കുന്ന പണമൊക്കെ ഇന്ത്യാ ഗവൺമെന്റിന്റെ ഖജനാവിലേയ്ക്കാണ് വരുന്നത്. ആ അടിസ്ഥാനത്തിൽ നോക്കുമ്പോൾ കേരളത്തിന് കേന്ദ്ര സർക്കാർ ഒരു പരിഗണനയും നല്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് ഒരുവശത്ത് റേഷൻ അരിയുടെയും പഞ്ചസാരയുടെയും മണ്ണെണ്ണയുടെയും ഗോതമ്പിന്റെയും പെട്രോളിയം ഉൽപ്പന്നങ്ങളുടെയും വില വർദ്ധിപ്പിക്കുകയും മറുവശത്ത് കേരളത്തിന് നൽകുന്ന ഭക്ഷ്യ ധാന്യങ്ങളുടെ വിഹിതം വെട്ടിക്കുറയ്ക്കുകയും ചെയ്യുന്നതുകൊണ്ടാണ് വിലക്കയറ്റമുണ്ടാകാൻ കാരണമാകുന്നത്, പക്ഷേ ആ വിലക്കയറ്റം നിയന്ത്രിക്കാൻ കേന്ദ്ര ഗവൺമെന്റിന് കഴിയുന്നുമില്ല. കേന്ദ്ര ഗവൺമെന്റ് അവധി വ്യാപാരത്തേയും ഊഹക്കച്ചവടത്തേയും കരിഞ്ചന്തയേയും പ്രോത്സാഹിപ്പിക്കുകയല്ലേ ചെയ്യുന്നത്. കേരളത്തിൽനിന്നും കേന്ദ്ര മന്ത്രിമാരായി പോയിട്ടുള്ളവർ അക്കാര്യത്തിൽ ഇടപെടേണ്ടതല്ലേ? ഒരു ഫെഡറൽ സംവിധാനമനുസരിച്ച് ഈ സംസ്ഥാനത്തിന് നൽകേണ്ട റേഷൻ സാധനങ്ങളുടെ വിഹിതം കൃത്യമായി കേന്ദ്ര ഗവൺമെന്റ് തന്നാൽ ഇവിടെ വിലക്കയറ്റം നിയന്ത്രിക്കാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സഹകരണ വകുപ്പും സിവിൽസപ്ലൈസ് വകുപ്പും മാന്യമായ തരത്തിൽ ഇടപെട്ടതിനാലാണ് ഇവിടെ കാര്യങ്ങൾ നല്ല രീതിയിൽ മുന്നോട്ട് പോകുന്നത്. ഇവിടെ ഓരോ കാര്യത്തെ സംബന്ധിച്ചും നമുക്ക് പരിശോധിക്കാം. കേരളത്തിലെ ആരോഗ്യ മേഖലയെക്കുറിച്ച് മറ്റ് സഹപ്രവർത്തകർ സൂചിപ്പിക്കുകയുണ്ടായി. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ ഓർഡിനൻസായിരുന്ന എത്രയോ ബില്ലുകൾ സഭയിൽ കൊണ്ടുവന്ന് പാസ്സാക്കുകയുണ്ടായി. ഇന്ന് ക്രമസമാധാന പാലനരംഗത്ത് വളരെ കൃത്യനിഷ്ഠയോടുകൂടിയാണ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ നേതൃത്വം കൊടുക്കുന്നത്. അതുപോലെതന്നെ ടൂറിസം രംഗത്ത് കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി ടൂറിസ്റ്റുകൾക്ക് സുരക്ഷിതത്തോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ വന്നുപോകാൻ അവസരമുണ്ടാക്കിയിട്ടുണ്ട്. ബഹുമാന്യനായ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമന്ത്രിക്ക് ഏതൊരാൾ പരാതി കൊടുത്താലും, അപേക്ഷ കൊടുത്താലും അവരെ സഹായിക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. നേരെമറിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഏതെല്ലാം തരത്തിലുള്ള പ്രശ്നങ്ങളാണ് ഈ നാട്ടിലുണ്ടായിട്ടുള്ളതെന്ന കാര്യം നമ്മൾ ഓർക്കണം. അന്നത്തെ മന്ത്രിമാരെ സംബന്ധിച്ചുള്ള എത്രയോ അഴിമതി ആരോപണങ്ങൾ സ്വന്തം കക്ഷിയിൽപെട്ടവർ പോലും നിയമസഭയിൽ ഉന്നയിച്ചിരുന്നു. ഞാൻ കേരള മോചന യാത്രയെക്കുറിച്ചൊന്നും പറയുന്നില്ല. അത് ഒരോ പാർട്ടിയുടെയും അവകാശമാണ്. കേരളത്തോട് ഇത്രമാത്രം അവഗണന കാണിക്കുന്ന കേന്ദ്ര ഗവൺമെന്റിനെതിരായിട്ടാണ് നമ്മൾ ഈ യാത്ര നടത്തേണ്ടിയിരുന്നത്. പൊതു രാഷ്ട്രീയത്തിനകത്ത് ഒരു ശുദ്ധ നിലപാട് അല്ലെങ്കിൽ ഒരു സമീപനം നമുക്ക് ആവശ്യമാണ്. എന്നാൽ ഇന്ന് ഏത് പത്രം എടുത്ത് വായിച്ചാലും ഞെട്ടിക്കുന്ന വാർത്തകളാണ് പുറത്ത് വന്നുകൊണ്ടിരിക്കുന്നത്. അതിനെ സംബന്ധിച്ച് വ്യക്തമായ ചർച്ചകൾ സഭയിൽ വന്നതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഈ ഗവൺമെന്റിനെ സംബന്ധിച്ചുള്ള ഓരോ കാര്യമെടുത്ത് പരിശോധിക്കുമ്പോഴും ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗം തികച്ചും ജനങ്ങൾക്ക് ഗുണകരമായ രീതിലുള്ളതാണ്. ഈ ഗവൺമെന്റാണ് പ്രവാസി മലയാളികൾക്കുവേണ്ടി അനുകൂലമായൊരു നിലപാട് സ്വീകരിച്ചിട്ടുള്ളത്. ഈ ഗവൺമെന്റിന്റെ ഭരണകാലത്താണ് പാലോളി കമ്മീഷൻ റിപ്പോർട്ട് പ്രകാരം മദ്രസ അധ്യാപകർക്കും പെൺകുട്ടികൾക്കും ദളിത് ക്രൈസ്തവർക്കും ഗുണകരമായ നിലപാട് സ്വീകരിച്ചിട്ടുള്ളത്. അതുമാത്രമല്ല, മലബാർ ദേവസ്വം നിയമം കൊണ്ടുവന്നതും സഭയിൽ അത്തരം ഒരു ബിൽ അവതരിപ്പിച്ചതും ബഹുമാന്യനായ ജി.സുധാകരൻ ദേവസ്വം വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ്. ക്ഷേത്രങ്ങളിൽ തുളസി മാല കെട്ടുന്നവനും മണി അടിക്കുന്നവനും ചെണ്ട അടിക്കുന്നവനുമെല്ലാം പാവപ്പെട്ടവരാണ്, അവരെ സഹായിക്കുക എന്നത് ഗവൺമെന്റിന്റെ കർത്തവ്യമാണ്. പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ആ രംഗത്ത് ഈ ഗവൺമെന്റ് ധാരാളം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. സാംസ്കാരിക രംഗത്തെ ആളുകൾക്ക് മാന്യമായ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും സ്ത്രീകൾക്ക് സംരക്ഷണം നല്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ സ്വതന്ത്രമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിനെ തകർക്കാൻ ജനശ്രീ പദ്ധതിയുണ്ടാക്കിയത് എന്ത് അടിസ്ഥാനത്തിലാണെന്ന് മനസ്സിലാകുന്നില്ല. പാർലമെന്റ് തെരഞ്ഞെടുപ്പിലും തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലും എൽ.ഡി.എഫ്.-ന് ചെറിയ പോരായ്മകളും കോട്ടങ്ങളുമൊക്കെ വന്നിട്ടുണ്ടെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായിയെങ്കിലും അതൊക്കെ തിരുത്തി മുന്നോട്ട് പോകുകയാണ്. അതിനുശേഷം ഉപതെരഞ്ഞെടുപ്പ് നടന്ന 8 സ്ഥലങ്ങളിൽ ഒരു സീറ്റ് പോലും യു.ഡി.എഫ്-ന് ലഭിച്ചിട്ടില്ല. 5 സീറ്റുകളിൽ എൽ.ഡി.എഫ്. വിജയിച്ചു. ഒരു സീറ്റിൽ ബി.ജെ.പി.-യും മറ്റ് സ്ഥലങ്ങളിൽ സ്വതന്ത്രനുമാണ് വിജയിച്ചത്. കേരളത്തിലെ ജനങ്ങൾ ബുദ്ധിപരമായി കാര്യങ്ങൾ മനസ്സിലാക്കുന്നവരാണെന്ന് ഇതിൽനിന്നും മനസ്സിലാക്കാം. അവർ എങ്ങോട്ടാണ് വരുന്നതെന്നുള്ളത് വളരെ വ്യക്തമാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിന്റെ വികസന പ്രവർത്തനങ്ങൾ നല്ല നിലയിൽ മുന്നോട്ട് പോകുകയാണ്. ശ്രീ. എസ്. ശർമ്മയ്ക്ക് രജിസ്ട്രേഷൻ വകുപ്പിന്റെ കാര്യത്തിൽ മാത്രമല്ല മത്സ്യമേഖലയിലും വളരെ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കടലോരമേഖലയിലെ ജനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

പട്ടിണിയിൽനിന്നും സംരക്ഷിക്കാൻ സാധിച്ചിട്ടുണ്ട്. 2 രൂപക്ക് അരി കൊടുക്കുന്നുണ്ടെങ്കിലും ക്ഷേമനിധിയിൽ അംഗമല്ലാത്ത ഓട്ടോറിക്ഷാ തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, ചെറുകിട മോട്ടോർ തൊഴിലാളികൾ, ടാപ്പിംഗ് തൊഴിലാളികൾ എന്നീവിഭാഗങ്ങൾക്കുകൂടി 2 രൂപയുടെ അരി കൊടുക്കാനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിക്കണമെന്നൊരു അഭ്യർത്ഥന കൂടി എനിക്ക് ഈ സഭ മുമ്പാകെ വെയ്ക്കാനുണ്ട്. തികച്ചും അഴിമതി രഹിതമായിട്ടുള്ള, എല്ലാ ജനങ്ങളെയും വിശ്വാസത്തിലെടുത്തുകൊണ്ട് മതന്യൂനപക്ഷങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന ഗവൺമെന്റാണ് ഇന്ന് കേരളത്തിലുള്ളത്. യു.ഡി.എഫ്. -ന്റെ ഭരണകാലത്ത് എന്റെ മണ്ഡലത്തിലുളള തൃക്കുന്നത്ത് സെമിനാരിയിൽ പ്രാർത്ഥന നടത്താനോ പെരുന്നാൾ ആഘോഷിക്കാനോ സാധിക്കുകയില്ലായിരുന്നു എന്നാലിപ്പോൾ അവിടെ പ്രാർത്ഥന നടത്താൻ യാതൊരു തടസ്സവുമില്ല. മരാമൺ കൺവെൻഷൻ തടയുമെന്ന് പറഞ്ഞപ്പോൾ അതിനെ സംരക്ഷിക്കാനും കഴിഞ്ഞിട്ടുണ്ട്. മണപ്പുറത്തെ ശിവരാത്രി ആഘോഷവും ഭംഗിയായി നടത്താൻ കഴിഞ്ഞിട്ടുണ്ട്. ഏതൊരു മത വിശ്വാസികളുടെയും കാര്യത്തെ സംബന്ധിച്ച് വ്യക്തമായ ധാരണയും കാഴ്ചപ്പാടും ഈ ഗവൺമെന്റിനുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് നിയമന നിരോധന ഉത്തരവുണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ നിയമനങ്ങൾ നടത്തുന്നുണ്ട്. പോലീസിന്റെ ആത്മ വിശ്വാസവും വീര്യവും വർദ്ധിച്ചിട്ടുണ്ട്. ജനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ജനമൈത്രി പോലീസിംഗ് സംവിധാനം കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽ കേരളത്തിന്റേതായി 6 കേന്ദ്ര മന്ത്രിമാർ ഉണ്ടായതുകൊണ്ട് എന്താണ് കാര്യം? ഈ നാട്ടിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ബഹുമാന്യനായ പനമ്പള്ളി ഗോവിന്ദമേനോനും സി.എം. സ്റ്റീഫനുമുള്ള കാലത്തുപോലും മര്യാദ കാണിച്ചിരുന്നു. 1967-ലെ മുന്നണി കാലത്ത് കേന്ദ്രത്തിന്റെ അവഗണനക്കെതിരായി ശ്രീ. കെ.എം. മാണിയും ലീഗും നമ്മളൊരുമിച്ച് പ്രവർത്തിച്ചിരുന്നു. അന്ന് കാമരാജ് നാടാരായിരുന്നു ഭക്ഷ്യവകുപ്പുമന്ത്രി ; ശ്രീ. കെ. എം. മാണിയുടെ കൂട്ടുകാരും ഞങ്ങളുടെ കൂടെനിന്ന് മുദ്രാവാക്യം വിളിച്ചു - "കാമരാജാ അണ്ണാച്ചി അരിയുടെ കാര്യം എന്നാച്ചി" എന്ന് മുദ്രാവാക്യം വിളിച്ചു, ഇപ്പോൾ നാക്ക് ഇറങ്ങിപോയോ, എന്താണ് മുദ്രാവാക്യം വിളിക്കാത്തത്? എൽ.ഡി.എഫ്. വളരെ ശക്തമായി തിരിച്ചുവരണമെന്നും ശക്തിപ്പെടണമെന്നും ഈ കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നു. പണ്ട് നമ്മൾ പാഠപുസ്തകത്തിൽ പഠിച്ച ഒരു പദ്യം ഞാൻ ചൊല്ലട്ടെ.

"പൂക്കുന്നിതാമുല്ല, പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തി മേഘങ്ങൾപോലെ
എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു കാറ്റ്,
ഉല്ലാസമീ നീണ്ട കൂകൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ."

LIBRARY ARCHIVES Kerala Legislative Assembly

അടുത്ത ഇലക്ഷനിൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തന്നെ കേരളത്തിൽ അധികാരത്തിൽ വരുമെന്ന കാര്യം ഉറപ്പാണെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. രാജു : സർ, ഞാൻ ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. നല്ല ഒന്നാന്തരം ഒരു കവിത കേട്ടു കൊണ്ടാണ് നമ്മളിപ്പോൾ ഈ സഭയിൽ ഇരിക്കുന്നത്. കേരളത്തിലെ ഗവൺമെന്റിന്റെ പ്രവർത്തനത്തെ വിലയിരുത്തിക്കൊണ്ട് വരുന്ന ഒരു വർഷക്കാലം ഗവൺമെന്റ് നടത്താൻ പോകുന്ന പ്രവർത്തനങ്ങൾക്ക് ഒരു വ്യക്തമായ ചിത്രം നിയമസഭാംഗങ്ങളിലും നമ്മുടെ നാട്ടിലെ ജനങ്ങളിലും എത്തിക്കുന്ന തരത്തിലുള്ള ഒരു നയപ്രഖ്യാപന പ്രസംഗമാണ് ബഹുമാനപ്പെട്ട ഗവർണ്ണർ സഭയിൽ നടത്തിയിട്ടുള്ളത്. കേരള സർക്കാരിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് വിലയിരുത്താൻ യഥാർത്ഥത്തിൽ ഇപ്പോൾ സമയമായിരിക്കുകയാണ്. ഒരു പുതിയ തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്ന ഈ അവസരത്തിൽ സ്വാഭാവികമായിട്ടും ജനങ്ങളുടെ കോടതിയിൽ ഇക്കഴിഞ്ഞ നാലേമുക്കാൽ കൊല്ലമായി കേരളത്തിൽ അധികാര ത്തിലിരിക്കുന്ന ഗവൺമെന്റിന്റെ പ്രവർത്തങ്ങളെ സംബന്ധിച്ച് നല്ലതുപോലെ വിലയിരുത്തപ്പെടും എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ബഹുമാന്യനായ എ. എം. യൂസഫ് അവസാനം പ്രഖ്യാപിച്ചതുപോലെ ജനങ്ങൾ നിഷ്പക്ഷമായി ഒരു വിലയിരുത്തൽ നടത്തുകയാണെങ്കിൽ തീർച്ചയായും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തന്നെ വീണ്ടും കേരളത്തിൽ അധികാരത്തിൽ വരുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. വരുന്ന രണ്ട് മാസം കൂടി കഴിയുമ്പോൾ നടക്കാൻ പോകുന്ന ആ തെരഞ്ഞെടുപ്പിൽ, ആ യുദ്ധക്കളത്തിൽ, ഭരണപക്ഷവും പ്രതിപക്ഷവും രണ്ടുപക്ഷമായി നിന്നുകൊണ്ടുതന്നെ ജനങ്ങളുടെ മുമ്പിൽ പ്രശ്നങ്ങൾ അവതരിപ്പിക്കുകയും സ്വാഭാവികമായിട്ടും അവിടെ കേൾക്കുന്ന വാദമുഖങ്ങൾ ജനങ്ങൾ വിലയിരു ത്തിക്കൊണ്ട് വോട്ട് ചെയ്യാൻ തീരുമാനിച്ചാൽ ഈ ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരുമെന്ന കാര്യത്തിൽ യാതൊരുവിധമായ സംശയത്തിനും അവകാശമില്ല. കഴിഞ്ഞ അഞ്ചുവർഷക്കാലം യു.ഡി.എഫ്. ഗവൺമെന്റ് കേരളത്തിൽ അധികാരത്തിലിരുന്നപ്പോൾ പരമ്പരാഗത വ്യവസായങ്ങളെയെല്ലാം തകർത്ത ഒരു ഭരണമായിരുന്നു എന്നുള്ള കാര്യത്തിൽ ആർക്കും സംശയമില്ല. ഞങ്ങളുടെ ജില്ലയായ കൊല്ലം ജില്ലയിലെ കശുവണ്ടിമേഖലയിൽ പണിയെടു ക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ഒരു വർഷം കേവലം 13 ദിവസം മാത്രമായിരുന്നു പണികൊടുക്കാൻ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിരുന്നത് എന്നുള്ള വസ്തുത ഈ രാജ്യത്തെ ജനങ്ങൾ മറന്നിട്ടില്ല. കൈത്തറിത്തൊഴിലാളികളും കയർത്തൊഴിലാളികളുമടക്കം കേരളത്തിലെ പരമ്പരാഗതവ്യവസായ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ തീർച്ചയായും ഗവൺമെന്റിനെ വിലയിരുത്തുമ്പോൾ ഈ ഗവൺമെന്റിന് അനുകൂലമായി വോട്ട് രേഖപ്പെടുത്തുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട. കശുവണ്ടി തൊഴിലാളികൾക്ക് കൊടുക്കുവാനുള്ള പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കുകയും ശമ്പള വർദ്ധനവ് നടപ്പിലാക്കുകയും ഒരു വർഷം 250-ലധികം

LIBRARY ARCHIVES Kerala Legislative Assembly

ദിവസത്തെ പണികൊടുക്കാനും കഴിയുന്ന ഒരു സർക്കാരായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ മാറിയിരിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് 13 ദിവസത്തെ ജോലിയാണ് ലഭിച്ചിരുന്നതെങ്കിൽ ഇന്ന് 250 ദിവസത്തിനുപുറത്ത് ജോലി ലഭിക്കുന്നുണ്ട്. ഈ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് കർഷക ത്തൊഴിലാളികൾക്കുള്ള ക്ഷേമനിധിയും പെൻഷനും ഇല്ലാതാക്കുകയുണ്ടായി. 25 മാസത്തെയോ അല്ലെങ്കിൽ 26 മാസത്തെയോ പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ടായിരുന്നത് മുഴുവൻ ഈ ഗവൺമെന്റ് കൊടുത്തു തീർത്തിട്ടുണ്ട്. കർഷകത്തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കുകയും മുഴുവൻ തൊഴിലാളികൾക്കും അവരുടെ ആനുകൂല്യങ്ങളെല്ലാം കൊടുക്കുന്നതി നുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തുകയും ചെയ്ത ഗവൺമെന്റാണിത്. കൂടാതെ എല്ലാ തൊഴിലാളികൾക്കും പെൻഷൻ കൃത്യമായി വർദ്ധിപ്പിച്ചുകൊടുത്ത ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. ആ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ കേരളത്തിലെ കർഷകത്തൊഴിലാളികൾ വിലയിരുത്തിയാൽ ഈ ഗവൺമെന്റിനനുകൂലമായി ആ വോട്ടുകൾ രേഖപ്പെടുത്തുമെന്നുള്ളത് ഉറപ്പാണ്. അതുപോലെതന്നെ കാർഷിക മേഖല എടുത്തുപരിശോധിച്ചാൽ ഇന്ത്യയിൽ ആദ്യമായി കർഷകന് പെൻഷൻ ഏർപ്പെടുത്തിയ ഗവൺമെന്റ് എന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണർ സൂചിപ്പിച്ചിട്ടുണ്ട്. ഇന്ത്യയിൽ കോൺഗ്രസ്സ് ഭരിച്ചു കൊണ്ടിരുന്ന കാലഘട്ടങ്ങളിലും കേരളത്തിൽ യു.ഡി.എഫ്-ന്റെ ഭരണകാലത്തുമൊക്കെ കാർഷിക മേഖലയിൽ കർഷകർ വ്യാപകമായി ആത്മഹത്യ ചെയ്തിരുന്നുവെങ്കിൽ, ആ ആത്മഹത്യ പൂർണ്ണമായി അവസാനിപ്പിക്കുവാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു എന്നുള്ളത് ഒരു വസ്തുതയല്ലേ? കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കർഷക കടാശ്വാസ കമ്മീഷൻ അടക്കം കർഷകരോട് ആഭിമുഖ്യമുള്ള നിരവധി നടപടികൾ നടപ്പിലാക്കിക്കൊണ്ട് രാജ്യത്തിനുമാതൃകയായി കർഷകന് പെൻഷൻ ഏർപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകുമ്പോൾ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ പ്രത്യേകിച്ച് കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ കർഷകർക്കിടയിൽ ഇപ്പോഴും ആത്മഹത്യ നിരക്ക് കൂടിക്കൊണ്ടിരിക്കുകയാണ്. ശ്രീ. കെ. കെ. ഷാജു ധാരാളം കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി, ശ്രീ. കെ. കെ. ഷാജുവിന്റെ നേതാവ് ശ്രീമതി കെ.ആർ. ഗൗരിയമ്മ മിനിസ്റ്റ റായിരുന്നകാലത്ത് കേന്ദ്ര ഗവൺമെന്റിന് കൊടുത്ത റിപ്പോർട്ടിനെ സംബന്ധിച്ച് അസംബ്ലിയിൽ ചർച്ച ചെയ്തതല്ലേ? കടം കൊണ്ട് കർഷകരാരും ആത്മഹത്യ ചെയ്തിട്ടില്ലെന്ന് റിപ്പോർട്ട് നൽകിയ ഒരു ഗവൺമെന്റിന്റെ പ്രതിനിധിയായി രുന്നു ശ്രീ. കെ. കെ. ഷാജു. ശ്രീ. കെ. കെ. ഷാജു ഇപ്പോൾ ഇവിടെയില്ല. ശ്രീ. കെ. കെ. ഷാജുവിന്റെ നേതാവ് ശ്രീമതി കെ. ആർ. ഗൗരിയമ്മ യഥാർത്ഥത്തിൽ ഇപ്പോൾ മുന്നണിയിൽ ഉണ്ടോ? ആ കാര്യത്തെക്കുറിച്ച് അദ്ദേഹം വ്യക്തമാക്കിയില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെക്കുറിച്ചൊക്കെ ഒട്ടേറെ സമയം കണ്ടെത്തി അദ്ദേഹം പറഞ്ഞുവെങ്കിലും ശ്രീമതി കെ.ആർ ഗൗരിയമ്മ എവിടെവച്ചാണ് ഈ മോചനയാത്രയിൽ അംഗമായത്, ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് സ്ഥിതി, അവരുടെ മനോഭാവമെന്താണ്, ആ മനോഭാവം തന്നെയാണോ ശ്രീ. കെ.കെ. ഷാജുവിനും കൂട്ടർക്കുമുള്ളതെന്ന് വ്യക്തമാക്കാൻ അദ്ദേഹത്തിന് ബാധ്യതയുണ്ടായിരുന്നില്ലേ? നമ്മുടെ കേരളത്തെ മോചിപ്പിക്കാൻ, ജനങ്ങളെ മോചിപ്പിക്കാൻ നടത്തിയ മോചന യാത്ര ഏതാണ്ട് മധ്യതിരുവിതാംകൂർ കഴിഞ്ഞപ്പോഴേയ്ക്കും യു.ഡി.എഫ്-നെ മോചിപ്പിക്കാൻ വേണ്ടിയുള്ള മോചന യാത്രയായി മാറിക്കഴിഞ്ഞു. യു.ഡി.എഫ്-നെ എങ്ങനെയെങ്കിലും ജനങ്ങളിൽനിന്നും മോചിപ്പിച്ചെടുക്കാൻ വേണ്ടിയുള്ള ഒരു മോചനയാത്രയായി മാറിയ ചിത്രം നമ്മൾ കണ്ടതല്ലേ? ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ വിഷയം ഈ കേരളത്തിൽ ഇപ്പോൾ ഒരു ചർച്ചാവിഷയമാക്കിയത് ആരാണ്? കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയാണോ; അതോ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതാക്കന്മാരാണോ; ഇവരാരും അല്ലല്ലോ? ഇവിടെ അതിപ്പോൾ ഒരു ചർച്ചാ വിഷയമായി കൊണ്ടുവന്നത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ സ്വന്തം അനുജൻ, ഭാര്യയുടെ അനുജത്തിയുടെ ഭർത്താവായ റൗഫ് ആണ് പറഞ്ഞത്. അദ്ദേഹം വെളിപ്പെടുത്തിയത്, ഞങ്ങൾ മച്ചാനും മച്ചാനുമായിരിക്കുമ്പോൾ അല്ലെങ്കിൽ ഞങ്ങൾ അനിയനും ചേട്ടനുമായി അടുപ്പമുണ്ടായിരുന്നപ്പോൾ ആ ബന്ധം വച്ചുകൊണ്ട് വളരെയേറെ വിട്ടുവീഴ്ചകൾ ചെയ്തും അതുപോലെ തന്നെ സത്യപ്രതിജ്ഞാ ലംഘനങ്ങൾ നടത്തിക്കൊണ്ടും ഞങ്ങൾ നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി സംഭവിച്ച ഒട്ടേറെ കാര്യങ്ങളെ സംബന്ധിച്ച് വെളിപ്പെടുത്താനുള്ള സമയമായിരിക്കുന്നു, അതുകൊണ്ട് വെളിപ്പെടുത്തുന്നുവെന്ന് പറഞ്ഞുകൊണ്ട് പത്രക്കാരെ വിളിച്ചുകൂട്ടി പറഞ്ഞതാണ്. യഥാർത്ഥത്തിൽ ആദ്യം ഇത് പറഞ്ഞത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ്ബാണ്, അല്ലാതെ റൗഫ് അല്ല സി.പി.ഐ.(എം.) അടക്കമുള്ള കക്ഷികൾ മുസ്ലീം ലീഗുമായി സഹകരിച്ച് ഇവിടെ ഒരു മുന്നണിയായി പ്രവർത്തിച്ചിട്ടുണ്ട്. ബഹുമാന്യനായ സി.എച്ച്. മുഹമ്മദ് കോയയും അതുപോലെ തന്നെ അവുഖാദർ കുട്ടിനഹയും അടക്കമുള്ള മുസ്ലീം ലീഗിന്റെ മാന്യന്മാരായിട്ടുള്ള നേതാക്കന്മാരുമായി ചേർന്നുകൊണ്ട് ഞങ്ങൾ ഈ കേരളത്തിൽ ഭരിച്ചിട്ടുള്ളത് ഓർക്കുകയാണ്. അവരൊക്കെ എത്ര സൗമ്യരായിട്ടുള്ള ആളുകളാണ്, എത്ര സംസ്ക്കാര സമ്പന്നരായിട്ടുള്ള ആളുകളാണ്. അങ്ങനെയുള്ള കാലഘട്ടമെല്ലാം കഴിഞ്ഞുപോയി. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെക്കുറിച്ച് ഇപ്പോൾ പറയുന്നതുതന്നെ കേരളത്തിലെ അന്തരീക്ഷത്തിന് സാംസ്ക്കാരികമായി ഉയർന്നുനിൽക്കുന്ന ഈ കേരളത്തിന്റെ അന്തരീക്ഷത്തിന് പറ്റിയതാണോ എന്നുള്ളതിനെ സംബന്ധിച്ച് ഓർക്കേണ്ടതുണ്ട്. അദ്ദേഹം ഒരു സുപ്രഭാതത്തിൽ പത്രസമ്മേളനം വിളിച്ചുചേർത്ത് തന്റെ സ്വന്തം അനിയനെതിരായും സ്വന്തം ആളുകൾക്കെതിരായും മുന്നണിക്കെതിരായും പത്രസമ്മേളനം നടത്തുകയുണ്ടായി. ശ്രീ. എം. കെ. മുനീറിനെ എനിക്ക് വിശ്വാസമില്ലെന്നും അദ്ദേഹവുംകൂടി ഇതിനകത്ത് പങ്കാളിയായിട്ടുണ്ടെന്നുമാണ് രണ്ടാമത്തെ പത്രസമ്മേളനത്തിൽ പറയുന്നത്. ഈ ചാനലിലൂടെ ഈ വാർത്ത വരുന്നത് ശ്രീ. എം. കെ. മുനീറിന് നേരത്തെ അറിയാമായിരുന്നുവെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. അറിയാമായിരുന്ന വസ്തുത ശ്രീ. എം. കെ. മുനീറും ബോധപൂർവ്വമാണ് ചെയ്തതെന്ന് മാതൃഭൂമി പത്രത്തിൽ മാത്രമല്ല, മാധ്യമം അടക്കമുള്ള പത്രങ്ങളിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ പത്രവാർത്ത അച്ചടിച്ചുവന്നില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ചന്ദ്രൻ : മുസ്ലീം ലീഗിന്റെ ഇന്നത്തെ നേതാവായിട്ടുള്ള ഹൈദരാലി തങ്ങൾ ആവശ്യപ്പെട്ടിട്ടും ശ്രീ. എം. കെ. മുനീർ ആ വാർത്ത കൊടുത്തുവെന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പത്രസമ്മേളനത്തിൽ പറയുകയുണ്ടായി. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. രാജു : ശ്രീ. എം. കെ. മുനീർ അറിഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ചാനലിൽ കൂടി ഈ വാർത്ത വരുന്നതിനു വേണ്ടിയുള്ള നടപടികൾ നീക്കി അതുകൊണ്ട് മുനീറിനെ വിശ്വാസമില്ലാ യെന്നുതന്നെയാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി രണ്ടാമത് അദ്ദേഹത്തിന്റെ പത്രസമ്മേളനത്തിൽ ആരോപണം ഉന്നയിച്ചത്. അത് എല്ലാ പത്രങ്ങളിലും വാർത്തയായി വന്നതാണ്. ഇപ്പോൾ ഒത്തുതീർപ്പുണ്ടാക്കിയെന്നുപറഞ്ഞാൽ എങ്ങനെയാണ്; പീഡനകാര്യത്തിൽ എങ്ങനെയാണ് ഇവരുകൂടിയിരുന്ന് ഒത്തു തീർപ്പുണ്ടാക്കുന്നത്? ഈ ആലോചനാ യോഗത്തിൽ റെജീനയുണ്ടായിരുന്നോ? പീഡനത്തിനുവിധേയമാകുന്ന പെൺകുട്ടികൾ അവർ അവിവാഹിതരാണെങ്കിൽ അവരെ കല്യാണം കഴിക്കാൻ പീഡനം നടത്തിയ ആൾ തയ്യാറായാൽ അവിടെ വച്ച് കേസ് ട്രയൽ അവസാനിപ്പിച്ച് അതിനുള്ള ഒരവസരം കൊടുക്കുകയാണ് ഇപ്പോൾ കോടതികൾ ചെയ്യുന്നത്. ശ്രീ. വി. ഡി. സതീശന് അറിയാം. പ്രായപൂർത്തിയാകുന്നതിനുമുൻപ് പീഡനത്തിന് വിധേയമായ ഒരു പെൺകുട്ടിയുടെ കേസ് കൈകാര്യം ചെയ്തപ്പോൾ അതായത് അപ്പീൽ കേസ് കൈകാര്യം ചെയ്തപ്പോൾ സുപ്രീം കോടതി പറഞ്ഞു, ഇപ്പോൾ ഒരു മനംമാറ്റം വന്നിരിക്കുന്നു, ഈ കുറ്റകൃത്യം നടത്തിയ ആൾ കല്യാണം കഴിക്കാമെന്ന് പറഞ്ഞിരിക്കുന്നു. ആ ട്രയൽ അവിടെ നിർത്തിവച്ചിട്ട് വിളിച്ചുവരുത്തി, ആ പ്രശ്നം പരിഹരിക്കപ്പെട്ടു. അത് ശരിയാണെങ്കിൽ, അതുപോലെ വല്ല ഒത്തുതീർപ്പുമുണ്ടായോ ? ***അതോ മറ്റേതെങ്കിലും ഒത്തുതീർപ്പുവ്യവസ്ഥ അവിടെ ചർച്ചചെയ്തോ? ഇത് എന്ത് ന്യായമാണ്. ഈ സാംസ്ക്കാരിക കേരളത്തിൽ.............................

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, പോയിന്റ് ഓഫ് ഓർഡർ, വളരെ മോശപ്പെട്ട പ്രയോഗമാണ് ഇപ്പോൾ ഇവിടെ നടത്തിയത്. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ അങ്ങനെ കക്ഷി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ കാര്യത്തിൽ ഇങ്ങനെ റെജീന പറയുമോ എന്നുള്ള രീതിയിൽ ചോദിച്ചാൽ, ഈ ഉത്തരവാദിത്വപ്പെട്ട സഭയിൽ ഇത്തരത്തിലുള്ള വൃത്തികെട്ട വാചകം ഉപയോഗിച്ചത് ഓർഡറിലാണോ? ഓർഡറില ല്ലെങ്കിൽ അത് നീക്കം ചെയ്യണം. (...........ബഹളം..................)

മി. ചെയർമാൻ : പരിശോധിക്കും, പരിശോധിക്കാം, പരിശോധിച്ച് ചെയ്യും, പരിശോധിച്ച് വേണ്ടത് ചെയ്യും..................(ബഹളം)...................

ശ്രീ. കെ. രാജു : സർ, ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി ....(ബഹളം).........

*** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 556/ഇ.ബി./11/ലെജി. തീയതി 9-3-2011) നീക്കം ചെയ്തിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : പരിശോധിച്ച് വേണ്ടത് ചെയ്യും.

ശ്രീ. കെ. രാജു : സർ, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ....(ബഹളം).....................

മി. ചെയർമാൻ : പരിശോധിച്ച് വേണ്ടത് ചെയ്യും. ....(ബഹളം)

ശ്രീ. കെ. രാജു : സർ, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിക്ക് ഈ കാര്യത്തെ സംബന്ധിച്ച്, ...(ബഹളം).................സുപ്രീം കോടതി പറഞ്ഞ കാര്യത്തെ സംബന്ധിച്ച് വേണ്ടത്ര വിവരമില്ലാത്തതുകൊണ്ടാണ്.................

മി. ചെയർമാൻ : ശ്രീ. കെ. രാജു. നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. കെ. രാജു : ഞാൻ ബഹുമാനപ്പെട്ട................(ബഹളം)...............

മി. ചെയർമാൻ : ശ്രീ. രാജുവിന്റെ സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. കെ. രാജു : ഇന്ത്യയിലെ എല്ലാ പത്രങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെട്ട് വന്നിട്ടുള്ള സംഗതിയാണ് ഞാൻ ഈ പറഞ്ഞത്............................ (ബഹളം)............

മി. ചെയർമാൻ : ശ്രീ. രാജുവിന്റെ സമയം കഴിഞ്ഞിരിക്കുന്നു. ശ്രീ. രാജു................... (ബഹളം)....................

ശ്രീ. കെ. രാജു : മൈനറായ ഒരു പെൺകുട്ടിയെ .... (ബഹളം) ....

മി. ചെയർമാൻ : അംഗങ്ങൾ ശാന്തമാകണം. ......(ബഹളം)....... ശ്രീ. രാജുവിന്റെ പ്രസംഗം പൂർത്തിയാക്കാം. അംഗങ്ങൾ ഇരിക്കണം. ശ്രീ. രാജുവിന്റെ പ്രസംഗം പൂർത്തിയാക്കാം.

ശ്രീ. കെ. രാജു : ശ്രീ. അബ്ദുറ്ഹിമാൻ രണ്ടത്താണിയുടെ ഭാഷ നമ്മളെല്ലാവരും കേട്ടതാണ്. .... (ബഹളം)...............

മി. ചെയർമാൻ : ശ്രീ. രാജുവിന്റെ പ്രസംഗം പൂർത്തിയാക്കണം.

ശ്രീ. കെ. രാജു : ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞതിൽ നിന്നും ഒട്ടും അധികരിക്കുന്ന നിലയിലുള്ള ഒരു ഭാഷയും ഞാൻ ഇവിടെ ഉപയോഗിച്ചിട്ടില്ല. ഇത് നമ്മുടെ സുപ്രീം കോടതി റിപ്പോർട്ട് ചെയ്ത കേസ്സാണ്. ആ കേസ്സിൽ പറയുന്നത് മൈനറായിട്ടുള്ള പെൺകുട്ടി, ആ പെൺകുട്ടി റേയ്പ് ചെയ്യപ്പെട്ടു. അവസാനം ഈ റേയ്പ് ചെയ്തയാൾ കല്യാണം കഴിക്കാമെന്ന് പറഞ്ഞു. അങ്ങനെ ഒരു ഓഫർ വച്ചപ്പോൾ സുപ്രീംകോടതി തന്നെ കേസ്സ് നിർത്തിവച്ചിട്ട് അതിനൊരു അവസരം കൊടുക്കട്ടേയെന്ന് പറയുകയുണ്ടായി. അങ്ങനെ ഇപ്പോൾ കീഴ്കോടതികളിലും ആ സംവിധാനമുണ്ട്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പ്രശ്നത്തിൽ ഒത്തുതീർപ്പായിയെന്ന് മാധ്യമം പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നു. ശ്രീ. എം. കെ. മുനീർ പ്രശ്നത്തിൽ ഒത്തുതീർപ്പായിയെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മി. ചെയർമാൻ : ശ്രീ. കെ. രാജുവിന്റെ സമയം കഴിഞ്ഞിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : രാജുവിന്റെ സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. കെ. രാജു : ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. എം. കെ. മുനീറും തമ്മിൽ ഒത്തുതീർപ്പ്.......(ബഹളം).......

മി. ചെയർമാൻ : രാജുവിന്റെ സമയം കഴിഞ്ഞിരിക്കുന്നു. പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. കെ. രാജു : റെജീനയെ പീഡിപ്പിച്ച കേസ് ഈ ഒത്തുതീർപ്പുകൊണ്ട് തീരുന്നവിഷയമല്ല.

മി. ചെയർമാൻ : രാജുവിന്റെ പ്രസംഗം കഴിഞ്ഞിരിക്കുന്നു.

ശ്രീ. കെ. രാജു : കേരളത്തിലെ ജനങ്ങൾ, കേരളത്തിലെ സ്ത്രീ സമൂഹം, കേരളത്തിലെ പൊതു സമൂഹം അവർ കാത്തിരിക്കുകയാണ് ഈ വരുന്ന തെരഞ്ഞെടുപ്പിൽ മുസ്ലീംലീഗിനെ ഈ സാംസ്ക്കാരിക വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന ഈ മുസ്ലീംലീഗിനെയും അതിന്റെ നേതാക്കളെയും പരാജയപ്പെടുത്താൻ കേരളത്തിലെ സ്ത്രീ സമൂഹം കേരളത്തിലെ സാംസ്ക്കാരിക തരംഗം ഒന്നടങ്കം കാത്തിരിക്കുകയാണ്. വരുന്ന രണ്ടുമാസം കഴിഞ്ഞ് നടക്കുന്ന തെരഞ്ഞെടുപ്പിൽ നമുക്ക് കാണാം. ഇതാണ് മോചനയാത്ര ....കേരളത്തിൽ ......വന്നിട്ട് അവസാനം യു. ഡി. എഫ്.-നെ മോചിപ്പിക്കുന്ന.......ഞാൻ ചോദിക്കട്ടെ....

മി. ചെയർമാൻ : രാജുവിന്റെ പ്രസംഗം അവസാനിപ്പിക്കണം. അടുത്ത ആളെ വിളിക്കുകയാണ്.

ശ്രീ. കെ. രാജു : ....വന്നിട്ട് അവസാനം യു.ഡി.എഫ്.-നെ മോചിപ്പിക്കുന്ന ഈ മോചനയാത്രയുടെ നേതാവായിട്ടുള്ള നമ്മളെല്ലാം ബഹുമാനിക്കുന്ന ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സാർ ഇത് കേട്ടുകഴിഞ്ഞ് രണ്ടുദിവസം കിടപ്പിലായി.

മി. ചെയർമാൻ : അടുത്ത് സംസാരിക്കേണ്ടത് ശ്രീ. കെ. കെ. ജയചന്ദ്രനാണ്.

ശ്രീ. കെ. രാജു : ശ്രീ ഉമ്മൻ ചാണ്ടി സാർ രണ്ട് ദിവസം കിടപ്പിലായി.

മി. ചെയർമാൻ : രാജുവിന്റെ പ്രസംഗം അവസാനിപ്പിക്കണം. ......(ബഹളം)..... രാജുവിന്റെ പ്രസംഗം അവസാനിപ്പിക്കണം. അടുത്തതായി ശ്രീ. കെ. കെ. ജയചന്ദ്രൻ. ......(ബഹളം).......

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കെ. രാജു : ......(മൈക്ക് ഓഫ്).....യഥാർത്ഥത്തിൽ മുഖം രക്ഷിക്കാൻ വേണ്ടി ജാഥയുടെ ക്യാപ്റ്റൻ സ്ഥാനത്തുനിന്ന് മാറിപ്പോയി അല്ലെങ്കിൽ ജാഥ തന്നെ നിർത്തിവക്കേണ്ടിവന്നു. അതല്ലേ സ്ഥിതി?

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്.....ശ്രീ. കെ. രാജു അങ്ങ് .....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാജു : ഒരുപക്ഷേ പനി ഭാഗ്യമായതായിരിക്കാം. ഞാൻ ചോദിക്കട്ടെ, രണ്ട് ദിവസം നീണ്ടുനിൽക്കുന്ന ന്യുമോണിയ ഉണ്ടോ? ന്യുമോണിയ ആണെങ്കിൽ ഒരു മാസമോ അല്ലെങ്കിൽ രണ്ടാഴ്ചയോ......

ശ്രീ വി. എസ്. സുനിൽ കുമാർ : പ്രതിപക്ഷ ഉപനേതാവ് ബഹുമാന്യനായ ശ്രീ. ജി. കാർത്തികേയൻ, അദ്ദേഹം ഇന്ന് രാവിലെ ഒരു കാര്യം പറഞ്ഞു. അദ്ദേഹം ഈ പ്രസംഗത്തിനിടയിൽ ആദ്യമായി അടിയന്തര പ്രമേയത്തിനിടയിൽ വളരെ പ്രധാനപ്പെട്ട പ്രസക്തമായ ഒരു കാര്യം പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞകാര്യം, സ്ത്രീ പീഡനമെന്നുപറയുന്നത്, പെൺകുട്ടികളെ പീഡിപ്പിച്ച സംഭവം, അതൊരു പാർട്ടിയുടെ ആഭ്യന്തര പ്രശ്നമല്ല, അതൊരു സമൂഹത്തിന്റെ പ്രശ്നമാണ്. യഥാർത്ഥത്തിൽ ഒരു നേതാവിന്റെ വാക്കുകളാണ് ജി. കാർത്തികേയനിലൂടെ ഞങ്ങൾ കേട്ടത്. അപ്പോൾ ആ വിഷയം തന്നെ ഞങ്ങൾ അവതരിപ്പിക്കുന്നുള്ളൂ. ആർക്കെങ്കിലും വേദനിക്കുന്നുണ്ടെങ്കിൽ അത് മനഃപ്പൂർവ്വം ചെയ്യുന്നതല്ല എന്നുകൂടി മനസ്സിലാക്കണം. ......(ബഹളം)......

ശ്രീ. കെ. രാജു : ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞത് വളരെ ശരിയാണ്. ബഹുമാന്യനായ ശ്രീ. ജി. കാർത്തികേയൻ, നമ്മുടെ പ്രതിപക്ഷ ഉപനേതാവ് അദ്ദേഹം കോൺഗ്രസ്സിന്റെ തന്നെ സാംസ്ക്കാരിക വിംഗിന്റെ ചുമതലയുള്ള, ഞങ്ങളെല്ലാം ബഹുമാനിക്കുന്ന നേതാവാണ്. അദ്ദേഹം യഥാർത്ഥത്തിൽ ....(തടസ്സം)......

മി. ഡെപ്യൂട്ടി സ്പീക്കർ : ഇല്ല. കഴിഞ്ഞു....കഴിഞ്ഞു.

ശ്രീ. കെ. രാജു : ...(തടസ്സം).....ശരിയല്ലെന്ന് മാത്രമാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. ഞാൻ ഈ നന്ദിപ്രമേയത്തെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, ഞാൻ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. എൽ. ഡി. എഫ്. ഗവൺമെന്റിന്റെ നേതൃത്വത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള ക്ഷേമപ്രവർത്തനങ്ങളുടേയും വികസനപ്രവർത്തനങ്ങളുടേയും ഫലമായി സംസ്ഥാനത്താകെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞ ഒരു കാലഘട്ടമായി ചരിത്രത്തിൽ ഈ ഗവൺമെന്റ് സ്ഥാനംപിടിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ നയപ്രഖ്യാപന പ്രസംഗത്തേയും അതിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് അവതരിപ്പിച്ച പ്രമേയത്തേയും പിന്താങ്ങാതിരിക്കാൻ കഴിയുകയില്ല. ഞങ്ങൾ ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് സഭയിൽ ഒരു പ്രസംഗം എഴുതി വായിപ്പിച്ചതേയുള്ളൂ ഇവിടെ ഒന്നും നടന്നിട്ടില്ല എന്നാണ് സൂചിപ്പിക്കപ്പെട്ടത്. ജാലവിദ്യക്കാരന്റെ തൊപ്പി പറപ്പിക്കൽ എന്നൊക്കെയുള്ള നിലയിൽ ശ്രീ. കെ. കെ. ഷാജു ഇവിടെ പറയുന്നത് കേട്ടു, എന്നാൽ ശ്രീ. കെ. കെ. ഷാജുവിനെപ്പോലെയുള്ളവരും അപ്പുറത്ത് ഇരിക്കുന്നവരും മനസ്സിലാക്കാനായി ഒരുകാര്യം സൂചിപ്പിക്കുകയാണ്. റിപ്പബ്ലിക് ഡേയിൽ ഗവർണ്ണർ നടത്തിയ പ്രസംഗം ആരും എഴുതിക്കൊടുത്തതല്ല. അദ്ദേഹത്തിന്റെ സ്വന്തം അഭിപ്രായത്തിൽ ഇൻഡ്യയുടെ എല്ലാ ഭാഗങ്ങളിലും നടക്കുന്ന സംഭവങ്ങളും വികസനപ്രവർത്തനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന്റെ സ്ഥിതിയും പരിശോധിച്ചുകൊണ്ട് നടത്തിയിട്ടുള്ള പ്രസംഗമാണെന്നാണ് അത് സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഇൻഡ്യയുടെ ഒരു സംസ്ഥാനത്തും ഇത്ര പ്രായോഗികമായി അത് നടപ്പിലാക്കുന്നില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചുനിർത്താൻ സ്വീകരിച്ച ക്രിയാത്മകമായ നടപടികളും കർഷക ക്ഷേമ പദ്ധതികളും സത്ഭരണത്തിൽ ദേശീയതലത്തിൽ മുൻനിരയിൽ നിൽക്കാനും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകാനും കേരളത്തിന് കഴിയുമെന്നുള്ളതിന്റെ തെളിവാണിത്. റിപ്പബ്ലിക് ഡേയിൽ ഗവർണ്ണർ പ്രസംഗിക്കുമ്പോൾ തീർച്ചയായും അദ്ദേഹം നിങ്ങളുടെ നോമിനിയാണെന്നും കോൺഗ്രസ്സിന്റെ സമുന്നത നേതാവായിരുന്നെന്നും ഇപ്പോഴും അദ്ദേഹം അങ്ങനെയാണെന്നും....(ബഹളം).... ഇപ്പോഴത്തെ കാര്യമല്ല, പണ്ടത്തെ കാര്യമാണ് പറഞ്ഞത്. റിപ്പബ്ലിക്കൻ പാർട്ടി ഓഫ് ഇൻഡ്യ.....(ബഹളം)....നിങ്ങളോട് വലിയ താത്പര്യമുള്ള ആളാണ്. കഴിഞ്ഞ പ്രാവശ്യം എല്ലാ ചട്ടങ്ങളും ലംഘിച്ചാണല്ലോ അദ്ദേഹം അവിടെ വന്ന് കൈയൊക്കെ തന്നിട്ട് പോയത്. ഇപ്രാവശ്യം കൈ തരാനായി നിങ്ങൾ കൈയും നീട്ടിപ്പിടിച്ചുകൊണ്ട്. ഇരിക്കുകയായിരുന്നു. പക്ഷേ അദ്ദേഹം മൈൻഡ് ചെയ്തില്ല. അത്ര വിധേയത്വം ഉണ്ടായിരുന്നു. അങ്ങനെ വിധേയത്വമുണ്ടായിട്ടും ഇത്തരമൊരു പ്രസ്താവന നടത്തിയത് ഈ കേരള സംസ്ഥാനത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങളിലും ഈ ഗവൺമെന്റ് നടത്തുന്ന പുരോഗമന പ്രവർത്തനങ്ങളിലും ഗവർണ്ണർക്ക് നിങ്ങളിൽനിന്നും വ്യത്യസ്തമായി ഒരു സമീപനമുണ്ട് എന്നുള്ളതുകൊണ്ടാണ്. നിങ്ങൾ ചായയെല്ലാം കൊടുത്താണല്ലോ കഴിഞ്ഞ ദിവസം വിട്ടത്. അതുകൊണ്ട് ഞാൻ അതിലോട്ട് കടക്കുന്നില്ല.

<u>ശ്രീ. രാജു എബ്രഹാം</u> : യു.ഡി.എഫ്.-ന് കൈ കൊടുത്തിട്ട് കാര്യമില്ലെന്ന് ഗവർണ്ണർക്കറിയാം. ഇവർ ഇനി ഒരിക്കലും ഭരണത്തിലേക്ക് തിരിച്ചുവരില്ലെന്ന് അദ്ദേഹത്തിന് വ്യക്തമായി അറിയാവുന്നതുകൊണ്ടാണ് അദ്ദേഹം കൈ കൊടുക്കാൻ തയ്യാറാകാതിരുന്നതെന്ന് അങ്ങേയ്ക്ക് അറിയില്ലേ?

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : തീർച്ചയായും. പുതിയ..... ഞാൻ വഴങ്ങാം. ഞാൻ വഴങ്ങാം.....തുടങ്ങിയതല്ലേയുള്ളൂ.

സഹകരണവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): ഗവർണ്ണർ ഒരു പ്രത്യേക കാര്യത്തിന് വന്ന് കൈ കൊടുത്ത് കൈ പൊള്ളിയിരിക്കുകയാണ്. ഏത് കേസ്സാണെന്ന് ഞാൻ പറയേണ്ടതില്ലല്ലോ? ഇനിയൊരിക്കലും കൈ കൊടുക്കുകയില്ല.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : പുതിയ കാലഘട്ടത്തിന്റെ പ്രശ്നങ്ങൾ കേരളത്തിൽ സ്വാംശീകരിച്ചുകൊണ്ടും സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടും പുതിയ വികസിത കേരളം സൃഷ്ടിക്കുന്നതിനുള്ള കാഴ്ചപ്പാടുകളും നിർദ്ദേശങ്ങളും അടങ്ങുന്നതാണ് ഈ നയപ്രഖ്യാപനം. എല്ലാ വിഭാഗം ജനങ്ങളെയും അവരുടെ ജീവിതാവശ്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന വികസനത്തിനോടൊപ്പം സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവരായ ജനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ജീവിതപ്രയാസങ്ങൾക്ക് ആശ്വാസം പകരുന്ന കേരള മാതൃക ഇൻഡ്യയിലാകെ ചർച്ച ചെയ്യപ്പെടുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇൻഡ്യയിലെ ആകെ സ്ഥിതി എടുത്ത് പരിശോധിച്ചാൽ ഇൻഡ്യയിലാകെ വിലക്കയറ്റമില്ലെന്നൊന്നും ഞങ്ങളാരും പറഞ്ഞിട്ടില്ല. പക്ഷേ വിലക്കയറ്റത്തിന് പ്രധാന ഉത്തരവാദികളെന്ന് പറയുന്നത് കേന്ദ്ര ഗവൺമെന്റാണ്. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് തടഞ്ഞുനിർത്താൻ അതിൽനിന്ന് വ്യത്യസ്തമായ ഒരു നയം കേരളത്തിൽ സ്വീകരിക്കുന്നുണ്ടെന്നും അതിന് പ്രയോജനവും ലഭിച്ചിട്ടുണ്ടെന്നും കാണാൻ കഴിയും. കഴിഞ്ഞ മൂന്ന് മാസക്കാലത്തിനിടയിൽ ഇൻഡ്യയിൽ ഭക്ഷ്യധാന്യങ്ങളുടെ വില 18.32 ശതമാനമാണ് ഉയർന്നിരിക്കുന്നത്. പച്ചക്കറികളുടെ വിലയിൽ 24 ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളുടെ ഭാഗമായിട്ടാണ് ഇങ്ങനെ വില വർദ്ധനവുണ്ടാകുന്നത്. പെട്രോളിയം ഉല്പന്നങ്ങളുടെ വിലയിൽ 3 മാസത്തിനിടയിൽ 5 രൂപ 48 പൈസയുടെ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ഊഹക്കച്ചവടം വ്യാപിപ്പിക്കുന്നതും പൊതുവിതരണം തകർക്കുന്നതും കൊണ്ടാണ് വില വർദ്ധനവിനിടയാക്കുന്നത്. എന്നാൽ വില വർദ്ധനവിനിടയാക്കുന്നത് സംബന്ധിച്ച് ഇൻഡ്യൻ പ്രധാനമന്ത്രിയുടെ ഒരു വിലയിരുത്തലെന്താണെന്നാൽ, നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ജനങ്ങളുടെ വരുമാനം വല്ലാതെ കൂടിയിരിക്കുന്നതുകൊണ്ട് രുചികരവും പോഷകാഹാര സമ്പന്നവുമായ ഭക്ഷണം കഴിക്കുന്നതു വഴി, ജനങ്ങൾ ധാരാളം വാങ്ങി കഴിച്ചുകൊണ്ടിരിക്കുകയാണ്, അതുകൊണ്ട് ഡിമാന്റ് കൂടുന്നു, അതുവഴി വില വർദ്ധിക്കുന്നു എന്നാണ് അദ്ദേഹം പറയുന്നത്. പോഷകാഹാര സമ്പന്നമായ ആഹാരം കഴിക്കുന്നത് കുറയ്ക്കുകയാണ് വില വർദ്ധനവ് കുറയ്ക്കാൻ ഏറ്റവും എളുപ്പമാർഗ്ഗമെന്ന ഒരു നല്ല നിർദ്ദേശമാണ് ഇൻഡ്യൻ പ്രധാനമന്ത്രി ഇൻഡ്യാ രാജ്യത്തെ ജനങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്നത്. എന്നാൽ കേരളത്തിൽ ഇതിൽനിന്നെല്ലാം വ്യത്യസ്തമായി 41 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി കൊടുക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അതായത് യു.പി.എ. ഗവൺമെന്റ് ആദ്യം 12 ലക്ഷം കുടുംബങ്ങൾക്ക് 3 രൂപയ്ക്ക് അരി നല്കുമെന്ന് പറഞ്ഞുവെങ്കിലും ഒരു മണി അരിപോലും ഇൻഡ്യയിൽ ഒരിടത്തും വിതരണം ചെയ്തിട്ടില്ല. അതിന്റെ ഭാഗമായി കേരളത്തിന് അരി ലഭിച്ചിട്ടില്ല. വില വർദ്ധനവ് തടഞ്ഞുനിർത്താൻ 3 രൂപയ്ക്ക് അരി കൊടുക്കുമെന്ന് വീണ്ടും ഇപ്പോൾ ഇൻഡ്യാ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ പ്രഖ്യാപനം നടത്തിയിട്ട് രണ്ട് മാസമായി ഒരുമണി അരി പോലും ഇൻഡ്യയിലെ ഒരു സ്ഥലത്തും വിതരണം ചെയ്തതായി നമുക്കാർക്കും അറിയില്ല. എന്നാൽ കേരള ഗവൺമെന്റ് അതിന്റെ പരിമിതിയിൽ നിന്നുകൊണ്ട് രണ്ടു രൂപയ്ക്ക് അരി 41 ലക്ഷം കുടുംബങ്ങളിലും എത്തിക്കാനുള്ള ക്രിയാത്മകമായ നടപടി സ്വീകരിക്കുകയാണ്. ഭക്ഷ്യ-ധാന്യങ്ങളുടെ വില വീണ്ടും സ്ഥിരമായി കുറച്ച് നിർത്തണം. ഇപ്പോൾ നൽകുന്നതിനുപുറമേ 337 കോടി രൂപ കൂടി കൊടുത്ത് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തിക്കൊണ്ട് പരമാവധി വിലനിലവാരം പിടിച്ച് നിർത്തുന്നതിനുള്ള നടപടിയാണ് ഗവൺമെന്റ് ഇതിലൂടെ സ്വീകരിക്കുന്നത്. ഇതിനെയാണ് ആക്ഷേപകരമായി പറയുന്നത്. കാർഷിക മേഖലയെടുത്ത് പരിശോധിച്ചാൽ, ഇന്ത്യയിൽ മറ്റെല്ലാ സംസ്ഥാനങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക മേഖല തകർച്ചയെ നേരിടുമ്പോൾ കൃഷിക്കാർ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്ന സന്ദർഭത്തിലും കേരളത്തിൽ ആ മേഖലയെ നല്ലതു പോലെ പരിഗണിക്കുകയും കാർഷിക മേഖലയിൽ മെച്ചപ്പെട്ട ഒരു സ്ഥിതിയുണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്. അതാണ് കേരള ഗവൺമെന്റ് ചെയ്യുന്നത്. അതുപോലെ തന്നെ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ചിന്തിക്കാൻ കഴിയാത്ത നേട്ടമാണ് ഈ രംഗത്ത് ഉണ്ടായിരിക്കുന്നത്. 2005-06-ൽ 20.6 മെട്രിക് ടൺ പാലാണ് ഉല്പാദിപ്പിച്ചിരുന്നതെങ്കിൽ ഇപ്പോൾ 29 മെട്രിക് ടൺ ഉല്പാദിപ്പിക്കുന്നുണ്ട്, 50%-ത്തോളം വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. അതുപോലെ മുട്ട ഉല്പാദനത്തിൽ 2001-ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 303.4 കോടി മുട്ട ഉല്പാദിപ്പിച്ചിരുന്നത് 119.56 ആയിട്ട് കുറച്ചിട്ടാണ് നിങ്ങൾ അധികാരത്തിൽനിന്നും പോയത്. ഈ ഗവൺമെന്റ് അത് 161.30 കോടിയായിട്ട് ഉയർത്തിക്കൊണ്ട് വരികയുണ്ടായി. എല്ലാ രംഗത്തും ഇത്തരത്തിൽ നേട്ടമുണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം എടുത്ത് പരിശോധിച്ചാൽ 978 പഞ്ചായത്തുകളിൽ 951 പഞ്ചായത്തുകളിലും കേന്ദ്ര ഗവൺമെന്റ് നൽകിയ നിർമ്മൽ പുരസ്ക്കാരം' നേടിക്കൊണ്ടാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ഞാൻ ആ കാര്യങ്ങളിലേക്ക് കടക്കുന്നില്ലെങ്കിലും എല്ലാ നിലയിൽ പരിശോധിക്കുമ്പോഴും വലിയ മുന്നേറ്റമാണ് ഈ ഗവൺമെന്റിന്റെ കാലത്ത് സംഘടിപ്പിക്കപ്പെട്ടിരിക്കുന്നതെന്ന് നിസ്സംശയം പറയാൻ കഴിയും. എന്നാൽ ഈ നേട്ടങ്ങളെയെല്ലാം കളഞ്ഞുകൊണ്ട് നിങ്ങളുടെ പഴയ കാലഘട്ടത്തിലേക്ക് തിരിച്ചുപോകാൻ കേരളത്തിലെ ജനങ്ങൾ ഇഷ്ടപ്പെടുന്നുണ്ടോ എന്നുള്ളത് പ്രധാനമായും പരിശോധിക്കേണ്ടതാണ്. അന്ന് നിങ്ങൾ ഭരിക്കുമ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മന്ത്രിയായിട്ടും ശ്രീ. ബാബു ഇപ്പുറത്തിരിക്കുമ്പോൾ ഞങ്ങൾ അപ്പുറത്തുണ്ടായിരുന്നല്ലോ, എന്തായിരുന്നു നിങ്ങളുടെ സ്ഥിതി? കേരളത്തിലെ അന്നത്തെ പത്രങ്ങളിലേയും ചാനലുകളിലേയും വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ? അന്നത്തെ സ്ഥിതിഗതികൾ ഒരു പ്രാവശ്യം മനസ്സിൽ ഓർത്താൽ നിങ്ങൾ ഭരണത്തിൽ വരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ല, ഞാൻ രണ്ടുമൂന്ന് കാര്യങ്ങൾ ഓർമ്മിപ്പിക്കാം; മറയൂരിലെ ചന്ദന മോഷണം. ഹൈക്കോടതി ഓർഡറിട്ടിട്ടും ദിവസവും എത്ര ചന്ദന മരങ്ങൾ വീതമാണ് പൊയ്ക്കൊണ്ടിരുന്നത്. സ്വന്തം പാർട്ടി നേതാവിനോടുപോലും കൈക്കൂലി ചോദിച്ചതിന്റെ റിക്കോർഡുമായിട്ട് ശ്രീ. ജോർജ് എം. തോമസ് ഉൾപ്പെടെയുള്ളവർ അസംബ്ലിയിൽ വന്നിട്ടില്ലേ? എങ്ങനെ സംഭവിച്ചു, അതും നിങ്ങളുടെ ഭരണകാലത്ത്? അതുമാത്രമല്ല, നിയമനം, നിയമനം നേരിട്ട് നടത്താൻ വേണ്ടി ഡി.എം.ഒ.-യെ വിളിച്ച് ഉത്തരവ് കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ രാജിവച്ചത്. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്ററുടെ രാജി നിങ്ങൾ മറന്നോ? അതുപോലെ ഒലവക്കോട് സ്റ്റോർ റൂമിൽനിന്നും ചന്ദനത്തൈലം മോഷണം, പ്രതികളെ സംരക്ഷിച്ചവർ, മതികെട്ടാൻ കൈയ്യേറ്റം അങ്ങനെ നിരവധി, ഞാൻ എല്ലാ കാര്യങ്ങളിലേക്കും കടക്കുന്നില്ല. വാടക കൊലയാളികൾ ബോർഡും വച്ച് ഇരിക്കുന്ന സംസ്ഥാനമായിരുന്നില്ലേ കേരളം? വാടക കൊലയാളികളും പെൺവാണിഭ സംഘങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ അല്ലേ അഴിഞ്ഞാടിയത്? 250 പേർ എലിപ്പനിമൂലം മരിച്ചപ്പോൾ മൂന്നേകാൽ കോടി ജനങ്ങളുള്ള കേരളത്തിൽ 300 പേർ മരിക്കുന്നത് അത്ര വലിയ കാര്യമാണോ എന്ന് ചോദിച്ച് പുച്ഛിച്ച് തള്ളിയ ആരോഗ്യ മന്ത്രിയല്ലായിരുന്നോ അന്ന് കേരളം ഭരിച്ചിരുന്നത്. വൃക്ക തട്ടിപ്പുകാരുടെ വണ്ടിയിൽ കയറി നടക്കുന്ന മന്ത്രിമാരടക്കം അത്ര അപഹാസ്യമായിരുന്നു യു.ഡി.എഫ്.-ന്റെ ഭരണകാലമെന്നത് കേരളത്തിലെ ജനങ്ങളെ ഓർമ്മിപ്പിക്കുകയാണ് യഥാർത്ഥത്തിൽ കുഞ്ഞാലിക്കുട്ടി സംഭവത്തിലൂടെ ചെയ്തത്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക് അബദ്ധം പറ്റിയതാകാം. അതല്ലാതെ അദ്ദേഹത്തെ പോലെയുള്ളവർ ഇത്തരമൊരു കാര്യം പറഞ്ഞുകൊണ്ടുവരാനുള്ള സാധ്യത വളരെ കുറവാണ്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ കേസ് ഇവിടെ ആരാണ് കൊണ്ടുവന്നത്? നിങ്ങൾ പറയുന്നത് കേട്ടാൽ തോന്നും ഞങ്ങൾ എന്തോ ചെയ്തതുപോലെയാണ്, പക്ഷേ അത് അല്ലല്ലോ? ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ പ്രസ്താവന കൊണ്ടുവന്നത് അദ്ദേഹവും ശ്രീ. ഉമ്മൻ ചാണ്ടിയും കൂടി ആലോചിച്ചാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ ഈ പ്രശ്നം ഇന്നത്തെപ്പോലെ കേരളത്തിൽ സങ്കീർണ്ണമായി ഉയർത്തിക്കൊണ്ടുവന്നത് ഒന്നാം പ്രതി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയാണ്. അതിനു കൂട്ടുകൂടിയത് ശ്രീ. ഉമ്മൻ ചാണ്ടിയാണ്. അവർ രണ്ടു പേരും കൂടിയാണ് ഇത് ഉയർത്തിക്കൊണ്ടുവന്നത്, അതിനുശേഷമാണ് റൗഫ് രംഗത്ത് വരുന്നത്. ഞാൻ റൗഫിന്റെ ഗുണഗണങ്ങളെപ്പറ്റിയൊന്നും പറയുന്നില്ല. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി വഴിവിട്ട് കുടുംബപരമായി എന്തൊക്കെയോ സഹായം റൗഫിന് ചെയ്തുകൊടുത്തുവെന്നാണ് മുമ്പ് സഭയിൽ ശ്രീ. സി. ടി. അഹമ്മദ് അലി പറഞ്ഞത്. ഒരു രാഷ്ട്രീയ നേതാവും മന്ത്രിയും ആയിരുന്ന ഒരാൾ കുടുംബപരമായ കാര്യത്തിൽ എന്താണ് വഴിവിട്ട് ചെയ്തുകൊടുത്തത്. അങ്ങനെ വഴിവിട്ടതാണ് എന്ന് അദ്ദേഹത്തിന് ബോദ്ധ്യമുണ്ടായിരുന്നുവെങ്കിൽ അത് ചെയ്തു കൊടുക്കാമായിരുന്നോ? ഇക്കാര്യം അന്ന് പറയാൻ പാടില്ലായിരുന്നോ? അതാണല്ലോ പറയേണ്ടത്? ശ്രീ. സി. ടി. അഹമ്മദ് അലി ഇവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണെങ്കിൽ ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി വഴിവിട്ട് കുടുംബപരമായി എന്തോ സഹായം ചെയ്ത് കൊടുത്തതിനെപ്പറ്റിയാണ് പത്രസമ്മേളനത്തിൽ പറഞ്ഞതെന്നാണ്, പക്ഷേ വാദത്തിനുവേണ്ടി അത് സമ്മതിക്കാം. അങ്ങനെ വഴിവിട്ട എന്ത് സഹായമാണ് റൗഫിന് ശ്രീ. പി. കെ. കുഞ്ഞാലികുട്ടി കുടുംബപരമായി ചെയ്തുകൊടുത്തതെന്നാണ് എന്റെ ചോദ്യം. അത് ഒരു മന്ത്രി എന്നുള്ള നിലയിൽ ചെയ്യാമായിരുന്ന കാര്യമാണോ? അതുമായി ബന്ധപ്പെട്ട കാര്യങ്ങളെന്തെല്ലാം? ഇത് കേരള സമൂഹത്തിനോട് വിശദീകരിക്കാനുള്ള ബാദ്ധ്യത നിങ്ങൾക്കുണ്ടെങ്കിലും നിങ്ങൾ അത് ചെയ്തിട്ടില്ലെന്നുള്ളതാണ് വസ്തുത. റൗഫ് എന്ന് പറയുന്നയാളിനെപ്പറ്റി മൂന്ന് ആക്ഷേപങ്ങളാണ് നിങ്ങൾ പറഞ്ഞത്. ഒന്ന്, റൗഫ് ഫ്രോഡാണ്. രണ്ട്, അയാൾ തീവ്രവാദികളുമായി ബന്ധമുള്ള ആളാണ്. ഞാൻ ചോദിക്കട്ടെ, ഇദ്ദേഹത്തിന് തീവ്രവാദികളുമായി ബന്ധമുള്ള...............

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ : ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി മന്ത്രിയായിരിക്കെ ചില തെറ്റുകളൊക്കെ ചെയ്തിട്ടുണ്ട്, വഴിവിട്ട് ചില കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട് എന്ന് അദ്ദേഹം പറയുക മാത്രമല്ല മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഇപ്പോഴെങ്കിലും അത് തോന്നിയല്ലോ; തെറ്റ് ഏറ്റ് പറഞ്ഞതിൽ ഞാൻ സ്വാഗതം ചെയ്യുന്നു എന്നുകൂടി ബഹുമാനപ്പെട്ട കോൺഗ്രസ് നേതാവ് പറഞ്ഞത് ശ്രീ. കെ. കെ. ജയചന്ദ്രൻ ഓർക്കുന്നില്ലേ?

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, അത് ഞാൻ ശ്രദ്ധിച്ച കാര്യമാണ്. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയുമാണ് ഈ പ്രശ്നം ഉയർത്തിക്കൊണ്ടുവന്നതെന്ന് ഞാൻ അത് വച്ചുകൊണ്ടാണ് പറഞ്ഞത്. തീവ്രവാദ ബന്ധമുള്ള, കള്ളനോട്ടുമായി ബന്ധമുള്ള, ഫ്രോഡായിട്ടുള്ള ഒരു കുടുംബ സുഹൃത്തുമായി അല്ലെങ്കിൽ അദ്ദേഹത്തിന്റെ ബന്ധം എന്തായിരുന്നു? എന്തെല്ലാം പണികളാണ് അദ്ദേഹം ചെയ്തത്? ഇതെല്ലാമായി ബന്ധപ്പെട്ട് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക് വ്യക്തമായ ബന്ധമുണ്ട് എന്ന് അംഗീകരിക്കുന്നതാണ് നിങ്ങളുടെ സ്റ്റേറ്റ്മെന്റ്. അവസാനം നിങ്ങൾ ഒത്തുതീർപ്പ് ഉണ്ടാക്കിയിട്ട് നടത്തിയ ഇന്നലത്തെ പത്രസമ്മേളനത്തിൽ ലീഗുകാരുടെ മുഖം നോക്കിയപ്പോൾ ഏതാണ്ടൊരു അനുശോചന യോഗം കൂടുന്നതുപോലെയായിരുന്നു ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ മുഖവും മുനീറിന്റെ മുഖവും അതുപോലെ മറ്റെല്ലാവരുടേയും മുഖം ഒരുപോലെ അല്ലായിരുന്നു എന്ന് ശ്രീ. സി. ടി. അഹമ്മദ് അലിക്ക് പറയാൻ കഴിയുമോ? കാരണം, നിങ്ങൾ അത്ര വിഷമത്തോടുകൂടിയാണ് ഇന്നലെ നിങ്ങളുടെ സെക്രട്ടേറിയറ്റ് യോഗം ചേർന്നത്. ആ യോഗത്തിന്റെ പ്രതിഫലനമായിരുന്നു ഇന്നലത്തെ പത്രസമ്മേളനം. അത് തീരാൻ പോകുന്നില്ല. (ബഹളം) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ എത്ര കിടന്ന് ബഹളം വച്ചാലും, അദ്ദേഹം അസംബ്ലിയാണെന്ന് മറന്നുകൊണ്ടാണ് പിടയ്ക്കുന്നത്. ഇത് അസംബ്ലിയല്ലേ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : എന്താണ് ഞാൻ പിടയ്ക്കാനുണ്ടായ കാരണം എന്നു കൂടി അങ്ങ് അറിയണം. കാരണം ഇവിടെ ഒരുപാട് സമയം പ്രസംഗിച്ചല്ലോ........നിങ്ങൾ മനസ്സിലാക്കേണ്ടത്..........പറയട്ടെ.................വഴങ്ങിയാൽ വഴങ്ങിത്തരണം..........ഈ കേസ്സിലെ 16 പ്രതികളുടെ പട്ടിക കോടതി പുറത്തുവിട്ടു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പ്രതിയല്ല, വാദിയല്ല. ആ 16 പേരുടെ പട്ടികയിൽ ശ്രീ. ടി. പി. ദാസൻ എന്ന സി.പി.ഐ.(എം) നേതാവുണ്ട്, ശ്രീ. രാജഗോപാൽ എന്ന സി.പി.ഐ. നേതാവുണ്ട് ആരാണ് റെജീനയെ കല്യാണം കഴിക്കേണ്ടതെന്നുകൂടി അങ്ങ് ഒന്ന് വ്യക്തമാക്കണം.

ശ്രീ. കെ. കെ. ജയചന്ദ്രൻ : ഈ പറഞ്ഞ കാര്യങ്ങളിൽ പുനരന്വേഷണം നടക്കട്ടെ, പുനരന്വേഷണം നടക്കുമ്പോൾ ഏത് ദാസനുണ്ടെങ്കിലും എല്ലാ ദാസൻമാരും കുറ്റക്കാരാണെങ്കിൽ അവരടക്കം മുഴുവൻ ജയിലിൽ പോകട്ടേ എന്നാണ് ഞങ്ങളുടെ അഭിപ്രായം. അതുകൊണ്ട് വേറൊന്നും വേണ്ട. അതിനുവേണ്ടി ഈ അസംബ്ലിക്ക് നിരക്കാത്ത രൂപത്തിൽ വർത്തമാനം പറഞ്ഞത് തീരെ ശരിയായില്ലായെന്നാണ് എന്റെ അഭിപ്രായം. പ്രസംഗമൊക്കെ കഴിഞ്ഞ് നമ്മൾ ഇറങ്ങുമ്പോൾ പരസ്പരം കാണാനുള്ളതല്ലേ? ഞാൻ അതുകൊണ്ട് മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. എന്തായാലും ഈ വക കുഴപ്പങ്ങൾ കാണിച്ച ഫ്രോഡായിട്ടുള്ള, കള്ളനോട്ട് ബിസിനസ്സുള്ള, തീവ്രവാദി ബന്ധമുള്ള റൗഫുമായി അഭേദ്യമായ സ്നേഹ ബന്ധവും കുടുംബ ബന്ധവും അതിന്റെ പേരിൽ നിരവധി ആനുകൂല്യങ്ങൾ വഴിവിട്ട് ചെയ്തുകൊടുത്തിട്ടുണ്ടെന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞിട്ടുണ്ട്; ആ തെറ്റ് ഏറ്റ് പറഞ്ഞത് ഏറ്റവും ശരിയായ നടപടിയായതുകൊണ്ട് അന്നത്തെ മുഖ്യമന്ത്രിയെ അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്.........ശ്രീ. കെ. കെ. ജയചന്ദ്രൻ അങ്ങയുടെ സമയം കഴിഞ്ഞു അങ്ങ് അവസാനിപ്പിക്കു.........

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, ഒരു മിനിട്ടുകൂടി വേണം. ഒരുകാര്യവും കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇവിടെ ഇപ്പോൾ ഐക്യ ജനാധിപത്യമുന്നണി വല്ലാത്ത മുന്നണിയായിട്ടാണല്ലോ ഇരിക്കുന്നത്; ശ്രീ. കെ. കെ. ഷാജുവിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയതെന്തെന്നാൽ വല്ലാതെ എന്തോ കിട്ടാൻ പോകുന്നു എന്നാണ്. ശ്രീ. കെ.കെ. ഷാജുവിന് എന്തെങ്കിലും കിട്ടുമോ എന്നാണ് അദ്ദേഹം നോക്കുന്നത്. ശ്രീമതി കെ. ആർ. ഗൗരിയമ്മ പിണങ്ങിയാണ് നിൽക്കുന്നത്, ഒത്തുത്തീർപ്പുണ്ടായി എന്ന് പറഞ്ഞിട്ട് കാര്യമില്ല. ശ്രീമതി കെ.ആർ. ഗൗരിയമ്മയെ വിളിച്ചുകൊണ്ടുവന്ന് കോൺഗ്രസ്സുകാർ ആക്ഷേപിച്ച് ഒരു ദിവസം ഗസ്റ്റ് ഹൗസിൽ ഇരുന്നിട്ട് മടങ്ങി പോയത് കേരളം മറന്നിട്ടില്ല. പറഞ്ഞതെന്തെന്നറിയാമോ, കണക്ക് പറഞ്ഞ് സീറ്റ് തന്നാലും അവിടെ റിബലിനെ നിർത്തി തോൽപ്പിക്കുമെന്നുള്ള കാര്യമാണ് ശ്രീമതി കെ. ആർ. ഗൗരിയമ്മ സൂചിപ്പിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കെ. കെ. ജയചന്ദ്രൻ അങ്ങ് അവസാനിപ്പിക്കു ....ശ്രീ. ടി. എൻ. പ്രതാപൻ.......

ശ്രീ. കെ. കെ. ജയചന്ദ്രൻ : ഞാൻ അതുകൊണ്ട് ദീർഘിപ്പിക്കുന്നില്ല, ഈ നന്ദിപ്രമേയത്തെ ഞാൻ ഒരിക്കൽ കൂടി അനുകൂലിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. 2011 മേയ് മാസത്തിൽ കാലാവധി പൂർത്തിയാക്കുന്ന ഈ ഗവൺമെന്റിന് നടപ്പിലാക്കാൻ ഒരിക്കലും കഴിയാത്ത കാര്യങ്ങൾ മന്ത്രിസഭ ഗവർണ്ണറെക്കൊണ്ട് പറയിപ്പിക്കുകയും ഈ പറഞ്ഞ കാര്യങ്ങളൊന്നും - കേവലം ആഴ്ചകൾ മാത്രമാണ് ഈ ഗവൺമെന്റിന്റെ കാലാവധിക്ക് ബാക്കിയുള്ളത്, മാർച്ചുമാസം ആദ്യവാരത്തിൽ കോഡ് ഓഫ് കോണ്ടക്ട് വരികയാണ്. ഈ ഗവൺമെന്റിന് നടപ്പിലാക്കുവാൻ കഴിയുന്ന കാര്യങ്ങളല്ല. അതുകൊണ്ടുതന്നെ ഗവർണ്ണറുടെ പ്രസംഗത്തിൽ യാതൊരു കഴമ്പുമുണ്ടായിരുന്നില്ല. ബഹുമാന്യനായ പി. ജയരാജൻ അദ്ദേഹത്തിന്റെ പ്രസംഗം തുടങ്ങിയതും അവസാനിപ്പിച്ചതും ഗവർണ്ണറുടെ പ്രസംഗവുമായി ബന്ധപ്പെട്ട് അതിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുമെന്ന രീതിയിലല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മേയ് മാസം നടക്കാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തിൽ അധികാരത്തിൽ വരില്ലായെന്നും ആ തെരഞ്ഞെടുപ്പിലൂടെ ഐക്യജനാധിപത്യ മുന്നണി കേരളത്തിൽ അധികാരത്തിൽ വരുമെന്നും വരാൻ പോകുന്ന ഗവൺമെന്റാണ് ഇനിയുള്ള കാര്യങ്ങൾ ചെയ്യേണ്ട തെന്നും അതുകൊണ്ട് ഇത് കേവലമൊരു ഭരണഘടനാപരമായ ദൗത്യവും ചടങ്ങും മാത്രമാണെന്ന് വളരെ വ്യക്തമായി ബഹുമാന്യനായ പി. ജയരാജൻ അദ്ദേഹത്തിന്റെ പ്രസംഗത്തിലൂടെ ബോധ്യപ്പെടുത്തുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗം എത്രയോ തവണ ഈ സഭ കേട്ടിട്ടുണ്ടെന്നുമാത്രമല്ല എത്രയോ തവണ ഭരണകക്ഷിയിലിരിക്കുന്ന ആളുകൾ കഴിഞ്ഞ അഞ്ചുവർഷക്കാലം ഗവർണ്ണറുടെ പ്രസംഗത്തിനുവേണ്ടിയുള്ള നന്ദി പ്രമേയത്തിന് നടത്തിയ പ്രസംഗങ്ങൾ കേട്ടിട്ടുണ്ട്. നിയമസഭാ തെരഞ്ഞെടുപ്പു കഴിഞ്ഞാൽ ഈ ഗവൺമെന്റ് തന്നെ അധികാരത്തിൽ വരുമെന്നും ഇന്ന കാര്യങ്ങൾക്കാണ് ഊന്നൽ കൊടുക്കുന്നതെന്നും അതിനുവേണ്ടിയുള്ളതാണ് ഗവർണ്ണറുടെ പ്രസംഗ മെന്നും ഇന്ന കാര്യങ്ങളാണ് അതിൽ പ്രയോരിറ്റി സെക്ടറെന്നും പറയുന്നതിൽ ഇന്ന് സഭയിൽ പ്രസംഗിച്ച ഒരു ഭരണകക്ഷിയംഗം പോലും ശ്രദ്ധിച്ചില്ല, പറഞ്ഞതുമില്ല. ഇതുതന്നെ ആത്മവിശ്വാസം നഷ്ടപ്പെട്ട ഒരു ജനമുന്നണിയുടെ സമീപനമാണ് ഗവർണ്ണറുടെ നന്ദിപ്രമേയവുമായി ബന്ധപ്പെട്ട് നിയമസഭയിൽ ഇന്ന് ആരംഭിച്ച ചർച്ചയിൽ പ്രകടിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ഭരണം വിലയിരുത്തിയാൽ സർക്കാർ ഏറ്റെടുത്ത വികസന പ്രവർത്തനങ്ങൾ രാജ്യത്തെ അതിവേഗം പുരോഗതിയിലേക്ക് നയിക്കുന്ന ഒന്നായി കേരളത്തെ രൂപപ്പെടുത്തിയെന്നാണ് ആദരണീയനായ ഉപരാഷ്ട്രപതിയിൽനിന്നും `ബെസ്റ്റ് ബിഗ് സ്റ്റേറ്റ് അവാർഡ് ഇൻ ഗവേണൻസ്' ഏറ്റുവാങ്ങിയതെന്ന് പറഞ്ഞുകൊണ്ട് നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളത്. പക്ഷേ വസ്തുതാപരമായി വിലയിരുത്തിയാൽ ഇന്ത്യൻ വികസന ഭൂപടത്തിൽ കേരളത്തിന്റെ സ്ഥാനം വീണ്ടും പിന്നിലോട്ട് പോയിരിക്കുകയാണെന്ന് നമുക്ക് ബോധ്യമാകും. രാജ്യത്തെ വ്യവസായികളുടെ പ്രബുദ്ധ സംഘടനയായ അസോസിയേറ്റ് ചേമ്പർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രി' നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് ഈ അടുത്ത ദിവസമാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. ഇന്ത്യയിൽ വ്യവസായികൾ നിക്ഷേപം നടത്താൻ ഇഷ്ടപ്പെടുന്ന ആദ്യത്തെ അഞ്ച് സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളമില്ല. അടിസ്ഥാന സൗകര്യ വികസന മേഖലയിലും കേരളത്തിന് അഭിമാനിക്കാൻ വകയൊന്നുമില്ല. റോഡ് വികസനത്തിന്റെ കാര്യത്തിൽ ആദ്യത്തെ അഞ്ച് സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളമില്ല. അടിസ്ഥാന വികസനങ്ങളുടെ കാര്യത്തിലുള്ള ആദ്യത്തെ അഞ്ച് സംസ്ഥാനങ്ങൾ ഉത്തർപ്രദേശ്, രാജസ്ഥാൻ, തമിഴ്നാട്, മദ്ധ്യപ്രദേശ്, ആന്ധ്രാപ്രദേശ് എന്നിവയാണ്, കേരളം ആ പട്ടികയിലും ഇല്ല. വ്യവസായ നിക്ഷേപത്തിന്റെ കാര്യത്തിൽ കേരളം ഏറെ പിന്നിലാണ്. മഹാരാഷ്ട്ര, തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, ഗുജറാത്ത് എന്നീ അഞ്ച് സംസ്ഥാനങ്ങളാണ് സർക്കാർ നിക്ഷേപത്തിന്റെ കാര്യത്തിൽ ഇപ്പോഴും മുന്നിൽ നിൽക്കുന്നത്. ഉയർന്ന സാക്ഷരതാ നിരക്കും മികച്ച ജീവിത നിലവാര സൂചികയും സാമ്പത്തിക വളർച്ചയും സാമൂഹിക വികസനവും ഒരുപോലെ

വികസിച്ച സംസ്ഥാനമാണ് കേരളം. എന്നിട്ടും വികസനത്തിന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം വഴിമുട്ടി നിൽക്കുന്നതായിട്ടാണ് ഇപ്പോൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള സ്റ്റാറ്റിസ്റ്റിക്സിൽ എല്ലാവരേയും വളരെയേറെ ഭയപ്പെടുത്തുന്നതും ബോധ്യപ്പെടുത്തുന്നതുമായ വസ്തുതകൾ. വിഭവങ്ങൾക്കപ്പുറം പ്രായോഗികമായ വികസന അജണ്ടയും ആസൂത്രണവും ചടുലമായ പ്രവർത്തനശൈലിയുമാണ് കേരളത്തിനുവേണ്ടത്. ഇക്കഴിഞ്ഞ അഞ്ചുവർഷക്കാലം വികസനത്തിന്റെ കാര്യത്തിൽ നമുക്ക് വ്യക്തമായ അജണ്ടയില്ലെന്ന് മാത്രമല്ല വികസനവുമായി ബന്ധപ്പെട്ട അടിസ്ഥാനപരമായ ആസൂത്രണത്തിൽ നമ്മൾ വളരെയേറെ പുറകിലോട്ട് പോയിരിക്കുന്നു. സാക്ഷരതയിലും വിദ്യാഭ്യാസത്തിലും നമ്മളേക്കാൾ പുറകിൽ നിൽക്കുന്ന ഇന്ത്യയിലെ മറ്റുപല സംസ്ഥാനങ്ങളും well planned സ്റ്റേറ്റുകളായി മാറിയ സന്ദർഭത്തിൽ വിവാദങ്ങളും ഒച്ചിഴയുന്ന വേഗതയും തർക്കങ്ങളും തർക്കവിതർക്കങ്ങളും ആവശ്യമില്ലാത്ത അനാരോഗ്യകരമായ ജനാധിപത്യവിരുദ്ധ സമീപനങ്ങളും അഴിമതിയിൽ മുങ്ങിയ സാമൂഹ്യ രാഷ്ട്രീയ ഭരണക്രമങ്ങളുമാണ് കേരളത്തെ ഇത്രമാത്രം വികസന രംഗത്ത് പുറകിലോട്ട് കൊണ്ടുപോയതെന്ന് ഇന്ത്യൻ ഇൻഡസ്ട്രീസ് ആന്റ് കോമേഴ്സിന്റെ പുതിയ പഠനം നമ്മളെല്ലാവരേയും ബോധ്യപ്പെടുത്തുകയാണ്. അതുകൊണ്ടാണ് ഗവർണ്ണർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇതുമായി ബന്ധപ്പെട്ട യാതൊരു പരാമർശങ്ങളും അടിസ്ഥാനപരമായി നടത്താതെപോയത്. കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ നേട്ടങ്ങളെ സംബന്ധിച്ചും കാര്യമായ വിലയിരുത്തലൊന്നും ഉണ്ടായിട്ടില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെന്റിന്റെ സഹായം ഇല്ലായിരുന്നുവെങ്കിൽ നമ്മുടെ സ്ഥിതി എന്താകുമായിരുന്നു? കേന്ദ്രവിമർശനവും സമരവും നടക്കുകയാണ്. ഇപ്പോൾ കേന്ദ്ര സർക്കാർ ഓഫീസ്സുകൾക്കുമുന്നിൽ എൽ.ഡി.എഫ്.-ന്റെയും സി.പി.എം.-ന്റെയും രണ്ടുദിവസത്തെ പിക്കറ്റിംഗ് നടക്കുകയാണ്. വായെടുത്താൽ മുഴുവൻ കേന്ദ്ര വിരുദ്ധ പരാമർശമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേന്ദ്രത്തിന്റെ സഹായമില്ലായിരുന്നുവെങ്കിൽ നമ്മുടെ സ്ഥിതി എന്താകുമായിരുന്നുവെന്ന് ആലോചിക്കേണ്ടതാണ്. ഇന്ദിരാ ആവാസ് യോജന, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സർവ്വശിക്ഷാ അഭിയാൻ ഉൾപ്പെടെ 22 കേന്ദ്ര പദ്ധതികൾക്ക് കേന്ദ്രം അനുവദിച്ച 2187.82 കോടി രൂപയിൽ കഴിഞ്ഞ നാലേമുക്കാൽ വർഷമായി കേരളം വിനിയോഗിച്ചത് കേവലം ആയിരംകോടിയോളം രൂപ മാത്രമാണ്. ശേഷിക്കുന്ന തുകയിൽ 60 ശതമാനവും പാഴാവുകയും 20 ശതമാനം തുക വകമാറി ചെലവഴിക്കുകയുമാണുണ്ടായത്. ഉച്ചഭക്ഷണ പദ്ധതിക്കായി സംസ്ഥാനത്തിന് നൽകിയ 256.03 കോടി രൂപയിൽ 96 കോടി രൂപ മാത്രമാണ് ഇതുവരെ വിനിയോഗിച്ചത്. പട്ടികജാതി/പട്ടികവർഗ്ഗ, ആദിവാസി ക്ഷേമപദ്ധതികൾക്ക് അനുവദിച്ച തുക പൂർണ്ണമായും ലാപ്സായി. ട്രൈബൽ പദ്ധതിക്കുവേണ്ടി നൽകിയ അഞ്ച് കോടി രൂപയിൽ ചെലവഴിച്ചത് 2.32 കോടി രൂപ മാത്രമാണ്. സെൻട്രൽ റോഡ് സേഫ്റ്റി ഫണ്ടിൽനിന്നും ലഭിച്ച 49 കോടി രൂപയിൽ 26 കോടി രൂപ മാത്രമാണ് വിനിയോഗിച്ചത്. സർവ്വശിക്ഷാ അഭിയാൻ ഫണ്ട് ഇനത്തിൽ 212.65 കോടി രൂപ അനുവദിച്ചതിൽ സംസ്ഥാനം വിനിയോഗിച്ചത് 156 കോടി രൂപ മാത്രമാണ്, 60 കോടി രൂപയോളം ലാപ്സാക്കി.

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിന് കേന്ദ്രം അനുവദിച്ച തുകയിൽ പകുതിപോലും ചെലവഴിച്ചിട്ടില്ല. പ്രധാനമന്ത്രിയുടെ പ്രത്യേക ഗ്രാമവികസന പദ്ധതി പ്രകാരം നാലരവർഷത്തിനിടയിൽ കേരളത്തിന് 524.68 കോടി രൂപ അനുവദിച്ചതിൽ 244.55 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇതിൽ 40 ശതമാനം പ്രവൃത്തികളും ഇപ്പോഴും പൂർത്തിയായിട്ടില്ല. അതേസമയം കേന്ദ്ര ഗവൺമെന്റ് നേരിട്ട് കേരളത്തിലെ കേന്ദ്ര സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയെക്കുറിച്ച് പരിശോധിച്ചാൽ 80 ശതമാനം മുതൽ 90 ശതമാനംവരെ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, ...(തടസ്സം)......

ശ്രീ. ടി. എൻ. പ്രതാപൻ : കേന്ദ്ര സ്ഥാപനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് നേരിട്ട് പണം കൊടുക്കുന്നുണ്ട്. ഇതൊന്നും പറഞ്ഞാൽ മനസ്സിലാവുന്ന ആളല്ല ശ്രീ. കെ. കെ. ജയചന്ദ്രൻ, കേന്ദ്ര ഗവൺമെന്റ് നേരിട്ടുകൊടുത്ത പണം കേന്ദ്ര സ്ഥാപനങ്ങൾ ചെലവഴിച്ചപ്പോൾ 80 ശതമാനം മുതൽ 90 ശതമാനംവരെ ലക്ഷ്യം കണ്ടിട്ടുണ്ട്. പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യാൻ പോകുന്ന വല്ലാർപാടം കണ്ടെയിനർ ടെർമിനൽ പദ്ധതി.............

മി. ഡെപ്യൂട്ടി സ്പീക്കർ : പോയിന്റ് ഓഫ് ഓർഡർ.............

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ഇവിടെ എം.എൽ.എ.-മാരെല്ലാവരും തെരഞ്ഞെടുക്കപ്പെട്ടിട്ടാണ് സഭയിലേക്ക് വരുന്നത്. ഒരു മെമ്പർ ഒരു സംശയം ചോദിച്ചപ്പോൾ അത് പറഞ്ഞാൽ മനസ്സിലാവുന്ന ആളല്ല ശ്രീ. കെ. കെ. ജയചന്ദ്രൻ എന്നാണ് അദ്ദേഹം പറഞ്ഞത്. അത് റിക്കോർഡിൽ ഉണ്ടാകും. അത് റിക്കോർഡിലുണ്ടാകാൻ പാടില്ല. ശ്രീ. കെ. കെ. ജയചന്ദ്രൻ പറഞ്ഞത് റെക്കോർഡിൽ കാണുകയില്ല. അത് സഭയിലെ അംഗങ്ങളോട് പരസ്പരം കാണിക്കുന്ന ബഹുമാനത്തിന്റെ ലംഘനമാണ്. അപ്പോൾ അത് രേഖയിലുണ്ടാകാൻ പാടില്ല. അത് ക്രമവിരുദ്ധമാണ്.

ശ്രീ. ടി. എൻ. പ്രതാപൻ : ശ്രീ. കെ. കെ. ജയചന്ദ്രൻ എനിക്ക് വളരെ അടുപ്പമുള്ള ആളാണ്. ഞാൻ അത് പിൻവലിച്ചു. എനിക്ക് വളരെ അടുപ്പമുള്ള ജ്യേഷ്ഠസഹോദരനാണ് ശ്രീ. കെ. കെ. ജയചന്ദ്രൻ. ആ ഒരു ബഹുമാനംകൊണ്ടാണ് പറഞ്ഞത്. ആ ബഹുമാനം എന്താണെന്ന് ശ്രീ. എം. പ്രകാശൻ മാസ്റ്റർക്ക് മനസ്സിലായില്ലായെങ്കിൽ ഞാൻ അത് പിൻവലിച്ചു. ശ്രീ. കെ. കെ. ജയചന്ദ്രന് ഞാൻ പറഞ്ഞതിന്റെ ബഹുമാനമെന്താണെന്ന് മനസ്സിലായിട്ടുണ്ട്. പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യാൻ പോകുന്ന വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ ട്രാൻസ്ഷിപ്മെന്റ്, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ ആധുനിക ടെർമിനൽ എന്നിവ നമുക്ക് ഇതിൽ എടുത്തുപറയേണ്ട കാര്യങ്ങളാണ്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി, സ്പൈസസ് പാർക്ക്, കുരുമുളക് കൃഷിക്കുള്ള വികസനം, റബ്ബർ സബ്സിഡി, റബ്ബർ കൃഷി വികസനം, ഫിഷിംഗ് യാർഡുകളുടെ വികസനം, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് ടെക്നോളജി, സമുദ്രോൽപ്പന്ന കയറ്റുമതി പ്രോത്സാഹനം തുടങ്ങിയവയ്ക്കുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്യമാക്കിയ മുഴുവൻ തുകയും സെൻട്രൽ ഗവൺമെന്റ് സ്ഥാപനങ്ങൾ ചെലവാക്കിയിട്ടുണ്ട്. ഇതേ സെൻട്രൽ ഗവൺമെന്റ് കേരള ഗവൺമെന്റ് മുഖാന്തിരം നടപ്പിലാക്കാൻവേണ്ടി കൊടുത്ത പണമാണ് ലാപ്സാക്കി കളഞ്ഞതും ചെലവാക്കാതെ പോയതും എന്നുള്ള കാര്യം നാം മനസ്സിലാക്കണം. അതുപോലെ ദേശീയ മാനവ വികസനത്തിനായി അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. അഞ്ചുവർഷത്തെ സംസ്ഥാന സർക്കാരിന്റെ പിടിപ്പുകേടിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുകയുടെ 60 ശതമാനംപോലും ചെലവുചെയ്യാൻ കഴിയാതെ മുരടിപ്പിച്ച ഒരു സംസ്ഥാനമെന്ന ഖ്യാതിയാണ് നമ്മുടെ സംസ്ഥാനത്തിന് ഇന്ന് നിലവിലുള്ളത്.

ശ്രീ. രാജു എബ്രഹാം : സർ,.....

ശ്രീ. ടി. എൻ. പ്രതാപൻ : ശ്രീ. രാജു എബ്രഹാം....... ഞാൻ വഴങ്ങാം. ഇപ്പോൾ നമ്മുടെ മന്ത്രിസഭയിലെ മന്ത്രിമാർതന്നെ ....

ശ്രീ. രാജു എബ്രഹാം : ശ്രീ. ടി.എൻ. പ്രതാപൻ വലിയവലിയ കാര്യങ്ങളാണ് പറയുന്നത്. മൂന്നുരൂപാ നിരക്കിലുള്ള അരി തരുമെന്ന് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ മുഴുവൻ പറഞ്ഞതാണ്, ഇപ്പോൾ രണ്ട് കൊല്ലം കഴിഞ്ഞു. അത് എന്നത്തേയ്ക്ക് തരുമെന്ന് പറയാമോ?

ശ്രീ. ടി. എൻ. പ്രതാപൻ : മൂന്നുരൂപാ നിരക്കിലുള്ള അരി ഈ സാമ്പത്തിക വർഷം തീരുന്നതിനുമുമ്പുതന്നെ എല്ലാ സംസ്ഥാനങ്ങൾക്കും കൊടുക്കുമെന്ന് കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ പറയുകയും നേരത്തെ അനുവദിച്ച കേന്ദ്ര ക്വാട്ട എടുക്കാത്ത സംസ്ഥാനങ്ങൾക്ക് പോലും ഈ മൂന്നുരൂപ നിരക്കിലുള്ള അരി നൽകുമെന്നും അതിന് മുൻകാല പ്രാബല്യം കൊടുക്കുമെന്നും കേന്ദ്ര ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി കഴിഞ്ഞ സമ്മേളനത്തിൽ ഇന്ത്യൻ പാർലമെന്റിൽപറഞ്ഞ കാര്യം ഞാൻ ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ രാജു എബ്രഹാം എം.എൽ.എ.യുടെ ശ്രദ്ധയിൽപ്പെടുത്തു കയാണ്. നമ്മുടെ മന്ത്രിസഭയുടെ ഇപ്പോഴത്തെ സ്ഥിതി അറിയുമോ? ഇഷ്ടമില്ലാത്ത സ്ത്രീയെ വരിക്കേണ്ടിവന്ന ഹതഭാഗ്യനായ ഭർത്താവിനെ പോലെയാണ് ഈ മന്ത്രിസഭയിലെ മന്ത്രിമാർ ശ്രീ വി.എസ്. അച്ചുതാനന്ദൻ എന്ന മുഖ്യമന്ത്രിയെ നാലേമുക്കാൽ കൊല്ലമായി സഹിച്ചുപോരുന്നത്. ഇന്ന് സഭയിൽ ബഹുമാന്യനായ പി. ജയരാജൻ നടത്തിയ ഒരു പ്രസംഗത്തിലെ വളരെ പ്രധാനപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആ ഭാഗമാണ് ആ പ്രസംഗത്തിലെ വളരെ കാതലായ കാര്യം. ആ കാതലായ കാര്യത്തെ എടുത്തുപറയാതിരിക്കാൻ നിവൃത്തിയില്ല. നമ്മുടെ നക്സലൈറ്റ് നേതാവായിരുന്ന വർഗ്ഗീസിന്റെ കൊലയുമായി ബന്ധപ്പെ ടുത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞു. അതിനുശേഷം അത് വെളിപ്പെടുത്തിയ സി.ആർ.പി.എഫ്.-കാരനായ പോലീസുകാരൻ രാമചന്ദ്രനെതിരെ കേസ്സെടുത്ത കാര്യം അദ്ദേഹം പറയുകയുണ്ടായി. പക്ഷേ നക്സലൈറ്റ് വർഗ്ഗീസ് കൊല ചെയ്യപ്പെട്ടിട്ട് നിരവധി വർഷങ്ങളായി, പിന്നീട് ബോധോദയം ഉണ്ടായപ്പോഴാണ് രാമചന്ദ്രൻ അത് വെളിപ്പെടുത്തിയത്. കാലം എത്ര കഴിഞ്ഞാലും കേസ്സെടുക്കാമെന്ന് പറഞ്ഞതുകൊണ്ട് അതിന് കേസ്സെടുക്കുകയുണ്ടായി. ബഹുമാന്യനായ

LIBRARY ARCHIVES Kerala Legislative Assembly

പി. ജയരാജൻ വളരെ ബുദ്ധിപരമായ, തന്ത്രപരമായ പരാമർശമാണ് നടത്തിയത്. അത് വളരെ നന്നായി. അദ്ദേഹം നടത്തിയ പരാമർശത്തിന്റെ അടിസ്ഥാനപരമായ കാരണം, മുൻ മുഖ്യമന്ത്രിയായിരുന്ന സഖാവ് ഇ.കെ. നായനാരുടെ പൊളിറ്റിക്കൽ സെക്രട്ടറിയായിരുന്ന ശ്രീ. പി. ശശി മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി സഖാവ് പിണറായി വിജയന് എഴുതിയ കത്തിന്റെ കോപ്പി എന്റെ കൈവശമുണ്ട്. (കത്തിന്റെ പകർപ്പ് ഉയർത്തിക്കാണിക്കുന്നു). ഈ കത്തിൽ അദ്ദേഹം വളരെ വ്യക്തമായി ഒരു കാര്യം പരാമർശിക്കുന്നുണ്ട്. ഈ കത്ത് മാതൃഭൂമി പത്രം പ്രസിദ്ധീകരിക്കപ്പെട്ടതാണ്. ഈ കത്ത് ഞാൻ തരാം. ഈ കത്തിന്റെ കോപ്പി ആർക്കുവേണമെങ്കിലും ഞാൻ തരാം. ഈ കത്ത് ഞങ്ങളുടെ കൈവശമുണ്ട്. ശ്രീ. പി. സി. ജോർജ് നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ ഈ കത്ത് കണ്ണൂരിലെ മാധ്യമങ്ങൾക്ക് നൽകിയത് വേറെ ആരുമല്ല, സി.പി.ഐ.(എം.)-ന്റെ, മാർക്സിസ്റ്റ് പാർട്ടിയുടെ കണ്ണൂർ ജില്ലാ കമ്മിറ്റി ഓഫീസിലെ ജീവനക്കാർ തന്നെയാണ് ഈ കത്ത് കൊണ്ടുക്കൊടുത്തത്. ഈ കത്തിന്റെ കോപ്പി ഞങ്ങൾക്കും എത്തിച്ചുതന്നത് വേറെ ആരുമല്ല. സി.പി.ഐ.(എം.)-ന്റെ പ്രധാനപ്പെട്ട അനുഭാവികളായ ആളുകൾ തന്നെയാണ്. ആ കത്ത് ഇവിടെ ഞങ്ങളുടെ കയ്യിലുണ്ട്. ബഹുമാനപ്പെട്ട പി. ജയരാജൻ നക്സലൈറ്റ് നേതാവ് വർഗ്ഗീസിന്റെ കൊലയുമായി ബന്ധപ്പെട്ട് നടത്തിയ പരാമർശം ....

<u>ശ്രീ. പി. ജയരാജൻ</u> : സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ വസ്തുതാവിരുദ്ധമായ കാര്യങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. നേരത്തെ ഒരു അംഗം പറഞ്ഞു. അതുതന്നെ ശ്രീ. ടി.എൻ. പ്രതാപനെ പോലെയുള്ള ഒരു കോൺഗ്രസ് അംഗം ആവർത്തിക്കുകയാണ്. നേരത്തെ ശ്രീ. കെ. കെ. ഷാജു പറഞ്ഞതിന് ഞാൻ മറുപടി പറഞ്ഞിട്ടില്ല. ഇവിടെ കോൺഗ്രസ്സിലെ ഒരു അംഗം അത് ആവർത്തിക്കുമ്പോൾ കുറച്ച് ഉത്തരവാദിത്വ ബോധം കാണിക്കണം. അത് ശ്രീ. ജി. കാർത്തികേയനെ പോലെയുള്ള പ്രതിപക്ഷ ഉപനേതാക്കന്മാർ ഉപദേശിക്കണമെന്നാണ് പറയാനുള്ളത്. സി.പി.ഐ.(എം)-ന്റെ ഓഫീസിൽനിന്ന് അവിടെ പ്രസ് ക്ലബ്ബിൽ ഈ പ്രസ്താവന എത്തിച്ചുവെന്നാണ് പറയുന്നത്. സി.പി.ഐ.(എം)-ന്റെ ഓഫീസിൽ നിന്ന് ഒരു തരത്തിലും എത്തിച്ചിട്ടില്ല. അത്തരം ഒരു പ്രസ്താവനയുടെ ആധികാരികത ആരും ഇതേവരെ അംഗീകരിച്ചിട്ടുമില്ല. അപ്പോൾ അത്തരം വ്യാജമായിട്ടുള്ളതോ മറ്റോ ആയിട്ടുള്ള ഒരു കടലാസ് കൊണ്ടുവന്നിട്ട് ഇത് ആധികാരികമായിട്ടുള്ള പ്രസ്താവനയാണ് എന്ന നിലയ്ക്ക് അവതരിപ്പിക്കുന്നത് ഓർഡറിലാണോ എന്ന് ബഹുമാനപ്പെട്ട ചെയർ റൂൾ ചെയ്യണം.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : സർ, മാതൃഭൂമി പത്രത്തിലും മലയാള മനോരമ പത്രത്തിലും ശ്രീ. പി. ശശിയുടെ കത്തിന്റെ പൂർണ്ണരൂപം പ്രസിദ്ധീകരിച്ചതിന്റെ കോപ്പിയാണ് ഇത് (പത്രങ്ങളുടെ പകർപ്പ് ഉയർത്തിക്കാണിച്ചു). മറ്റ് പത്രങ്ങളിലും പ്രസിദ്ധീകരിച്ചതിന്റെ കോപ്പികളുണ്ട്. ശ്രീ. എം. പ്രകാശൻ മാസ്റ്ററെ, ഈ കത്തിന്റെ പൂർണ്ണരൂപം പ്രസിദ്ധീകരിച്ചതിനുശേഷം ഇതുവരെയായിട്ടും ഇങ്ങനെയൊരു കത്തില്ലായെന്ന് ശ്രീ. പി. ശശി നിഷേധിച്ചിട്ടില്ല. ഈ കത്ത്

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയിട്ടില്ലായെന്നും ഇങ്ങനെ ഒരു കത്ത് ഇല്ലായെന്നും ബഹുമാന്യനായ സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറി നിഷേധിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ഈ നിയമസഭയിൽ അടിയന്തരപ്രമേയത്തിന് മറുപടി പറയുന്ന സമയത്തുപോലും ഇങ്ങനെ ഒരു കത്തില്ല എന്ന് പറഞ്ഞിട്ടില്ല. ആദരണീയനായ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ അടിയന്തരപ്രമേയത്തിന് മറുപടി പറയുമ്പോൾ ഇങ്ങനെ ഒരു കത്തില്ലായെന്ന് പറഞ്ഞിട്ടില്ല. ബഹുമാന്യനായ ശ്രീ. പി. ജയരാജൻ നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രസംഗിച്ചപ്പോൾ ഇങ്ങനെ ഒരു കത്തില്ലായെന്ന് പറഞ്ഞിട്ടില്ല. അതിന് അർത്ഥമെന്താണ്?

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട ശ്രീ. പി. ജയരാജൻ ഇന്ന് ഇവിടെ രാവിലെ നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. മുഖ്യമന്ത്രിക്കെതിരായി ശ്രീ. പി. ശശി കത്തെഴുതിയില്ലായെന്ന് ശ്രീ. പി. ജയരാജനും നിഷേധിച്ചില്ല. ശ്രീ. പി. ജയരാജൻ നിഷേധിക്കുന്നുണ്ടോ? ഇങ്ങനെ ഒരു കത്ത് മുഖ്യമന്ത്രിക്കെതിരായിട്ട് ശ്രീ. പി. ശശി എഴുതിയിട്ടില്ലായെന്ന് ശ്രീ. പി. ജയരാജൻ നിഷേധിച്ചിട്ടുണ്ടോ? നിഷേധിച്ചിട്ടില്ല. മുഖ്യമന്ത്രി അങ്ങനെ ഒരു തെറ്റ് ചെയ്തിട്ടില്ല എന്ന് ശ്രീ. പി. ജയരാജന് പറയാൻ പറ്റുമോ?

ശ്രീ. പി. ജയരാജൻ : ആ കത്ത് നേരെ ശ്രീ. ടി. എൻ. പ്രതാപനാണ് അയച്ചുകൊടുത്തത്.

ശ്രീ. ടി. എൻ. പ്രതാപൻ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് പറയാം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : പിന്നെ പോയിന്റ് ഓഫ് ഓർഡർ പറയാം. എനിക്ക് വഴങ്ങിയതല്ലേ. ഇവിടെ ഈ കത്ത് കിട്ടിയപ്പോൾ നമ്മുടെ പ്രിയപ്പെട്ട പി. ജയരാജന് ഒരു സീറ്റ് ഉറച്ചു. ഈ കത്ത് ഇല്ലായെന്ന് ശ്രീ. പി. ജയരാജൻ പറഞ്ഞാൽ ആ സീറ്റ് പിന്നെ പോകും. അതുകൊണ്ട് ഈ കത്ത് ഉണ്ടെന്ന് വരുത്തേണ്ടത് ശ്രീ. പി. ജയരാജന്റെ തൊഴിലിന്റെ പ്രശ്നമാണ്. ആ വിവരം അങ്ങേയ്ക്ക് അറിയില്ലേ?

ശ്രീ. ടി. എൻ. പ്രതാപൻ : സർ, അറിയാം. സി.ബി.ഐ. അന്വേഷിക്കണമെന്ന് ....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ഏത് പോയിന്റ് ഓഫ് ഓർഡറാണ്. എന്റെ സമയം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ശ്രീ. ടി.എൻ. പ്രതാപൻ സംസാരിച്ചപ്പോൾ ശ്രീ. പിണറായി വിജയനോ ശ്രീ. കോടിയേരി ബാലകൃഷ്ണനോ ഇങ്ങനെ ഒരു കത്ത് അയച്ചിട്ടില്ല എന്ന് പറഞ്ഞിട്ടില്ല എന്നാണ് ഇവിടെ സൂചിപ്പിച്ചത്. എന്നാൽ ശ്രീ. പിണറായി വിജയനും ശ്രീ. കോടിയേരി ബാലകൃഷ്ണനും

LIBRARY ARCHIVES Kerala Legislative Assembly

തങ്ങൾക്ക് ഇങ്ങനെ ഒരു കത്ത് കിട്ടിയിട്ടില്ല എന്ന് പരസ്യമായി പറഞ്ഞിട്ടുണ്ട്. പറഞ്ഞ കാര്യത്തെ പറഞ്ഞില്ലായെന്ന് പറഞ്ഞ് പാർട്ടിയുടെ മേൽ പഴി ചുമത്തുകയാണ് ശ്രീ. ടി. എൻ. പ്രതാപൻ ചെയ്യുന്നത്. അത് രേഖയിൽ നിന്നും നീക്കം ചെയ്യണം.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രിയും ഇന്ന് ഈ സഭയിൽ അടിയന്തര പ്രമേയത്തിന് നൽകിയ മറുപടി നമ്മൾ എല്ലാം കേട്ടതല്ലേ, സഭയുടെ റെക്കാർഡിലുള്ളതല്ലേ; ഈ കത്തിൽ വളരെ ഗൗരവമായ ഒരു കാര്യം പരാമർശിക്കുന്നുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി കേന്ദ്ര കമ്മിറ്റി അംഗവും മുഖ്യമന്ത്രിയുമായ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിൽ ഒരു മാധ്യമ വിചാരണ നടന്നുവരികയാണ്. കല്ലുവാതുക്കൽ മദ്യദുരന്തക്കേസ്സിൽ അദ്ദേഹത്തിന്റെ താൽപ്പര്യങ്ങൾക്ക് വഴങ്ങിക്കൊടുത്തില്ല എന്നതിൽ തുടങ്ങിയ വിരോധം തുടർന്നുള്ള എല്ലാ വിഷയങ്ങളിലും തുടർച്ചയായി കാണിച്ചിട്ടുണ്ട്. ജസ്റ്റീസ് മോഹൻകുമാർ കമ്മീഷനെ പോലും സ്വാധീനിക്കാനും തന്നെ അപമാനിക്കാനും അദ്ദേഹം ശ്രമിച്ചു, കമ്മീഷൻ ഉറച്ച നിലപാട് എടുത്തതു കൊണ്ട് നടന്നില്ല. ഈ കത്തിൽ വളരെ സ്പഷ്ടമായി പറയുകയാണ്. ജസ്റ്റീസ് മോഹൻകുമാർ കമ്മീഷനെ പോലും സ്വാധീനിക്കുവാൻ അദ്ദേഹം എന്റെ അടുത്ത് ശ്രമിച്ചു, ഞാൻ അതിന് വഴങ്ങിയില്ല. ഈ കത്ത് മാവിലായ് എന്ന സ്ഥലത്തുനിന്നും 5-2-2011-ൽ ശ്രീ. പി. ശശി എഴുതിയതാണ്. സ്വാഭാവികമായും അതുകൊണ്ടുതന്നെയാണ് ശ്രീ. പി. ജയരാജൻ ഇന്ന് വളരെ ബുദ്ധിപരമായി ഈ കത്ത് ഇത്തരത്തിൽ ....

മി. ഡെപ്യൂട്ടി സ്പീക്കർ : ഇത് കഴിഞ്ഞു. ശ്രീ. റ്റി. എൻ. പ്രതാപന്റെ പ്രസംഗം കഴിഞ്ഞു. ശ്രീ. റ്റി. എൻ. പ്രതാപൻ, അങ്ങയുടെ സമയം കഴിഞ്ഞു. ശ്രീ. പി. ജയരാജൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

ശ്രീ. പി. ജയരാജൻ : സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ബഹുമാനപ്പെട്ട അംഗം പ്രസംഗിച്ചത് ഞാൻ നേരത്തെ പ്രമേയം അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തെ സൂചിപ്പിച്ചുകൊണ്ടാണ്. വർഗ്ഗീസ് കേസ്സും ഈ പറഞ്ഞിട്ടുള്ള കാര്യവും തമ്മിൽ എന്താണ് ബന്ധം? വർഗ്ഗീസ് കേസ്സിൽ വർഷങ്ങൾക്കുശേഷം കൂട്ടുപ്രതിയായിട്ടുള്ള ഒരാൾ കുറ്റസമ്മതം നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേസ് ചാർജ് ചെയ്തു, ഇവിടെ കല്ലുവാതുക്കൽ മദ്യദുരന്തം സംബന്ധിച്ച കേസ്സിൽ ശിക്ഷിക്കപ്പെട്ടു; ഒരു പ്രതിയും രക്ഷപ്പെട്ടിട്ടില്ല. വർഗ്ഗീസ് കേസ്സിൽ ഏറ്റുമുട്ടലാണെന്ന് വരുത്തി യഥാർത്ഥ പ്രതി രക്ഷപ്പെട്ടു, എന്നാൽ വെടിവച്ചുകൊന്നതാണെന്ന് വെടിവച്ച കോൺസ്റ്റബിൾ കുറ്റസമ്മതമൊഴി നടത്തിയതിന്റെ അടിസ്ഥാനത്തിൽ ലക്ഷ്മണ ഇപ്പോൾ ജയിലിൽ കിടക്കുകയാണ്. അപ്പോൾ കല്ലുവാതുക്കൽ ദുരന്തവുമായി ബന്ധപ്പെട്ട കേസ്സും ഈ കേസ്സും തമ്മിൽ എന്താണ് ബന്ധം? ഇല്ലാത്ത ഒരു കത്തിനെ ഉദ്ധരിച്ചുകൊണ്ട് ഈ സഭയുടെ വിലപ്പെട്ട സമയം ഇങ്ങനെ ചെലവഴിക്കുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ : അത് പോയിന്റ് ഓഫ് ഓർഡർ അല്ല. ഞാൻ വഴങ്ങിയതാണ്. ശ്രീ. കെ.സി. ജോസഫിന് ഞാൻ വഴങ്ങിയതാണ്.

ശ്രീ. കെ. സി. ജോസഫ് : സർ, സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറിക്ക് ഔദ്യോഗികമായും ശ്രീ. പിണറായി വിജയന് പേഴ്സണലായും ശ്രീ. പി. ശശി കത്തയച്ചിട്ട് 48 മണിക്കൂറായി, കണ്ണൂർ പ്രസ് ക്ലബ്ബിൽ കത്ത് വന്നിട്ട് 48 മണിക്കൂറുമായിട്ടുണ്ട്. ഈ നിമിഷംവരെ ആരും നിഷേധിച്ചിട്ടില്ല. ശ്രീ. പി. ശശി ഇപ്പോഴും സംസ്ഥാന കമ്മിറ്റി അംഗമാണല്ലോ. കേരളീയ സമൂഹത്തിന്റെ മുമ്പിൽ അത് യാഥാർത്ഥ്യമാണ്. മുഖ്യമന്ത്രി മോഹൻകുമാർ കമ്മീഷനെ സ്വാധീനിച്ചെന്ന ആക്ഷേപമുണ്ട്. ഇതുവരെ ഒരു കേസുപോലു മെടുക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് ഗൗരവമുള്ള കാര്യം.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ബഹുമാന്യനായ ശ്രീ കെ. സി. ജോസഫ് അവസാനം പറഞ്ഞ പോയിന്റാണ് പ്രധാനപ്പെട്ട കാര്യം. ബഹുമാന്യനായ ശ്രീ. പി. ജയരാജൻ ഇപ്പോൾ പറയുന്നത് കല്ലുവാതുക്കൽ കേസ്സും നക്സലൈറ്റ് വർഗ്ഗീസിന്റെ കൊലപാതകക്കേസ്സും തമ്മിൽ വ്യത്യാസമുണ്ടെന്നാണ്. ഇതിലെ പ്രധാനപ്പെട്ട പ്രശ്നം ജസ്റ്റീസ് മോഹൻകുമാറിനെ സ്വാധീനിക്കാൻ വേണ്ടി ....

മി. ഡെപ്യൂട്ടി സ്പീക്കർ : അതെല്ലാം രാവിലെ പറഞ്ഞതാണ്.

ശ്രീ. ടി. എൻ. പ്രതാപൻ : ചർച്ച ചെയ്ത കാര്യമാണ്. അടിയന്തര പ്രമേയത്തിൽ വന്നതാണ്. മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയെ സ്വാധീനിക്കാൻ വേണ്ടി ശ്രമിച്ചുവെന്നു പറയുന്നതാരാണ്? ഒരു മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി, ഗവൺമെന്റിന്റെ സർവന്റാണ്, ഗവൺമെന്റിന്റെ ശമ്പളം വാങ്ങുന്നയാളാണ്; അദ്ദേഹമാണ് പറയുന്നത്, എന്നെ സ്വാധീനിക്കാൻ വേണ്ടി ശ്രമിച്ചു, ഞാൻ അതിന് വഴങ്ങിയില്ല എന്ന്. ഒരു ജുഡീഷ്യൽ കമ്മീഷനെ സ്വാധീനിക്കാൻ ശ്രമിച്ചുവെന്ന് പറയുന്നത് അതീവ ഗുരുതരമാണ്. അതുകൊണ്ട്....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, റൂൾ 87 അനുസരിച്ച് ഇതു പോലെ ഒരു തവണ സഭയിൽ രേഖകൾ തന്നെ വച്ച് ഉന്നയിക്കുകയും അതിന് മുഖ്യമന്ത്രി മറുപടി പറയുകയും ചെയ്ത വിഷയം വീണ്ടും വീണ്ടും ചർവ്വിതചർവ്വണം നടത്തി ആവർത്തിക്കുന്നത് ശരിയല്ലെന്നാണ് റൂൾ 87 പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട ശ്രീ. ടി.എൻ. പ്രതാപൻ അങ്ങയുടെ സമയം അവസാനിച്ചു.

ശ്രീ. ടി. എൻ. പ്രതാപൻ : അതുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ പേരിൽ കേസ്സെടുക്കണം. നക്സലൈറ്റ് വർഗ്ഗീസിന്റെ കൊലയുമായി ബന്ധപ്പെട്ടു കൊണ്ട് സി.ആർ.പി.ക്കാരനായ രാമചന്ദ്രൻ നായരുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കേസ്സെടുത്തതുപോലെ ശ്രീ. പി. ശശിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ പേരിൽ കേസെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. റ്റി. എൻ. പ്രതാപൻ : ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. യാതൊരു സംശയവും വേണ്ട. ഈ ഗവൺമെന്റിന്റെ അവസാനത്തെ യാത്രയുടെ.......

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് അവസാനിപ്പിച്ചു. ഇനി ലാസ്റ്റ് വേർഡില്ല, കഴിഞ്ഞു.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, മൂന്നു മിനിട്ടായിട്ടേയുള്ളൂ. എല്ലാവർക്കും അഞ്ചു മിനിട്ടാണ് കൊടുത്തത്. കേരളത്തിൽ മേയ് മാസം കഴിഞ്ഞാൽ ....(തടസ്സം).... അതുകൊണ്ട് ഈ നന്ദിപ്രമേയത്തെ പൂർണ്ണമായും തള്ളിക്കളയുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2011 ഫെബ്രുവരി മാസം 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.42-ന് പിരിഞ്ഞു.)

അനുബന്ധം I

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 3(*3)-ന്റെ ഉത്തരങ്ങൾ ദയവായി കാണുക]

• കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സ, പുനരധിവാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, കാസർഗോഡ് ജില്ലാ കളക്ടർ കൺവീനറുമായിക്കൊണ്ട് ഒരു പ്രത്യേക സെൽ പ്രവർത്തിക്കുന്നു - "എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് & റെമഡിയേഷൻ സെൽ". ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഈ സെല്ലിന് 50 ലക്ഷം രൂപ സർക്കാർ അനുവദിച്ചു. രോഗികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിദഗ്ധ ചികിത്സയും ദുരിതബാധിതരിൽ വൈകല്യം അനുഭവിക്കുന്നവർക്ക് ദൃശ്യ, ശ്രവ്യ ചലനോപകരണങ്ങളും സെല്ലിന്റെ ആഭിമുഖ്യത്തിൽ ലഭ്യമാക്കിവരുന്നു.

• ദുരിതബാധിതരിൽ മരണമടഞ്ഞ 178 പേരുടെ അവകാശികൾക്ക് 50,000 രൂപ വീതം സർക്കാർ സാമ്പത്തിക സഹായം നൽകിയിരുന്നു (2006, 2008 വർഷങ്ങളിലായി).

• ദുരിതബാധിതർക്ക് ചികിത്സാ പുനരധിവാസ സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 128 ലക്ഷം രൂപ അനുവദിച്ചു.

• അലോപ്പതി, ആയുർവ്വേദ, ഹോമിയോപ്പതി മേഖലകളിലെ മെഡിക്കൽ ഓഫീസർമാർ, ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ (എം.ആർ.), സൈക്യാട്രിക്ക് സോഷ്യൽ വർക്കർ തുടങ്ങിയവർ

LIBRARY ARCHIVES Kerala Legislative Assembly